# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2016 സെപ്റ്റംബർ 27, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 2

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2016 സെപ്റ്റംബർ 27, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**


എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

849/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..28
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..70

**II തിരുത്തിയ ഉത്തരം** ..274

നക്ഷത്രചിഹ്നമിടാത്ത 313-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**III അടിയന്തരപ്രമേയം** ..274

യുവജന വിദ്യാർത്ഥി പ്രവർത്തകരെ മർദ്ദിച്ച സംഭവം—

(അവതരണാനുമതി നിഷേധിച്ചു )

**IV മേശപ്പുറത്തുവച്ച കടലാസുകൾ** ..292

**V റിപ്പോർട്ട് സമർപ്പണം** ..309

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

**VI ധനകാര്യം** ..309

2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

**അനുബന്ധം** …314

ഒന്നാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 313-ാം നമ്പർ ചോദ്യത്തിന് 29-6-2016-ൽ നൽകിയ മറുപടിയുടെ തിരുത്തൽ മറുപടി

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 സെപ്റ്റംബർ 27, ചൊവ്വ*

വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2016 സെപ്റ്റംബർ മാസം 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധിപ്പിച്ച സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.

മി. സ്പീക്കർ: ഓർഡർ........ ഓർഡർ............ നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ * 31-ഉം *38-ഉം *50-ഉം ക്ലബ് ചെയ്യാനുള്ള റിക്വസ്റ്റ് നൽകിയിട്ടുണ്ട്. അത് അംഗീകരിക്കുന്നു.

### കിഫ്ബി ഭേദഗതി

1(*31) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നിയമം ഭേദഗതി ചെയ്തതിനുശേഷമുള്ള മൂലധനം, പ്രവർത്തന മൂലധനം, ഷെയർ ഹോൾഡിംഗ് പാറ്റേൺ എന്നിവയെക്കുറിച്ച് വിശദമാക്കുമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കിഫ്ബി വഴി എത്ര രൂപയുടെ പദ്ധതികൾ നടപ്പിലാക്കുമെന്നും ഈ പദ്ധതികൾ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ; ഈ പദ്ധതികളുടെ ഗവൺമെന്റ് വിഹിതം എത്രയാണെന്ന് വിശദീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് (2000-ലെ 4), 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്തു. 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന 2000 കോടി രൂപയിൽ അവശേഷിച്ച 873.85 കോടി രൂപ, കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ കിഫ്ബിയുടെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 479-ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. കിഫ്ബി ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായാണ് നിലവിൽ വന്നിട്ടുള്ളത്. ആയതിനാൽ കിഫ്ബിക്ക് ഒരു പ്രത്യേക മൂലധനമോ ഷെയർ ഹോൾഡിംഗ് പാറ്റേണോ ഇല്ല. കിഫ് ആക്ട് പ്രകാരം രൂപീകൃതമായിട്ടുള്ള കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിലേയ്ക്കാണ് കിഫ്ബിയുടെ എല്ലാവിധ ധനവും സമാഹരിക്കുന്നത്.

(ബി) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 20,000 കോടി രൂപയുടെ 2-ാം മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ഇതിൻപ്രകാരം വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് അവലോകനം നടത്തിയശേഷം 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/2016/ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായ പദ്ധതികൾക്ക് കിഫ് ബോർഡ് ശിപാർശ ചെയ്യുന്നമുറയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്. പൂർണ്ണമായും കിഫ്ബിയുടെ ധനസഹായം വഴി നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് പ്രത്യേക ഗവൺമെന്റ് വിഹിതം ഉണ്ടാവില്ല.

**കിഫ്ബി**

2(*38) ശ്രീ. ബി. സത്യൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നടപ്പ് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുള്ളതും എന്നാൽ നിലവിൽ ഭരണാനുമതി ലഭിക്കാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികളെ 'കിഫ്ബി' യിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) ചുരുങ്ങിയത് 100 കോടി രൂപയ്ക്കുമേൽ ചെലവുവരുന്ന വിവിധ മേഖലയിലുള്ള അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബിയുടെ സാമ്പത്തിക സഹായം വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 2-ാം മാന്ദ്യ വിരുദ്ധ പാക്കേജ് പ്രകാരമുള്ള പ്രത്യേക നിക്ഷേപ പദ്ധതിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാനായി ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് പഠനം നടത്തിയശേഷം ഇവയിൽ നിന്നും യോഗ്യമായ പദ്ധതികളെ കിഫ് ബോർഡ് ശിപാർശ ചെയ്യുന്ന മുറയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്. ഇതിനുപുറമെ ഗവൺമെന്റ് അംഗീകാരത്തോടെ ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി പരിഗണിക്കുന്നതാണ്.

(ബി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതികൾ വകുപ്പുകളുമായി കൂടിയാലോചിച്ച് ശിപാർശകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുള്ള പദ്ധതികളെ നിലവിൽ കിഫ്ബിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഇവയിൽനിന്നും കിഫ്ബി വഴി നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ ശിപാർശ ചെയ്യുന്ന പദ്ധതികൾ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി പരിഗണിക്കുന്നതാണ്.

## കിഫ്ബി പ്രവർത്തനം

3(*50) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. കെ. സി. ജോസഫ്:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിനായി വരുത്തിയ നിയമ ഭേദഗതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) അടിസ്ഥാന വികസനത്തിനായി കിഫ്ബിയിലൂടെ അടുത്ത അഞ്ച് വർഷം എത്ര തുക സമാഹരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എൻ.ആർ.ഐ.-കളിൽ നിന്നും തുക സമാഹരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കിഫ്ബി വഴി വായ്പയെടുക്കുന്ന തുക ട്രഷറിയിലാണോ നിക്ഷേപിക്കുന്നത്; അല്ലെങ്കിൽ ഏത് ധനകാര്യ സ്ഥാപനത്തിലാണ് ഈ തുക നിക്ഷേപിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) കിഫ്ബി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് (2000-ലെ ആക്ട് 4) പ്രകാരം രൂപീകൃതമായ അടിസ്ഥാന സൗകര്യ നിക്ഷേപ നിധി കൈകാര്യം ചെയ്യുന്നതിനായി 11-11-1999-ൽ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് നിലവിൽ വന്നു. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആക്കം കൂട്ടുന്നതിനായി നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. PPP പദ്ധതികളുൾപ്പെടെ സംസ്ഥാനത്തിന്റെ മുഖ്യ അടിസ്ഥാന വികസന പദ്ധതികളുടെ സൂക്ഷ്മ പരിശോധനയ്ക്കും അംഗീകാരത്തിനും ധനസഹായത്തിനും KIIFB-യെ കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുവാൻ ഈ ബഡ്ജറ്റ് നിർദ്ദേശിക്കുന്നു. ഇപ്രകാരം, 19-8-2016-ലെ ഓർഡിനൻസ് നമ്പർ 6/2016-ലൂടെ 1999-ലെ KIIF ആക്ട് സർക്കാർ ഭേദഗതി ചെയ്യുകയും അത് 19-8-2016-ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം നമ്പർ 1464-ലൂടെ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഭേദഗതി KIIFB-യെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായുള്ള ധനസമാഹരണത്തിന് സംസ്ഥാന സർക്കാരിന്റെ ഒരു കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുവാൻ പ്രാപ്തമാക്കിയിട്ടുണ്ട്. ഇതിനായി വരുത്തിയ നിയമ ഭേദഗതികൾ താഴെപ്പറയും പ്രകാരമാണ്. അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ ഭൗതിക മേഖലയോടൊപ്പം സാമൂഹിക മേഖലയേയും ഉൾപ്പെടുത്തിയിട്ടുണ്ട് :

1. മുൻ ആക്ട് പ്രകാരം പരിഗണനയിലില്ലാതിരുന്ന പാലങ്ങൾ, വൻകിട കെട്ടിട സമുച്ചയങ്ങൾ, റെയിൽവേ, വിവര സാങ്കേതിക വിദ്യ, കൃഷി, വ്യവസായം, നഗര-ഗ്രാമ വികസനം മുതലായ മേഖലകൾ പുതുതായി ഉൾപ്പെടുത്തി.

2. ഫണ്ട് നിഷ്ക്രിയമായി നിലകൊള്ളാതെ നേരിട്ട് ഉദ്ദേശിച്ച പദ്ധതികൾക്കുതന്നെ ചെലവാക്കുന്നു എന്ന് ഉറപ്പുവരുത്താനും ബാക്കി വരുന്ന തുക ക്രിയാത്മകമായി നിക്ഷേപിക്കാനും സ്വതന്ത്ര-വിദഗ്ദ്ധ തല സംവിധാനം.

3. നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി നൽകുന്നതിലൂടെ നിക്ഷേപക വിശ്വാസം ഉറപ്പാക്കുന്നു.

4. സർക്കാർ പദ്ധതികൾക്കൊപ്പം PPP മാതൃകയിലുള്ള പദ്ധതികൾക്ക് വ്യവസ്ഥ ചെയ്യുന്നു.

5. മോട്ടോർ വാഹന നികുതി വിഹിതം, ഇന്ധന സെസ്സ് വിഹിതം എന്നിവ നിയമപരമായി മൂലധനനിധിയിലേയ്ക്ക് ഉറപ്പാക്കുന്നു.

6. ലാന്റ് ബോണ്ട് പുറപ്പെടുവിക്കുന്നതുവഴി പദ്ധതികൾക്കാവശ്യമായ സ്ഥലമെടുപ്പ് പ്രക്രിയ ത്വരിതവൽക്കരിക്കുന്നു.

(ബി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിലെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി വൻകിട അടിസ്ഥാന വികസന പദ്ധതികൾക്കായി 12,000 കോടി രൂപയും ഇതിനുപുറമെ ഭൂമി ഏറ്റെടുക്കലിന് 8000 കോടി രൂപയുടെ പാക്കേജും പ്രഖ്യാപിച്ചിരുന്നു. അങ്ങനെ ഈ സാമ്പത്തിക വർഷം മൊത്തം 20,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. മാന്ദ്യവിരുദ്ധ പാക്കേജിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ കിഫ്ബിയിലൂടെ സാക്ഷാത്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. ആ നിലയ്ക്ക് അടുത്ത അഞ്ച് വർഷം കിഫ്ബിയിലൂടെ ഒരു ലക്ഷം കോടി രൂപ സമാഹരിച്ച് വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ സർക്കാർ തയ്യാറെടുക്കുന്നു.

(സി) എൻ.ആർ.ഐ. കളിൽ നിന്നും കിഫ്ബിയുടെ പ്രവർത്തനങ്ങൾക്കായി ധനസമാഹരണം നടത്താൻ ചില പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തു വരികയാണ്. ഇതിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടക്കുന്നു.

(ഡി) നിലവിൽ കിഫ്ബിയുടെ പ്രവർത്തന ഫണ്ട് തിരുവനന്തപുരം ജില്ലാ ട്രഷറിയുടെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. കിഫ്ബി ആക്ട് ഭേദഗതി ഓർഡിനൻസിലെ സെക്ഷൻ 4 അനുച്ഛേദം (എഫ്) പ്രകാരം "സർക്കാർ നൽകുന്ന പണമല്ലാതെ എല്ലാ പണവും ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെ സമ്മതത്തോടെയും ബോർഡിന്റെ അംഗീകാരത്തോടുംകൂടി ഒരു ദേശസാൽകൃത ബാങ്കിലോ അപ്രകാരമുള്ള മറ്റ് വിവേകപൂർവമായ നിക്ഷേപങ്ങളിലോ നിക്ഷേപം നടത്തേണ്ടതാണ്" എന്ന് പ്രതിപാദിച്ചിട്ടുണ്ട്. കിഫ്ബി ഓർഡിനൻസ് പുറപ്പെടുവിച്ചശേഷം നാളിതുവരെ ബോർഡ് യോഗം കൂടിയിട്ടില്ലാത്തതിനാൽ ഏത് ദേശസാൽകൃത ബാങ്കിലാണ് വായ്പ തുക നിക്ഷേപിക്കുന്നതെന്ന് തീരുമാനിച്ചിട്ടില്ല.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.......സീറ്റിലിരിക്കു. അംഗങ്ങൾ ദയവായി ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്. പ്ലീസ്...... പ്ലീസ്.....നിങ്ങൾ സീറ്റിലിരിക്കു. പ്ലീസ്... സ്വാശ്രയ കരാറുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയത്തിന് അനുമതി തേടി നോട്ടീസ് നൽകിയിട്ടുണ്ട്. പ്ലീസ്...... നിങ്ങൾ സീറ്റിലിരിക്കു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്.......

ശ്രീ. കെ. എം. മാണി: സർ, കിഫ്ബി നിയമത്തിലെ മൂന്നാം വകുപ്പനുസരിച്ച് ഒരു നിധിയും പദ്ധതിയും നാലാം വകുപ്പനുസരിച്ച് ഒരു ബോർഡും രൂപീകരിക്കണം. .....(ബഹളം).......ആ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; പുതിയ ബോർഡ് അംഗങ്ങളെ ഗസറ്റ് വിജ്ഞാപനം വഴി നോട്ടിഫൈ ചെയ്തിട്ടുണ്ടോ; വിദഗ്ദ്ധരായ സ്വതന്ത്ര അംഗങ്ങൾ ആരെല്ലാമാണ്; ആദ്യ ബോർഡ് യോഗം എന്ന് ചേർന്നു?

(മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ ഉപവിഷ്ടരായി.)

ഡോ. ടി. എം. തോമസ് ഐസക്: സർ, നാലാം വകുപ്പ് പ്രകാരമുള്ള ബോർഡ് രൂപീകൃതമായിട്ടുണ്ട്. ബോർഡിന്റെ ആദ്യത്തെ യോഗം നടക്കാൻ പോകുന്നതേയുള്ളൂ. സ്വതന്ത്ര അംഗങ്ങൾ ഒന്ന്, പ്രൊഫ. സുശീൽ ഖന്ന, ഐ.ഐ.എം., കൽക്കട്ട. ബാക്കി അംഗങ്ങളുടെ പേരുകൾ ഞാൻ നോക്കിയതിനുശേഷം അടുത്ത ചോദ്യത്തിന് മറുപടി പറയുമ്പോഴേയ്ക്കും പറയാം.

ശ്രീ. കെ. എം. മാണി: സർ, നബാർഡിൽനിന്നും അയ്യായിരം കോടി രൂപ ലഭ്യമാക്കുന്നതിനുവേണ്ടി കിഫ്ബിയുടെ പ്രവർത്തന മൂലധനം പെരുപ്പിച്ച് കാണിക്കുകയുണ്ടായോ? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടപ്പിലാക്കിയ കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട്, ലൈറ്റ് മെട്രോ, വിഴിഞ്ഞം സീ പോർട്ട് പദ്ധതി മുതലായ മെഗാ പ്രോജക്ടുകളൊക്കെ കിഫ്ബിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടതാണെന്ന് തെറ്റായ രീതിയിൽ കിഫ്ബിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് ശരിയാണോ; അത് തിരുത്താൻ തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ വർക്കുകളൊന്നും കിഫ്ബിയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കപ്പെടുന്നവയല്ല. അതിന് പ്രത്യേക ഫണ്ടിംഗ് സംവിധാനമുള്ളതാണ്. കേരളത്തിൽ നടപ്പാക്കുന്ന പ്രധാനപ്പെട്ട പ്രോജക്ടുകളെന്നുള്ള നിലയിൽ കിഫ്ബിയുടെ പോർട്ടലിൽ അതിനെക്കുറിച്ചുള്ള വിവരങ്ങൾ നൽകിക്കാണും. ഏതായാലും നബാർഡിൽ നിന്ന് കിഫ്ബി വായ്പയെടുക്കാൻ ശ്രമിച്ചിട്ടില്ല. നാഷണൽ ഇൻഫ്രാസ്ട്രക്ചർ

ഡവലപ്മെന്റ് ഏജൻസിയിൽനിന്ന് 5000 കോടി രൂപ വായ്പ എടുക്കുന്നതിനുള്ള ചർച്ചകൾ നടന്നിട്ടുണ്ട്. ആ ചർച്ചകൾ ശുഭസൂചകമാണ്. കിഫ്ബിയുമായി സഹകരിക്കാൻ അവർ തയ്യാറായിട്ടുണ്ട്. അതിന് കിഫ്ബിയുടെ ആസ്തിയൊന്നും പെരുപ്പിച്ച് കാണിക്കേണ്ട ആവശ്യമില്ല.

ശ്രീ. ബി. സത്യൻ: സർ, കിഫ്ബി 1999-ൽ ആരംഭിച്ചതാണ്. അന്നുമുതൽ അതിന്റെ പ്രവർത്തനങ്ങളും നടക്കുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിഷൻ 2030 പ്രഖ്യാപിച്ചിരുന്നു. 2011-16-ലെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ വിവിധ മേഖലകളിൽനിന്നും കിഫ്ബിയിലേയ്ക്ക് എത്ര പണം സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും എത്ര തുകയാണ് കിഫ്ബിയിൽ ഉണ്ടായിരുന്നതെന്നും വ്യക്തമാക്കാമോ? അതുപോലെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പാലം, റോഡ്, എയർപോർട്ട് തുടങ്ങിയ വലിയ പദ്ധതികളുടെ നിർമ്മാണം കിഫ്ബിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നേരത്തെ ചോദിച്ച ചോദ്യത്തിന്റെ ഉത്തരം ആദ്യം പറയാം. കിഫ്ബിയിലെ അനൗദ്യോഗിക അംഗങ്ങൾ (1) പ്രൊഫ. സുശീൽ ഖന്ന, ഐ.ഐ.എം. കൽക്കട്ട, (2) ശ്രീ. സി. പി. ചന്ദ്രശേഖർ, പ്രൊഫസർ, ജെ.എൻ.യു., (3) ശ്രീ. ജെ.എൻ.ഗുപ്ത, ഫോർമർ എക്സിക്യൂട്ടീവ് ഡയറക്ടർ, സെബി, (4) ഡോ. ബാബു പോൾ, മുൻ ധനകാര്യ വകുപ്പ് സെക്രട്ടറി, (5) ശ്രീ. സലിം ഗംഗാധരൻ, മുൻ റീജിയണൽ ഡയറക്ടർ, റിസർവ് ബാങ്ക് എന്നിവരെയാണ് അനൗദ്യോഗിക അംഗങ്ങളായി എടുത്തിട്ടുള്ളത്. കിഫ്ബി 1999-ൽ എടുത്ത വായ്പയ്ക്കു പുറമെ പിന്നീട് വായ്പകൾ എടുത്തിട്ടില്ല. അക്കാലത്ത് ഏതാണ്ട് ആയിരത്തിൽപ്പരം കോടി രൂപയാണ് എടുത്തത്. ഇങ്ങനെ പണമെടുത്ത് ട്രഷറിയിൽ നിക്ഷേപിക്കുന്നത് ശരിയാണോ എന്നുള്ള നിരീക്ഷണമാണ് റിസർവ് ബാങ്ക് നടത്തിയിട്ടുള്ളത്. ആ ചോദ്യവുംകൂടി പരിഗണിച്ചുകൊണ്ടാണ് പറയുന്നത് ഇങ്ങനെ എടുക്കുന്ന പണം ട്രഷറിയിൽ അല്ല മറിച്ച് അംഗീകൃത ദേശസാത്കൃത ബാങ്കിലോ അതുപോലുള്ള ഏതെങ്കിലും സുരക്ഷിതമായ ഏജൻസിയിലോ നിക്ഷേപിക്കുക എന്നാണ് കിഫ്ബിയുടെ നിയമാവലിയിൽ പറഞ്ഞിരിക്കുന്നത്. ഏതായാലും റിസർവ് ബാങ്ക് പറഞ്ഞതുകൊണ്ടല്ല പണം തിരിച്ചടച്ചിട്ടുള്ളത്. പതിമൂന്നര ശതമാനം പലിശയ്ക്ക് എടുത്തത് ഇപ്പോൾ അവിടെ പലിശ കുറഞ്ഞതുകൊണ്ടാണ് റിട്ടയർ ചെയ്തിട്ടുള്ളത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കഴിഞ്ഞ അഞ്ച് വർഷത്തെ യു.ഡി.എഫ്. ഭരണത്തിന്റെ ഫലമായി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലകപ്പെട്ട് സാമൂഹ്യ-സാമ്പത്തിക മേഖലയിൽ ദുരിതമനുഭവിക്കുന്ന കേരളീയ സമൂഹത്തിന് ഒരു പുത്തൻ പ്രതീക്ഷ നൽകികൊണ്ട് എൽ.ഡി.എഫ്. ഗവൺമെന്റ് വിഭാവനം ചെയ്യുന്ന രൂപത്തിൽ കിഫ്ബി പുനഃസംഘടിപ്പിക്കപ്പെടുമ്പോൾ കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിൽ കർഷകരുടെ സ്വപ്ന പദ്ധതിയായ റൈസ് പാർക്കിന് ആദ്യഘട്ടത്തിൽത്തന്നെ ഫണ്ട് അനുവദിക്കുന്നതിന് സന്നദ്ധമാകുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഫാക്ടറികളും മറ്റും സ്ഥാപിക്കുന്നതിന് കിഫ്ബിയിൽനിന്നും വായ്പ നൽകുമെന്ന് പ്രതീക്ഷിക്കുന്നില്ല. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി റൈസ് പാർക്ക് ഏറ്റെടുക്കാൻ സാധിക്കും. റൈസ് പാർക്കിനായി സ്ഥാപിക്കുന്ന ഫാക്ടറികൾ, ബ്രാൻ ഓയിൽ ഫാക്ടറികൾ തുടങ്ങിയവയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കും. ഫാക്ടറികൾ സ്ഥാപിക്കേണ്ടത് കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികളോ സ്വകാര്യ നിക്ഷേപകരോ ആണ്.

ശ്രീ. കെ. ആൻസലൻ : സർ, വളരെ പ്രതീക്ഷയോടുകൂടിയാണ് കിഫ്ബിയെ കാണുന്നത്. ശ്രീ. കെ. ഡി. പ്രസേനൻ സൂചിപ്പിച്ചതുപോലെ യു.ഡി.എഫ്. ഗവൺമെന്റ് തകർത്ത് തരിപ്പണമാക്കിയ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും വികസന പ്രക്രിയകൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള പുതിയ ആശയമാണ് കിഫ്ബിയുടെ പ്രവർത്തനം. എന്റെ മണ്ഡലമായ നെയ്യാറ്റിൻകരയിൽ തമിഴ്നാടുമായി ബന്ധപ്പെട്ടുകിടക്കുന്ന പൊഴിയൂർ-കൊല്ലംകോട് അതിർത്തിപ്രദേശത്ത് താമസിക്കുന്ന മൂവായിരത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമല്ലാത്ത ദുരിതപൂർണ്ണമായ ഒരവസ്ഥ നിലവിലുണ്ട്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രോജക്ടുകൾക്കാവശ്യമായ തുക അനുവദിക്കുകയും ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്തിട്ടുള്ള കിഫ്ബിയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ആവശ്യമായ പണം ഈ വർഷം തന്നെ നൽകി പദ്ധതി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള കാലഹരണപ്പെട്ട പൈപ്പുകളും പമ്പുകളും പുനഃസ്ഥാപിക്കുക, പുതിയ പദ്ധതികൾ ഏറ്റെടുക്കുക എന്നിവയ്ക്ക് മുൻഗണന നൽകിയിട്ടുണ്ട്. ഇതിനുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ ഏതാണ്ട് രണ്ടായിരത്തോളം കോടി രൂപ കിഫ്ബിവഴി ചെലവാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അതിൽ ഈ പ്രോജക്ട് ഉൾപ്പെട്ടിട്ടുണ്ടോയെന്നറിയില്ല. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുവഴി ഇതൊക്കെ ഏറ്റെടുക്കാവുന്നതാണ്. കേരളത്തിലെ നിലവിലുള്ള പൈപ്പുകളെല്ലാം ഈ രീതിയിൽ പുനഃസ്ഥാപിച്ചാൽ ജലചോർച്ച ഒഴിവാക്കാനും വാട്ടർ അതോറിറ്റിയെ ലാഭത്തിലേക്ക് കൊണ്ടുവരാനും കഴിയുമെന്നാണ് ഇപ്പോഴത്തെ നിഗമനം. പുതിയ ജലപദ്ധതികളും ഏറ്റെടുക്കാൻ സാധിക്കും. അതുകൊണ്ട് പൊഴിയൂരിലെ പദ്ധതി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി ചർച്ച ചെയ്താൽ നിശ്ചയമായും പരിഗണിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, കിഫ്ബിയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് അഞ്ചു വർഷത്തേക്കുള്ള ഒരു ഫിനാൻഷ്യൽ പ്ലാൻ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; ഒരു വർഷം എത്ര രൂപയാണ് കടമെടുക്കാനുദ്ദേശിക്കുന്നത്; ഒരു ഡെഡ് ലൈൻ വച്ച് പലിശനിരക്ക് തീരുമാനിച്ചിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ മുതലും പലിശയുമടക്കം പ്രതിവർഷം തിരിച്ചടയ്ക്കേണ്ട തുകയെ സംബന്ധിച്ചുള്ള ഒരു ഫിനാൻഷ്യൽ പ്ലാൻ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അങ്ങ് വ്യക്തമാക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത് 20,000 കോടി രൂപയുടെ പ്രഖ്യാപിത പദ്ധതികൾക്കുള്ള ധനം സമാഹരിക്കുന്നതിനു വേണ്ടിയാണ്. അതിൽ മുഖ്യമായും വരുന്നത് ഭൂമി ഏറ്റെടുക്കൽ പദ്ധതിയാണ്. അതിനുവേണ്ടി ലാൻഡ് ബോണ്ടുകൾ പ്രത്യേകം ഇറക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെതന്നെ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ വഴി ഇവിടെ പലരും പരാമർശിച്ചിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പണം സമാഹരിക്കാനും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ കാലാവധി തീരുന്ന മുറയ്ക്ക് സർക്കാർ തന്നെ ഉറപ്പു നല്കിയിട്ടുള്ള റവന്യൂ ഗ്രാന്റിൽനിന്ന് അതിനുവേണ്ടിയുള്ള തിരിച്ചടവിന്റെ പണം കണ്ടെത്താൻ കഴിയുമെന്നാണ് പ്രാഥമിക വിശകലനം നടത്തിയിട്ടുള്ളത്. അങ്ങ് പറഞ്ഞതുപോലെ വിശദമായിട്ടുള്ള ഒരു ഫിനാൻഷ്യൽ ബഡ്ജറ്റ് ആദ്യത്തെ ബോർഡ് യോഗത്തിൽ പരിശോധിക്കുകയും തയ്യാറാക്കുകയും ചെയ്യും. ആദ്യത്തെ ബോർഡ് യോഗം ചേരാനിരിക്കുന്നതേയുള്ളൂ.

ശ്രീ. കെ. സി. ജോസഫ്: സർ, ഭരണകക്ഷിയും കേരളീയ സമൂഹവും വലിയ പ്രതീക്ഷയോടെയാണ് കിഫ്ബിയെ നോക്കിക്കാണുന്നത്. 'അലാവുദ്ദീന്റെ അത്ഭുതവിളക്ക് എന്നുപറഞ്ഞതുപോലെ എല്ലാവരും എന്തു സംഭവിക്കുമെന്ന് പ്രതീക്ഷിച്ചിരിക്കുകയാണ്. അങ്ങയുടെ വിശ്വാസം അങ്ങയെ രക്ഷിക്കട്ടെ. എനിക്ക് ചോദിക്കാനുള്ളത്, കിഫ്ബിയിൽ 2017-18-ൽ ഓരോ സെക്ടറിലുള്ള അലോക്കേഷൻ നിശ്ചയിച്ചിട്ടുണ്ടോ; പി.ഡബ്ല്യൂ.ഡി.-ക്കു വേണ്ടി ഉദ്ദേശിക്കുന്ന അലോക്കേഷൻ എത്രയാണ് ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഡ്ജറ്റ് പ്രസംഗത്തിൽ ഓരോ സെക്ടറിലും ചെയ്യാൻ പോകുന്ന കാര്യങ്ങൾ കൃത്യമായി പറഞ്ഞിട്ടുണ്ട്. അതുപ്രകാരം പി.ഡബ്ല്യൂ.ഡി.-യിൽ ഏതാണ്ട് ആറായിരത്തിൽപ്പരം കോടി രൂപയുടെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അതിന്റെ ഡി.പി.ആർ. തയ്യാറായിവരുമ്പോൾ 30 കോടി രൂപ വകയിരുത്തിയ ഒരു പാലത്തിന് 56 കോടി രൂപ വേണ്ടിവരുമെന്നാണ് എനിക്ക് തോന്നുന്നത്. ഇതുപോലെ വരുന്ന അധികച്ചെലവ് കൂടി വരുമ്പോൾ ഏതാണ്ട് 10,000 കോടി രൂപയുടെ റോഡ് നിർമ്മാണ പ്രവൃത്തികൾ ഈ വർഷത്തെ ബഡ്ജറ്റുമായി ബന്ധപ്പെട്ടുണ്ടാകും.

ശ്രീ. അടൂർ പ്രകാശ്: സർ, ഓരോ നിയോജകമണ്ഡലത്തിലുമുള്ള വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുകയെന്നുള്ളതാണ് കിഫ്ബിയുടെ ഉദ്ദേശ്യലക്ഷ്യമായി വച്ചിരിക്കുന്നത്. അത്തരം വികസന പ്രവർത്തനങ്ങളുൾപ്പെടുത്തി നടപ്പാക്കുന്ന കാര്യത്തിൽ ഭരണകക്ഷി എം.എൽ.എ.-മാർക്ക് കൊടുക്കുന്ന പ്രാതിനിധ്യം പ്രതിപക്ഷ എം.എൽ.എ.-മാർക്കുകൂടി നല്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; അതിനുള്ള നിർദ്ദേശം അങ്ങ് കൊടുക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാൻ ഇന്നലെ വ്യക്തമാക്കിയതു പോലെ അത്തരത്തിലുള്ള ഒരു വിവേചനത്തിനും സർക്കാരിന് ഉദ്ദേശമില്ല. നിലവിലുള്ള Ongoing Capital Investment Project-കൾ ഓരോ മണ്ഡലവും തിരിച്ച് മിനിമം 70 കോടി രൂപയുടേതെങ്കിലും ഉണ്ടെന്ന് ഉറപ്പുവരുത്തുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്. ഈ പറഞ്ഞ തോതിൽ അങ്ങയുടെ മണ്ഡലത്തിൽ വർക്കുകൾ വന്നിട്ടുണ്ടെങ്കിൽ അതിന്റെ പോരായ്മ നികത്താവുന്നതാണ്. ഞങ്ങൾ പരിശോധിച്ചപ്പോൾ അത് കണ്ടിട്ടില്ല. നമുക്ക് ഒരുമിച്ച് പരിശോധിക്കാം.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, എറണാകുളം നഗരത്തിന്റെ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിൽ ഏറ്റവും വലിയ തടസ്സമായി നിൽക്കുന്നത് ഭൂമി ഏറ്റെടുക്കൽ പ്രക്രിയയാണ്. കൊച്ചി-മെട്രോ പ്രോജക്ട് യാഥാർത്ഥ്യമായതിനുശേഷം ഭൂമിയുടെ വില കുത്തനെ ഉയർന്നിട്ടുണ്ട്. എറണാകുളത്തെ പരിസരപ്രദേശങ്ങളിൽ നേരിടുന്ന ഏറ്റവും വലിയൊരു പ്രതിസന്ധി പ്രോജക്ട് കോസ്റ്റിന്റെ അറുനൂറും എഴുനൂറും മടങ്ങ് അധിക വില ഭൂമിക്ക് കൊടുക്കേണ്ടിവരുന്നു എന്നതാണ്. 30 കോടി രൂപയുടെ ഒരു പാലം പണിയണമെങ്കിൽ ചിലപ്പോൾ 1,000 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കേണ്ടതായി വരുന്നുണ്ട്. ആയതിനാൽ എറണാകുളത്തെ പ്രോജക്ടുകൾ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കലിനുവേണ്ടിയുള്ള പണം കിഫ്ബിയിൽ നീക്കിവയ്ക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഈ വർഷത്തെ ബഡ്ജറ്റിൽ ഏതാണ്ട് 5,000 കോടി രൂപയാണ് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി കിഫ്ബി വഴി ലഭ്യമാക്കുമെന്ന് പറഞ്ഞിട്ടുള്ളത്. അതിൽ ഓരോ പ്രദേശത്തെയും ഭൂമിയുടെ വിലയെത്ര; അത് എങ്ങനെയാണ് ഏറ്റെടുക്കാൻ തുടങ്ങിയത്; ഇതൊക്കെ നോക്കുന്നത് കിഫ്ബിയുടെ ചുമതലയല്ല. ഇതൊക്കെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റോ ഏജൻസിയോ ഭൂമി ഏറ്റെടുത്ത് ഇത്ര കോടി രൂപ വേണമെന്നുപറഞ്ഞാൽ കിഫ്ബിയിൽ നിന്നും കൊടുക്കാം. ഏതായാലും ഒരു കാര്യം വളരെ വ്യക്തമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് പണം ഒരു തടസ്സമാവില്ലെന്നുമാത്രമല്ല അതിന് കാലതാമസവുമുണ്ടാവില്ല. എപ്പോൾ ഭൂമി ഏറ്റെടുത്തുവെന്ന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് പറയുന്നുവോ അപ്പോൾത്തന്നെ പണം ഓൺലൈൻ ആയി ഗുണഭോക്താവിന് കൈമാറുന്ന സംവിധാനമായിരിക്കും സ്വീകരിക്കാൻ പോകുന്നത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, റോഡ് വൈഡനിംഗുമായി ബന്ധപ്പെട്ട് കടകളൊക്കെ പൊളിക്കേണ്ടിവരുമ്പോൾ അവ പുനർനിർമ്മിക്കുന്നതിനും പാലങ്ങൾ നിർമ്മിക്കുന്നതിനുമൊക്കെ ഭൂമി ഏറ്റെടുക്കേണ്ടതായി വരും. അത്തരം സാഹചര്യങ്ങളിൽ ആളുകൾക്ക് ലാൻഡ് വാല്യു കൊടുക്കാൻ കിഫ്ബിയിൽ പണം ഉണ്ടാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഉണ്ടാകുമെന്നാണ് ഞാൻ പറഞ്ഞത്. കാരണം അതിനുവേണ്ടി പ്രത്യേകം ലാൻഡ് ബോണ്ടുകൾ തയ്യാറായിക്കഴിഞ്ഞു. ലാൻഡ് ബോണ്ടുകളിൽ ആർക്കുവേണമെങ്കിലും പണം നിക്ഷേപിക്കാം. ഒരാളുടെ ഭൂമി ഏറ്റെടുത്തുകഴിഞ്ഞാൽ അദ്ദേഹം ആവശ്യപ്പെട്ടാൽ ക്യാഷ് കൊടുക്കും അല്ലെങ്കിൽ 50% ക്യാഷും 50% ബോണ്ടുമായി കൊടുക്കും. അതുമല്ലെങ്കിൽ ബോണ്ടായി തന്നെ കൊടുക്കും. എപ്പോൾ വേണമെങ്കിലും ബോണ്ട് ഡിസ്കൗണ്ട് ചെയ്ത് അവർക്ക് പണമാവശ്യമുള്ളപ്പോൾ എടുക്കാവുന്നതാണ്. സഹകരണ ബാങ്കുകളും സ്വകാര്യ വ്യക്തികളും കിഫ്ബി ബോണ്ടുകളിൽ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി പണം നിക്ഷേപിക്കുമെന്നാണ് കരുതുന്നത്. അതുകൊണ്ട് പണത്തിന് കുറവുണ്ടാകുമെന്ന് തോന്നുന്നില്ല. നമുക്ക് വളരെ വേഗത്തിൽ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കൊണ്ടുപോകാൻ കഴിയും. ഈ വർഷം തന്നെ ചില പ്രധാനപ്പെട്ട മേഖലകളിൽ ഭൂമി ഏറ്റെടുക്കും.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി മാണിസാർ ചോദിച്ച ചോദ്യത്തിന് മറുപടിയായി ഏതാണ്ട് 6500 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. 6500 കോടി രൂപയുടെ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള റേഷ്യോ വയ്ക്കാൻ അങ്ങ് തീരുമാനിച്ചിട്ടുണ്ടോ; ഇത് പണം സമാഹരിച്ചുകൊണ്ട് നടത്തുന്ന വികസന പദ്ധതികളാണ്. 6500 കോടി രൂപ അങ്ങയുടെ ഭാഷയിൽ പറഞ്ഞാൽ ഇൻഫ്രാസ്ട്രക്ചറിന്റെ തിരിച്ചടവില്ലാത്ത/തിരിച്ചുകിട്ടാത്ത പണമായി നല്കാൻ കഴിയില്ല. ലോണായി കൊടുക്കുന്നുണ്ടായിരിക്കാം. ഗ്രാന്റായി കൊടുക്കുന്ന വലിയൊരു തുക ഇതിനകത്ത് വേണ്ടിവരും. അപ്പോൾ ഇത്ര കോടി രൂപ അനുവദിക്കുമ്പോൾ ലോണായിട്ട് ഇത്രയെന്നും ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് ഇത്ര കോടി രൂപ അനുവദിക്കുമെന്നുമുള്ള എന്തെങ്കിലും റേഷ്യോ സംബന്ധിച്ച് ധാരണയായിട്ടുണ്ടോ; അതുപോലെ ശ്രീ. അടൂർ പ്രകാശിന്റെ ചോദ്യത്തിന് നിയോജക മണ്ഡലങ്ങളിൽ ശരാശരി 70 കോടി രൂപയെങ്കിലും വന്നിട്ടുണ്ടെന്ന് അങ്ങ് പറയുകയുണ്ടായി. എന്നാൽ 10 കോടി രൂപ പോലും വരാത്ത നിയോജക മണ്ഡലങ്ങളുമുണ്ടെന്നുള്ള കാര്യംകൂടി ഓർമ്മിപ്പിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, കിഫ്ബിയിൽ നിന്നുള്ള 70 കോടി രൂപയുടെ കാര്യം മാത്രമല്ല ഞാൻ ഉദ്ദേശിച്ചത്. ഓൺഗോയിംഗ് ആയി അനുവദിച്ചിട്ടുള്ള ക്യാപ്പിറ്റൽ വർക്കുകളുമുണ്ട്. നിലവിലുള്ളതുംകൂടി കണക്കിലെടുത്തിട്ടാണ് ഒരു മണ്ഡലത്തിൽ ചുരുങ്ങിയത് 70 കോടി രൂപയെങ്കിലും വേണമെന്നുള്ള നിലപാടെടുത്തത്. അതില്ലാത്ത സ്ഥിതിയുണ്ടെങ്കിൽ നമുക്കത് പരിഹരിക്കാം. അങ്ങ് ചോദിച്ചതുപോലെ വായ്പ എടുത്തിട്ട് അതിന്റെ അടിസ്ഥാനത്തിൽ വർക്കുകൾക്ക്

അനുപാതം നിശ്ചയിക്കുകയല്ല ചെയ്യുന്നത്. കാരണം ഇതിന് പലിശ കൊടുക്കണം. അതുകൊണ്ട് പ്രോജക്ടുകൾ അംഗീകരിക്കും. പ്രോജക്ടുകൾക്ക് എന്നത്തേയ്ക്കാണ് പണം ആവശ്യമായി വരുന്നതെന്നുള്ള ഒരു ടൈം ലൈൻ അവർ തരേണ്ടിവരും. അതനുസരിച്ച് ബോണ്ടുകൾവഴിയോ അല്ലെങ്കിൽ മറ്റു ഇൻസ്റ്റിറ്റ്യൂഷണൽ വായ്പകൾ വഴിയോ പണം സമാഹരിക്കുന്ന ഒരു രീതിയാണ് അവലംബിക്കാനുദ്ദേശിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ പണത്തിന്റെ കാര്യത്തിൽ ഒരു പ്രശ്നവുമില്ല. നമ്മെ അത്ഭുതപ്പെടുത്തുന്ന പ്രതികരണമാണ് കൊമേഴ്സ്യൽ ബാങ്കുകളിൽനിന്നും വ്യക്തികളിൽ നിന്നുമെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഞങ്ങൾക്ക് ഇതിൽ നിക്ഷേപിക്കാൻ താല്പര്യമുണ്ട്, എന്താണ് ഇതിന്റെ രീതി എന്നുള്ള അന്വേഷണങ്ങളാണ് വരുന്നത്. യഥാർത്ഥത്തിൽ ഇന്ന് ഫിനാൻഷ്യൽ മാർക്കറ്റിൽ വലിയ ഗ്ലട്ടാണ്. ഇൻഡ്യയുടെ മസാല ബോണ്ട് ഐ.എഫ്.സി. ബാങ്ക് പുറപ്പെടുവിച്ചപ്പോൾ ആദ്യ ദിവസംതന്നെ ആൾക്കാർ 10,000 കോടി രൂപയ്ക്ക് സബ്സ്ക്രൈബ് ചെയ്തു. അതുകാണ്ട് അതിന് ബുദ്ധിമുട്ടൊന്നുമുണ്ടാവില്ല.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, റോഡുകൾ, പാലങ്ങൾ എന്നിങ്ങനെയുള്ള ഇൻഫ്രാസ്ട്രക്ചറിൽ ഇൻവെസ്റ്റ് ചെയ്താൽ നമുക്ക് തിരിച്ചടവുണ്ടാകില്ല. അത്തരം ഇൻഫ്രാസ്ട്രക്ചറിൽ ഇൻവെസ്റ്റ് ചെയ്യുന്നതിന് റേഷ്യോ നിശ്ചയിച്ചിട്ടുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇപ്പോൾ ബഡ്ജറ്റിൽ പറഞ്ഞതു തന്നെയാണ് റേഷ്യോ. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : സർ, പ്രവാസി മലയാളികളാണ് സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഭൂരിഭാഗവും കോൺട്രിബ്യൂട്ട് ചെയ്യുന്നത്. അവർക്ക് കിഫ്ബി-യിൽ പണം നിക്ഷേപിക്കാൻ സാധിക്കുമോ; അങ്ങനെ നിക്ഷേപിക്കുകയാണെങ്കിൽ ഏതുതരത്തിലുള്ള ബെനഫിറ്റായിരിക്കും അവർക്ക് ലഭിക്കുന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: ബോണ്ടിന്റെ പലിശയാണ് ബെനിഫിറ്റായി ലഭിക്കുന്നത്. മസാല ബോണ്ട് പ്രത്യേകമായി നമ്മുടെ എൻ.ആർ.ഐ- കളെയാണ് ലക്ഷ്യമിടുന്നത്. ഇതുപോലെയുള്ള ബോണ്ടുകൾ ഉണ്ടാകാം. മലയാളികൾക്കെല്ലാം സുപരിചിതമായ ഒന്നാണ് ചിട്ടി. ഇപ്പോൾ കെ.എസ്.എഫ്.ഇ.-യ്ക്ക് വിദേശ ചിട്ടി നടത്താൻ അനുവാദം നൽകിയിട്ടുണ്ട്. ഇത് ഉപയോഗപ്പെടുത്തിക്കൊണ്ട് 25 ലക്ഷം പ്രവാസി മലയാളികളിൽ ഒരു ലക്ഷം പേരെക്കൊണ്ടെങ്കിലും ഈ വർഷം ചിട്ടി എടുപ്പിക്കുകയെന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. അതുവഴി 25000 കോടി രൂപയുടെ ടേൺ ഓവറിലേയ്ക്ക് വരാം. അത്രയും വന്നുകഴിഞ്ഞാൽ ചുരുങ്ങിയത് ആറായിരം ഏഴായിരം കോടി രൂപ കെ.എസ്.എഫ്.ഇ-യ്ക്കുതന്നെ നമ്മുടെ കിഫ്ബി

ബോണ്ടുകളിൽ നിക്ഷേപിക്കാൻ സാധിക്കും. ഈ രീതിയിലാണ് തുടങ്ങുന്നത്. അധികം താമസിയാതെ ഇപ്പറഞ്ഞ രീതിയിലുള്ള എൻ.ആർ.ഐ. ബോണ്ടുകളും ഇറക്കാൻ സാധിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കിഫ്ബി-യുടെ മൂലധനം സ്വരൂപിക്കുന്നത് ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ്; വിദേശ മലയാളികളിൽ നിന്നാണെന്ന് ഇവിടെ പറഞ്ഞു. വിദേശ മലയാളികൾക്ക് നാലായിരമോ അയ്യായിരമോ കോടി രൂപ നൽകാൻ വലിയ പ്രയാസമൊന്നും വരില്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുപോലെ കെ.എസ്.എഫ്.ഇ. ചിട്ടി തുടങ്ങുന്നതും നല്ലതുതന്നെയാണ്. ചിട്ടി കൊണ്ട് ഉദ്ദേശിച്ച രീതിയിലുള്ള ഫലമുണ്ടാകുമോ? ഡെപ്പോസിറ്റ് വാങ്ങണമെങ്കിൽ വിദേശ മലയാളികളുമായി നേരിട്ട് ബന്ധപ്പെട്ട് അവിടെയുള്ള സംഘടനകൾ വഴി പ്രവർത്തിച്ചെങ്കിൽ മാത്രമേ ഉദ്ദേശിച്ച രീതിയിലുള്ള ഫലം കിട്ടുകയുള്ളൂ. അല്ലെങ്കിൽ ചെറിയൊരു തുക മാത്രമായിരിക്കും ലഭിക്കുക. നിക്ഷേപകർക്ക് എത്ര ശതമാനം പലിശയാണ് നൽകാനുദ്ദേശിക്കുന്നത്, ഏതെല്ലാം തരത്തിലുള്ള ബോണ്ടാണ് നൽകുന്നത്; അവർക്കാവശ്യമുള്ള സമയത്ത് ബോണ്ട് ഡിസ്കൗണ്ട് ചെയ്യാനോ ക്യാൻസൽ ചെയ്ത് പണം റീഫണ്ട് ചെയ്യാനോ ഉള്ള സൗകര്യം ചെയ്തു കൊടുക്കുമോ; അതിന്റെ വിശദവിവരം വ്യക്തമാക്കുമോ ?

ഡോ. ടി. എം. തോമസ് ഐസക്: സർ, വിദേശ മലയാളികളെ ലക്ഷ്യമാക്കിയുള്ള ബോണ്ടുകളുടെ വിശദാംശങ്ങളൊന്നും തീരുമാനിച്ചിട്ടില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞു. പക്ഷെ നമ്മുടെ മുൻപിൽ ഇപ്പോൾ മസാല ബോണ്ടുകളുടെ മാതൃകയുണ്ട്. ആ മാതൃക സ്വീകരിക്കുന്നതിന് യാതൊരു തടസ്സവുമില്ല. അതിനെക്കുറിച്ച് ഞങ്ങൾ ആലോചിച്ചു വരുന്നതേയുള്ളൂ. കെ.എസ്.എഫ്.ഇ.-യ്ക്ക് വിദേശത്ത് ചിട്ടി നടത്താനുള്ള അവകാശം നൽകുന്നതിന് കഴിഞ്ഞ 10 വർഷമായി പരിശ്രമിച്ചുകൊണ്ടിരുന്നതാണ്. അതുവഴി വലിയൊരു തുക വരുമെന്നുള്ളതല്ല. വിദേശത്ത് ജോലി ചെയ്യുന്ന ഏറ്റവും സാധാരണക്കാരനായ ഒരാൾക്ക് ചിട്ടിയെന്നു പറയുന്നത് ഒരു സമ്പാദ്യ പദ്ധതിയാണ്. അവർക്കത് വളരെ സുപരിചിതവുമാണ്. ക്യാൻവാസ് ചെയ്യാൻ അധികം ഓടേണ്ട കാര്യവുമില്ല. ആദ്യ വർഷം തന്നെ 25000 കോടി രൂപയുടെ ടേൺ ഓവർ ആണ് പ്രതീക്ഷിക്കുന്നത്. അതിൽ നിന്നും 25000 കോടി രൂപ കിഫ്ബി-യിലോട്ട് വരികയില്ല, പക്ഷേ എളുപ്പത്തിൽ റിസർവ് മണിയും എല്ലാം കൂടെ ചേർത്ത് അയ്യായിരം കോടി രൂപ കിഫ്ബി-യിലേക്ക് വരുത്താൻ കഴിയും. സുരക്ഷിതമായിട്ടുള്ള ഒരു സമ്പാദ്യ മാർഗ്ഗമാണെന്നും നിങ്ങൾ നടത്തുന്ന ഈ നിക്ഷേപം കേരളത്തിന്റെ വികസനത്തിനുംകൂടിയാണ് ഉപയോഗിക്കുന്നതെന്നും വിദേശ മലയാളികളോട് പറയാം. ആ ഒരു രീതിയാണ് അവലംബിച്ചിട്ടുള്ളത്. അങ്ങ് പറഞ്ഞ മറ്റൊരു കാര്യം നമുക്ക് ചെയ്യേണ്ടതു തന്നെയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, വികസനപ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നത് ഭൂമി ഏറ്റെടുക്കലിലുണ്ടാകുന്ന കാലതാമസമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് പണം തടസ്സമല്ലായെന്ന് അങ്ങ് പറഞ്ഞത് സ്വാഗതാർഹമാണ്. ഈ പണം കൊടുക്കാൻ കഴിയണമെങ്കിൽ ഭൂമി ഏറ്റെടുക്കലിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇവിടെ പത്തും ഇരുപതും ഇരുപത്തിയഞ്ചും വർഷം കഴിഞ്ഞാലും ഭൂമി ഏറ്റെടുക്കൽ നടപടിക്രമം പൂർത്തിയാക്കാൻ കഴിയാത്തൊരു ദുരവസ്ഥ നിൽക്കുമ്പോഴാണ് പുതിയ കേന്ദ്ര നിയമം വന്നിരിക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ നമ്മുടെ സ്റ്റേറ്റിൽ പുതിയ റൂൾസ് വേണ്ടിവന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭൂമി ഏറ്റെടുക്കണമെങ്കിൽ ഇനിയും വർഷങ്ങൾ വേണ്ടിവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഭൂമിയേറ്റെടുക്കുന്ന കാര്യത്തിലെ കാലതാമസമൊഴിവാക്കാനുള്ള നടപടിയെപ്പറ്റി ആലോചിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞിട്ടുണ്ട്. കിഫ്ബി വഴി ലക്ഷ്യം വയ്ക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസമൊഴിവാക്കാൻ എന്തെങ്കിലും പ്രത്യേക സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തുമോ; ഇന്നുള്ള കാലതാമസമൊഴിവാക്കി ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ഭൂമി ഏറ്റെടുക്കൽ നിയമവുമായി ബന്ധപ്പെട്ട് കേന്ദ്ര നിയമം വന്നതിനെത്തുടർന്ന് കൂടിയാലോചനകളിലൂടെ ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനുള്ള കാര്യങ്ങളാണ് ആലോചിച്ചുവരുന്നത്. അടിയന്തരമായി ഭൂമി ഏറ്റെടുക്കുന്നതിന്, ഇതുവരെയുണ്ടായിരുന്ന തടസ്സങ്ങൾ നീക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാൻ ആഗ്രഹിക്കുന്നു.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഭൂമി ഏറ്റെടുക്കലിന് ഏറ്റവും പ്രധാന തടസ്സമായിരുന്ന കാര്യം പണമില്ലെന്നുള്ളതാണ്. പാലം പണിയുന്നതിനോ മറ്റോ അനുവാദം കൊടുക്കുമ്പോൾ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പണം പൂർണ്ണമായും വകയിരുത്താറില്ല. ഇത് വലിയൊരു തടസ്സം തന്നെയാണ്. ഇപ്പോൾ ആ കടമ്പ മാറി. ഇനി എങ്ങനെ നടപടിക്രമങ്ങൾ ലഘൂകരിക്കാം എത്ര വേഗത്തിൽ ചെയ്യാം തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് നടപടിക്രമമുണ്ടാക്കുന്നതായിരിക്കും.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, വിദേശ മലയാളികളെ സംബന്ധിച്ച് രണ്ടു ചോദ്യം ചോദിക്കുകയാണ്. വിദേശ മലയാളികളെ രണ്ടായി കാണണം. ഒന്ന്, അറേബ്യൻ രാജ്യങ്ങളിൽ പോയി ജോലി ചെയ്യുന്ന പാവപ്പെട്ടവർക്ക് അവർക്ക് അഞ്ചുമാസത്തെ ശമ്പളമുണ്ടെങ്കിൽ മാത്രമേ കേരളത്തിൽ യാത്ര ചെയ്യാൻ

സാധിക്കുകയുള്ളൂ. രണ്ട്, യൂറോപ്യൻ യൂണിയനിലുള്ള മലയാളികൾ സമ്പന്നരാണ്. ഇത് രണ്ടും രണ്ടായി കണ്ടുകൊണ്ട് ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ അറേബ്യൻ രാജ്യങ്ങളിലുള്ള പാവങ്ങളെ സംരക്ഷിക്കാൻ കിഫ്ബി-യിൽ എന്തെങ്കിലും പദ്ധതി കൊണ്ടുവരാൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ; വിമാന കമ്പനികൾ മുഴുവൻ ക്രിസ്തുമസ്, തിരുവോണം, ബക്രീദ് നാളുകളിൽ സ്ഥിരമായി വിമാന ചാർജ് വർദ്ധിപ്പിക്കുകയാണ്. പ്രവാസികൾക്ക് നാട്ടിലേയ്ക്ക് വരാൻ കഴിയാത്ത സാഹചര്യം മലയാളികളെ ബുദ്ധിമുട്ടിക്കുകയാണ്. ഇക്കാര്യത്തിൽ ധനകാര്യവകുപ്പ് പ്രത്യേക ശ്രദ്ധചെലുത്തി ഒരു വിമാന കമ്പനി (കേരള എയർലൈൻസ്) തുടങ്ങാനുള്ള നടപടിയെപ്പറ്റി ആലോചിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, രണ്ടാമത്തെ ചോദ്യം കിഫ്ബി-യുമായി ബന്ധപ്പെട്ടുവരുന്നതല്ല. കിഫ്ബിയ്ക്ക് അങ്ങനെയൊരു കമ്പനിക്ക് ഫിനാൻസ് ചെയ്യാനും കഴിയില്ല. അതുകൊണ്ട് ഞാൻ അതിനോട് പ്രതികരിക്കുന്നില്ല. അങ്ങ് ഉന്നയിച്ച പ്രശ്നത്തിന്റെ ഗൗരവം കുറച്ചു കാണുന്നതല്ല. പക്ഷെ ഈ വിഷയവുമായി ബന്ധപ്പെട്ട് മറുപടി പറയാൻ പ്രയാസമാണ്. അങ്ങ് പറഞ്ഞതുപോലെ രണ്ടു തരത്തിലുള്ള ആളുകൾ ഉണ്ട്. ഒന്ന് വളരെയധികം സമ്പാദ്യമുള്ള എൻ.ആർ.ഐ.-കൾ, രണ്ട് സാധാരണക്കാരായ, കൂലിവേല ചെയ്ത് ലഘു സമ്പാദ്യം മാത്രമുള്ളവർ. സമ്പാദ്യമുള്ളവരിൽ നിന്നും വായ്പ നേരിട്ട് എടുക്കുന്നതിൽ തടസ്സമുണ്ടായിരുന്നത് അവർ ബോണ്ടുകളും മറ്റും ഡോളറിൽ വച്ചാൽ തിരിച്ച് ഡോളറിൽ തന്നെ കൊടുക്കണമെന്നുള്ളതുകൊണ്ടാണ്. അങ്ങനെയായാൽ exchange depreciate ചെയ്തു കഴിയുമ്പോൾ പലിശ നിസ്സാരമാണ്, രണ്ടുശതമാനം കൊടുത്താൽ മതിയെങ്കിലും യഥാർത്ഥ പലിശ വളരെ ഉയർന്നിരിക്കും. എന്നാൽ ഇന്ത്യാ ഗവൺമെന്റ് ഇറക്കിയിരിക്കുന്ന പുതിയ ബോണ്ട് അനുസരിച്ച് എൻ.ആർ.ഐ.-കളിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപം തിരിച്ചു കൊടുക്കുന്നത് രൂപയിൽ തന്നെയായിരിക്കും. ഇന്ത്യയിലേയ്ക്ക് അന്യഥാ രൂപ സേവ് ചെയ്യാൻ ഉദ്ദേശിക്കുന്നവർക്ക് ഇത് എടുക്കാൻ കഴിയും. രണ്ട് ശതമാനമല്ല ഏകദേശം നമ്മുടെ നാട്ടിൽ ലഭിക്കുന്നതിന് സമാനമായ പലിശനിരക്കായിരിക്കും ഓഫർ ചെയ്യുന്നത്. അങ്ങനെയുള്ള ബോണ്ടുകൾ ഇവരെ ലക്ഷ്യമാക്കി തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.എഫ്.ഇ. വഴി ചിട്ടിയിൽ ചേർക്കുന്നതും അതിന്റെ റിസർവ് പണം മുഴുവനും കിഫ്ബി.-യുടെ ബോണ്ടിലേക്ക് മാറ്റാൻ ശ്രമിക്കുന്നതും സാധാരണക്കാരായ ഗൾഫ് മലയാളികളെ ലക്ഷ്യമിട്ടു കൊണ്ടാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കോഴിക്കോട് ജില്ല സന്ദർശിച്ചപ്പോൾ കക്കയത്ത് 300 കോടി രൂപയുടെ ഒരു ടൂറിസ്റ്റ് പദ്ധതിയാണ് അങ്ങ് പ്രഖ്യാപിച്ചത്. കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി, കക്കയം, വയനാട് ജില്ലയിലെ ബാണാസുരസാഗർ

എന്നീ പ്രകൃതി രമണീയമായ സ്ഥലങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് നടത്തുന്ന ഈ പദ്ധതിയിൽ വിവിധ ഡിപ്പാർട്ടുമെന്റുകളെ കൂടി സംയോജിപ്പിക്കുമെന്നും അങ്ങ് പ്രഖ്യാപിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി കിഫ്ബി വഴിയാണോ നടപ്പിലാക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രസ്തുത പദ്ധതിയുടെ രൂപരേഖ ടൂറിസം ഡിപ്പാർട്ടുമെന്റ് ഇതിനകം സമർപ്പിച്ചിട്ടുണ്ടോയെന്ന് എനിക്ക് അറിയില്ല. പെരുവണ്ണാമൂഴിയുടേത് ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിട്ടുള്ളതാണ്. ഒരു ടൂറിസം ഡെസ്റ്റിനേഷനിൽ നിക്ഷേപം വരുന്നതിന് റോഡ് കണക്ടിവിറ്റി, കുടിവെള്ളം, വൈദ്യുതി കണക്ഷൻ ലൈൻ തുടങ്ങിയവ വേണ്ടിവന്നേക്കാം, ചില കോമൺ ഫെസിലിറ്റീസ് പണിയേണ്ടി വന്നേയ്ക്കാം. ഇങ്ങനെ എന്തൊക്കെയാണോ അവിടെ ആവശ്യമുള്ളത് ആ ഇൻഫ്രാസ്ട്രക്ചർ മുഴുവൻ ഒരു പാക്കേജായി നടപ്പാക്കുക വഴി ആ ഡെസ്റ്റിനേഷനിലേയ്ക്ക് സ്വകാര്യ ടൂർ ഓപ്പറേറ്റേഴ്സിനെ ആകർഷിക്കാം. ഇതാണ് പെരുവണ്ണാമൂഴിയിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്. ടൂറിസം ഡിപ്പാർട്ടുമെന്റ് പ്രസ്തുത പദ്ധതിയുടെ രൂപരേഖ അതിവേഗത്തിൽ കിഫ്ബി.-യിൽ സമർപ്പിക്കുന്നതിനു വേണ്ടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കിഫ്ബി-യുടെ ഫൈനാൻഷ്യൽ ബഡ്ജറ്റ് ഏകദേശം ഇരുപതിനായിരം കോടി രൂപയാണെന്നും അതിന്റെ വിശദാംശങ്ങൾ ഡയറക്ടർ ബോർഡ് കൂടിയതിനുശേഷം മാത്രമേ തയ്യാറാക്കുകയുള്ളൂവെന്നുമാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ മറുപടിയിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. അതിൽ തന്നെ അയ്യായിരം കോടി രൂപയാണ് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി മാറ്റിവയ്ക്കാനുദ്ദേശിക്കുന്നതെന്നും പറഞ്ഞു. എന്നാൽ കോഴിക്കോട് എയർപോർട്ടിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ അയ്യായിരം കോടി രൂപയിലധികം വരുന്ന ഒരു പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഈ പണം കണ്ടെത്തുന്നതും കിഫ്ബി-യിൽ നിന്നാണോ, അങ്ങനെയാണെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, കോഴിക്കോട് എയർപോർട്ടിന്റെ ഭൂമി ഏറ്റെടുക്കലിന്റെ വിശദാംശങ്ങളെക്കുറിച്ച് എനിക്ക് വിവരമില്ല. പക്ഷെ ഇത്തരത്തിൽ വലിയ തോതിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാരിന്റെ ബഡ്ജറ്റിൽനിന്നും ഒരിക്കലും പണം കണ്ടെത്താനാകില്ല. അതുകൊണ്ട് അത് കിഫ്ബി വഴിയായിരിക്കുമെന്നാണ് ഞാൻ ഊഹിക്കുന്നത്. അതിന്റെ തുക എത്രയാണെന്ന് പറയാനാവില്ല. തുക എത്രതന്നെയായാലും പണത്തിന് ബുദ്ധിമുട്ടുണ്ടാകില്ല. കോഴിക്കോട് എയർപോർട്ട് വിപുലീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അത്

പ്രഖ്യാപിച്ചു കഴിഞ്ഞതാണ്. ഭൂമിയുടെ വില എന്തുതന്നെയായാലും ന്യായമായ രീതിയിൽ അക്വയർ ചെയ്യേണ്ട ഏജൻസി അക്വയർ ചെയ്തുകഴിഞ്ഞാൽ കിഫ്ബിയിൽ നിന്നും പണം ലഭ്യമാക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോഴിക്കോട് എയർപോർട്ടിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കൂടിയ യോഗത്തിൽ പറഞ്ഞ തുകയുടെ അക്കത്തിൽ തെറ്റ് വന്നിട്ടുണ്ട്. അത് കേട്ടിട്ട് ആ തുക മുഴുവൻ ഭൂമിക്ക് കൊടുക്കുകയാണെന്ന് തെറ്റിദ്ധരിക്കരുത്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളനുസരിച്ച് മാത്രമേ കൊടുക്കുകയുള്ളൂ. അമിതമായ വിലയുടെ ഓഫർ ആ യോഗത്തിൽ വന്നിട്ടുണ്ട്. അത് തെറ്റ് സംഭവിച്ചതാണ്. അതല്ല യാഥാർത്ഥ്യം. ഭൂമി ഏറ്റെടുക്കുന്നതുകൊണ്ട് യാതൊരു തടസ്സവുമില്ല. അതിന്റെ നടപടികൾ തുടരും.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട കെ.സി. ജോസഫ് പറഞ്ഞതുപോലെ കേരളീയ സമൂഹവും ഭരണകക്ഷിയും വളരെ സന്തോഷത്തോടും ആശയോടെയുമാണ് കിഫ്ബിയെ നോക്കിക്കാണുന്നത്. പ്രതിപക്ഷത്തിനുമാത്രമേ തർക്കമുള്ളൂ, അത് അദ്ദേഹം കൃത്യമായി പറയുകയും ചെയ്തു. കേരളത്തിന് വരുമാനമുണ്ടാക്കാൻ കഴിയുന്നതരത്തിൽ പ്രഖ്യാപിച്ചിട്ടുള്ള തൃശ്ശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്കിനും ജില്ലാ കേന്ദ്രങ്ങളിലെ സാംസ്കാരിക നിലയങ്ങൾക്കും കിഫ്ബിയിൽ നിന്നാണോ ഫണ്ട് ഏർപ്പെടുത്തുന്നത്? അതോടൊപ്പം സഭയുടെ മുമ്പാകെ കൊണ്ടുവരാനുദ്ദേശിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം കേരളത്തിൽ വർദ്ധിച്ചുവരുന്ന വിവാഹ ആർഭാടങ്ങൾക്ക് സെസ്സ് ഏർപ്പെടുത്താൻ കഴിയുമോ?

ഡോ. ടി.എം. തോമസ് ഐസക്: സർ, ആർഭാട വിവാഹങ്ങൾക്ക് സെസ്സ് ഏർപ്പെടുത്തുന്നത് വേറെ വിഷയമാണ്. ഇപ്പോൾ ഞാൻ അതിലേക്ക് പോകുന്നില്ല. ഇതിനെക്കുറിച്ചുള്ള ആശയം ഇന്ന് തലയിൽ ഉദിച്ചതല്ല. 2010-ലെ ബഡ്ജറ്റിൽ വളരെ കൃത്യമായി പറഞ്ഞിരുന്നു, യു.ഡി.എഫ് ഭരിക്കുന്ന കാലത്ത് ഇതിന് ഒരു കമ്മിറ്റി വച്ചിരുന്നു. ഈ നിയമത്തിന്റെ പശ്ചാത്തലക്കുറിപ്പിൽ പറഞ്ഞിട്ടുണ്ട്, ആ കമ്മിറ്റിയുടെ റിപ്പോർട്ടുണ്ട്. പ്രതിപക്ഷത്തിരുന്ന് ഭരണപക്ഷത്തെ വിമർശിക്കുന്ന രീതിയിൽ ചോദ്യങ്ങൾ ചോദിക്കുമ്പോൾ ഇത് മുമ്പുള്ളതിന്റെ തുടർച്ചയാണെന്ന് ഓർക്കണം. ഇത് ഞങ്ങളുടെ തലയിൽ മാത്രം ഉദിച്ചുവരുന്ന കാര്യങ്ങളല്ല. നിങ്ങൾ 2010-ൽ പറഞ്ഞതാണ്, ഭരണത്തിന്റെ നാലാം വർഷമാണ് ഇങ്ങനെ ചെയ്താലോ എന്നുള്ള ചിന്ത വന്നത്. പുത്തൂരിലെ സുവോളജിക്കൽ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. നിശ്ചയമായും കിഫ്ബിയിൽ നിന്നായിരിക്കും അതിനുള്ള പണം കണ്ടെത്തുന്നത്. മറ്റ് അനുബന്ധ കാര്യങ്ങളെല്ലാം തയ്യാറാകട്ടെ. പണത്തിന് ഒരു ബുദ്ധിമുട്ടുമുണ്ടാകുകയില്ല.

ശ്രീ. റോജി എം. ജോൺ: സർ, പ്രധാനപ്പെട്ട ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകളിൽ ഭൂമി ഏറ്റെടുക്കുന്നതാണ് ഏറ്റവും വലിയ വിഷയമെന്നും അതിനാവശ്യത്തിനുള്ള തുക കിഫ്ബിയിൽ ലഭ്യമാക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കാൻവേണ്ട മുഴുവൻ തുകയും കിഫ്ബി വഴി ലഭ്യമാകുമെങ്കിൽ വളരെ നല്ല കാര്യമാണ്. ലഭ്യമായിട്ടുള്ള പ്രദേശങ്ങളിൽനിന്നും അധിക ഭൂമി ഏറ്റെടുത്ത്, ആ ഭൂമി വികസിപ്പിച്ച് അതിൽനിന്നും ലഭിക്കുന്ന തുക ഈ പദ്ധതിക്കായി ഉപയോഗിക്കാവുന്ന തരത്തിലുള്ള ഒരു മോഡലിനെക്കുറിച്ച് ആലോചിക്കുമോ? ഉദാഹരണമായി, അങ്കമാലി ബൈപ്പാസ് പോലുള്ള പ്രോജക്ടുകൾക്ക് തരിശായി കിടക്കുന്ന ഭൂമി ഏറ്റെടുത്ത്, വികസിപ്പിച്ച്, അതിൽനിന്നും ലഭ്യമാക്കുന്ന തുക ഒരു പദ്ധതിക്ക് ഉപയോഗിക്കാവുന്ന തരത്തിലുള്ള ഒരു മോഡലിനെക്കുറിച്ച് ആലോചിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു കേസ് വരുമ്പോൾ അങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കാം. ഒരു പൊതു തത്വമെന്ന രീതിയിൽ അതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. അതുകൊണ്ടാണ് അതിൽ ഓപ്ഷനുള്ളത്. അതിനെക്കുറിച്ച് ഇവിടെ ചർച്ചയുണ്ടായിരുന്നു. ഇതിൽ enabling provisions ഉണ്ട്. ഏത് വേണം, എങ്ങനെ വേണം എന്നുള്ളത് അതത് ഘട്ടത്തിൽ തീരുമാനിക്കേണ്ടതാണ്. വ്യവസായ പാർക്കുകൾക്കും മറ്റും വേണ്ടി കിഫ്ബിയിലെ ലാന്റ് ബോണ്ടിറക്കി ഭൂമി ഏറ്റെടുത്ത് വികസിപ്പിച്ചുകഴിഞ്ഞാൽ നിക്ഷേപകർക്ക് കൈമാറുമ്പോൾ റീപേയ്മെന്റുണ്ടാകണം. ഇതിലാണ് പൂർണ്ണമായ റീപേമെന്റ് വരുന്നത്. റോഡിന് അങ്ങനെ കഴിയില്ല. റോഡിനുള്ള പണം പിന്നീട് നൽകുന്നതിനുള്ള ചുമതല സർക്കാർ ഏറ്റെടുക്കുന്നുണ്ട്. അതേസമയം കിൻഫ്ര പോലുള്ള ഏജൻസികൾക്ക് ഭൂമി കൈമാറി വികസിപ്പിച്ച് കൊടുക്കുമ്പോൾ അതിന്റെ പണം കിഫ്ബിയിലേക്ക് അടയ്ക്കും. റോഡിനുവേണ്ടി കൂടുതൽ സ്ഥലം എടുക്കേണ്ടിവരും. റീഹാബിലിറ്റേഷന്റെ പ്രശ്നമുണ്ട്. വ്യാപാരികളെ ഒഴിപ്പിച്ചാൽ അവരുടെ റീഹാബിലിറ്റേഷന് സ്ഥലം കൊടുക്കണം. ആ സ്ഥലം കൂടി എടുത്താണ് നമുക്ക് പലപ്പോഴും പല കാര്യങ്ങളും ചെയ്യാൻ കഴിയുന്നത്. അതൊക്കെ ആ ഘട്ടത്തിൽ തീരുമാനിക്കാം. അങ്ങനെ വേണമെങ്കിൽ ചെയ്യാനുള്ള അവകാശം ഇന്നലെ അവതരിപ്പിച്ച നിയമഭേദഗതിയിലുണ്ട്.

ശ്രീ. എ. പ്രദീപ് കുമാർ : സർ, ബഹുമാനപ്പെട്ട അംഗം കെ. രാജൻ, ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന് ഒരു പ്രതീക്ഷയുമില്ലെന്ന് പറയുകയുണ്ടായി, അതിൽനിന്നും വ്യത്യസ്തമായ ഒരു അഭിപ്രായം എനിക്കുണ്ട്. പ്രതിപക്ഷത്തിന് പ്രതീക്ഷയുണ്ടെന്നുള്ളതാണ് ഇന്നലെ ശ്രീ വി. ഡി. സതീശന്റെ ചർച്ച കേട്ടപ്പോൾ എനിക്ക് തോന്നിയത്. യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്ന ധനപരമായ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഫലമായാണ് കിഫ്ബിയെക്കുറിച്ച് ആലോചിക്കാൻ സാധിച്ചതെന്നാണ് അദ്ദേഹം പറഞ്ഞത്. ഇത് ശരിയാവുകയാണെങ്കിൽ, ഞങ്ങളുടെ

നയത്തിന്റെ ഫലമാണെന്ന് പറയാം. ഇത് എങ്ങനെയാണ് യു.പി.എ.-യുടേയും കോൺഗ്രസ്സിന്റെയും നയത്തിൽനിന്നും വ്യത്യസ്തമായി, ഇടതുപക്ഷ ബദലാകുന്നതെന്ന കാര്യവും എഫ്.ആർ.ബി.എം. ആക്ട് പോലുള്ളവയിലെ നിബന്ധനകളെ, സംസ്ഥാനങ്ങൾക്ക് സ്വതന്ത്രമായി ധനസമാഹരണം നടത്താൻ വായ്പ എടുക്കാനുള്ള നിബന്ധനകളെ എങ്ങനെയാണ് കിഫ്ബിക്കുവേണ്ടി ധനസമാഹരണം നടത്തുമ്പോൾ മറികടക്കുവാനാവുക എന്ന കാര്യവും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വിശദീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ധനകാര്യമേഖലയിലെ ഇടതുപക്ഷ ബദലിന്റെ പ്രധാനപ്പെട്ട ഒരു ഘടകം, വായ്പ എടുക്കുന്നതിന് അടിച്ചേൽപ്പിച്ചിട്ടുള്ള പരിധി മറികടക്കുക എന്നുള്ളതാണ്. എത്ര വായ്പയെടുക്കാമെന്നതിന് ഒരു തത്വമേ സാമ്പത്തികശാസ്ത്രം പറയുന്നുള്ളൂ, പലിശനിരക്ക് സാമ്പത്തിക വളർച്ചയെക്കാൾ താഴെയാണെങ്കിൽ സസ്റ്റെയിനബിളാണ്. എത്ര വായ്പയെടുക്കുന്നുവെന്നുള്ളത് നമ്മുടെ നാട്ടിലെ വികസനത്തിന് എത്രവേണമെന്നുള്ളതിനെ ആശ്രയിച്ചായിരിക്കണം. മൂന്ന് ശതമാനത്തിനപ്പുറം പോകാൻ പാടില്ലെന്നൊരു നിയമമുണ്ട്. അതിനെ മറികടക്കാനുള്ള പ്രായോഗിക മാർഗ്ഗമായിട്ടാണ് ഇതിനെ കാണുന്നത്. ബഡ്ജറ്റിൽ പറ്റില്ലെങ്കിൽ ബഡ്ജറ്റിന് പുറത്തുനിന്നും വായ്പയെടുത്ത് നാട്ടിൽ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യും. അതാണ് ഇടതുപക്ഷ ബദൽ എന്നുപറയുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, പ്രതിപക്ഷത്തുനിന്നും രണ്ടഭിപ്രായമാണ് വന്നത്. വിജയിച്ചാൽ ഞങ്ങളുടെ വകയെന്ന് ശ്രീ. വി. ഡി. സതീശന്റേയും പരാജയപ്പെട്ടാൽ നിങ്ങളുടെ ദോഷമെന്ന നിലയിലുള്ള ശ്രീ. കെ. സി. ജോസഫിന്റെ അഭിപ്രായമാണ് വന്നത്. രണ്ടും രണ്ടായാണ് നിങ്ങൾ പറയുന്നത്. വിജയിച്ചാൽ അന്നേ ഞങ്ങൾ പറഞ്ഞുവല്ലോ എന്നുപറയും. പരാജയപ്പെട്ടാൽ അപ്പോഴേ ഞങ്ങൾ പറഞ്ഞല്ലോ എന്ന് പറയും. ആ അവസ്ഥയാണ്. ഇതുകേട്ടാൽ തോന്നും കഴിഞ്ഞ അഞ്ചുവർഷക്കാലം കടമൊന്നുമെടുക്കാതെ നികുതിവരുമാനം വർദ്ധിപ്പിച്ച് അതിൽ നിന്ന് ചെയ്തതാണെന്നാണ്. പാർട്ണർ കേരള മിഷൻ 2,500 കോടി രൂപ, എസ്.എൽ.ബി.സി. വഴി വീടുവയ്ക്കാനുള്ളത് എന്നിവയ്ക്കെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കടമെടുക്കുകയാണുണ്ടായത്. ഈ ഗവൺമെന്റ് ആവർത്തനച്ചെലവുകൾ ഇല്ലാതാക്കിക്കൊണ്ട് മൂലധന നിക്ഷേപം നടത്തുകയാണ്. ഉദാഹരണത്തിന്, പെരുമ്പളം പാലം, ബോട്ട് സ്റ്റേഷൻ, 19 ജീവനക്കാർ, ഇതുപോലുള്ള ആവർത്തന ചെലവുകൾക്ക് ഒരു വർഷം എത്ര കോടി രൂപയാണ് ചെലവാകുന്നത്; അഞ്ചു കൊല്ലം കൊണ്ട് വരുന്ന ചെലവ് നോക്കുമ്പോൾ, അഞ്ചോ പത്തോ കൊല്ലം കൊണ്ട് പെരുമ്പളത്ത് ഒരു പാലം നിർമ്മിച്ചാൽ അതുനിമിത്തമുണ്ടാകുന്ന ആവർത്തനച്ചെലവുകൾ അവസാനിക്കുകയാണ്. അത്തരത്തിലുള്ള നിക്ഷേപ പദ്ധതികൾ കിഫ്ബി വഴി ചെയ്യുന്നതുകൊണ്ട് നാടിന് ഭാവിയിൽ വലിയ ഗുണമാണുണ്ടാകാനാണ് പോകുന്നത്. ഉദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളെല്ലാം ഈ വർഷം തന്നെ പ്രവർത്തനമാരംഭിക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സജ്ജീകരണങ്ങളും ക്രമീകരണങ്ങളുമാണ് വരുത്താനുദ്ദേശിക്കുന്നതെന്ന് അങ്ങ് വ്യക്തമാക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ എ. എം. ആരിഫ് പറഞ്ഞതുപോലെ നമ്മൾ ഇതിന് മുമ്പും ചെയ്യുന്നതാണ്. കൊച്ചി മെട്രോ, വിഴിഞ്ഞം പോർട്ട്, കണ്ണൂർ എയർപോർട്ട്, കെ.എസ്.ടി.പി.-യുടെ റോഡ് പ്രോജക്ട് അതുപോലുള്ള ഏത് വലിയ പ്രോജക്ട് എടുത്തുനോക്കിയാലും ഇവയൊന്നും ബഡ്ജറ്റിലെ പണം കൊണ്ടല്ല ചെയ്യുന്നത്. ബഡ്ജറ്റ് വഴി പോലുമല്ല ചെയ്യുന്നത്. കെ.എസ്.ടി.പി.-യാണ്, ബാക്കിയുള്ളതൊന്നുമല്ല. പുറത്തുനിന്ന് നേരിട്ട് വായ്പ എടുക്കുന്നതാണ് കിഫ്ബി ആകെ ചെയ്യുന്നത്. നിർദ്ദിഷ്ട പ്രോജക്ടുകൾക്കുമാത്രമേ ഇങ്ങനെ വായ്പ എടുക്കാൻ സാധിക്കുകയുള്ളൂ. അതേ സമയം ഏത് തരത്തിലുള്ള പ്രോജക്ടുകളെയും സപ്പോർട്ട് ചെയ്യാൻ പറ്റുന്ന സെബി-യും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള പുതിയ സംവിധാനങ്ങളെ ഉപയോഗപ്പെടുത്താനുള്ള പരിശ്രമമാണ് കിഫ്ബി ചെയ്യുന്നത്. നേരത്തേ നമുക്കുള്ള അനുഭവത്തെ കുറച്ചുകൂടി വിപുലീകരിക്കുകയാണ് ചെയ്യുന്നത്. ശ്രീ. എ. എം. ആരിഫ് പറഞ്ഞതിൽ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. ബഡ്ജറ്റ് പ്രകാരം ഒരു വലിയ പാലത്തിന്റെ പണി പത്തുവർഷം കഴിഞ്ഞുമാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. പത്തുവർഷം കഴിയുമ്പോൾ ആ പാലത്തിന് ചെലവ് എത്രയാകും; യഥാർത്ഥത്തിൽ ഇന്ന് വായ്പ എടുത്ത് ആ പാലം പണിയുമ്പോൾ വരുന്ന പലിശ ഭാരം ചെലവ് വർദ്ധനവിനേക്കാൾ വളരെ കുറവായിരിക്കും. ഈ സമീപനം നാടിന് സാമ്പത്തികമായി നേട്ടമുണ്ടാക്കും. ഏതായാലും ഒരു കാര്യം വ്യക്തമാണ്. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള മുഴുവൻ കാര്യങ്ങൾക്കും ഭരണാനുമതി നൽകിയിട്ട് മാത്രമേ പുതിയ പ്രോജക്ടുകളിലേക്ക് പോകുകയുള്ളൂ. അതുകൊണ്ട് ഒരു ഭയപ്പാടും ആർക്കും വേണ്ട. എത്രയും പെട്ടന്ന് ഇതിനൊക്കെ ഭരണാനുമതി നൽകി നടപ്പാക്കാൻ തുടങ്ങുക എന്നുള്ളതാണ് ലക്ഷ്യം.

**ഖനനപ്രവർത്തനങ്ങൾ**

4 (*32) ശ്രീ. എം. നൗഷാദ്:

ശ്രീ. എം.എം. മണി:

ശ്രീമതി യു. പ്രതിഭ ഹരി:

ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കി സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽനിന്ന് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത കാലതാമസം ക്വാറി മേഖലയിൽ സ്തംഭനാവസ്ഥ സൃഷ്ടിക്കുന്ന സാഹചര്യമുണ്ടായതിനെത്തുടർന്ന് ഇതിനായി ജില്ലാതല അതോറിറ്റികൾ രൂപീകരിക്കാൻ 2016 ജനുവരിയിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതു സംബന്ധിച്ച് കഴിഞ്ഞ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സർക്കാർ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ.പി. ജയരാജൻ): സർ,

(എ) സംസ്ഥാനത്തെ എല്ലാ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കി സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയിലെ ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന കേസ്സിൽ 27-2-2012-നുണ്ടായ ഉത്തരവ് പ്രകാരം ഖനന പ്രവർത്തനങ്ങൾക്കുള്ള ക്വാറിയിംഗ് ലീസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ നിന്ന് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിക്ക് സ്വന്തമായി സെക്രട്ടേറിയറ്റിന് രൂപം നൽകി. ജില്ലകളിൽ പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റികളുടെ (DEIAA) രൂപീകരണം നടന്നുവരികയാണ്. എല്ലാ ജില്ലകളിലും അതോറിറ്റി രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) വനംപരിസ്ഥിതി മന്ത്രാലയത്തിന്റെ 15-1-2016, 20-1-2016 തീയതികളിലെ നോട്ടിഫിക്കേഷനുകൾ പ്രകാരം അഞ്ചോ അഞ്ചിൽ കുറവോ ഹെക്ടർ വിസ്തീർണ്ണം വരുന്ന ഭൂമിയിൽ ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നതിന് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാതല അതോറിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലാതല പരിസ്ഥിതി അതോറിറ്റികളുടെ രൂപീകരണത്തിനായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട് :

1. ജില്ലാതല അതോറിറ്റികളുടെ രൂപീകരണാവശ്യാർത്ഥം വിജ്ഞാപനം പുറപ്പെടുവിച്ചു. അതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ജില്ലാകളക്ടർ മാരെയും അറിയിച്ചുകഴിഞ്ഞിട്ടുണ്ട്.

2. ഈ വിഷയത്തിൽ 9-6-2016-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സംസ്ഥാനതല അതോറിറ്റി/വിദഗ്ദ്ധസമിതി ചെയർമാൻമാരുടെയും യോഗം വിളിച്ചു ചേർത്തു. ആ യോഗത്തിന്റെ നിർദ്ദേശ പ്രകാരം എല്ലാ ജില്ലാ അതോറിറ്റികളുടെ/വിദഗ്ദ്ധ സമിതികളുടെയും പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ജില്ലാതല നാമനിർദ്ദേങ്ങൾ സ്വീകരിച്ച് അതോറിറ്റികളുടെ/വിദഗ്ദ്ധ സമിതികളുടെയും പ്രവർത്തനം പൂർണ്ണതോതിലാക്കുന്നതിനുവേണ്ടി മെമ്പർ സെക്രട്ടറി കൂടിയായ പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എല്ലാ ജില്ലാ കളക്ടർമാരെയും ഈ വിവരം നേരിട്ടറിയിച്ചിട്ടുണ്ട്.

4. ഇതുസംബന്ധിച്ച ഒരു വീഡിയോ കോൺഫറൻസിംഗ് മുഖാന്തരം മെമ്പർ സെക്രട്ടറിയും പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി ചെയർമാനും ജില്ലാ കളക്ടർമാരുമായും ബന്ധപ്പെടുകയും ആവശ്യമായ എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്.

5. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തേണ്ട നാമനിർദ്ദേശങ്ങൾ ഉടനടി നൽകണമെന്ന് 17-6-2016-ൽ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്.

6. ജില്ലാതല നിർദ്ദേശങ്ങൾ എത്രയും പെട്ടെന്ന് നടത്താൻ അതിന് ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു.

7. ജില്ലാതല അതോറിറ്റികൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി കളക്ടർമാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

8. ജില്ലാതല അതോറിറ്റിയും വിദഗ്ദ്ധ സമിതിയും (DEIAA/DEAC) നിയമാനുസൃത ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 4-8-2016-ൽ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധന പ്രകാരം അവരുടെ ഉദ്യോഗസ്ഥരെവരുത്തി ജില്ലാതല ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങളും അവർക്ക് പരിചയം ഉണ്ടാകുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളും നൽകിക്കഴിഞ്ഞു.

ശ്രീ. എം. നൗഷാദ്: സർ, സംസ്ഥാനത്തെ അണക്കെട്ടുകളിൽ മണ്ണും ചെളിയും അടിഞ്ഞുകൂടി അണക്കെട്ടുകളുടെ സംഭരണശേഷിയെയും വൈദ്യുതി ഉൽപ്പാദനത്തെയും പ്രതികൂലമായി ബാധിക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. ഇവിടങ്ങളിലെല്ലാം ഇഷ്ടം പോലെ മണ്ണുണ്ട്. പാവപ്പെട്ടവർക്ക് സർക്കാർ നൽകുന്ന വിവിധ ഭവനപദ്ധതികൾക്ക് ഈ മണ്ണ് ഉപയോഗിക്കാൻ സാധിക്കും. അതുകൊണ്ട് അണക്കെട്ടുകൾ ഡ്രെഡ്ജ് ചെയ്യുന്നതിനും ഡീസിൽറ്റ് ചെയ്യുന്നതിനുമാവശ്യമായ പാരിസ്ഥിതിക അനുമതി നൽകാൻ കഴിയുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, റിസർവ്വോയറുകൾ, അണക്കെട്ടുകൾ, കനാലുകൾ എന്നിവയുടെ മെയിന്റനൻസിനുവേണ്ടി ഡ്രെഡ്ജ് ചെയ്യുന്നതിനും അതിലെ ചെളി, മണൽ എന്നിവ നീക്കം ചെയ്യുന്നതിനും പ്രത്യേക പാരിസ്ഥിതികാനുമതിയുടെ ആവശ്യമില്ല. അത് നമുക്കുതന്നെ നിർവ്വഹിക്കാൻ കഴിയുന്നതാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള ചില സ്ഥാപനങ്ങളെ അതിനുവേണ്ടി ഉപയോഗപ്പെടുത്തി മണൽ സംഭരിക്കുന്നതിനുവണ്ടിയുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്.

ശ്രീ. എം. നൗഷാദ്: സർ, പരമ്പരാഗത പാത്ര നിർമ്മാണത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അസംസ്കൃതവസ്തുക്കളായ കളിമണ്ണ്, ചെളി എന്നിവ ലഭ്യമാകാത്തതിനാൽ തൊഴിൽ പ്രതിസന്ധി നേരിടുകയും അവരുടെ ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ വളരെയേറെ ബുദ്ധിമുട്ടുകയുമാണ്. അതുകൊണ്ട് അവർക്ക് കളിമണ്ണും ചെളിയും ലഭ്യമാക്കുന്നതിനും അവ സംഭരിക്കുന്നതിനും തൊഴിൽ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, നിലവിലുള്ള നിയമ വ്യവസ്ഥയനുസരിച്ച് അവർക്ക് ചെളി, കളിമണ്ണ് എന്നിവ ശേഖരിക്കുന്നതിന് പ്രത്യേക പാരിസ്ഥിതികാനുമതി ആവശ്യമില്ല. 15-1-2016-ലെ കേന്ദ്ര സർക്കാരിന്റെ വിജ്ഞാപന പ്രകാരം പരമ്പരാഗതമായി ചെളികൊണ്ട് ഗൃഹോപകരണങ്ങളും മറ്റും നിർമ്മിക്കുന്നവർക്ക് അവ സംഭരിക്കാനുള്ള അവകാശമുണ്ട്. ഇപ്പോൾ ഇത്തരത്തിലുള്ള പ്രദേശങ്ങളിൽ ചില പ്രത്യേക സമുദായങ്ങൾ ഈ തൊഴിൽ ചെയ്യുന്നുണ്ട്. അവർ സംഭരിക്കുന്നുമുണ്ട്.

ശ്രീ. എം. എം. മണി: സർ, 32-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വിശദീകരണത്തിൽ കാര്യങ്ങൾ വ്യക്തമായിട്ടുണ്ട്. എന്നാൽ ജില്ലാതല പരിസ്ഥിതി അതോറിറ്റികളുടെ രൂപീകരണത്തിനായി ചില നടപടികൾ സ്വീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചിട്ടുണ്ട്. അതിന്റെ ഗുണഫലം വിലയിരുത്താറായിട്ടുണ്ടോ; അതുസംബന്ധിച്ചുള്ള കൂടുതൽ കാര്യങ്ങൾ വിശദീകരിക്കാമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഖനനമേഖലയിൽ പാറ പൊട്ടിക്കുക, പൊട്ടിച്ചെടുത്ത പാറ ക്രഷർ ഉപയോഗിച്ച് സാധാരണ ആവശ്യങ്ങൾക്കു വേണ്ടിയുള്ള പ്രോഡക്ടായി മാറ്റുക തുടങ്ങിയ കാര്യങ്ങൾ ഇപ്പോൾ നടന്നുവരുന്നതിന് ഒട്ടനവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികളും തൊഴിലാളി യൂണിയനുകളും മാനേജ്മെന്റും പല നിവേദനങ്ങളും ആവശ്യങ്ങളുമായി ഗവൺമെന്റിന്റെ മുമ്പാകെ വരുന്നുണ്ട്. പാരിസ്ഥിതിക പ്രശ്നത്തിന്റെ പേരിൽ അവർക്ക് ഖനനം ചെയ്യാനോ ഖനനം ചെയ്ത സാധനങ്ങൾ കൊണ്ടുപോകാനോ കഴിയുന്നില്ല എന്നതാണ് അതിലൊന്ന്. അത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് 2012-ൽ സുപ്രീം കോടതിയും കേന്ദ്ര ഗവൺമെന്റും എടുത്ത നിലപാടനുസരിച്ചാണ് അഞ്ച് ഹെക്ടർ വരെയുള്ള ഭൂമിയിൽ ഖനനം ചെയ്യുന്നതിന് പാരിസ്ഥിതിക അനുമതി നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് വന്നത്. ആ ഉത്തരവ് കേരളത്തിലാകെ പ്രശ്നമായി വന്നു. 2012-ൽ സുപ്രീം കോടതി വിധി വന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഒരു സ്തംഭനാവസ്ഥയുണ്ടായി. ആ ഘട്ടത്തിൽ അതിനെ മറികടക്കാൻ 2012-ന് മുമ്പ് ലൈസൻസുള്ള എല്ലാ ക്വാറി ഉടമകൾക്കും ഖനനം ചെയ്യുന്നതിന് മൂന്ന് വർഷക്കാലത്തേയ്ക്ക് കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചു. ആ ഉത്തരവിനെ ഹൈക്കോടതി ചോദ്യം ചെയ്തു. ഹൈക്കോടതി ആ ഉത്തരവ് റദ്ദുചെയ്യുന്ന നിലപാട് സ്വീകരിച്ചു. വീണ്ടും പ്രശ്നങ്ങൾ ഉണ്ടായി. അങ്ങനെ പ്രശ്നങ്ങളുണ്ടായപ്പോൾ ഹൈക്കോടതി വിധിയുടെ അതേ ദിവസംതന്നെ സുപ്രീം കോടതിയിൽ നിന്നും ഇത് സംബന്ധിച്ച വിധി വന്നു. 2016 ഡിസംബർ വരെ നിലവിലുള്ള സ്റ്റാറ്റസ് തുടരണമെന്ന് സുപ്രീം കോടതി തീർപ്പുകൽപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നിലപാടുകൾ സ്വീകരിക്കുന്നതിൽ ഒട്ടനവധി സംശയങ്ങളും മറ്റുമുള്ളതിനാൽ ഖനനത്തിന് അനുമതി കൊടുക്കുന്നതിനും ട്രാൻസ്പോർട്ടിംഗിനും പല ഉദ്യോഗസ്ഥരും സാങ്കേതികമായ തടസ്സങ്ങൾ സൃഷ്ടിക്കുകയാണ്. നിയമപരമായ എല്ലാ നടപടികളും സ്വീകരിച്ച് ലൈസൻസ് ഉപയോഗിച്ച് ലീസിന് എടുത്തിട്ടുള്ള സ്ഥലത്ത് ഖനനം ചെയ്യുന്നതിനും അത് കൊണ്ടുപോകുന്നതിനും വ്യാപാരം നടത്തുന്നതിനുമുള്ള സംരക്ഷണം ഉറപ്പുവരുത്തത്തക്ക നിലയിൽ നിയമപരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാനുള്ള സൗകര്യമുണ്ടാകണം. കേരളത്തിന്റെ പ്രകൃതിദത്തമായ സവിശേഷതകളെ കാത്തുസൂക്ഷിച്ചുകൊണ്ട് പാരിസ്ഥിതിക സൗഹൃദ അന്തരീക്ഷം നിലനിർത്തിക്കൊണ്ട് ഖനനം ചെയ്യാനുള്ള നടപടികൾക്ക് സംരക്ഷണം കൊടുക്കണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് ഇപ്പോൾ ഖനന രംഗത്തുള്ള പ്രശ്നം ലഘൂകരിച്ചുവരികയാണ്.

<u>ശ്രീമതി യു. പ്രതിഭ ഹരി:</u> സർ, അഞ്ചോ അഞ്ചിൽ കുറവോ ഹെക്ടർ വിസ്തീർണ്ണം വരുന്ന ഭൂമിയിൽ ഖനനം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിനാണ് ജില്ലാതല അതോറിറ്റികൾ രൂപീകരിച്ചതെന്ന് പറയുന്നുണ്ട്. ക്വാറികൾക്ക് അനുവാദം കൊടുക്കുമ്പോൾ അവർ എത്ര ഡെപ്തിലാണ് പാറ എടുക്കുന്നതെന്നത് സംബന്ധിച്ച് പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റിക്ക് അറിയാൻ കഴിയുമോ; അല്ലെങ്കിൽ അത്തരത്തിൽ ടെക്നിക്കൽ ഒപ്പീനിയൻ പറയാൻ കഴിയുന്ന ആളുകൾ ആ ബോർഡിൽ ഉണ്ടാകുമോ; ഇൻലാൻഡ് നാവിഗേഷന്റെ ഭാഗമായി പലപ്പോഴും കായലിൽ നിന്ന് ഡ്രെഡ്ജിംഗ് നടത്തി ചെളിയെടുക്കുമ്പോൾ ഒരുപാട് പരാതികൾ വരാറുണ്ട്. എത്രത്തോളം ആഴത്തിൽ നിന്നാണ് ചെളിയെടുക്കുന്നതെന്ന് അറിയാൻ കഴിയുന്നില്ല. ഇത്തരത്തിൽ ഖനനം നടത്തുന്ന സ്ഥലങ്ങളിൽ അഗാധമായ ഗർത്തങ്ങൾ ഉണ്ടാകുന്നതായും ഇത്തരം ഗർത്തങ്ങളിൽപ്പെട്ട് അപകടങ്ങൾ ഉണ്ടാകുന്നതായും പത്രങ്ങളിലൂടെ വായിക്കാറുണ്ട്. ഇത് ഒഴിവാക്കുന്നതിനായി, അവിടെ വരുന്ന വെള്ളം സംഭരിച്ച് ശുദ്ധജലമാക്കുകയോ അങ്ങനെ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ:</u> സർ, ഇത്തരം കാര്യങ്ങളെല്ലാം പരിശോധിച്ചു കൊണ്ടാണ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ലൈസൻസ് കൊടുക്കുന്നത്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അതോറിറ്റിയിലും കമ്മിറ്റിയിലും എക്സ്പേർട്ട്സ് ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിന്റെ നോംസിൽതന്നെ ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ചെയർമാനായി ഇറിഗേഷൻ വകുപ്പിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറും അതോറിറ്റിയുടെ ചെയർമാനായി ജില്ലാ കളക്ടറും പ്രവർത്തിക്കുകയും ഇതിലെല്ലാം മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ എക്സ്പേർട്ട്സും സയന്റിസ്റ്റുമാരും ഉണ്ടാകണമെന്ന് പ്രത്യേകം നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനെക്കുറിച്ച് നല്ല വിജ്ഞാനവും പരിചയവും നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിയുന്ന ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ പറഞ്ഞിട്ടുള്ളത്. അതിനനുസരിച്ചാണ് ഇപ്പോൾ കാര്യങ്ങൾ നടന്നുവരുന്നത്. എവിടെയെങ്കിലും ഇതിൽനിന്നും വ്യത്യസ്തമായ പ്രശ്നങ്ങളുണ്ടെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u> സർ, ഓട് വ്യവസായത്തിന്റെ പ്രധാന റാ മെറ്റീരിയലാണ് കളിമണ്ണ്. കളിമണ്ണ് ഖനനം നടത്തുന്നതിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി മുൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഒരു നടപടിക്രമം ആവിഷ്കരിച്ചിരുന്നു. കളിമണ്ണ് എടുത്തതിനുശേഷം ഉണ്ടാകുന്ന കുഴിയിൽ മണ്ണ് നിറച്ച് വീണ്ടും കൃഷി ഭൂമിയായി ഉപയോഗിക്കുന്നതിനുള്ള ഒരു നടപടിക്രമമായിരുന്നു അത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും അതേ തീരുമാനമെടുത്തെങ്കിലും അതാത് പ്രദേശത്തുള്ള ആളുകൾ

തടസ്സപ്പെടുത്തിയതുകാരണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇതുകാരണം ഇപ്പോൾ പല വ്യവസായങ്ങളും പ്രതിസന്ധിയിലാണ്. ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാക്കുന്ന ഈ വ്യവസായത്തെ സംരക്ഷിക്കാൻ ബന്ധപ്പെട്ട വകുപ്പും ഓട് നിർമ്മാണ വ്യവസായികളും കൂട്ടായ ചർച്ച നടത്തി ആവശ്യമായ നടപടിക്രമം ആവിഷ്കരിക്കുമോ;

ശ്രീ. ഇ. പി. ജയരാജൻ: സർ, കേരളത്തിൽ കളിമണ്ണ് വ്യവസായം കടുത്ത പ്രതിസന്ധിയിലാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ക്ലേ എടുത്ത് ടൈൽസ് നിർമ്മിച്ചിരുന്ന ഒരു ജില്ലയായിരുന്നു തൃശ്ശൂർ. തൃശ്ശൂർ ജില്ലയിലെ ടൈൽസ് ഫാക്ടറികളെല്ലാം ഇപ്പോൾ അടഞ്ഞുകിടക്കുകയാണ്. ക്ലേ ഉപയോഗിച്ചുള്ള ഓട് നിർമ്മാണമെല്ലാം നിർത്തലാക്കിയിരിക്കുകയാണ്. കളിമണ്ണ് ഉപയോഗിച്ച് പ്രോഡക്ട് ഉത്പാദിപ്പിക്കുന്ന വ്യവസായ കേന്ദ്രങ്ങളെല്ലാം തകർച്ചയെ അഭിമുഖീകരിക്കുകയാണ്. അതിന് മറ്റെന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുകയെന്നുള്ളതാണ് പരിഹാരം. നിലവിൽ അവശേഷിക്കുന്ന ഫാക്ടറികൾ സൂക്ഷിക്കാനും അവർക്കാവശ്യമുള്ള റാ മെറ്റീരിയലെന്നുള്ള നിലയിൽ ക്ലേ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സാധ്യതകൾ ആരായാനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ലേ എടുത്തു കഴിഞ്ഞാൽ വിശാലമായ പ്രദേശം കുണ്ടുംകുഴിയും നിറഞ്ഞ് വെള്ളം കെട്ടി ചെളി നിറഞ്ഞ് പിന്നീട് ജനങ്ങൾക്കുതന്നെ ഉപദ്രവമാകുന്ന ഒരവസ്ഥയുണ്ട്. ഒരു സ്ഥലത്ത് ഈ കുഴിയിലേയ്ക്ക് കാർ മറിഞ്ഞ് ജീവഹാനിയുണ്ടാകുന്ന അവസ്ഥവരെയുണ്ടായി. അതുകൊണ്ട് ഇപ്പോൾ ക്ലേ എടുക്കുകയും ടൈൽസ് ഫാക്ടറികളിൽ എത്തിച്ചുകൊടുക്കുകയും ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ പരിശോധിക്കുകയും ക്ലേ എടുത്ത് കഴിഞ്ഞ പ്രദേശം മുഴുവൻ നികത്തി പച്ചക്കറി കൃഷി ചെയ്യാൻ കഴിയത്തക്ക നിലയിൽ ഫാമുകളായി വിപുലീകരിക്കാനും കാലോചിതമായി ഉപയോഗപ്പെടുത്താനുള്ള പുതിയ പദ്ധതികൾക്ക് രൂപംകൊടുക്കാനുള്ള നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മറ്റ് പ്രദേശങ്ങളിൽ ഇത്തരത്തിൽ ക്ലേ വ്യവസായം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടുന്നുണ്ട്. ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്, ചില പരിസ്ഥിതിവാദികൾ, യഥാർത്ഥത്തിൽ പരിസ്ഥിതിക്കുവേണ്ടിയല്ല, മറ്റു ചില താൽപ്പര്യങ്ങൾക്കുവേണ്ടി ചില സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നുണ്ട്. എന്നാൽ അതാത് പ്രദേശങ്ങളിലെ ജനങ്ങളുമായി സഹകരിച്ചുകൊണ്ട് ജനങ്ങളെ ബോദ്ധ്യപ്പെടുത്തി ഈ വ്യവസായങ്ങൾ സംരക്ഷിച്ച് നടത്തിക്കൊണ്ടുപോകുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഖനന പ്രവർത്തനത്തിന് അനുമതി ലഭിക്കുകയെന്നത് ഇന്ന് നമ്മുടെ സംസ്ഥാനത്ത് ദുഷ്കരമായ ഒരു പ്രക്രിയയാണ്. വില്ലേജ് ഓഫീസ് മുതൽ ഒരു ഡസനിലധികം ഓഫീസുകൾ കയറിയിറങ്ങി

വർഷങ്ങൾ കാത്തിരുന്നാലും ലൈസൻസ് ലഭിക്കുകയില്ല. ലൈസൻസ് ലഭിക്കുന്നതിനുള്ള കാലവിളംബം അവസാനിപ്പിക്കുന്നതിനുവേണ്ടി ഒരു ഏകജാലക സംവിധാനമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ:</u> സർ, ഏകജാലക സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ലൈസൻസ് കൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഖനനം കേന്ദ്ര നിയമത്തിൽപ്പെട്ടതാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ നടപടികൾക്കും നിയമങ്ങൾക്കും വിധേയമായാണ് ഇവിടെ ഓരോ നടപടിയും സ്വീകരിച്ചുവരുന്നത്. കേന്ദ്ര നിയമത്തിന്റെ ഭാഗമായി ഖനനം നടത്തുന്ന കമ്പനി ഖനനം നടത്താൻ നാല് പ്രത്യേക ലൈസൻസുകൾ വാങ്ങേണ്ടതായിട്ടുണ്ട്. അത് വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ടി ഓരോ ഡിപ്പാർട്ടുമെന്റിനേയും പ്രാപ്തമാക്കാൻ ആവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇനിയും ഏതെങ്കിലും പ്രദേശങ്ങളിൽ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലമായ കാസർഗോഡിലെ ഏതെങ്കിലും പ്രദേശങ്ങളിൽ ഇത്തരത്തിൽ ലൈസൻസ് ലഭിക്കുന്നതിന് കാലതാമസം വരുന്നുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ ഇടപെടലുണ്ടാക്കാം. എല്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇത്തരം കാര്യങ്ങൾ പരിശോധിക്കാൻ പ്രത്യേക ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ ജനറൽ മാനേജർ നിശ്ചയിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ഇക്കാര്യങ്ങൾ പരിശോധിച്ച് ലൈസൻസ് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വേഗത്തിലാക്കാനും സഹായിക്കാനുള്ള ഒരു സെന്ററും ഓരോ ജില്ലാ കേന്ദ്രത്തിലും ആരംഭിച്ചിട്ടുണ്ടെന്ന കാര്യംകൂടി അറിയിക്കുകയാണ്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ഇത് കേരളം നേരിടുന്ന ഗുരുതരമായ പ്രശ്നമാണ്. ഞാൻ ഈ വിഷയം സഭയിൽ സബ്മിഷനായി ഉന്നയിച്ചിട്ടുണ്ടായിരുന്നു. ഇപ്പോഴത്തെ സ്ഥിതി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറയുന്നതുപോലെയല്ല. പെർമിറ്റില്ലാതെ ഖനനം ചെയ്തുകൊണ്ടിരിക്കുന്ന നൂറ് കണക്കിന് ക്വാറികളുണ്ട്. അതുമൂലം അപകടങ്ങളുമുണ്ടാകുന്നുണ്ട്. ആർക്കും പെർമിറ്റില്ല. മൂന്ന് വർഷത്തേയ്ക്ക് പെർമിറ്റെടുത്തിട്ട് റിന്യൂ ചെയ്തിട്ടില്ല. എന്റെ ശ്രദ്ധയിൽപ്പെട്ട ദാരുണമായ ഒരു സംഭവം ഞാൻ ഈ സഭയിൽ പറയുകയാണ്; എന്റെ നിയോജക മണ്ഡലത്തിൽ 44 ക്വാറികളുണ്ട്. നാലെണ്ണത്തിനു മാത്രമേ പെർമിറ്റുള്ളൂ. ഇത് അന്വേഷിച്ച് നടപടിയെടുക്കാൻ ഞാൻ പറഞ്ഞതിന് ജിയോളജി ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ ഒരു ക്വാറി ഉടമയ്ക്ക് കൊടുത്ത മെമ്മോ, 'ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സി. ദിവാകരന്റെ നിർദ്ദേശപ്രകാരം നിങ്ങളുടെ ക്വാറി പ്രവർത്തനങ്ങൾ ഇന്നു മുതൽ സ്റ്റേ ചെയ്തിരിക്കുന്നു' എന്നായിരുന്നു. ആ മെമ്മോ എന്റെ കൈവശമുണ്ട്. എം.എൽ.എ.-മാരെ ക്വാട്ട് ചെയ്ത് ഉദ്യോഗസ്ഥർ ക്വാറി മുതലാളിമാർക്ക് കൊടുക്കുകയാണ്. ഞെട്ടിപ്പിക്കുന്ന സംഭവമാണ് നടക്കുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട അംഗം ഇത് എന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നെങ്കിൽ ഏത് ഉദ്യോഗസ്ഥനാണ് ഇത്തരത്തിൽ മെമ്മോ കൊടുത്തതെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കാമായിരുന്നു. രണ്ടാമത്തെ കാര്യം, ഒരു നിയമവിരുദ്ധ പ്രവർത്തനത്തേയും ഈ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്ന പ്രശ്നമില്ല. പക്ഷെ, നിയമവിധേയമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പ്രവർത്തിക്കാനനുവദിക്കും. നിയമവിരുദ്ധമായി ഏതെങ്കിലും ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ശക്തമായ നിലപാട് സ്വീകരിക്കും. നമ്മുടെ സംസ്ഥാനത്ത് ഏകദേശം 3493 ക്വാറികളും 1316 ക്രഷർ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഏതെങ്കിലും പ്രദേശങ്ങളിൽ എന്തെങ്കിലും പിശകുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ശബരിമല മാസ്റ്റർ പ്ലാൻ

5 (*33) ശ്രീ. എം. മുകേഷ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർപ്ലാൻ പ്രകാരം സന്നിധാനത്ത് നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇനി എന്തൊക്കെ പ്രവൃത്തികളാണ് നടത്താനുള്ളത്;

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം നാളിതുവരെ പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്നും ആയതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം സന്നിധാനത്ത് നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ലിസ്റ്റ് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.* 2050 വരെയുള്ള വികസന പ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ട് തയ്യാറാക്കിയിട്ടുള്ള വിശദമായ ഒരു റിപ്പോർട്ടാണ് ശബരിമല മാസ്റ്റർ പ്ലാൻ ഡോക്യുമെന്റ്. ശബരിമല മാസ്റ്റർ പ്ലാനിന്റെ നടത്തിപ്പിനായി ബഹുമാനപ്പെട്ട ഹൈക്കോടതി രൂപവൽക്കരിച്ച ഉന്നതാധികാര സമിതി ചേർന്നാണ് മാസ്റ്റർ പ്ലാനിന് വിധേയമായ പദ്ധതികൾക്ക് അംഗീകാരം നൽകിവരുന്നത്. ഉന്നതാധികാര സമിതി ഭരണാനുമതി നൽകിയ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ സന്നിധാനത്ത് നടന്നുവരുന്നത്. നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ അനുബന്ധം A1 ചേർത്തിട്ടുണ്ട്.*

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം നാളിതുവരെ പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ ലിസ്റ്റ് അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.*

(സി) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വരുന്ന ശബരിമല സീസണുമുമ്പ് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരമായെങ്കിലും അനുമതി രേഖാമൂലം ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## എല്ലാ വീടുകളിലും വൈദ്യുതി

6(*34) ശ്രീ. റോജി എം. ജോൺ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിനുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇവരുടെ പട്ടിക എന്ന് പ്രസിദ്ധീകരിക്കാനാകുമെന്നാണ് കരുതുന്നത്;

(ഡി) എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്ന നടപടി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 2017-ൽ കേരളത്തെ രാജ്യത്തെ സമ്പൂർണ്ണ ഗാർഹിക വൈദ്യുതീകരണ സംസ്ഥാനമാക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും നടത്തിയിട്ടുണ്ട്.

2. എല്ലാ ജില്ലകളിലും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയുണ്ടായി.

3. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിച്ചതനുസരിച്ച് തയ്യാറാക്കിയ കരട് പട്ടിക 9-9-2016-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി 26-8-2016-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 18/2016/ഊ.വ. പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല ഉന്നതാധികാര സമിതി ജില്ലയുടെ ചാർജ്ജുള്ള മന്ത്രി ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് സമിതി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മുൻ ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ഡയറക്ടറായ ശ്രീ. കെ. അശോകൻ ചെയർമാനായ സംസ്ഥാനതല സാങ്കേതിക ഉപദേശക സമിതി, ബന്ധപ്പെട്ട നിയോജക മണ്ഡലത്തിലെ എം.എൽ.എ. ചെയർമാനായ നിയോജകമണ്ഡലതല മോണിറ്ററിംഗ് സമിതി, ഓരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പൽ കൗൺസിലിലും മുനിസിപ്പൽ കോർപ്പറേഷനിലും നിർവ്വാഹക സമിതികൾ എന്നിവ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കമ്മിറ്റികളുടെ അവലോകന യോഗങ്ങൾ നടന്നുവരുന്നു.

LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നുമാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുക കണ്ടെത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി&സി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റ് വഴിയും മാധ്യമങ്ങൾ മുഖേനയും ഉദ്യോഗസ്ഥർ നേരിട്ടും പ്രചരണം നടത്തിയിരുന്നു. ഉപഭോക്താക്കളുടെ രജിസ്ട്രേഷനുവേണ്ടി ലളിതമായ ഒരു ഫോറം

തയ്യാറാക്കുകയും അത് ഗുണഭോക്താക്കൾക്കും ജനപ്രതിനിധികൾക്കും ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇത് കൂടാതെ 9496018640 എന്ന നമ്പരിലേയ്ക്ക് മിസ്ഡ് കോൾ വഴി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സംവിധാനവും കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾക്കു പുറമേ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കൈവശം നിലവിലുള്ള വിവരങ്ങളും വിവിധ വകുപ്പുകളുടെ സഹായത്തോടെ പുതുതായി ശേഖരിച്ച വിവരവും ഉപയോഗിച്ച് ഗുണഭോക്താക്കളുടെ കരട് പട്ടിക 9-9-2016-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന പിഴവുകൾ ഒഴിവാക്കിയും വിട്ടുപോയിട്ടുള്ള ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുമുള്ള അന്തിമ പട്ടിക 2016 സെപ്റ്റംബർ അവസാനത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്.

(ഡി) 31-3-2017-ഓടുകൂടി എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്ന നടപടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**കേന്ദ്രസർക്കാർ നയം സഹകരണ മേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതം**

7(*35) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോളവത്കരണ നയത്തിനനുസൃതമായി സഹകരണ ബാങ്കുകളെ മാറ്റിയെടുക്കുക എന്ന കേന്ദ്ര സർക്കാർ നയം സഹകരണ മേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ധനനിക്ഷേപാനുപാതം ബാധകമാക്കിയതും കരുതൽ ധനാനുപാതം വർദ്ധിപ്പിച്ചതും അതു അംഗീകൃത ഓഹരികളിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശവും സഹകരണ സ്ഥാപനങ്ങളെ സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നതിനു പകരം ലാഭാധിഷ്ഠത പ്രവർത്തനം നടത്താൻ നിർബന്ധിതമാക്കാനിടയുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് എന്ത് മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ആദായ നികുതി വകുപ്പ് നടത്തുന്ന അനാവശ്യ പരിശോധന സഹകരണ സംഘങ്ങളുടെ വിശ്വാസ്യത തകർക്കാനിടയാക്കുമെന്നത് കണക്കിലെടുത്ത് അത് ഒഴിവാക്കാൻ കേന്ദ്ര സർക്കാരിനെ സമീപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ത്രിതല വായ്പാ സംവിധാനത്തിൽനിന്ന് ദ്വിതല വായ്പാ സംവിധാനത്തിലേക്ക് മാറ്റുന്നതിനെക്കുറിച്ചുള്ള പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായി സഹകരണ ബാങ്കിംഗ് മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയുടെ നിലവിലുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) സഹകരണ ബാങ്കുകളുടെ ധനനിക്ഷേപാനുപാതവും (ക്യാഷ് റിസർവ് റേഷ്യോ), കരുതൽ ധനാനുപാതവും (സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ) വാണിജ്യ ബാങ്കുകൾക്ക് സമാനമായി നിശ്ചയിച്ചുകൊണ്ടും സഹകരണ ബാങ്കുകൾ അവയുടെ എസ്.എൽ.ആർ. നിക്ഷേപം മുഴുവൻ ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാണെന്നും റിസർവ് ബാങ്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നിയമപരമായി സൂക്ഷിക്കേണ്ട സി.ആർ.ആർ.എസ്.എൽ.ആർ. നിരക്കുകളിലെ വർദ്ധന ബാങ്കുകളുടെ വായ്പ നൽകാനുള്ള പണത്തിന്റെ ലഭ്യതയിൽ കുറവ് വരുന്നതിനിടയാക്കുകയും ബാങ്കുകളുടെ ലാഭക്ഷമതയെ ബാധിക്കുകയും ചെയ്യുന്നു. സഹകരണ ബാങ്കുകൾ അവയുടെ എസ്.എൽ.ആർ. നിക്ഷേപം മുഴുവൻ ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാണെന്ന നിർദ്ദേശം ധനസഹായ ബാങ്കുകളിലെ നിക്ഷേപത്തെയും ബാധിക്കുന്നു. ബാങ്കിംഗ് നിയമ ഭേദഗതികളുടെ തുടർച്ചയായും കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായും സഹകരണ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള ദോഷകരമായ നടപടികളെ പ്രതിരോധിക്കുന്നതിനും സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന പ്രത്യേക പരിഗണന തുടർന്നും സഹകരണ മേഖലയ്ക്ക് ലഭിക്കുന്നതിനുമായി നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോട് പ്രത്യേക നിവേദനത്തിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ആദായനികുതി നിയമപ്രകാരം ആദായനികുതി നൽകുന്നതിൽ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്കുണ്ടായിരുന്ന ഇളവ് അനുവാദം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾക്ക് റ്റി.ഡി.എസ്. (Tax Deducted at Source) ബാധകമാക്കിയതും ആദായ നികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ നിക്ഷേപങ്ങളുടെ വിവരം ആദായ നികുതി വകുപ്പ് ആവശ്യപ്പെടുന്നതും ആദായനികുതി വകുപ്പ് ചില സഹകരണ സംഘങ്ങളിൽ പരിശോധന നടത്തിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

(ഡി) പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## വ്യവസായ നയം

8 (*36) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ വ്യവസായ നയം പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ അതിവേഗ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ ഉള്ള ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) ഉണ്ട്. വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിൽ നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.), കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) എന്നീ സ്ഥാപനങ്ങളോട് ആവശ്യപ്പെടുകയും ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) ലോക ബാങ്ക് നിർദ്ദേശപ്രകാരമുള്ള Ease of Doing Business Initiative-ന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നുവരികയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസറായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കുന്നതിനും നവീകരിക്കുന്നതിനും ആവശ്യമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കെ.പി.എം.ജി. എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

(i) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ല/താലൂക്ക്/ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക് തുടങ്ങിയവയിലൂടെ സംരംഭകർക്ക വേണ്ട ബോധവൽക്കരണം നടത്തുന്നു.

(ii) സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടിയെടുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഏകജാലക ക്ലിയറൻസ് ബോർഡിലൂടെ നൽകിവരുന്നു.

(iii) ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകിവരുന്നു.

(iv) വ്യവസായ എസ്റ്റേറ്റുകളിൽ ലഭ്യത അനുസരിച്ച് വ്യവസായ സംരംഭകർക്ക് വ്യവസായ ഭൂമി ലഭ്യമാക്കുന്നു.

(v) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു. ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകിവരുന്നു.

(vi) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ ജില്ലകൾതോറും മിനി ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്.

**മലിനീകരണം കുറവുള്ള വ്യവസായങ്ങൾ**

9 (*37) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മലിനീകരണം കുറവുള്ള വ്യവസായങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നത് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) സംസ്ഥാനത്ത് മലിനീകരണം കുറവുള്ള വ്യവസായങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

(ബി) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ജല മലിനീകരണം, വായു മലിനീകരണം, അപകടകരമായ ഖരമാലിന്യ ഉൽപ്പാദനം, പ്രകൃതി വിഭവങ്ങളുടെ ഉപയോഗം എന്നിവയുടെ അടിസ്ഥാനത്തിൽ വ്യവസായ സ്ഥാപനങ്ങളെ പുതുതായി റെഡ്, ഓറഞ്ച്, ഗ്രീൻ, വൈറ്റ് എന്നിങ്ങനെ നാല് വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. വൈറ്റ് വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങളെ (മലിനീകരണ സാധ്യത വളരെ കുറഞ്ഞവ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം കരസ്ഥമാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അവർക്ക് നിലവിൽ ബോർഡിന്റെ ഒറ്റത്തവണ രജിസ്ട്രേഷൻ (15 വർഷം കാലാവധിയുള്ള) മാത്രമേ ആവശ്യമായുള്ളൂ. പ്രസ്തുത വിഭാഗീകരണ പ്രകാരം 2016 ഒക്ടോബർ 1 മുതൽ ബോർഡ് അനുമതി പരിഗണിക്കുന്നതാണ്. ഗ്രീൻ വിഭാഗത്തിൽപ്പെടുന്ന സ്ഥാപനങ്ങൾക്ക് നിലവിൽ സമർപ്പിക്കുന്ന അപേക്ഷയിൽ 9 വർഷക്കാലാവധിക്ക് അത്രയും വർഷത്തെ ഫീ ഒടുക്കിയാൽ അനുമതി നൽകുന്നതിന് വ്യവസ്ഥയുള്ളതാണ്. കൂടാതെ പ്രവർത്താനാനുമതി പുതുക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതു സംബന്ധിച്ച വിഷയം 195-ാമത് ബോർഡ് മീറ്റിംഗിൽ ചർച്ച ചെയ്യുകയും നിബന്ധനാവിധേയമായി താരതമ്യേന മലിനീകരണം കുറവുള്ള സ്ഥാപനങ്ങളുടെ അപേക്ഷകൾ സ്ഥല പരിശോധന കൂടാതെ തീർപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജന**

10 (*39) ശ്രീ. കെ. രാജൻ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് പൂർണ്ണമായ അർത്ഥത്തിൽ കമ്പനിയായി രൂപപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് കമ്പനിയായതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജന (Ujwal Discom Assurance Yojana (UDAY)യിൽ ചേരുന്നതിന് സംസ്ഥാന സർക്കാർ അനുകൂലമായ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഉദയ് സ്കീമിൽ ചേരുകയാണെങ്കിൽ കെ.എസ്.ഇ.ബി.- ക്ക് എന്തൊക്കെ ഘടനാപരമായ മാറ്റങ്ങൾ വരുത്തണമെന്നും, പ്രസ്തുത സ്കീമിന്റെ ഗുണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്. 25-8-2008-ലെ ജി.ഒ.(എം.എസ്.) നമ്പർ 29/2008/പി.ഡി. പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ ഇലക്ട്രിസിറ്റി ആക്ട് 2003-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ ഇൻഡ്യൻ കമ്പനീസ് ആക്ട് 1956 അനുസരിച്ചുള്ള ഒരു കമ്പനി (കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്)-യായി പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചു. 31-10-2013-ലെ സ.ഉ. (പി) നമ്പർ 46/2013/ പി.ഡി. പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേക്ക് സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാധ്യതകൾ കൈമാറ്റം ചെയ്യപ്പെട്ടു. ടി സർക്കാർ ഉത്തരവിന്റെ ഗസറ്റ് വിജ്ഞാപന തീയതിയായ 31-10-2013 മുതൽ പൂർണ്ണ അർത്ഥത്തിൽ കെ.എസ്.ഇ.ബി. കമ്പനിയായി രൂപപ്പെട്ടു.

(ബി) UDAY പദ്ധതിയുടെ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തന മികവ് വർദ്ധിപ്പിക്കുവാനുള്ള ഭാഗത്തിൽ പങ്കുചേരുവാനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) UDAY പദ്ധതിയിൽ ചേരുകയാണെങ്കിൽ കെ.എസ്.ഇ.ബി.എൽ.-ന് ഘടനാപരമായ മാറ്റങ്ങൾ വരുത്തേണ്ടതില്ല. പ്രസ്തുത പദ്ധതിയിൽ ചേരുകയാണെങ്കിൽ DDUGJY മുതലായ കേന്ദ്ര പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽനിന്നും അഡീഷണൽ/പ്രയോറിറ്റി ഫണ്ടിംഗ് ലഭിക്കുന്നതാണ്. റവന്യൂ ഗ്യാപ്പ് നികത്തുക AT & C Loss കുറയ്ക്കുക എന്നിവ ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

**വിനോദ സഞ്ചാരമേഖലയുടെ വികസനം**

11 (*40) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദ സഞ്ചാരമേഖലയുടെ വികസനവും മദ്യ ലഭ്യതയും തമ്മിൽ ബന്ധമുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വമില്ലായ്മ, ഗതാഗത തൊഴിൽ പ്രശ്നങ്ങൾ, സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത, വേണ്ടത്ര പ്രചരണ പ്രവർത്തനങ്ങളുടെ അപര്യാപ്തത, മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രൊഫഷണലിസക്കുറവ്, പെരുമാറ്റത്തിലെ മാന്യതയില്ലായ്മ ഇവയൊക്കെയാണ് ഈ മേഖലയുടെ തളർച്ചയ്ക്ക് പ്രധാന കാരണങ്ങൾ എന്നതുകൊണ്ട് അവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ&ബി) വിനോദ സഞ്ചാര മേഖലയുടെ വികസനവും മദ്യലഭ്യതയും തമ്മിലുള്ള ബന്ധത്തെപ്പറ്റി പ്രത്യേകമായിട്ടുള്ള പഠനങ്ങൾ ഒന്നും വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിലവിലെ വിനോദസഞ്ചാരികളുടെ വരവിലുള്ള വളർച്ചാ നിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇതിനുള്ള കാരണങ്ങൾ മനസ്സിലാക്കുന്നതിനായി 'Trade Research Survey 2016' എന്ന പഠനം വകുപ്പ് നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ മുഖ്യ കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവൻഷൻ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ, കല്യാണങ്ങൾ എന്നിവയുടെ വളർച്ചാ നിരക്കിൽ ഉണ്ടായ ഇടിവാണ്. ഇതിനുള്ള കാരണങ്ങളിലൊന്ന് സംസ്ഥാനത്തെ നിലവിലെ മദ്യനയമാണെന്ന് കണ്ടെത്തുകയുണ്ടായി.

(സി) വിനോദസഞ്ചാര മേഖലയിലെ വളർച്ചാ നിരക്കിലുള്ള കുറവിന്റെ കാരണങ്ങൾ കണ്ടെത്തി അവയെല്ലാം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം**

12 (*41) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. എം. മണി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) പരമ്പരാഗത തസ്തികകൾ ഒഴികെയുള്ളവയിലേക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിടുന്നതു വഴി ദേവസ്വം സ്ഥാപനങ്ങളുടെ താല്പര്യം ഹനിക്കപ്പെടാൻ എന്തെങ്കിലും സാധ്യതയുണ്ടോ; ഇല്ലെങ്കിൽ നിയമനങ്ങൾ പി.എസ്.സി.യെ ഏൽപ്പിക്കുന്നതിന് നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ ;

(സി) നിലവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സംവരണ തത്വത്തിൽ അപാകതയുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരളത്തിലെ അഞ്ച് ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ ദേവസ്വം ബോർഡുകൾ നേരിട്ട് നിയമനം നടത്തുന്ന എല്ലാ തസ്തികകളിലേയ്ക്കുമുള്ള നിയമനങ്ങൾക്കുവേണ്ടിയാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത്. ഇതനുസരിച്ച് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് 2014-ലും കെ.ഡി.ആർ.ബി. റൂൾസ് 2015-ലും നിലവിൽ വന്നു.

1. തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. കൊച്ചിൻ ദേവസ്വം ബോർഡ്
3. മലബാർ ദേവസ്വം ബോർഡ്
4. ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി
5. കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി

എന്നീ ദേവസ്വങ്ങളിലെ നിയമനങ്ങളാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പരിധിയിൽ വരുന്നത്. ദേവസ്വം ബോർഡിന് കീഴിൽ വരുന്ന പരമ്പരാഗത തസ്തികകളൊഴികെയുള്ള എല്ലാ തസ്തികകളിലേയ്ക്കും നിയമനങ്ങൾ നടത്തുന്നതിനായി അപേക്ഷ ക്ഷണിക്കുക, എഴുത്തുപരീക്ഷ/പ്രായോഗിക പരീക്ഷ ഇവ നടത്തുന്നതിനായി പരീക്ഷ നടത്തുക, അഭിമുഖ പരീക്ഷ നടത്തുക, സെലക്ട് ലിസ്റ്റ് തയ്യാറാക്കുക, കാലാകാലങ്ങളിൽ എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും സംവരണ വ്യവസ്ഥയും പാലിച്ച് നിയമന ശിപാർശ നടത്തുക, ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് സർക്കാർ ഏൽപ്പിക്കുന്ന മറ്റു പരീക്ഷകൾ നടത്തുക, ജീവനക്കാരുടെ ഡി.പി.സി. (വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി) രൂപീകരിച്ച് നിയമനക്കയറ്റത്തിനുള്ള പട്ടിക പ്രസിദ്ധീകരിക്കുക ഇവയാണ് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

ബോർഡിന്റെ ഇതുവരെയുള്ള പ്രവർത്തന റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(ബി) എല്ലാ കാര്യങ്ങളും പരിഗണിച്ചുകൊണ്ടായിരിക്കും കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ നിയമനങ്ങളുടെ ചുമതല ഏൽപ്പിക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചരക്ക് - സേവന നികുതി**

13 (*42) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക്-സേവന നികുതിയിലെ അന്തർ സംസ്ഥാന നികുതി വീതം വെയ്പ് വ്യവസ്ഥ സംബന്ധിച്ച് സംസ്ഥാനം എതിർപ്പ് അറിയിച്ചിരുന്നോ; വിശദമാക്കുമോ ;

(ബി) എങ്കിൽ അതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) അന്തർ സംസ്ഥാന നികുതി വീതം വയ്പ് വ്യവസ്ഥയിൽ എപ്രകാരമുള്ള മാറ്റമാണ് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ-സി) ചരക്ക്-സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത തത്വം അടിസ്ഥാനമാക്കിയുള്ള പരോക്ഷ നികുതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. വ്യാപാരിയിൽനിന്ന് ഉപഭോക്താവിലേക്കുള്ള അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ ഈ പ്രാപ്യസ്ഥാനാധിഷ്ഠിത തത്ത്വം ഭരണഘടനാ ഭേദഗതിയിൽ തന്നെ ഉൾപ്പെടുത്തണമെന്ന് സംസ്ഥാനം ആദ്യമേ ആവശ്യപ്പെട്ടിരുന്നു. വ്യാപാരിയിൽ നിന്ന് ഉപഭോക്താവിലേക്കുള്ള അന്തർ സംസ്ഥാന ഇടപാടുകളിന്മേലുള്ള വീതംവയ്ക്കാത്തതും വർഷാന്ത്യത്തിൽ മിച്ചം വരുന്നതുമായ ക്രെഡിറ്റ് (IGST) Divisable pool-ൽ ഉൾപ്പെടുത്തണം. അത് ഇറക്കുമതി സേവനം ലഭ്യമാക്കപ്പെടുന്ന സംസ്ഥാനത്തിനുതന്നെ ലഭിക്കണം. ധനകാര്യ സേവനങ്ങൾ, ബാങ്കിംഗ് സേവനങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ സേവനങ്ങൾ, ഓൺലൈൻ വ്യാപാരം എന്നിവയ്ക്കും എല്ലാത്തരം സേവനങ്ങൾക്കും ചരക്ക് വാങ്ങുന്ന ഉപഭോക്താവോ സേവനത്തിന് പ്രതിഫലം നൽകുന്ന വ്യക്തിയോ സ്ഥാപനമോ ഏത് സംസ്ഥാനത്താണ് അത് അനുഭവവേദ്യമാക്കുന്നത് എന്നത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കണക്കാക്കി ആ സംസ്ഥാനങ്ങൾക്ക് നികുതി ലഭ്യമാകത്തക്ക രീതിയിൽ place of supply rule രൂപീകരിക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ IGST അക്കൗണ്ടിൽ മിച്ചം വരുന്ന തുക ഫിനാൻസ് കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കപ്പെടേണ്ടതാണെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. വീതം വയ്ക്കാതെ മിച്ചം വരുന്ന IGST ക്രെഡിറ്റ് തുക കേന്ദ്ര സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പോകുമെന്നാണ് കേന്ദ്രത്തിന്റെ ഇപ്പോഴുള്ള നിലപാട്.

## ചരക്ക് സേവന നികുതി

14(*43) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തയ്യാറെടുപ്പുകൾ വ്യക്തമാക്കുമോ ;

(ബി) പുതിയ നികുതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിന് നികുതി ഇനത്തിൽ പ്രതിവർഷം എത്രകോടി രൂപ അധികമായി ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) എസ്.ജി.എസ്.ടി. ബിൽ എന്നത്തേക്ക് അവതരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ജി.എസ്.ടി. നിയമത്തെക്കുറിച്ചും ജി.എസ്.ടി. നെറ്റ്‍വർക്കിനെ കുറിച്ചും ഉദ്യോഗസ്ഥർക്കും വ്യാപാരികൾക്കും ബോധവൽക്കരണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ചരക്ക്-സേവന നികുതി നടപ്പിലാക്കുന്നതിനായി ജി.എസ്.ടി. നെറ്റ്‍വർക്കിന്റെ Backend module വികസിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന നടപടി സംസ്ഥാനത്ത് പുരോഗമിച്ചുവരുന്നു. ഇതിനായി വിദഗ്ദ്ധരെ തെരഞ്ഞെടുക്കുന്നതിനുവേണ്ടിയിട്ടുള്ള പരീക്ഷകളും മറ്റും ഒക്ടോബർ ആദ്യവാരം NIC-യുടെ സഹായത്തോടെ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാതൃകാ ജി.എസ്.ടി. നിയമത്തെ ആസ്പദമാക്കി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെൻട്രൽ എക്സൈസും നാഷണൽ

അക്കാഡമി ഓഫ് കസ്റ്റംസ്, എക്സൈസ് ആന്റ് നർക്കോട്ടിക്സും (NACEN) സംസ്ഥാന വാണിജ്യ നികുതി വകുപ്പുമായി യോജിച്ചുള്ള പരിശീലന പരിപാടി ആരംഭിക്കുകയും അവ തുടർന്നുവരികയുമാണ്. ഇത്തരത്തിൽ മാസ്റ്റർ ട്രെയിനർമാർക്കും ട്രെയിനർമാർക്കും പഞ്ചദിന ട്രെയിനിംഗ് ക്ലാസ്സുകൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഇതിന് തുടർച്ചയായി ഫീൽഡ് ഓഫീസർമാർക്കും മറ്റുമുള്ള പരിശീലന പരിപാടികൾ ഒക്ടോബർ ആദ്യവാരം മുതൽ തുടർച്ചയായി നടത്തി ഡിസംബർ 2016-നകം തീർക്കുവാനുള്ള കാര്യപരിപാടിയുടെ കരട് തയ്യാറാക്കിവരികയാണ്.

(ബി) പുതിയ നികുതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിന് നികുതി ഇനത്തിൽ പ്രതിവർഷം എത്ര കോടി രൂപ അധികമായി ലഭിക്കുമെന്ന് ഇപ്പോൾ കണക്കാക്കുവാൻ നിർവ്വാഹമില്ല.

(സി&ഡി) കരട് എസ്.ജി.എസ്.ടി. ബിൽ രൂപീകരിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് അവതരിപ്പിക്കുന്നതും പ്രസ്തുത നിയമത്തിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഉദ്യോഗസ്ഥർക്കും വ്യാപാരികൾക്കും ടി നിയമത്തെക്കുറിച്ച് ബോധൽക്കരണവും പരിശീലനവും നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## ഗ്രീൻ കാർപ്പറ്റ്

15 (*44) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ടൂറിസം സീസണിന് മുന്നോടിയായി വിനോദസഞ്ചാര കേന്ദ്രങ്ങളെ സജ്ജമാക്കുന്നതിനുള്ള 'ഗ്രീൻ കാർപ്പറ്റ്' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) പുതിയ ഉൽപ്പന്നങ്ങളുടെ കണ്ടെത്തലിലൂടെയും ശക്തവും നൂതനവുമായ വിപണന പ്രചാരണ തന്ത്രങ്ങളിലൂടെയും കൂടുതൽ വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. നിലവിലെ പ്രധാന മാർക്കറ്റുകൾ ശക്തിപ്പെടുത്തുന്നതിനൊപ്പം പുതിയ വിപണികളായി തെരഞ്ഞെടുത്ത

ഏഷ്യൻ/മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ പ്രചരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തി വരുന്നു. സാധാരണ നടത്താറുള്ള ട്രേഡ് ഷോ, പാർട്ട്ണർഷിപ്പ് മീറ്റ് എന്നിവയ്ക്കുപുറമേ ശക്തമായ പ്രചരണ പ്രവർത്തനങ്ങൾ ഈ മാർക്കറ്റുകളിൽ നടപ്പിലാക്കുന്നതാണ്. പ്രധാന വിദേശ മാർക്കറ്റുകളിൽനിന്നും വേണ്ടത്ര എയർ കണക്ടിവിറ്റി ഇല്ലായെന്ന കാര്യം മനസ്സിലാക്കി തെരഞ്ഞെടുത്ത മാർക്കറ്റുകളിൽനിന്നും കേരളത്തിലേയ്ക്ക് മാത്രമായി ചാർട്ടേഡ് ഫ്ലൈറ്റ്സ് ഏർപ്പെടുത്തുന്ന കാര്യവും ആഭ്യന്തര ടൂറിസ്റ്റുകൾക്കായി പ്രത്യേക ചാർട്ടേഡ് ട്രെയിൻ സൗകര്യം ഏർപ്പെടുത്തുന്നതും പരിഗണനയിലുണ്ട്. ടൂറിസം പരിപോഷിപ്പിക്കുന്ന ബീച്ചുകൾ, ആയുർവ്വേദം എന്നിവയോടൊപ്പം മുസിരിസ് കൊച്ചി ബിനാലെ, ആഗോള സ്പൈസ് റൂട്ട് എന്നിവയുടെ വികസനത്തിലും വിപണനത്തിലും പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതാണ്.

(ബി&സി) കേരളത്തിലെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും കേരളത്തിൽ പുതിയ ടൂറിസം സീസണെ വരവേൽക്കുന്നതിനുമുള്ള ഒരുക്കത്തിന്റെ മുന്നോടിയായി വിവിധ ഏജൻസികളുടെ കൂട്ടായ്മയിലൂടെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി ടൂറിസം വകുപ്പ് ആസൂത്രണം ചെയ്യുന്ന നൂതന കർമ്മ പദ്ധതിയാണ് 'ഗ്രീൻ കാർപ്പറ്റ്'. സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 31 വരെ ഒരു കാമ്പെയിനായി തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ഗ്രീൻ കാർപ്പറ്റ് നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 84 വിനോദസഞ്ചാര കേന്ദ്രങ്ങളിലാണ് ആദ്യഘട്ടമായി പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു :

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും.
2. മേന്മയേറിയ ശുചിമുറികളും അവയുടെ പരിപാലനവും
3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും
4. കേടുപാടുകൾ ഇല്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ
5. വിനോദസഞ്ചാരികളുടെ സംരക്ഷണം
6. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം.

## പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച്

16 (*45) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകൾക്കുള്ള എതിർപ്പ് രേഖാമൂലം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ നയം വെളിപ്പെടുത്തുമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ലഭിച്ചിട്ടുണ്ട്.

(ബി) 1-4-2013-നുശേഷം സർക്കാർ സർവ്വീസിൽ നിയമിതരാവുന്നവർക്ക് നാഷണൽ പെൻഷൻ പദ്ധതി നിർബന്ധമാക്കി 7-1-2013-ലെ ജി.ഒ.(പി) നമ്പർ 20/2013/ധന. ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി NPS Trust, NSDL എന്നിവയുമായി സർക്കാർ കരാറിൽ ഒപ്പുവയ്ക്കുകയും വിവിധ തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരുടെ പെൻഷൻ വിഹിതം മാസാമാസം ഈടാക്കി തത്തുല്യ സർക്കാർ വിഹിതം ഉൾപ്പെടെ മുടക്കം കൂടാതെ അവരുടെ പെൻഷൻ അക്കൗണ്ടിൽ അടവാക്കുന്നത് തുടങ്ങി നിരവധി തുടർപ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. NSDL-ൽ നിന്നും ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2016 ആഗസ്റ്റ് 31 വരെ 131.60 കോടി രൂപ എൻ.പി.എസ്. Employee contribution-ഉം അത്രയും തന്നെ എൻ.പി.എസ്. സർക്കാർ വിഹിതവും (Employer contribution) ചേർത്ത് ആകെ 263.20 കോടി രൂപ എൻ.പി.എസ്.-ലേക്ക് അടയ്ക്കപ്പെട്ടിട്ടുമുണ്ട്. പ്രസ്തുത പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 14-8-2008-ലെ കേന്ദ്ര

സർക്കാരിന്റെ 5(88)2006 പി.ആർ. എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ സോണകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് പെൻഷൻ ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്. നിലവിലെ കണക്കനുസരിച്ച് 38,937 പേർ ഇതിൽ അംഗങ്ങളായിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## നികുതി ഇളവ്

17(*46) ശ്രീ. പി. വി. അൻവർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം ഇനങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ അവ നൽകുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ തെറ്റായ നടപടികൾമൂലം ഖജനാവിന് നഷ്ടം വന്നതായി കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് വിപുലമായ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നികുതി ഇളവ് നൽകിയതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) പരിശോധനകൾ നടക്കുന്നു.

(സി&ഡി) നികുതിയിളവുകൾ സംബന്ധിച്ച് ഉയർന്നിട്ടുള്ള ആരോപണങ്ങൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം അടക്കം പരിശോധനകൾ നടത്തുന്നുണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടിയും സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് ഭേദഗതി ചെയ്യാൻ നടപടി

18 (*47) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു സാധാരണ മണ്ണിനെ ചെറുകിട ധാതുവായി പ്രഖ്യാപിച്ചു കൊണ്ടുള്ള വിജ്ഞാപനം എന്നാണ് ഇറക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ അപാകതകൾമൂലം കൃഷി ചെയ്യുന്നതിനും കിണർ കുഴിക്കുന്നതിനും വീട് വയ്ക്കുന്നതിനുമെല്ലാം അനുമതി ലഭിക്കാത്ത സാഹചര്യങ്ങളെ സംബന്ധിച്ചുള്ള വിഷയനിർണ്ണയ സമിതിയുടെ ശിപാർശകൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഏതാനും സെന്റ് ഭൂമിയിൽ വീടുവയ്ക്കുന്ന സന്ദർഭങ്ങളിൽ മണ്ണ് മാറ്റുന്നതിനും കെട്ടിടത്തിന്റെ അടിത്തറ നിറയ്ക്കുന്നതിനാവശ്യമായ മണ്ണ് ഇറക്കുന്നതിനും നിലവിൽ ഖനന ഭൂവിജ്ഞാന വകുപ്പിന്റെ അനുമതി തേടേണ്ടതായ വ്യവസ്ഥ നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരം ഗാർഹികാവശ്യങ്ങൾക്ക് മണ്ണ് എടുക്കുന്നതിന് നേരിടേണ്ടി വരുന്ന സങ്കീർണ്ണത ഒഴിവാക്കുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) 17-11-2012.

(ബി) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ അപാകതകൾമൂലം കൃഷി ചെയ്യുന്നതിനും കിണർ കുഴിക്കുന്നതിനും വീട് വയ്ക്കുന്നതിനുമെല്ലാം അനുമതി ലഭിക്കാത്ത സാഹചര്യങ്ങൾ നിലവിലില്ല. വിഷയ നിർണ്ണയ സമിതിയുടെ ശിപാർശകൾ പരിശോധിച്ച് ഇതു സംബന്ധിച്ച് മറുപടി നൽകിയിട്ടുണ്ട്. വീട് നിർമ്മിക്കുന്ന സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്ന മണ്ണ് ടി സ്ഥലത്ത് നിന്നും പുറത്തേയ്ക്ക് വാഹനങ്ങളിൽ കയറ്റിക്കൊണ്ടുപോകുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽ റോയൽറ്റി അടച്ച് പാസ് സമ്പാദിക്കണമെന്ന വ്യവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ വീടുവയ്ക്കുന്ന സന്ദർഭങ്ങളിൽ മണ്ണ് മാറ്റുന്നതിന് ഖനന ഭൂവിജ്ഞാന വകുപ്പിന്റെ അനുമതി ആവശ്യമില്ല. എന്നാൽ ഇപ്രകാരം നീക്കം ചെയ്യുന്ന മണ്ണ് വാഹനങ്ങളിൽ കയറ്റി പുറത്തുകൊണ്ടുപോകുന്നതിന് ഖനന ഭൂവിജ്ഞാന വകുപ്പിൽ റോയൽറ്റി അടച്ച് പാസ് സമ്പാദിക്കേണ്ടതാണ് എന്നതാണ് നിലവിലുള്ള ചട്ടം. കെട്ടിടത്തിന്റെ അടിത്തറ നിറയ്ക്കുന്നതിനാവശ്യമായ മണ്ണ് ഇറക്കുന്നതിന് ഖനന ഭൂവിജ്ഞാന വകുപ്പിൽനിന്നും പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ ഏത് ആവശ്യത്തിലേക്കുള്ള മണ്ണും വാഹനങ്ങളിൽ കയറ്റിക്കൊണ്ടു പോകുന്നതിന് ടി വകുപ്പിൽ നിന്നുള്ള പാസ് ആവശ്യമാണ്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മിക്കുന്നതിന് മണ്ണ് മാറ്റുന്നതിന് നിലവിൽ ഖനന ഭൂവിജ്ഞാന വകുപ്പിന്റെ അനുമതി ആവശ്യമില്ല. എന്നാൽ മണ്ണ് വാഹനങ്ങളിൽ കയറ്റി പുറത്തുകൊണ്ടുപോകുന്നുണ്ടെങ്കിൽ റോയൽറ്റി അടച്ച് പാസ് സമ്പാദിക്കേണ്ടതുണ്ട്. ഖനന ഭൂവിജ്ഞാന വകുപ്പിൽ ഇ-പാസ് നടപ്പിലാവുന്നതോടെ പൊതുജനങ്ങൾക്ക് മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള നടപടി വേഗത്തിലാകുന്നതാണ്. ബിൽഡിംഗ് പെർമിറ്റിന്റെ മറവിൽ അനധികൃത മണ്ണ് ഖനനവും കടത്തലും സംബന്ധിച്ച നിരവധി സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിൽ ഭേദഗതി നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ട്.

**സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

19 (*48) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലവസരങ്ങൾ കൂടുതൽ പ്രദാനം ചെയ്യാൻ സാധ്യതയുള്ള മേഖലയെന്ന നിലയിൽ വിനോദസഞ്ചാരം വികസിപ്പിക്കുന്നതിനായി സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വിദേശ വിനോദ സഞ്ചാര വിപണിയിൽ കേരള ടൂറിസത്തിന്റെ സാധ്യതകൾ അവതരിപ്പിച്ച് ടൂറിസം വികസനത്തിനായുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും അവ മാലിന്യമുക്തമായി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, മനുഷ്യ വിഭവശേഷി വികസനം, പ്രചരണവും വിപണനവും സ്വകാര്യമേഖലയുടെ പങ്കാളിത്തം തുടങ്ങിയ മേഖലകളിലൂടെ സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ട്. ടോയ്‌ലറ്റുകൾ, വിശ്രമ സൗകര്യങ്ങൾ, വാഹന പാർക്കിംഗ് സൗകര്യങ്ങൾ, സൈനേജുകൾ, ലൈറ്റുകൾ, ഭക്ഷണ പാനീയങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ, ടൂറിസ്റ്റ് കേന്ദ്രം കാണുന്നതിനും ആസ്വദിക്കുന്നതിനുമുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാരിന്റെ മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. നൂതനവും ശക്തവുമായ പ്രചരണ-വിപണന പദ്ധതികൾ ടൂറിസം വികസനത്തിനായി നടപ്പിലാക്കിവരുന്നു. ദേശീയ-അന്തർദ്ദേശീയ തലത്തിൽ വിവിധ ടൂറിസം മേളകളിൽ ടൂറിസം വകുപ്പ് പങ്കെടുക്കുകയും ശക്തമായ പ്രചാരണം നടത്തുകയും ചെയ്യുന്നതുവഴി കൂടുതൽ സഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുവാൻ കഴിയുന്നു. നവമാധ്യമങ്ങളായ ഡിജിറ്റൽ, ഐ.ടി. തുടങ്ങിയവയുടെ എല്ലാ സാധ്യതകളും ടൂറിസം വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുന്നു.

ടൂറിസം രംഗത്ത് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി മികച്ച മനുഷ്യ വിഭവശേഷി വികസന സ്ഥാപനങ്ങൾ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ടൂറിസം വികസനത്തിന് സ്വകാര്യമേഖലയുടെ സംഭാവന എടുത്തുപറയേണ്ടതാണ്. ഈ രംഗത്തെ വളർച്ചയ്ക്കായി സ്വകാര്യ മേഖല കൂടുതൽ പണം മുടക്കുന്നതിനായുള്ള നിരവധി പ്രോത്സാഹന പദ്ധതികളും പ്രചരണ പദ്ധതികളും വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

(ബി) ഉണ്ട്. നിരവധി രാജ്യാന്തര ടൂറിസം മേളകളിൽ കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ അവതരിപ്പിച്ചുകൊണ്ട് പ്രത്യേക പവലിയനുകൾ, പ്രചരണ സ്റ്റാളുകൾ, റോഡ് ഷോകൾ തുടങ്ങിയവയിൽ വകുപ്പ് പങ്കെടുത്തുവരുന്നു. ടൂറിസം രംഗത്തെ പ്രിന്റ്, ഇലക്ട്രോണിക് മാധ്യമങ്ങളിൽ കേരളത്തിന്റെ വിനോദ സഞ്ചാര സാധ്യത അറിയിച്ചുകൊണ്ട് പരസ്യം നൽകാറുണ്ട്. വിദേശ ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജൻസികൾ, ട്രാവൽ റൈറ്റേഴ്സ് എന്നിവർക്കെല്ലാം കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ പരിചയപ്പെടുത്തുന്ന പരിപാടികൾ നടത്തിവരുന്നു.

(സി) ഉണ്ട്. സംസ്ഥാനത്തെ നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ വികസിപ്പിക്കുന്നതിനും പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും പദ്ധതികളുണ്ട്. കേരളത്തിലെ വിനോദസഞ്ചാര

സീസണെ വരവേൽക്കുന്നതിന്റെ ഭാഗമായി വിവിധ ഏജൻസികളുടെ കൂട്ടായ്മയിലൂടെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതിയും ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. കേരളത്തിലെ വിനോദസഞ്ചാര മേഖലകൾ വൃത്തിയായി പരിപാലിക്കുന്നതിനും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ നിയന്ത്രണത്തിനുമായി സമഗ്ര പദ്ധതി ടൂറിസം വകുപ്പ്, ഡി.റ്റി.പി.സി., തദ്ദേശസ്വയംഭരണ വകുപ്പ്, എൻ.ജി.ഒ.-കൾ എന്നിവ മുഖാന്തരം നടത്തിവരുന്നു.

**കൈത്തറി-ഖാദി മേഖലയുടെ വികസനം**

20 (*49) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ആൻസലൻ :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കൈത്തറി-ഖാദി മേഖലയുടെ സംരക്ഷണത്തിനും വികസനത്തിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ;

(ബി) കൈത്തറി ഉല്പന്നങ്ങളുടെ വിപണനം, ഉൽപ്പാദനം, തൊഴിലാളികളുടെ പരിശീലനം എന്നിവയ്ക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) മികച്ച കൈത്തറി ഉല്പന്നങ്ങൾക്കുള്ള ഉൽപ്പാദന സഹായം, വ്യാപാര മുദ്രണം, നിലവാര മികവ് എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) തറികളുടെ ഉല്പാദനക്ഷമതയ്ക്കായി നെയ്ത്തിന്റെ നിലവാരം മെച്ചപ്പെടുത്തൽ, ദേശീയവും അന്തർദ്ദേശീയവുമായ സാങ്കേതിക വിദ്യകളുടേയും, ഡിസൈനുകളുടെയും ശേഖരണം, വിപണി വിപുലീകരണം എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) തൊഴിലാളികൾക്ക് 100 ദിനത്തിൽ കുറയാത്ത തൊഴിൽ അവസരം സൃഷ്ടിക്കുക, നിലവിലുള്ള തറികൾ നവീകരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുക, അതിലൂടെ കൂലി വർദ്ധിപ്പിച്ച് കൂടുതൽ ആൾക്കാരെ ഈ മേഖലയിലേയ്ക്കുകൊണ്ടുവരിക, നവീന ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി പുതിയ പദ്ധതികൾ നടപ്പാക്കിവരുന്നു. ഈ മേഖലയിൽ നവീന ആശയങ്ങളിലൂടെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

കൈത്തറി വ്യവസായത്തിന്റെ വികസനത്തിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

മൂലധന സഹായ പദ്ധതികൾ :

- പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.
- ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.

പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ :

- നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.
- ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.
- കൈത്തറി മേഖലയിൽ സ്വയംതൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ് ഇൻക്യുബേറ്റർ
- കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ

പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ :

- അംശദാന സമ്പാദ്യ പദ്ധതി.
- കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ ജോയന).

ഉൽപ്പാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ :

- വിപണന കയറ്റുമതി പ്രോത്സാഹനം.
- കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.
- പരിശീലനം, നൈപുണ്യം, ശേഷി വികസനം.
- കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം.

ആസൂത്രണ ബോർഡുമായി ചേർന്ന് കേരളത്തിലെ കൈത്തറി വ്യവസായത്തെ കുറിച്ച് വിശദമായ സർവ്വേ.

ദേശീയ കൈത്തറി വികസന പദ്ധതി (എൻ.എച്ച്.ഡി.പി.)

ഖാദി മേഖലയുടെ വികസനം

പരമ്പരാഗതമായ ഉൽപ്പാദന രീതി മാറ്റി ഭാഗിക യന്ത്രവൽക്കരണം വഴി തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതിനും തദ്വാരാ ഖാദിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. സോളാർ ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ഉൽപ്പാദന ചെലവ് കുറയ്ക്കുന്ന പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഖാദി ബോർഡിന് കീഴിൽ സംസ്ഥാനത്ത് ഉപയോഗ ശൂന്യമായി കിടക്കുന്ന സ്ഥലങ്ങളെപ്പറ്റി റിപ്പോർട്ട് നൽകുവാനും പ്രസ്തുത സ്ഥലത്ത് കൂടുതൽ പേർക്ക് തൊഴിൽ നൽകാനും ഉതകുന്ന തരത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

ഖാദിമേഖലയുടെ പ്രൗഢിയും പാരമ്പര്യവും നിലനിർത്താൻ ഉതകുന്ന വിധത്തിൽ പുതിയ പദ്ധതികൾ കൊണ്ടുവന്ന് ഉൽപ്പാദന വർദ്ധനവിലൂടെ വരുമാനം വർദ്ധിപ്പിച്ച് തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സ്ത്രീകൾ ജോലി ചെയ്യുന്ന യൂണിറ്റുകളിൽ അവർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം തൊഴിൽ നിയമം അനുസരിച്ചുള്ള സംരക്ഷണവും ഉറപ്പുവരുത്തുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഖാദി ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഏകദേശം 2000 പേർക്ക് തൊഴിൽ ലഭ്യമാക്കാനും ഉദ്ദേശിച്ചുകൊണ്ട് സ്ത്രീകൾ, എൻഡോസൾഫാൻ ദുരിത ബാധിതർ, ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർ തുടങ്ങിയ ദുർബല വിഭാഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ ചർക്കകളും തറികളും സ്ഥാപിക്കുന്ന ഖാദിഗ്രാമ പദ്ധതി നടപ്പിലാക്കുന്നതാണ്.

സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് ഗാന്ധിജിയുടെ പ്രവർത്തനങ്ങളെയും മൂല്യങ്ങളെയും പറ്റി അവബോധം സൃഷ്ടിക്കുന്നതിനും ഖാദി പ്രസ്ഥാനത്തിന്റെ പ്രാധാന്യം പ്രദർശിപ്പിക്കുന്നതിനുംവേണ്ടി പയ്യന്നൂരിലെ ഗാന്ധി ഖാദി മ്യൂസിയം എന്ന പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) <u>വിപണനം</u>

കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ദൃശ്യ പ്രക്ഷേപണ ഉപാധികളിലൂടെ രാജ്യത്തിനകത്തും പുറത്തും പ്രചരണം നടത്തുക വഴി കൈത്തറി ഉൽപ്പാദന വിപണനം വർദ്ധിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്നു.

<u>ഉൽപ്പാദനം</u>

തറികളുടെ ഉൽപ്പാദനക്ഷമതയും നെയ്ത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ കൂലി വർദ്ധനവ്, ജോലിഭാരം കുറയ്ക്കൽ എന്നിവയ്ക്കായി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെക്നോളജി അപ്ഗ്രഡേഷൻ ആന്റ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി ടു ഹാന്റ്‌ലൂം വീവേഴ്സ് ആന്റ് വർക്കേഴ്സ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

<u>കഴിനൂൽ സബ്സിഡി</u>

കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനാവശ്യമായ കഴിനൂൽ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി കഴിനൂൽ സബ്സിഡി നൽകിവരുന്നു.

<u>ഡൈസ് & കെമിക്കൽസ് സബ്സിഡി</u>

കൈത്തറി സംഘങ്ങൾ ഉപയോഗിക്കുന്ന ചായങ്ങൾ, രാസവസ്തുക്കൾ എന്നിവയ്ക്ക് ഡൈസ് & കെമിക്കൽസ് സബ്സിഡി നൽകിവരുന്നു.

<u>മാർജിൻ മണി ലോൺ</u>

ഗുണമേന്മയുള്ള നൂലുകൾ, ചായങ്ങൾ മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവ കുറഞ്ഞ വിലയ്ക്ക് പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്തെ 7 യാൺ ബാങ്കുകൾക്ക് പ്രവർത്തന മൂലധനമായ മാർജിൻ മണി ലോൺ നൽകിവരുന്നു.

<u>നെയ്ത്തു പരിശീലനം</u>

തൊഴിലാളികളുടെ പരിശീനത്തിനായി വിവിധ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും 200 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനായി വിവിധ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിനായി നെയ്ത്തുകാർക്ക് 30 ദിവസത്തെ പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ട്. കേരള ഹാന്റ്ലൂം എന്ന ബ്രാൻഡ് നൽകിക്കൊണ്ട് കൈത്തറി ഉൽപ്പന്നങ്ങളുടെ വ്യാപാര മികവ് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി 75 ഉൽപ്പന്നങ്ങളുടെ specification തയ്യാറാക്കുകയും ഇതിൽ ഉൾപ്പെടുന്ന സംഘങ്ങൾക്ക് കേരളാ ഹാന്റ്ലൂം രജിസ്ട്രേഷൻ നൽകുകയും ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. യഥാർത്ഥ കൈത്തറി ഉൽപ്പന്നങ്ങൾ തിരിച്ചറിയുന്നതിന് ഹാന്റ്ലൂം മാർക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. മികച്ച കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഉൽപ്പാദന സഹായം നൽകുന്നതിനുവേണ്ടി ഓരോ വർഷവും നെയ്ത്തിൽ 10 വർഷത്തെ പരിചയമുള്ളവരിൽനിന്നും അപേക്ഷ സ്വീകരിച്ച് അവർക്ക് വീവേഴ്സ് സർവ്വീസ് സെന്റർ, ഐ.ഐ.എച്ച്.റ്റി., ഹാന്റക്സ്, ഹാൻവീവ് ഇവയുടെ സഹകരണത്തോടെ പരിശീലനം നൽകി സാരി, ഡ്രസ് മെറ്റീരിയൽ, ഫർണിഷിംഗ് എന്നീ ഉൽപ്പന്നങ്ങൾ നെയ്തെടുക്കുന്നതിന് പ്രാപ്തരാക്കുന്നു.

(ഡി) തറികളുടെ ഉൽപ്പാദനക്ഷമതയ്ക്കും നെയ്ത്തിന്റെ നിലവാരം മെച്ചപ്പെടുത്തൽ, കൂലി വർദ്ധനവ്, ജോലിഭാരം കുറയ്ക്കൽ എന്നിവയ്ക്കായി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെക്നോളജി അപ്ഗ്രഡേഷൻ ആന്റ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി ടു ഹാന്റ്ലൂം വീവേഴ്സ് ആന്റ് വർക്കേഴ്സ് എന്ന പദ്ധതി പ്രകാരം പ്രാഥമിക കൈത്തറി നെയ്ത്ത് സംഘങ്ങൾക്കും അപ്പക്സ് സംഘങ്ങൾക്കും ഗ്രാന്റ് നൽകിവരുന്നു. ദേശീയ അന്തർദ്ദേശീയ വ്യാപാരമേളയിൽ വിപണി പ്രോത്സാഹനത്തിനായി ഹാൻവീവ്, ഹാന്റക്സ്, പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു. ഡിസൈനുകളുടെ ശേഖരണം വിപുലപ്പെടുത്തുന്നതിനായി ഡിസൈൻ ഷോ പോലുള്ള പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

**മലബാർ സിമന്റ്സിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി**

21(*51) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിയും കെടുകാര്യസ്ഥതയുംമൂലം നഷ്ടത്തിലായ മലബാർ സിമന്റ്സിന്റെ ഉല്പാദനം വർദ്ധിപ്പിച്ച് പ്രസ്തുത സ്ഥാപനത്തെ പുരോഗതിയിലേക്ക് നയിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) സിമന്റ് ക്ഷാമം രൂക്ഷമായ സമയത്തുപോലും ഉൽപ്പാദനം വർദ്ധിപ്പിച്ച് സ്ഥാപനത്തെ വികസനത്തിലേക്ക് കൊണ്ടുവരുന്നതിന് കഴിഞ്ഞ സർക്കാർ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും കാരണക്കാരായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) മലബാർ സിമന്റ്സ് ലിമിറ്റഡ് തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്. മലബാർ സിമന്റ്സിന്റെ ഉൽപ്പാദനം വർദ്ധിപ്പിച്ച് സ്ഥാപനത്തെ പുരോഗതിയിലേക്ക് നയിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. കമ്പനിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അടഞ്ഞു കിടന്നിരുന്ന ചേർത്തലയിലെ സിമന്റ് ഗ്രൈന്റിംഗ് യൂണിറ്റ് തുറന്ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽനിന്ന് പാട്ടത്തിനെടുത്ത സ്ഥലത്ത് ക്ലിങ്കറും സിമന്റും ഇറക്കുമതി ചെയ്ത് ഉൽപ്പാദനവും വിപണനവും വിപുലീകരിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല അസംസ്കൃത വസ്തുക്കളുടെയും സ്പെയർ പാർട്സുകളുടെയും സംഭരണത്തിന് ഇ-ടെൻഡർ സംവിധാനവും കമ്പനിയിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) കമ്പനിയുടെ പ്രവർത്തനങ്ങൾക്കെതിരെയുള്ള പരാതികളുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയാകുന്നതനുസരിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## ട്രഷറി കോർബാങ്കിംഗ് സിസ്റ്റം

22(*52) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി കോർബാങ്കിംഗ് സിസ്റ്റം എന്ന് മുതൽ നടപ്പിലാക്കാനാകുമെന്ന് അറിയിക്കുമോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും വിശദവിവരങ്ങളും ലഭ്യമാക്കുമോ;

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പള ബില്ലുകൾ തയ്യാറാക്കുന്ന സ്പാർക്ക് സംവിധാനത്തെ ട്രഷറി ഇൻഫർമേഷൻ സിസ്റ്റവുമായി ബന്ധിപ്പിച്ച് ഓൺലൈനായി ശമ്പള ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വിശദമാക്കുമോ; ഇതിന്റെ നേട്ടങ്ങൾ വിശദീകരിക്കുമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ട്രഷറി കോർബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കിവരുന്നു. 2016 ഡിസംബർ മാസം അവസാനത്തോടെ സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 20-9-2016 വരെ 69 ട്രഷറികളിൽ കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കഴിഞ്ഞു. കേരളത്തിലെ ട്രഷറികളിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾ നേരിടുന്ന പരിമിതികളിൽ പ്രധാനപ്പെട്ടത് അവർക്ക് അക്കൗണ്ടുള്ള ട്രഷറികളിൽനിന്നു മാത്രമേ പണമിടപാടുകൾ നടത്തുവാൻ കഴിയുകയുള്ളൂ എന്നതാണ്. ട്രഷറി കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതോടുകൂടി ട്രഷറി സേവിംഗ്സ് ബാങ്കിൽ അക്കൗണ്ടുള്ള ഒരാൾക്ക് സംസ്ഥാനത്തെ ഏത് ട്രഷറിയിൽനിന്നും പണമിടപാടുകൾ നടത്തുവാൻ കഴിയും. കൂടാതെ ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി ഒരാളുടെ അക്കൗണ്ടിൽനിന്ന് പണം മറ്റ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേക്കോ ബാങ്ക് അക്കൗണ്ടുകളിലേക്കോ ഏത് സമയത്തും സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും. ഇതുവഴി ട്രഷറികളിൽ നേരിട്ടുപോയി ഇടപാട് നടത്തുന്നതിന്റെ ആവശ്യകത ഇല്ലാതാവും. മാത്രവുമല്ല, 24x7 സമയത്തും പ്രവർത്തനക്ഷമവുമാണ്.

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളബില്ലുകൾ തയ്യാറാക്കുന്ന സ്പാർക്ക് സംവിധാനത്തെ ട്രഷറി ഇൻഫർമേഷൻ സിസ്റ്റവുമായി ബന്ധിപ്പിച്ച് ഓൺലൈനായി ശമ്പള ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നത് 1-4-2015 മുതൽ പൂർണ്ണതോതിൽ നടപ്പിലായിക്കഴിഞ്ഞു. ശമ്പളബില്ലുകൾ ഓൺലൈനായി സമർപ്പിക്കപ്പെടുന്നതുകൊണ്ട് ഒരു ഡാറ്റ പല സ്ഥലങ്ങളിൽ enter ചെയ്യുന്നത് ഒഴിവാകുന്നു. ആയതിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നു. ബില്ലുകൾ സമർപ്പിക്കുന്നതിന്റെ/ പാസ്സാക്കുന്നതിന്റെ കാലതാമസം ഒഴിവാകുന്നു. മനുഷ്യ വിഭവശേഷി ലാഭിക്കാൻ കഴിയുന്നു. പണമിടപാട് സംബന്ധിച്ച് സർക്കാരിന് യഥാസമയം വിവരം നൽകാൻ കഴിയുന്നു. നിലവിൽ ഓൺലൈനായി ബില്ലുകൾ സമർപ്പിക്കുന്നതിനോടൊപ്പം പ്രിന്റ് ചെയ്ത ബില്ലുകളും കൂടി ട്രഷറിയിൽ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ പൂർണ്ണമായും ഓൺലൈൻ രീതി നടപ്പിലായിക്കഴിഞ്ഞാൽ പ്രിന്റ് ചെയ്ത ബില്ലുകൾ സമർപ്പിക്കേണ്ടതില്ല. ഈ നടപടിയിലൂടെ സർക്കാർ വിഭാവനം ചെയ്യുന്ന പരിസ്ഥിതി സൗഹൃദ കടലാസുരഹിത ഓഫീസുകളായി ട്രഷറികൾക്ക് പരിണമിക്കാൻ സാധിക്കുന്നതാണ്.

## സംസ്ഥാന വൈദ്യുതി ബോർഡിന്റെ ലാഭ നഷ്ട കണക്ക്

23 (*53) ശ്രീ. പി. കെ. ബഷീർ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :

ശ്രീ. പാറക്കൽ അബ്ദുല്ല :

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ കഴിഞ്ഞ മൂന്ന വർഷങ്ങളിലെ കണക്ക് ആഡിറ്റ് ചെയ്ത് ലാഭനഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കണക്കുകൾ വൈദ്യുതി റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതു വർഷം വരെയുള്ള കണക്കുകളാണ് സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(സി) ബോർഡിന്റെ പ്രവർത്തനം ലാഭത്തിലാണെങ്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് നിരക്കുകളിൽ ഇളവനുവദിക്കാൻ തയ്യാറാകുമോ ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2015-16 സാമ്പത്തിക വർഷം വരെയുള്ള കണക്ക് ബോർഡ് അംഗീകരിച്ച് ആഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്. 2013-14 വരെയുള്ള കണക്കിന് ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

കഴിഞ്ഞ 3 വർഷത്തെ ലാഭം/നഷ്ടം ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | റവന്യൂ ഗ്യാപ്പ്/റെഗുലേറ്ററി അസറ്റ് തുക (രൂപ കോടിയിൽ) | നഷ്ടം തുക (രൂപ കോടിയിൽ) |
|---|---|---|
| 2013-14 | 848.29 (31-10-2013 വരെ) | 24.25 (1-11-2013 മുതൽ 31-3-2014 വരെ) |
| 2014-15 | | 1272.90 |
| 2015-16 | | 313.29 |

31-10-2013 തീയതിയിലെ സ.ഉ.(പി) 46/2013/പി.ഡി. സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ഇ. ബോർഡിന്റെ ആസ്തി-ബാധ്യതകളെല്ലാം കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന കമ്പനിയിലേക്ക് മാറ്റപ്പെടുകയുണ്ടായി. കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന നിശ്ചിത ശതമാനം ലാഭമായി 15.5 ശതമാനം അക്കൗണ്ടിൽ

കാണിക്കേണ്ടതുണ്ട്. ഇതുപ്രകാരം 2013-14 വർഷത്തിൽ 31-10-2013 വരെ ബോർഡ് ആയി നിലനിന്ന കാലയളവിൽ ലാഭം കാണിക്കേണ്ടുന്ന തുകയായ 140.47 കോടി രൂപയും റവന്യൂ ഗ്യാപ്പ് അഥവാ റെഗുലേറ്ററി അസറ്റ് ആയി വരവ് വച്ചിട്ടുണ്ട്. 1-11-2013 മുതൽ കമ്പനിയായതിനുശേഷം പ്രസ്തുത റെഗുലേറ്ററി അസറ്റ് കമ്പനി നിയമം അനുസരിച്ച് തയ്യാറാക്കുന്ന കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല.

(ബി) വൈദ്യുതി നിയമം 2003-ലെ വിവിധ വ്യവസ്ഥകൾ പ്രകാരവും കേരളാ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് റെഗുലേഷനുകൾ പ്രകാരവും 2015-16 സാമ്പത്തിക വർഷം വരെയുള്ള ARR & ERC Petition. (Aggregate Revenue Requirement & Expected Revenue from charges) കെ.എസ്.ഇ.ബി. ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനിൽ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത ചെലവ്, പ്രതീക്ഷിത വരുമാനം, റവന്യൂ കമ്മി/മിച്ചം തുടങ്ങിയ വിവരങ്ങളോടൊപ്പം നടപ്പു സാമ്പത്തിക വർഷത്തിലെ Revised Estimate-ഉം മുൻ സാമ്പത്തിക വർഷത്തെ audited/ provisional accounts പ്രകാരമുള്ള കണക്കുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ്, 2015-16 വരെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള ARR & ERC പെറ്റീഷൻ പ്രകാരവും 2015-16 സാമ്പത്തിക വർഷം വരെയുള്ള provisional accounts പ്രകാരവും കെ.എസ്.ഇ.ബി. ലിമിറ്റഡ് നഷ്ടത്തിലാണ്. വൈദ്യുതി നിയമം, 2003-ലെ വിവിധ വ്യവസ്ഥകൾ പ്രകാരം, സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും വൈദ്യുതി നിരക്കുകളിന്മേൽ വ്യതിയാനം വരുത്തുവാനുള്ള പൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്.

**നികുതി പിരിവ് ഊർജ്ജിതമാക്കാൻ നടപടി**

24(*54) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ഉണ്ണി :
ശ്രീ. പി. ടി. എ. റഹീം :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നികുതി പിരിവിൽ എത്ര ശതമാനം വർദ്ധനവ് കൈവരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) അതിലൂടെ എത്ര അധിക വിഭവ സമാഹരണം നടത്താൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

I. വാണിജ്യ നികുതി വകുപ്പ് :

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

4. ചെക്ക്പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റും.

5. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

6. റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.

7. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

8. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

II. രജിസ്ട്രേഷൻ വകുപ്പ് :

രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ അദാലത്ത് നടത്തുവാൻ നിശ്ചയിച്ചു. വിലയാധാരങ്ങളുടെയും കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു.

III. <u>ലാന്റ് റവന്യൂ വകുപ്പ്</u>

ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ മേൽ വിഷയങ്ങളിൽ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 1-8-2016 മുതൽ താലൂക്ക്-ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.

IV. <u>എക്സൈസ് വകുപ്പ്</u>

എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തിവരുന്നത്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും വ്യാജമദ്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

V. <u>മോട്ടോർ വാഹന വകുപ്പ്</u>

മോട്ടോർ വാഹന വകുപ്പിൽ റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ ജോലികൾ ചെയ്തുവരുന്നതിനാൽ റിക്കവറി നടപടികൾ ഉയർത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ 2016-17 സാമ്പത്തിക വർഷം 19.39 ശതമാനം വളർച്ചയാണ് തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിക്കുന്നത്.

(സി) 2015-16 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 39881.65 കോടി രൂപയാണ് തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്നത്. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഈ ഇനത്തിൽ 47613.61 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ഇതനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തേക്കാൾ ഏകദേശം 7732 കോടി രൂപ 2016-17 സാമ്പത്തിക വർഷം അധികം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ചരക്ക് സേവന നികുതി**

25(*55) ശ്രീ. കെ. ബാബു :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്കു സേവന നികുതി നടപ്പിലാക്കുന്നത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഏതു തരത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ ;

(ബി) പുതിയ നികുതി സംവിധാനം അവശ്യ സാധനങ്ങൾക്ക് നികുതിയിളവ് നൽകാൻ അനുമതി നൽകുന്നതാണോ; ഇല്ലെങ്കിൽ ഇത് അവശ്യസാധനങ്ങളുടെ വില ഉയരുന്നതിനിടയാക്കി സാധാരണക്കാർക്ക് ദ്രോഹകരമാകുമോയെന്ന് വ്യക്തമാക്കുമോ;

(സി) നികുതി നിരക്കിൻമേൽ സംസ്ഥാനത്തിന് യാതൊരു നിയന്ത്രണവുമില്ലാത്തത് വികസന ക്ഷേമ പദ്ധതികൾക്കുള്ള ധനസമാഹരണത്തെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ടോ; എങ്കിൽ ഇത് എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാന മായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്ക് സേവനനികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ സേവന നികുതി വിഹിതം കൂടി സംസ്ഥാനത്തിന് ലഭിക്കും. സേവന നികുതി വിഹിതം കൂടി ലഭിക്കുന്നതിലൂടെ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്.

(ബി) ഇക്കാര്യത്തിൽ ചർച്ചകൾ പുരോഗമിക്കുന്നതിനാൽ അന്തിമ തീരുമാനമായിട്ടില്ല.

(സി) ചരക്ക് സേവന നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഗുണകരമായിരിക്കുമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. അതുകൊണ്ടുതന്നെ ജി.എസ്.ടി. നടപ്പിലാക്കുന്നത് വികസനക്ഷേമ പദ്ധതികൾക്കുള്ള ധനസമാഹരണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല. ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള വകുപ്പ് ഭരണഘടനാ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Service Tax Council-ന്റെ ശിപാർശ അനുസരിച്ച് പാർലമെന്റ് നിയമനിർമ്മാണത്തിലൂടെ ജി.എസ്.ടി. നടപ്പിലാക്കിയ ശേഷമുള്ള ആദ്യത്തെ 5 വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏതു കാലത്തെ നികുതി വരുമാന വളർച്ചയാണ് നഷ്ടപരിഹാരത്തിന് ആധാരമാക്കേണ്ടത് എന്ന കാര്യത്തിൽ തർക്കം നിലനിൽക്കുന്നുണ്ട്. നമ്മൾ കഴിഞ്ഞ 6 വർഷത്തിൽ ഏറ്റവും നല്ല 3 വർഷത്തെ ശരാശരി കണക്കിലെടുക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

**ചരക്ക് സേവന നികുതി**

26(*56) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക് സേവന നികുതി നടപ്പാകുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഉണ്ടാകുമെന്നു കരുതുന്ന മാറ്റങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ നികുതി സംവിധാനത്തെ ചരക്ക് സേവന നികുതി ഏതു വിധത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ ;

(സി) നികുതി പിരിവുമായി ബന്ധപ്പെട്ടുള്ള ചെലവുകളിൽ കുറവുവരാനിടയുണ്ടോ ; എങ്കിൽ ഏതൊക്കെ വിധത്തിലാണെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാന മായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്ക് സേവനനികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ കേരളത്തിലെ സേവന നികുതി വിഹിതംകൂടി സംസ്ഥാനത്തിന് ലഭിക്കും. ഇത് കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്.

(ബി) പരോക്ഷനികുതി സംബന്ധിച്ച് നിലവിൽ മൂല്യവർദ്ധിത നികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി സർച്ചാർജ്ജ്, സെസ്സ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഈടാക്കുന്നതല്ലാത്ത വിനോദ നികുതി എന്നിവ സംസ്ഥാനമാണ് ഈടാക്കുന്നത്. എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർചാർജ്ജ് സെസ്സ് എന്നിവ കേന്ദ്ര സർക്കാരും ഈടാക്കുന്നു. ജി.എസ്.ടി. നടപ്പാകുമ്പോൾ ഇവയെല്ലാം ജി.എസ്.ടി.-യിൽ ലയിക്കുന്നതാണ്. ജി.എസ്.ടി.-യിൽ സംസ്ഥാനത്തിനും കേന്ദ്രത്തിനും ഒരേ സമയം നികുതി ഈടാക്കുവാൻ സാധിക്കും. ഈ സംവിധാനത്തിൽ എല്ലാ നികുതി ബാധകമായ കൈമാറ്റങ്ങളിന്മേലും (taxable supplies) കേന്ദ്രം സി.ജി.എസ്.ടി.-യും സംസ്ഥാനങ്ങൾ എസ്.ജി.എസ്.ടി.-യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിന്മേൽ ഐ.ജി.എസ്.ടി. ആണ് ചുമത്തുന്നത്. ഇത് കേന്ദ്ര സർക്കാരാണ് ഈടാക്കുന്നത്. ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിതമാകയാൽ കേരളത്തിന് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

(സി) നിയമം നടപ്പിലാക്കി നികുതി പിരിവ് ആരംഭിച്ചാൽ മാത്രമേ ചെലവുകളിൽ കുറവുവരാനിടയുണ്ടോ എന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

**കയർ വ്യവസായ മേഖലയുടെ നവീകരണം**

27(*57) ശ്രീ. വി. ജോയി :
ശ്രീ. എസ്. ശർമ്മ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായം പുനരുദ്ധരിക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) വ്യവസായ മേഖലയുടെ നവീകരണം പരമ്പരാഗത കയർ തൊഴിലാളികളെ ഏതു വിധത്തിൽ ബാധിക്കാനിടയുണ്ടെന്നറിയിക്കാമോ ;

(സി) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയോഗിച്ച കയർ കമ്മീഷന്റെ ശിപാർശകൾ എന്തൊക്കെയായിരുന്നു; അവയിൽ കഴിഞ്ഞ സർക്കാർ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; ഈ സർക്കാരിന് പ്രസ്തുത ശിപാർശകളിൽ എന്തൊക്കെ നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാന സർക്കാരിന്റെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കയർ മേഖലയ്ക്ക് ഒരു രണ്ടാം പുനഃസംഘടന സ്കീം ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ;

1. ആധുനിക യന്ത്രവൽക്കരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കി പ്രോത്സാഹിപ്പിക്കും.
2. തൊണ്ട് സംഭരണത്തിന് പിന്തുണ നൽകും.
3. ചകിരി ഉൽപ്പാദന യൂണിറ്റുകൾക്ക് 50 ശതമാനം സബ്സിഡി നൽകും.
4. ഉൽപ്പന്ന മേഖലയിലെ പുതിയ യന്ത്രവൽകൃത ഫാക്ടറികൾക്ക് കയർ ബോർഡിന്റെ സബ്സിഡിക്ക് പുറമെ 10 ശതമാനം അധിക സബ്സിഡി നൽകും.
5. ആലപ്പുഴ ജില്ലയിൽ പി.വി.സി., കയർ അവശിഷ്ടങ്ങൾ ബോർഡുകളാക്കുന്ന സംയുക്ത സംരംഭം ആരംഭിക്കും.
6. മലിനജല ശുദ്ധീകരണ പദ്ധതി നടപ്പിലാക്കും.
7. നിർജ്ജീവമായ സംഘങ്ങളെ അമാൽഗമേറ്റ് ചെയ്യുന്നതിനും പുനരുദ്ധരിക്കാൻ കഴിയുന്നവയെ അപ്രകാരം ചെയ്യുന്നതിനും നടപടി സ്വീകരിക്കും.
8. പ്രവർത്തനക്ഷമമായ സംഘങ്ങൾക്ക് സബ്സിഡി നൽകും.
9. ഗുണമേന്മ ഉറപ്പാക്കുന്നതിന് തൊഴിലാളികൾക്ക് പരിശീലനം നൽകും.

(ബി) പുതിയ നയം നിലവിലുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കില്ലെന്ന ഉറപ്പുവരുത്തുന്നതാണ്. ഇതിനായി സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പുവരുത്തുന്ന നിലയ്ക്ക് കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നെയ്യുന്ന ഉൽപ്പാദകരുടെ ഉൽപ്പാദനം മുഴുവൻ കയർ കോർപ്പറേഷൻ അംഗീകൃത വിലയ്ക്ക് സംഭരിക്കും, റിബേറ്റ് നൽകി ഇവ വിറ്റഴിക്കും. ഇതിനുവേണ്ടി വിലസ്ഥിരതാ ഫണ്ട് 17 കോടി രൂപയിൽനിന്നും 100 കോടി രൂപയായി ഉയർത്തി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സംഘങ്ങളുടെ പുനഃസംഘടനയ്ക്കും മാനേജീരിയൽ സബ്സിഡിക്കും 15 കോടി രൂപ വകയിരുത്തുകയും (ബഡ്ജറ്റ് പ്രസംഗത്തിൽ) പുനഃസംഘടനയ്ക്കുവേണ്ടി അധിക പണം എൻ.സി.ഡി.സി.-യിൽ നിന്നും ലഭ്യമാക്കുന്നതിനും ലക്ഷ്യം വച്ചിട്ടുണ്ട്. ഈ വിധത്തിൽ കയർ വ്യവസായ മേഖലയുടെ നവീകരണം പരമ്പരാഗത കയർ തൊഴിലാളികളെ യാതൊരു വിധത്തിലും ബാധിക്കാതെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയോഗിച്ച കയർ കമ്മീഷന്റെ ശിപാർശകളും അവയിൽ നടപ്പിലാക്കിയിട്ടുള്ളതും അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത ശിപാർശകളിൽ നടപ്പിലാക്കാൻ സാധിക്കുന്നവ ചുവടെ ചേർക്കുന്നു :

കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിലെ ക്രമ നമ്പർ 23-ലെ 'കയർ തൊഴിലാളി ക്ഷേമനിധി ബോർഡും കയർ ബോർഡും സഹകരിച്ച് കയർ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ വിപുലീകരിച്ച് നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം', ക്രമ നമ്പർ 24-ലെ 'കയർ ബോർഡ് ഉൾപ്പെടെ കയർ മേഖലയിലെ സ്ഥാപനങ്ങൾ ആവശ്യമായ കയർ പൂർണ്ണമായും കയർഫെഡിൽ നിന്നും വാങ്ങണം', ക്രമനമ്പർ 25-ലെ നിർദ്ദേശമായ 'വിപണിയിൽ നിലവിലുള്ള എല്ലാ ഉൽപ്പന്നങ്ങളുടെയും സ്പെസിഫിക്കേഷൻ നിശ്ചയിക്കണം', ക്രമനമ്പർ 27-ലെ 'ഐ.ഐ.ടി.-കൾ എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയുമായി സഹകരിച്ച് കൂടുതൽ മെച്ചപ്പെട്ട ഡിഫൈബറിംഗ് മില്ലുകൾ ആവിഷ്ക്കരിക്കണം, ഇതിന് കയർ ബോർഡുമായും സഹകരിക്കണം. കയർ യന്ത്രങ്ങളുടെ റിപ്പയർ/മെയിന്റനൻസിന് പ്രാപ്തിയുള്ള വർക്കുഷോപ്പുകൾക്ക് മാനദണ്ഡം നിശ്ചയിച്ച് എൻ.സി.ആർ. എം.ഐ. അംഗീകാരം നൽകണം. സംസ്ഥാനത്തെ പോളിടെക്നിക്/ഐ.ടി.ഐ.-കളിൽ കയർ ടെക്നോളജി ഐച്ഛിക വിഷയമാക്കണം' എന്നീ നിർദ്ദേശങ്ങളും നടപ്പിലാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വൈദ്യുതി സംരക്ഷണത്തിന് പദ്ധതി

28 (*58) ശ്രീ. പി. കെ. ശശി :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ തലത്തിൽ ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കുമോ ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി കെ.എസ്.ഇ.ബി.എൽ.-ൽ എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോർട്ട്) എന്ന വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വൈദ്യുതി സംരക്ഷണത്തിന് കെ.എസ്.ഇ.ബി.എൽ. താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു :

1. ഇ.സി.ഇ.ഇ. (എംപവറിംങ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി)

   വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുത്തുന്നതിലേക്കായി നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ്.) വഴി മലപ്പുറം ജില്ലയിൽ 708216 ഗാർഹിക ഉപഭോക്താക്കളുടെ വീട് സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2. ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്)

   നാഷണൽ എൽ.ഇ.ഡി. മിഷന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇ.എസ്.എൽ.-മായി ചേർന്ന് 1.5 കോടി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇതുവരെ 72 ലക്ഷം ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു.

3. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി

ആലപ്പുഴ നഗരസഭയും ഇ.ഇ.എസ്.എൽ.-മായി ചേർന്ന് 8051 തെരുവ് വിളക്കുകൾ മാറ്റി കാര്യക്ഷമതയുള്ള എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

4. വല്ലച്ചിറ പഞ്ചായത്തിൽ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി

വല്ലച്ചിറ ഗ്രാമപഞ്ചായത്തിലും ഇ.ഇ.എസ്.എൽ.-മായി ചേർന്ന് 407 തെരുവ് വിളക്കുകൾ മാറ്റി കാര്യക്ഷമതയുള്ള എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി പൂർത്തിയായിട്ടുണ്ട്.

5. പരമ്പരാഗത (പെട്ടി-പറ) പമ്പിംഗ് സംവിധാനം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പുകൾ സ്ഥാപിക്കുന്ന പദ്ധതി

കാർഷിക മേഖലയിൽ ഊർജ്ജക്ഷമതയുള്ള പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതുവരെ ചങ്ങനാശ്ശേരി, ആലപ്പുഴ, തൃശ്ശൂർ, പൊന്നാനി തുടങ്ങിയ സ്ഥലങ്ങളിലായി മൊത്തം 12 ഇടങ്ങളിൽ പരമ്പരാഗത രീതിയിലുള്ള പെട്ടി-പറ സംവിധാനം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പുകൾ സ്ഥാപിച്ചുകഴിഞ്ഞു.

6. എനർജി ഓഡിറ്റിംഗ്

എനർജി ഓഡിറ്റിംഗ് നടത്തുന്നതിനുള്ള അംഗീകാരം 2014-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്. ആ നിലയിൽ 12 വൻകിട ഉപഭോക്താക്കളുടെ സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. 3 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു.

7. ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം പദ്ധതി (എച്ച്.വി.ഡി.എസ്.)

വിതരണ ലൈനുകളിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി എച്ച്.വി.ഡി.എസ്. എന്ന പദ്ധതി വിജയകരമായി തിരുവനന്തപുരത്ത് പേയാട് സെക്ഷനിൽ നടപ്പിലാക്കിയിട്ടുണ്ട്.

8. വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ നവീകരണം

പ്രസ്തുത പദ്ധതിയിൻകീഴിൽ ഇതുവരെ 140 വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ നവീകരിച്ചിട്ടുണ്ട്.

9. സർക്കാർ ആശുപത്രികളിൽ കാര്യക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും സ്ഥാപിക്കുന്ന പദ്ധതി

ഇതുവരെ അടൂർ, പുനലൂർ, പാലക്കാട്, തിരൂർ, നിലമ്പൂർ എന്നിവിടങ്ങളിലായി 5 സർക്കാർ ആശുപത്രികളിൽ നിലവിലുള്ള ബൾബുകളും ഫാനുകളും മാറ്റി എൽ.ഇ.ഡി. ബൾബുകളും 5 സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

ഇ.എം.സി.-യുടെ നേതൃത്വത്തിൽ വൈദ്യുതി സംരക്ഷണത്തിനായി താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു :

* ഗാർഹിക മേഖലയിൽ ഊർജ്ജ ക്ലിനിക് പൊതുജന ബോധവൽക്കരണ പരിപാടിയായ ഊർജ്ജകിരൺ, പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ എന്നിവ നടത്തിവരുന്നു. ഊർജ്ജ ക്ലിനിക് വനിതാ വാളണ്ടിയർമാർ മുഖേനയും ഊർജ്ജ കിരൺ പരിപാടി സർക്കാരിതര സംഘടനകൾ, പൊതുജന വായനശാലകൾ, മറ്റ് സംഘടനകൾ വഴി പരിശീലനം ലഭിച്ച പരിശീലകർ മുഖാന്തിരം നടത്തിവരുന്നു.

* വ്യവസായ മേഖലയിൽ ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനായി എനർജി ഓഡിറ്റിംഗ് ഏജൻസികളെ എംപാനൽ ചെയ്തിട്ടുണ്ട്. കൂടാതെ പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾക്കും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കുംവേണ്ടി പ്രാഥമിക ഊർജ്ജ ഓഡിറ്റിംഗ്, ഊർജ്ജ ഓഡിറ്റിംഗ് സബ്സിഡി, സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ ഓഡിറ്റിംഗ് എന്നിവയാണ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ.

* സർക്കാർ കെട്ടിടങ്ങളിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി ഊർജ്ജ ഓഡിറ്റ് നടത്തി കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നു.

* ഊർജ്ജസംരക്ഷണ നിയമം 2001 അനുസരിച്ചുള്ള ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പിലാക്കുന്നതിനായി കേരള ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡ് തയ്യാറാക്കിവരുന്നു.

* തെരുവുവിളക്കുകൾ ഊർജ്ജ കാര്യക്ഷമമാക്കി വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിച്ചു.

* വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവരിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിനായി സ്മാർട്ട് എനർജി പരിപാടി നടത്തിവരുന്നു.

(ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കിവരുന്നു :

1. 2016-17-ലെ ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ച (സാധാരണ) ബൾബുകളും സി.എഫ്.എൽ. ബൾബുകളും മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി.

2. ഡെൽപ്പ്

3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ സോളാർ ഹീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി.

4. വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ എനർജി എഫിഷ്യന്റ് ആക്കി ഊർജ്ജം സംരക്ഷിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഊർജ്ജ സംരക്ഷണത്തിനായി ഇ.എം.സി. താഴെപ്പറയുന്ന പദ്ധതികൾ/ പ്രോഗ്രാമുകൾ നടപ്പിലാക്കിവരുന്നു :

- ഊർജ്ജ സംരക്ഷണ അവാർഡ്
- ഊർജ്ജ് ഓഡിറ്റ് സബ്സിഡി സ്കീം
- ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് വിലയിരുത്തൽ
- ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് ലിസ്റ്റ് പ്രസിദ്ധീകരിക്കൽ
- ഊർജ്ജ ക്ലിനിക് - ഗാർഹിക ഊർജ്ജ സംരക്ഷണ പരിപാടി
- സാങ്കേതിക വിദഗ്ദ്ധർക്ക് പരിശീലന പരിപാടികൾ കെട്ടിടങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കൽ
- എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് സംബന്ധമായ പരിശീലന പരിപാടികൾ
- ഊർജ്ജ കാര്യക്ഷമതയുള്ള തെരുവു വിളക്കുകൾ സ്ഥാപിക്കൽ
- മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്തുകൾ
- സ്മാർട്ട് എനർജി പ്രോഗ്രാം - ഊർജ്ജ സംരക്ഷണ വിദ്യാഭ്യാസ പരിപാടി
- ഊർജ്ജ കിരൺ - പൊതുജനബോധവൽക്കരണ പരിപാടി
- ഗവേഷണ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ

- ഇ.എം.സി.-യിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ലൈബ്രേറിയൻമാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ സാങ്കേതിക ഉദ്യോഗസ്ഥർ തുടങ്ങിയവർക്കുള്ള പരിശീലന പരിപാടികൾ.

(സി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തവും അവബോധവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അവർക്കിടയിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. മുൻ വർഷങ്ങളിൽ 'നാളേക്കിത്തിരി ഊർജ്ജം' 'ലാഭപ്രഭ സീസൺ 2' എന്നീ ഊർജ്ജസംരക്ഷണ പദ്ധതികൾ സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി.എൽ.-ന്റെ സബ്ഡിവിഷൻ തലത്തിലുള്ള 211 ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശം നൽകുകയും ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഒന്നര ലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ വിതരണം ചെയ്യുകയും എനർജി വോളന്റിയേഴ്സ് വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണം നടത്തിവരികയും ചെയ്യുന്നു. സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു. കേരളത്തിലെ 4000-ത്തോളം സ്കൂളുകളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനം നടത്തിവരുന്നു. കോളേജുകളിലും പ്രവർത്തനം വ്യാപിപ്പിക്കാനുള്ള പരിപാടികൾ നടന്നുവരുന്നു.

**സഹകരണ മേഖലയിൽ ആർ.ബി.ഐ. ഇടപെടൽ**

29(*59) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ ആർ.ബി.ഐ. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സഹകരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നതാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സഹകരണ ബാങ്കിംഗ് മേഖലയിൽ ആർ.ബി.ഐ. നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ/നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ നിലവിലുള്ള പ്രവർത്തനങ്ങളെ പ്രതിസന്ധിയിലാക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിസർവ് ബാങ്കിന്റെ വായ്പാ നയത്തിന്റെ ഭാഗമായി സി.ആർ.ആർ. (Cash Reserve Ratio)/എസ്.എൽ.ആർ. (Statutory Liquidity Ratio) നിരക്കുകളിൽ വരുന്ന മാറ്റം, സഹകരണ ബാങ്കുകൾ ധനസഹായ ബാങ്കുകളിൽ നിക്ഷേപിച്ചിരുന്ന എസ്.എൽ.ആർ. നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശം, സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ 31-3-2017-ൽ 9 ശതമാനം മൂലധന പര്യാപ്തത അനുപാതം കൈവരിക്കണമെന്ന നിർദ്ദേശം, റിസർവ് ബാങ്ക് ലൈസൻസുള്ള സഹകരണ ബാങ്കുകൾ ഒഴികെ മറ്റ് സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശമില്ലാത്ത അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കാനോ ബാങ്ക് എന്ന പദം അവരുടെ പേരിനൊപ്പം ചേർക്കാനോ പാടില്ലെന്ന വ്യവസ്ഥ, സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യാവുന്ന വായ്പകളുടെ പരിധി, ഭവന വായ്പാ വിതരണം എന്നിവയിലുള്ള നിയന്ത്രണം, സഹകരണ ബാങ്കുകളുടെ മേൽ ഏർപ്പെടുത്തുന്ന പ്രവർത്തന നിയന്ത്രണങ്ങൾ തുടങ്ങിയവ സഹകരണ ബാങ്കുകളുടെ നിലവിലുള്ള പ്രവർത്തനത്തെ ബാധിക്കുന്നതാണ്.

(ബി) റിസർവ് ബാങ്കിന്റെ മേൽ നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന പ്രത്യേക പരിഗണന തുടർന്നും സഹകരണ മേഖലയ്ക്ക് ലഭിക്കുന്നതിനുമായി നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ ചർച്ച ചെയ്യുകയും നബാർഡ്/ റിസർവ് ബാങ്ക് എന്നിവയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ആവശ്യമായ വിഷയങ്ങൾ സംസ്ഥാനത്ത് നിന്നുള്ള എം.പി.-മാർ മുഖേന മുന്നോട്ടുവയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**ക്ഷേത്ര പരിസരത്ത് ആയുധ പരിശീലനം**

30 (*60) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ പരിസരത്ത് ആയുധ പരിശീലനം നടക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ക്ഷേത്രപരിസരങ്ങൾ ചില സംഘടനകൾ ശാഖാ പരിശീലനത്തിനായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2011-ലെ കേരള പോലീസ് ആക്ടിന്റെ 73-ാം വകുപ്പ് (1), (2) ഉപവകുപ്പുകൾ പ്രകാരം ആയുധ പരിശീലനവും ഡ്രില്ലും തടയുന്നതിനായി സർക്കുലർ പുറപ്പെടുവിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ട്രഷറി വഴി പെൻഷൻ

1(282) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പൂർണ്ണമായും ട്രഷറി വഴി ആക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ട്രഷറി വഴി പെൻഷൻ നൽകുന്നതുമൂലം സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന പെൻഷൻകാർ അഭിമുഖീകരിക്കാവുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുസംബന്ധിച്ച എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ധനകാര്യ വകുപ്പിൽ നടപ്പിലാക്കിവരുന്ന ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി ട്രഷറി അക്കൗണ്ടുകൾ കോർബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് മാറ്റിവരികയാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ വിതരണം പൂർണ്ണമായും ട്രഷറി അക്കൗണ്ടുകൾ വഴി നൽകണമെന്നതാണ് സർക്കാരിന്റെ നയം. പെൻഷൻകാരുടെ തീരുമാനം അനുസരിച്ച് അവരവരുടെ ട്രഷറി അക്കൗണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ടിലേക്ക് ആവശ്യാനുസരണം പണം ഓൺലൈനായി കൈമാറാവുന്നതാണ്. ഇതിനായുള്ള മുൻകൂർ നിർദ്ദേശങ്ങൾ ഓൺലൈനായി

നൽകാനുള്ള സംവിധാനവും പെൻഷൻകാർക്ക് ലഭ്യമാക്കുന്നതാണ്. ഇതിനു മുന്നോടിയായാണ് 1-4-2016 മുതൽ നിലവിൽ ബാങ്കുവഴി വിതരണം ചെയ്യുന്ന പെൻഷനും ട്രഷറിയിൽനിന്ന് നൽകുന്ന അധികാരപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നത്. ഈ തീരുമാനംകൊണ്ട് ബാങ്കുവഴി പെൻഷൻ ലഭിക്കുന്നവർക്ക് തുടർന്നും അപ്രകാരം തന്നെ ലഭിക്കുന്നതിനുള്ള സൗകര്യം നിലനിൽക്കുന്നതാണ്. സംസ്ഥാനത്തിന് പുറത്തുനിന്ന് പെൻഷൻ വാങ്ങുന്നവർക്ക് നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തിയിട്ടില്ല.

## ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ്

2( T* 283) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ് തയ്യാറാക്കുന്നതും പെൻഷൻ അനുവദിക്കുന്നതും അക്കൗണ്ടന്റ് ജനറലിന്റെ കേരളത്തിലെ വിവിധ ഓഫീസുകളിൽ നിന്നായതിനാലുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനായി ഈ കാര്യങ്ങൾ കേരള സർക്കാരിന്റെ കീഴിൽ കൊണ്ടുവരുന്നതിന് കേന്ദ്ര സർക്കാരുമായി ധാരണയിലെത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ പെൻഷൻ, വി.ആർ.എസ്., ഗ്രാറ്റുവിറ്റി എന്നിവ സംസ്ഥാനം തന്നെ കൈകാര്യം ചെയ്തുവരുന്നതായി അറിവുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) നിലവിൽ സംസ്ഥാന ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ് സാമ്പത്തിക വാർഷാടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറലാണ് പ്രസിദ്ധപ്പെടുത്തുന്നത്. ടി നിയമത്തിൽ മാറ്റം വരുത്തുന്നതിനായി സർക്കാർ ഇതുവരെ ആലോചിച്ചിട്ടില്ല.

(ബി) മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ പെൻഷൻ, വി.ആർ.എസ്., ഗ്രാറ്റുവിറ്റി എന്നിവ സംസ്ഥാനം തന്നെ കൈകാര്യം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും ധനകാര്യ വകുപ്പ് ഇതുസംബന്ധിച്ച് കത്തിടപാടുകൾ നടത്തിയിട്ടില്ലായെന്നും അറിയിക്കുന്നു.

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## കാരുണ്യ ബെനവലന്റ് ഫണ്ട്

3(284) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'കാരുണ്യ' ബെനവലന്റ് ഫണ്ട് മുഖേന ചികിത്സ നടത്തുന്ന പരിയാരം മെഡിക്കൽ കോളജിൽ 'കാരുണ്യ' ബെനവലന്റ് ഫണ്ടിൽനിന്നും തുക പാസ്സാക്കി ലഭിക്കുന്നതിന് മുമ്പെ പണം ഒടുക്കി ഡിസ്ചാർജ്ജ് ചെയ്യേണ്ടിവന്ന രോഗികൾക്ക് ഒടുക്കിയ തുക റീഇംബേഴ്സ്മെന്റായി ലഭിക്കാൻ വൈകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക സമയബന്ധിതമായി ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

ഉണ്ട്. റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപടികൾ പൂർത്തിയായാലുടൻ പരിയാരം മെഡിക്കൽ കോളേജിലെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

## കെ.എഫ്.സി.-യിലെ ഒറ്റത്തവണ തീർപ്പാക്കൽ

4 (285) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ മുൻസർക്കാരിന്റെ കാലത്ത് എത്ര ലോൺ കുടിശ്ശിക വൺടൈം സെറ്റിൽമെന്റ് പ്രകാരം തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ സംബന്ധിച്ച വിവരം സ്ഥാപനത്തിന്റെ പേര്, വായ്പ തുക, അനുവദിച്ച തീയതി, തിരിച്ചടച്ച തുക, ഒ.റ്റി.എസ്. നൽകിയ സമയത്തെ ബാദ്ധ്യത, ഒ.റ്റി.എസ്. പ്രകാരം അടച്ച തുക എന്ന മാതൃകയിൽ ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## ആസ്തിവികസന ഫണ്ട്

5 (286) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിലെ മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) പഞ്ചായത്ത് വക സ്ഥലത്ത് വ്യാപാരസമുച്ചയ നിർമ്മാണത്തിന് ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ.ഉ.(പി.) നമ്പർ 332/2012/ധന. തീയതി 11-6-2012 പ്രകാരം ഓരോ നിയോജക മണ്ഡലത്തിനും പ്രതിവർഷം അനുവദിച്ചിട്ടുള്ള 5 കോടി രൂപ വിനിയോഗിച്ച് എം.എൽ.എ.-യുടെ ഇഷ്ടാനുസരണം മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ-കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, ജലവിതരണം, സാനിട്ടേഷൻ, ജലസേചനം, അടിസ്ഥാന സൗകര്യം, അടിസ്ഥാന സൗകര്യ വികസനത്തിന് ഉതകുന്ന സ്ഥിരസ്വഭാവമുള്ള യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ എന്നിവ സൃഷ്ടിക്കാവുന്നതാണ്. പ്രസ്തുത പദ്ധതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമായിരിക്കണമെന്ന് 5-8-2013-ലെ സർക്കുലർ നമ്പർ 61/2013/ധന. പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 19-2-2015-ലെ സ.ഉ.(പി.) നമ്പർ 90/2015/ധന. ഉത്തരവ് പ്രകാരം ആസ്തിവികസന പദ്ധതിയിൻകീഴിൽ ഒരു സാമ്പത്തിക വർഷം അനുവദിക്കാവുന്ന പരമാവധി പ്രവൃത്തികളുടെ എണ്ണം 20-ഉം അവയിൽ ഏതെങ്കിലും 5 എണ്ണം പത്തു ലക്ഷത്തിൽ കുറയാതെയുള്ള അടങ്കലിൽ നടപ്പാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 21-5-2013-ലെ സർക്കുലർ നമ്പർ 44/2013/ധന. പ്രകാരം പൊതുജനങ്ങൾക്ക് നേരിട്ട് പ്രയോജനകരമല്ലാത്ത ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണംപോലുള്ള വാണിജ്യ സ്വഭാവമുള്ള പദ്ധതികൾ ആസ്തിവികസന പദ്ധതിയിൻകീഴിൽ അനുവദനീയമല്ല എന്ന് ഉത്തരവായിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.*

## കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ട് പദ്ധതികൾ

6 (287) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ആസ്തി വികസന ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികൾക്കാണ് ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെങ്കിലും പ്രവൃത്തികൾക്ക് ഇനി അനുമതി നൽകാൻ ഉണ്ടോയെന്നുള്ള വിവരം ലഭ്യമാക്കുമോ ; വിശദമായ എസ്റ്റിമേറ്റ് ലഭിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ 2012-13 മുതൽ 2015-16 വരെ ആസ്തിവികസന പദ്ധതിയിൻകീഴിൽ ഭരണ വകുപ്പ് ശിപാർശ ചെയ്തതും ധനകാര്യ വകുപ്പ് ധനാനുമതി നൽകിയതുമായ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്നും ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള എല്ലാ ശിപാർശകൾക്കും ധനകാര്യ വകുപ്പ് ധനാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് സഹിതമാണ് ഭരണ വകുപ്പ് ശിപാർശ സമർപ്പിച്ചിരുന്നത്.

**റബ്ബർ ഇറക്കുമതി**

7 (288) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലേഷ്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾക്ക് ഇന്ത്യയിലേക്ക് യഥേഷ്ടം റബർ ഇറക്കുമതി അനുവദിച്ച്, അടുത്തിടെ കേന്ദ്ര സർക്കാർ പുറത്തിറക്കിയ 40/2016 ഉത്തരവ് സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് ഏതെല്ലാം വിധത്തിലുള്ള പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ ഇതിന് പരിഹാരമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) സ്വീകരിച്ച പരിഹാര നടപടികൾ സംസ്ഥാനത്തെ റബർ കർഷകർക്ക് ആശ്വാസകരമാവുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ ?

ഉത്തരം

(എ) ഇന്ത്യ-മലേഷ്യ കോമ്പ്രിഹെൻസീവ് ഇക്കണോമിക് കോ-ഓർഡിനേഷൻ എഗ്രിമെന്റുമായി ബന്ധപ്പെട്ട് കേന്ദ്ര ധന മന്ത്രാലയത്തിനു കീഴിലുള്ള റവന്യൂ ഡിപ്പാർട്ടുമെന്റ് ഇറക്കിയ 40/2016-കസ്റ്റംസ് നോട്ടിഫിക്കേഷൻ റബ്ബർ കർഷകരെ എങ്ങനെയെല്ലാം ബാധിക്കുന്നുവെന്നതിനെ സംബന്ധിച്ച ശാസ്ത്രീയ പഠനം നടന്നതായി അറിവില്ല. 2009 ആഗസ്റ്റ് 13-ന് ഇന്ത്യയും ആസിയാൻ രാജ്യങ്ങളുമായി ട്രേഡ് ഇൻ ഗുഡ്സ് എഗ്രിമെന്റ് പ്രകാരം തുടർന്നുള്ള വർഷങ്ങളിൽ മലേഷ്യ അടക്കമുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആസിയാൻ രാജ്യങ്ങളിൽനിന്നും ഇന്ത്യയിലേയ്ക്കുള്ള സ്വാഭാവിക റബ്ബറിന്റെയും ഉൽപ്പന്നങ്ങളുടേയും ഇറക്കുമതി തീരുവകൾ ഗണ്യമായി വെട്ടിക്കുറയ്ക്കുകയുണ്ടായി. ഇത് ഇന്ത്യയിലേയ്ക്കുള്ള ഇറക്കുമതി വർദ്ധിപ്പിച്ചതായും വിലയിടിവിനു കാരണമായതായും വിവിധ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇന്ത്യ-മലേഷ്യ ഉഭയകക്ഷി കരാർ (bilateral) ഇരു രാജ്യങ്ങളിലേയും തീരുവകൾ വീണ്ടും വെട്ടിക്കുറയ്ക്കാൻ ഇരു രാജ്യങ്ങളേയും ബാധ്യസ്ഥമാക്കും.

(ബി) നിലവിൽ കർഷകർ നേരിടുന്ന റബ്ബർ വിലയിടിവിനു പരിഹാരമായി 3-7-2015-ലെ സർക്കാർ ഉത്തരവ് സ.ഉ.(പി.) നമ്പർ 269/2015/ഫിൻ. പ്രകാരം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയാണ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. റബ്ബർ ബോർഡും സർക്കാർ ധനകാര്യ വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നു. പദ്ധതിക്കായി സർക്കാർ അനുവദിച്ച് ഉത്തരവാകുന്ന തുക മാറി ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് കൃഷി ഡയറക്ടർ നിക്ഷേപിക്കുന്നു. പ്രസ്തുത അക്കൗണ്ടിൽ നിന്നും സബ്സിഡി വിതരണത്തിന് അനുമതി നൽകിക്കൊണ്ട് ധനകാര്യ വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും റബ്ബർ കർഷകർക്ക് അർഹമായ സബ്സിഡി തുക അതാതു അക്കൗണ്ടുകളിലേക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വിതരണം നടത്തിവരികയും ചെയ്യുന്നു. 2015-16-ൽ പദ്ധതിക്കായി അനുവദിച്ച 300 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 2016-17-ൽ പദ്ധതിക്കായി അനുവദിച്ച 500 കോടി രൂപയും വിതരണം നടത്തിവരുന്നു.

(സി) റബ്ബർ വിലയിടിവിനു പരിഹാരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി കർഷകർക്ക് ഏറെ ആശ്വാസകരമാണ്.

**ക്ഷേമ പെൻഷനുകൾ**

8 (289) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം കുടിശ്ശിക ഇനത്തിൽ ഉണ്ടായിരുന്ന ക്ഷേമ പെൻഷനുകൾക്കായി എന്തു തുക നൽകി എന്ന് വ്യക്തമാക്കാമോ ;

(ബി) വർദ്ധിപ്പിച്ച ക്ഷേമ പെൻഷനുകൾ ഏത് മാസം മുതലാണ് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ വന്നതിനുശേഷം കുടിശ്ശിക ഇനത്തിൽ ഉണ്ടായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി 1477.92 കോടി രൂപ നൽകിയിട്ടുണ്ട്. സർക്കാർ വിഹിതം ഉപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വഴി നൽകുന്ന പെൻഷൻ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വർദ്ധിപ്പിച്ച ക്ഷേമപെൻഷനുകൾ 2016 ജൂൺ മാസം മുതലാണ് ലഭ്യമാക്കിയിരിക്കുന്നത്.

**ശമ്പള പരിഷ്കരണത്തിലെ അപാകത**

9 (290) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ പുനർ നിയമനം വഴി നിയമിതരായ ജീവനക്കാർക്ക് ശമ്പളം പരിഷ്കരിച്ചത് എപ്രകാരമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ശമ്പള പരിഷ്കരണംമൂലം പ്രസ്തുത ജീവനക്കാർ വാങ്ങിയിരുന്ന ശമ്പളത്തിൽ കുറവ് വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും പ്രസ്തുത അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ പുനർ നിയമനം വഴി നിയമിതരായ ജീവനക്കാർക്ക് ശമ്പളം പരിഷ്കരിച്ചത് ധനകാര്യ വകുപ്പിൽ നിന്നുള്ള 7-5-2016-ലെ സ.ഉ.(പി) നമ്പർ 65/16/ധനം. എന്ന ഉത്തരവ് പ്രകാരമാണ്. പേഴ്സണൽ സ്റ്റാഫിൽ മുൻകാല സർവ്വീസ് ഉള്ളതും നേരിട്ട് നിയമനം ലഭിച്ചതുമായ ജീവനക്കാർക്ക് ശമ്പളം പരിഷ്കരിച്ചത് പൊതുഭരണ വകുപ്പിൽ നിന്നുള്ള 21-7-2016 -ലെ സ.ഉ.(സാധാ) നമ്പർ 4704/2016/ പൊ.ഭ.വ. എന്ന ഉത്തരവ് പ്രകാരമാണ്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(ബി) പേഴ്സണൽ സ്റ്റാഫിൽ മുൻകാല സർവ്വീസ് ഉള്ളതും നേരിട്ട് നിയമനം ലഭിച്ചതുമായ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിലെ ചില നിബന്ധനകൾ മൂലം പ്രസ്തുത ജീവനക്കാർ വാങ്ങിയിരുന്ന ശമ്പളത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെന്ന വിഷയം ചൂണ്ടിക്കാട്ടി സമർപ്പിച്ചിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിലേയ്ക്കായി നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തണമെന്ന് പൊതുഭരണ (സർവ്വീസസ്-എച്ച്) വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബി

10 (291) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയുടെ പരിഗണനയ്ക്കായി ഇതിനകം പദ്ധതികൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പദ്ധതികൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതികൾ അംഗീകരിച്ചാൽ അവയ്ക്കായി പിന്നീട് പ്രത്യേകം ഭരണാനുമതി നേടേണ്ടതുണ്ടോ;

(ഡി) ഇല്ലെങ്കിൽ പദ്ധതികളുടെ ഭാവി പ്രവർത്തന നടപടിക്രമങ്ങൾ എങ്ങനെയായിരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ പരിഗണനയ്ക്കായി ഇതിനകം കിഫ്ബി വെബ്സൈറ്റ് മുഖേന ബന്ധപ്പെട്ട ഭരണ വകുപ്പുകൾ 64 പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 2-ാം മാന്ദ്യവിരുദ്ധ പാക്കേജിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിയിലൂടെ പ്രഥമമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. 8-8-2016-ലെ സ.ഉ.(കൈ.) 315/2016/ധന. പ്രകാരം കിഫ്ബിയിലേക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭരണാനുമതി ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കിഫ്ബി ഭേദഗതി ഓർഡിനൻസ് 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി ഓർഡിനൻസ് ഖണ്ഡിക 5 (3 എ) നിഷ്കർഷിക്കുംവിധം സമർപ്പിക്കപ്പെട്ട പദ്ധതികൾ കിഫ് ബോർഡ് അംഗീകരിക്കുന്ന പക്ഷം കിഫ്ബി വഴി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതാണ്.

(ഡി) ഒരിക്കൽ സമർപ്പിക്കപ്പെട്ട പദ്ധതികൾ കിഫ് ബോർഡ് നിരാകരിക്കേണ്ട സാഹചര്യമുണ്ടായാൽ പ്രസ്തുത ന്യൂനതകൾ, കിഫ് ഓർഡിനൻസ് അനുശാസിക്കുംവിധം പരിഹരിച്ച് അംഗീകാരത്തിനായി പുനഃസമർപ്പണം നടത്താവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കിഫ്ബി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ**

11 (292) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളും കിഫ്ബിയുടെ നടത്തിപ്പ് വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ബി) നടപ്പുവർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഭരണാനുമതിയില്ലാത്തതും ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വച്ചതുമായ പൊതുമരാമത്ത് പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 20,000 കോടി രൂപയുടെ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ഇതിൻപ്രകാരം വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് അവലോകനം നടത്തിയ ശേഷം 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായ പദ്ധതികളെ കിഫ് ബോർഡ് ശിപാർശ ചെയ്യുന്ന മുറയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്. 19-8-2016-ലെ ഓർഡിനൻസ് നമ്പർ 6/2016-ലൂടെ 1999-ലെ KIIF ആക്ട് സർക്കാർ ഭേദഗതി ചെയ്യുകയും അത് 19-8-2016-ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം നമ്പർ 1464-ലൂടെ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഭേദഗതി പ്രകാരം കിഫ്ബിയുടെ നടത്തിപ്പ് വിശദാംശം താഴെപ്പറയും പ്രകാരമാണ് :

1. വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ഭരണവകുപ്പിന്റെ അനുമതിയും മന്ത്രിസഭയുടെ അംഗീകാരവും അനിവാര്യമാണ്. 100 കോടി രൂപയ്ക്കുമുകളിൽ വരുന്ന പദ്ധികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ള സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്ക് മുകളിൽ മതിപ്പു തുക വരുന്ന പദ്ധതികളാക്കി പരിഗണിക്കുന്നതാണ്.

2. പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് എസ്.പി.വി. എന്നതു കൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വി.-കളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ എസ്.പി.വി.-യെ വിഭാവന ചെയ്യുകയോ ചെയ്യാവുന്നതാണ്.

3. എസ്.പി.വി.-കൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമെനിന്നും വിദഗ്ദ്ധ ഉപദേഷ്ടാക്കളെ (Consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RFP) തയ്യാറാക്കുക എന്നത് എസ്.പി.വി.-ളുടെ ചുമതലയാണ്. ഇതു നടപ്പാക്കുന്നതിന് എസ്.പി.വി.-ൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെണ്ടറിംഗ് വഴിയുള്ള Consultant നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന Consultants-ന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും KIIFB-യിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.

4. ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതാണ്.

(ബി) നടപ്പുവർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതുമായ പ്രവൃത്തികളുടെ കരട് പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(സി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതികൾ വകുപ്പുകളുമായി കൂടിയാലോചിച്ച് ശിപാർശകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുള്ള പദ്ധതികളെ നിലവിൽ കിഫ്ബിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഇവയിൽ നിന്നും കിഫ്ബി വഴി നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ ശിപാർശ ചെയ്യുന്ന പദ്ധതികൾ ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി പരിഗണിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നികുതി സമാഹരണം

12 (293) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി സമാഹരണത്തിന് പുതിയതായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് നികുതി സമാഹരണത്തിൽ പുരോഗതി വന്നിട്ടുണ്ടോ ; വിശദമാക്കാമോ ?

### ഉത്തരം

(എ) നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

1. വാണിജ്യ നികുതി വകുപ്പ്

നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് റിട്ടേൺ സ്ക്രൂട്ടിനി ശക്തമാക്കി. കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി വലിയ തുകകൾ ഉൾപ്പെട്ട ഹൈക്കോടതിയിലുള്ള കേസുകൾ അടിയന്തരമായി തീർപ്പുകൽപ്പിച്ച് നികുതി പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഇതിനുപുറമേ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രൈബ്യൂണൽ എന്നിവയിൽ സ്റ്റേയിൽ കിടക്കുന്ന കേസുകളും അടിയന്തരമായി തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നികുതി പിരിവിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം ഡ്യൂട്ടി സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും കമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തൽസമയം തന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താൻ നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.

2. ലാന്റ് റവന്യൂ വകുപ്പ്

ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 1-8-2016 മുതൽ താലൂക്ക്-ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്. സ്പെഷ്യൽ ഡ്രൈവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 1-4-2011 മുതൽ പെർമിറ്റ് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ പട്ടിക ലഭ്യമാക്കി

പരിശോധിച്ച് അവയിൽ അസ്സസ് ചെയ്യുവാൻ ബാക്കിയുള്ളവ അസസ്സ് ചെയ്ത് നികുതി ഈടാക്കുന്നതിനും കെട്ടിട നികുതി-ആഡംബര നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനും നടപടി ജില്ലാ കളക്ടർമാർ സ്വീകരിക്കുന്ന തിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി ഇനത്തിൽ പിരിവ് ഊർജ്ജിതമാക്കുന്നതിനായി റവന്യൂ വകുപ്പിൽ പുതിയതായി ഒരു ആർ.ആർ. ഓൺലൈൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നുണ്ട്.

3. രജിസ്ട്രേഷൻ വകുപ്പ്

വിലയാധാരങ്ങളുടെ മുദ്ര നിരക്ക് പ്രാബല്യത്തിലുണ്ടായിരുന്ന 6 ശതമാന മെന്നുള്ളത് 2016 ഫിനാൻസ് ബില്ലിലൂടെ 2 ശതമാനം കൂട്ടി 8 ശതമാനമായി വർദ്ധിപ്പിച്ചു. 1-4-2010-നുമുമ്പ് രജിസ്റ്റർ ചെയ്തതും ഒരേക്കറിനു താഴെ വിസ്തീർണ്ണവുമുള്ള ഭൂമി ഉൾപ്പെട്ടുവരുന്നതുമായ അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. ഫ്ലാറ്റുകളുടെ രജിസ്ട്രേഷന് നിശ്ചിത യോഗ്യതയുള്ള എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി.

4. മോട്ടോർ വാഹന വകുപ്പ്

കാലപ്പഴക്കം ചെന്ന വാഹനങ്ങളിൽ നിന്നുള്ള വർദ്ധിച്ചതോതിലുള്ള പരിസ്ഥിതി മലിനീകരണം കണക്കിലെടുത്ത്, 15 വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ചെന്ന നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 10 വർഷത്തിൽ കൂടുതലുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഗ്രീൻ ടാക്സ് ചുമത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. അധിക നികുതി സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ വകുപ്പിനു കീഴിൽ വരുന്ന എല്ലാ ഓഫീസുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

5. എക്സൈസ് വകുപ്പ്

എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തിവരുന്നത്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും വ്യാജമദ്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ബി) നികുതി സമാഹരണത്തിലെ പുരോഗതി സംബന്ധിച്ച വകുപ്പു തിരിച്ചുള്ള വിവരങ്ങൾ താഴെക്കൊടുക്കുന്നു :

1. <u>വാണിജ്യ നികുതി വകുപ്പ്</u>

2015-16 സാമ്പത്തിക വർഷം ജൂൺ മാസം മുതൽ ആഗസ്റ്റ് മാസം വരെ പിരിച്ചെടുത്തത് 7374.06 കോടി രൂപയാണ്. 2016-17 സാമ്പത്തിക വർഷം ജൂൺ മാസം മുതൽ ആഗസ്റ്റ് മാസം വരെ പിരിച്ചെടുത്തത് 8131.14 കോടി രൂപയാണ്. 757.08 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2. <u>ലാന്റ് റവന്യൂ വകുപ്പ്</u>

2016-17 സാമ്പത്തിക വർഷത്തിൽ ലാന്റ് റവന്യൂ ഇനത്തിൽ വകുപ്പിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 377.62 കോടി രൂപയാണ്. അടിസ്ഥാന ഭൂനികുതി ഒഴികെയുള്ള മറ്റിനങ്ങളായ കെട്ടിട നികുതി, ആഡംബര നകുതി ഇനങ്ങളിൽ 2016 ആഗസ്റ്റ് മാസം വരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ കഴിഞ്ഞ വർഷം ഇതേ മാസം ഉണ്ടായിരുന്ന പിരിവിനേക്കാൾ കൂടുതലായി വന്നിട്ടുണ്ട്.

3. <u>രജിസ്ട്രേഷൻ വകുപ്പ്</u>

2015 ഏപ്രിൽ മാസം മുതൽ 2015 ആഗസ്റ്റ് മാസം വരെ രജിസ്ട്രേഷൻ വകുപ്പിൽ 1029.47 കോടി രൂപ നികുതി സമാഹരിച്ചിട്ടുണ്ട്. 2016 ഏപ്രിൽ മാസം മുതൽ 2016 ആഗസ്റ്റ് മാസം വരെ 1090.53 കോടി രൂപയാണ് ഈ ഇനത്തിൽ സമാഹരിച്ചിട്ടുള്ളത്. മുൻ വർഷത്തേക്കാൾ 61.06 കോടി രൂപ കൂടുതലായി ഈ വർഷം ലഭിച്ചിട്ടുണ്ട്.

4. <u>മോട്ടോർ വാഹന വകുപ്പ്</u>

മോട്ടോർ വാഹന വകുപ്പിന്റെ പ്രധാന വരുമാനമാർഗ്ഗം പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളിൽനിന്ന് കിട്ടുന്ന നികുതിയാണ്. ബഡ്ജറ്റിൽ നികുതി വർദ്ധന വന്നതിനാൽ വരുമാനത്തിലും വർദ്ധനവ് വന്നിട്ടുണ്ട്.

5. <u>എക്സൈസ് വകുപ്പ്</u>

2014-15 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2015-16 സാമ്പത്തിക വർഷത്തിൽ എക്സൈസ് വകുപ്പ് മുഖേനയുള്ള ആകെ വരുമാനത്തിൽ 8 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ആഗസ്റ്റ് മാസം വരെയുള്ള ആകെ വരുമാനത്തിൽ 2015-16 സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.7 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## മൈക്രോ ഫിനാൻസ്

13 (294) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ പ്രവർത്തനം ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഇവർ നടത്തുന്ന പണമിടപാടുകളിലെ ക്രമക്കേടുകൾ പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ ;

(സി) പലിശ, തവണ എന്നീ ഇനങ്ങളിൽ ഉപഭോക്താക്കളെ വഞ്ചിക്കുന്ന തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ;

(ഡി) മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൈക്രോ ഫിനാൻസ് ഉൾപ്പെടെയുള്ള ബാങ്കിതേതര ധനകാര്യ സ്ഥാപനങ്ങളെ കുറിച്ച് പഠിക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് വിശദമായ പഠനങ്ങൾക്കുശേഷം സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും നികുതി സെക്രട്ടറി കൺവീനറായും ആസൂത്രണ സാമ്പത്തിക കാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയും സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയും നിയമ സെക്രട്ടറിയും അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## കിഫ്ബി ശാക്തീകരിക്കാനായി സ്വീകരിച്ച നടപടി

14 (295) ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ (കിഫ്ബി) ശാക്തീകരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(ബി) കിഫ്ബിയുടെ ധനസമാഹരണ രീതികൾ വ്യക്തമാക്കാമോ ;

(സി) സമാഹരിക്കുന്ന ഫണ്ട് പ്രഖ്യാപിത ആവശ്യങ്ങൾക്കായി ഉപയോഗ പെടുത്തുന്നുവെന്ന് ഉറപ്പാക്കാൻ എന്ത് സംവിധാനമാണുള്ളത്; വ്യക്തമാക്കാമോ ;

(ഡി) കിഫ്ബി ശാക്തീകരിക്കുന്നതുവഴി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏതു തരത്തിലുള്ള ചലനം സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 1999-ൽ സംസ്ഥാന ധനകാര്യ വകുപ്പിനുകീഴിൽ കിഫ് ആക്ട് 1999 (2000-ലെ ആക്ട് 4) പ്രകാരം നിലവിൽ വന്ന സ്ഥാപനമാണ് കേരള ഇൻഫ്രാസ്ടക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി). നിലവിൽ ലഭ്യമായിട്ടുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തുവാനും സർക്കാർ നേരിട്ട് പൊതു പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം പൊതു-സ്വകാര്യ പങ്കാളിത്ത മാർഗ്ഗത്തിലൂടെ പദ്ധതികൾ നടപ്പിലാക്കാനും കിഫ്ബിയെ സജ്ജമാക്കുന്നത് ലക്ഷ്യമാക്കി കിഫ്ബിയുടെ ഘടന പരിഷ്കരിക്കുന്നതിനും തീരുമാനിച്ചു. അപ്രകാരം 19-8-2016-ലെ അസാധാരണ ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ 1464 പ്രകാരം പ്രസ്തുത ആക്ട് ഭേദഗതി ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട ബിൽ നിയമസഭയുടെ അംഗീകാരത്തിനായി പതിനാലാമത് കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. ടി ഭേദഗതി പ്രകാരം കിഫ്ബിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർപേഴ്സണായിട്ടുള്ള ബോർഡ്, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ചെയർപേഴ്സണായിട്ടുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി, അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയുടെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നതിന് FTAC എന്നിവ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയെ കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കുകയും ഒരു ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഗ്രൂപ്പ് കിഫ്ബിയിൽ രൂപീകരിക്കുന്നതിനുള്ള തീരുമാനവും കൈക്കൊണ്ടിട്ടുമുണ്ട്.

(ബി) ഇടക്കാലാവശ്യങ്ങൾക്കായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കുന്നതിനും ഇൻഫ്രാസ്ടക്ച്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (InvIT), ഇൻഫ്രാസ്ടക്ച്ചർ ഡെബ്റ്റ് (IDF) മുതലായ ഘടനയിലൂടെ ദീർഘകാലാടിസ്ഥാനത്തിൽ ഫണ്ട് സമാഹരിക്കുന്നതിനും ഇതിനുപുറമെ ലാന്റ് ബോണ്ട്, ദേശീയ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പകൾ എന്നിവയിലൂടെ ഫണ്ടുകൾ സ്വരൂപിക്കാനും ആക്ടിൽ വ്യവസ്ഥ ചെയ്യുന്നു.

(സി) കിഫ്ബി ഭേദഗതി ഓർഡിനൻസ് 2016, 6 സി വകുപ്പ് പ്രകാരം കിഫ്ബിയിൽ ഒരു ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ (FTAC) എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ കമ്മീഷനിൽ ചെയർപേഴ്സൺ ഉൾപ്പെടെ മൂന്നിൽ കുറയാതെയും എന്നാൽ അഞ്ചിൽ കൂടാതെയുമുള്ള അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ കിഫ്ബി സ്വരൂപിക്കുന്ന നിധിയുടെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നതും നിധിയുടെ എല്ലാ നിക്ഷേപങ്ങളും ഭേദഗതി ഓർഡിനൻസിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസൃതമാണെന്നും കിഫ്ബിയുടെ ഫണ്ട് അഥവാ നിധി വകമാറ്റി ചെലവഴിക്കുന്നില്ല എന്നും ഉറപ്പു വരുത്തുകയും ചെയ്യുന്നത് FTAC ആയിരിക്കും. കമ്മീഷൻ ഭേദഗതി ഓർഡിനൻസ് സെക്ഷൻ ഡി (2) പ്രകാരം FTAC, തുകകളുടെ വിനിയോഗവും അധിക തുകയുടെ നിക്ഷേപവും നടത്തുന്നുവെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഓരോ ആറ് മാസത്തിലും ഒരു ഫിഡെലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. അതിലൂടെ നിക്ഷേപകരുടെ വിശ്വാസ്യത ഉറപ്പാക്കുകയും ചെയ്യുന്നു.

(ഡി) നിലവിൽ വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികളുൾപ്പെടുന്ന അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ട് ബഡ്ജറ്റിലൂടെ ലഭ്യമാക്കുക എന്നത് ഒരു വെല്ലുവിളിയാണ്. ആയതിനാൽ ബഡ്ജറ്റിനു പുറമെ നിന്നുള്ള വായ്പയിലൂടെ കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് വൻതോതിൽ നിക്ഷേപം നടത്തുക വഴി സംസ്ഥാനത്തിന്റെ ഗതാഗതം, വാണിജ്യം, വ്യാവസായികം, വിദ്യാഭ്യാസം, തൊഴിൽ, ഊർജ്ജം തുടങ്ങിയ മേഖലകൾ ശക്തിപ്പെടുകയും അതുവഴി പുരോഗതി കൈവരിക്കാൻ സാധിക്കുകയും ചെയ്യും.

**കാരുണ്യ പദ്ധതി**

15 (296) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ പദ്ധതി ആരംഭിച്ചതിനുശേഷം എത്ര രോഗികൾക്ക് ഫണ്ട് അനുവദിച്ചു എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കാരുണ്യ പദ്ധതിയിൽ ചികിത്സാ സഹായം ലഭിക്കുവാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്കിന്റെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി ജില്ലാതല കമ്മിറ്റികളുടെ ശിപാർശ പ്രകാരം ലഭിക്കുന്ന അപേക്ഷകളുടെ പ്രീ-ഓതറൈസേഷൻ അപ്പപ്പോൾതന്നെ നൽകിവരുന്നു. സ്വകാര്യ ആശുപത്രികൾക്കുള്ള ഓതറൈസേഷനും ഇപ്രകാരം തന്നെ അതാത് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്നും നൽകുകയും പ്രസ്തുത ആശുപത്രികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കുതന്നെ കാലതാമസം കൂടാതെ അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം നടപടികൾ കൈക്കൊള്ളുന്നതിനായി ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം ലഭിക്കാൻ കാലതാമസം നേരിടുന്നില്ല.

**കേന്ദ്ര വിഹിതം**

16 (297) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 ആഗസ്റ്റ് 31 വരെ കേന്ദ്ര വിഹിത ഇനത്തിൽ ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ പ്രത്യേക സഹായം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജൂൺ 2016 മുതൽ 31 ആഗസ്റ്റ് 2016 വരെ 3060.48 കോടി രൂപ കേന്ദ്ര നികുതി വിഹിതമായി ലഭിച്ചിട്ടുണ്ട്.

(ബി) 2016 സാമ്പത്തിക വർഷം, ജൂലൈ 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 1095.58 കോടി രൂപ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി ലഭിച്ചിട്ടുണ്ട്. ഇത് മുകളിൽ പ്രസ്താവിച്ചിട്ടുള്ള നികുതി വിഹിതത്തിനു പുറമെ ലഭിച്ചതാണ്.

**കാരുണ്യ ചികിത്സ**

17 (298) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിത്സ സഹായ നിധിയുമായി ബന്ധപ്പെട്ട ലിസ്റ്റിലുള്ള എറണാകുളം ജില്ലയിലെ ആശുപത്രികളുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ ;

(ബി) പുതുതായി ഏതെങ്കിലും ആശുപത്രികളെ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്താൻ പദ്ധതി ഉണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ ആശുപത്രികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് പുതുതായി ആശുപത്രികളെ ടി പദ്ധതിയിലേയ്ക്ക് തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

18 (299) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാരുണ്യ ചികിത്സ പദ്ധതിയിൽ ഏതൊക്കെ രോഗങ്ങളുടെ ചികിത്സയ്ക്കാണ് സാമ്പത്തിക സഹായം നൽകുന്നതെന്നും കൂടുതൽ രോഗങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വിശദമാക്കാമോ ?

ഉത്തരം

ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം, ഹീമോഫീലിയ എന്നീ രോഗങ്ങളുടെ ചികിത്സ, ശ്വാസകോശം, നട്ടെല്ല്, സുഷ്മ്നാനാഡി എന്നിവയ്ക്കുണ്ടാകുന്ന മാരകമായ രോഗങ്ങളുടെ ചികിത്സ, കരൾ, തലച്ചോർ എന്നിവയുടെ സർജറി എന്നിവയ്ക്കാണ് നിലവിൽ ചികിത്സാ ധനസഹായം നൽകുന്നത്. കൂടുതൽ രോഗങ്ങളുടെ കാര്യം പരിഗണനയിലാണ്.

## മാന്ദ്യവിരുദ്ധ പാക്കേജ്

19 (300) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രത്യേക മാന്ദ്യ വിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം മേഖലകളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) പ്രസ്തുത പാക്കേജിനുള്ള വിഭവ സമാഹരണം എങ്ങനെയാണ് കണ്ടെത്തുന്നത് വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത പാക്കേജ് നടപ്പാക്കാൻ എത്ര കോടി രൂപ വേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ ദ്രുതഗതിയിലുള്ള വളർച്ച ഉറപ്പു വരുത്താൻ ഒരു മാന്ദ്യവിരുദ്ധ പാക്കേജ് ആവിഷ്കരിച്ചിട്ടുണ്ട്. പ്രത്യേക നിക്ഷേപ പദ്ധതി എന്ന പേരിലാണ് ഈ സ്കീം അറിയപ്പെടുന്നത്. ഈ പാക്കേജിൽ വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കുകൾ തുടങ്ങിയ മൂലധന ചെലവുകളാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ഉൾപ്പെടെ 20,000 കോടിയിലധികം രൂപയുടെ പദ്ധതികളാണ് പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം വിവിധ മേഖലകളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രധാനമായും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) മുഖേനയാണ് പ്രത്യേക നിക്ഷേപ പദ്ധതിക്ക് ആവശ്യമായ ധനസമാഹരണം നടത്തുന്നത്. സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഇതിനുവേണ്ടി കിഫ്ബി ഉപയോഗപ്പെടുത്തുന്നതാണ്. കിഫ്ബിയെ ഇതിനായി സജ്ജമാക്കുന്നതിനുള്ള നിയമഭേദഗതികൾ ഇതിനോടകം തന്നെ വരുത്തിയിട്ടുണ്ട്. ഈ കടമെടുപ്പ് പ്രക്രിയയുടെ വിശ്വാസ്യത ഉറപ്പിക്കാനും നിക്ഷേപകർക്ക് അവരുടെ മുതലും പലിശയും താമസംവിനാ നൽകുമെന്ന് ഉറപ്പ് നൽകാനും ഒരു ഫണ്ട്സ് ട്രസ്റ്റീ ഉപദേശക കമ്മീഷൻ (എഫ്റ്റാക്ക്) രൂപീകരിക്കും. ഫണ്ടിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾ വകമാറ്റി ചെലവഴിക്കാതെ അംഗീകൃത സ്കീമുകൾക്ക് മാത്രം വിനൃസിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക എന്നുള്ളതാണ് എഫ്റ്റാക്കിന്റെ പ്രാഥമിക ചുമതല.

മോട്ടോർ വാഹന നികുതിയുടെ ഒരു വിഹിതം എല്ലാ വർഷവും കിഫ്ബിയ്ക്ക് നൽകുന്നതിന് നിയമപ്രകാരം ഉറപ്പാക്കിയിട്ടുണ്ട്. ഇതിനുപുറമെ പെട്രോളിന്മേലുള്ള സെസും കിഫ്ബിക്ക് കൈമാറും. സർക്കാരിൽ നിന്നും ലഭിക്കേണ്ട എല്ലാ തുകകളും ആഗസ്റ്റ് മാസത്തിന്റെ അവസാന പ്രവൃത്തി ദിനം തീരുംമുമ്പ് കിഫ്ബിയുടെ അക്കൗണ്ടിലേയ്ക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്താണ് പ്രത്യേക നിക്ഷേപ പദ്ധതിക്ക് ആവശ്യമായ വായ്പ കിഫ്ബി സമാഹരിക്കുന്നത്. ഇത്തരമൊരു വിപുലമായ മൂലധന നിക്ഷേപ പദ്ധതിക്കായി ഓരോ അടിസ്ഥാന സൗകര്യ പ്രോജക്ടിന്റെയും പ്രത്യേക വിശേഷണങ്ങൾക്ക് അനുസൃതമായി വ്യത്യസ്ത കടപ്പത്രങ്ങൾ ഉപയോഗിക്കുന്നതാണ്. പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും സെബിയുടെ പുതിയ ഇഷ്യൂ ആന്റ് ലിസ്റ്റിങ്ങ് ഓഫ് ഡെറ്റ് സെക്യൂരിറ്റീസ് മാർഗ്ഗരേഖ പ്രകാരം സർക്കാർ ഗ്യാരന്റിയോടെ കടപ്പത്രം ഇറക്കുവാൻ അനുമതി നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാരുണ്യ ബെനവലന്റ് സ്കീം

20 (301) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ലോട്ടറി വിൽപ്പനവഴി ഇതുവരെ എത്ര കോടി രൂപ സമാഹരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം എത്ര കോടി രൂപ രോഗികൾക്ക് വിതരണം ചെയ്തിട്ടുണ്ട്;വിശദമാക്കാമോ ;

(സി) പ്രസ്തുത തുകയിൽ എത്ര കോടി രൂപ രോഗികളുടെ ചികിത്സയ്ക്ക് ശേഷവും ഓരോ ആശുപത്രിയുടെയും അക്കൗണ്ടിലുണ്ട്; വ്യക്തമാക്കാമോ ;

(ഡി) ഏതെല്ലാം ആശുപത്രിയുടെ അക്കൗണ്ടിലാണ് പ്രസ്തുത തുക രണ്ട് കോടിയിലധികമുള്ളത് ; ആശുപത്രികളുടെ പേരും 31-8-2016-ന് അവരുടെ കൈവശമുള്ള തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) രോഗികളുടെ ചികിത്സയ്ക്ക് ശേഷം ബാക്കിവരുന്ന തുക തിരിച്ചെടുക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(എഫ്) കാരുണ്യ ബെനവലന്റ് സ്കീം ഹെഡ്ക്വാർട്ടറിൽ എത്ര പേർ ജോലി ചെയ്യുന്നു; ഇവർക്ക് ഒരു വർഷം ശമ്പള ഇനത്തിൽ എന്ത് തുക ചെലവാകുന്നു എന്ന് വ്യക്തമാക്കാമോ ;

(ജി) കാരുണ്യ ബെനവലന്റ് സ്കീമിന്റെ ഭരണനിർവ്വഹണ ചെലവ് പരിമിതപ്പെടുത്താൻ ഓഫീസ് ഓട്ടോമേഷൻ പൂർണ്ണമായും നടപ്പിലാക്കുമോ; കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം ഒ.പി. ടിക്കറ്റിന്റെ അടിസ്ഥാനത്തിൽ 3,000 രൂപ വരെ നൽകുന്ന പദ്ധതിയിലെ വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കാമോ?

ഉത്തരം

(എ) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളുടെ വിൽപ്പനയിലൂടെ 2016 സെപ്റ്റംബർ 17 വരെ 5132.41 കോടി രൂപ സമാഹരിക്കുകയും ചെലവ് (സമ്മാനം, ഏജന്റ്സ് കമ്മീഷൻ, ഡിസ്കൗണ്ട്, അച്ചടിക്കൂലി, പരസ്യം, നികുതി) കഴിഞ്ഞ് ഏകദേശം 1038.97 കോടി രൂപ അറ്റാദായം/ലാഭമായി ലഭിച്ചിട്ടുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | കാരുണ്യ ലോട്ടറി | | കാരുണ്യ പ്ലസ് ലോട്ടറി | |
|---|---|---|---|---|
| | വിറ്റുവരവ് (രൂപ കോടിയിൽ) | ഏകദേശ ലാഭം ( രൂപ കോടിയിൽ) | വിറ്റുവരവ് (രൂപ കോടിയിൽ) | ഏകദേശ ലാഭം (രൂപ കോടിയിൽ) |
| 2011-12 | 188.87 | 38.96 | --- | --- |
| 2012-13 | 464.61 | 105.25 | --- | --- |
| 2013-14 | 602.10 | 132.02 | --- | --- |
| 2014-15 | 695.27 | 141.80 | 681.92 | 131.40 |
| 2015-16 | 803.45 | 155.59 | 823.91 | 147.96 |
| 2016-17 (സെപ്തംബർ 17 വരെ) | 447.77 | 98.24 | 424.51 | 87.75 |
| ആകെ | 3202.07 | 671.86 | 1930.34 | 367.11 |

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായമായി സർക്കാർ ആശുപത്രികൾക്ക് 726.02 കോടി രൂപയും സ്വകാര്യ അക്രഡിറ്റഡ് ആശുപത്രികൾക്ക് 85.87 കോടി രൂപയും പ്രത്യേകാനുമതി പ്രകാരം 5.17 കോടി രൂപയും ഒറ്റത്തവണ സമാശ്വാസ പദ്ധതിക്കായി 12.58 കോടി രൂപയും റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 4.04 കോടി രൂപയും ഉൾപ്പെടെ ആകെ 833.68 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി&ഡി) രോഗികളുടെ ചികിത്സക്കുശേഷം ഓരോ ആശുപത്രിയുടേയും അക്കൗണ്ടിൽ അവശേഷിച്ചിട്ടുള്ള തുകയുടെ കണക്ക് ആശുപത്രികൾ നൽകുന്നില്ല. ആയതിനാൽ അവ ലഭ്യമല്ല. അവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം സർക്കാർ ആശുപത്രികൾക്ക് നൽകുന്ന തുകയിൽ ഉപയോഗിച്ച് കഴിഞ്ഞ് ബാക്കി വരുന്ന തുക അടിയന്തരമായി തിരിച്ചടയ്ക്കാൻ തുക നൽകുന്ന ഉത്തരവിൽ തന്നെ നിർദ്ദേശം നൽകാറുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ആശുപത്രികൾക്ക് നിരന്തരം നിർദ്ദേശങ്ങൾ നൽകിവരുന്നു.

(എഫ്) കാരുണ്യ ബെനവലന്റ് ഫണ്ട് ഹെഡ് ഓഫീസിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ഇപ്പോൾ 28 പേർ ജോലി ചെയ്തുവരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ 35 പേർ ജോലി ചെയ്തിരുന്നു. ഇവർക്കായി 44,10,224 രൂപ (നാൽപത്തി നാല് ലക്ഷത്തി പതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തി നാല് രൂപ മാത്രം) ശമ്പള ഇനത്തിൽ ചെലവായിട്ടുണ്ട്. കൂടാതെ സ്ഥിരം തസ്തികയിൽ 5 ജീവനക്കാർ ജോലി ചെയ്യുന്നു. പ്രസ്തുത ജീവനക്കാർക്ക് ശമ്പള ഇനത്തിൽ പ്രതിവർഷം ഏകദേശം 35,07,084 രൂപ (മുപ്പത്തിയഞ്ച് ലക്ഷത്തി ഏഴായിരത്തി എൺപത്തിനാല് രൂപ മാത്രം) ചെലവാകുന്നുണ്ട്.

(ജി) കാരുണ്യ ബെനവലന്റ് സ്കീമിന്റെ ഭരണ നിർവ്വഹണ ചെലവ് പരിമിത പെടുത്താൻ സോഫ്റ്റ്‌വെയർ നവീകരണം ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഒ.പി. ടിക്കറ്റിന്റെ അടിസ്ഥാത്തിൽ 3,000 രൂപ (മൂവായിരം രൂപ) വരെ നൽകുന്ന പദ്ധതിയിലെ സുതാര്യമില്ലായ്മയും ഫലക്കുറവുംമൂലം പ്രസ്തുത പദ്ധതി ഇപ്പോൾ തുടരുന്നില്ല.

**കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി**

21 (302) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇല്ലെങ്കിൽ പുതിയ സർക്കാർ വന്നതിനുശേഷം എത്രപേർക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും പ്രത്യേകാനുമതി മുഖേനയും സാധാരണനിലയിലും ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും പ്രത്യേകാനുമതി നൽകിയ ഏറനാട് മണ്ഡലത്തിൽ നിന്നുമുള്ള അപേക്ഷകരുടെ അപേക്ഷകളിന്മേൽ ധനസഹായ വിതരണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും, ആർക്കെല്ലാമാണ് ധനസഹായം നൽകാനുള്ളതെന്നും, ആയത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാധാരണ നിലയിൽ 14,054 രോഗികൾക്കായി 159.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 81 പേർക്ക് പ്രത്യേകാനുമതി പ്രകാരം ചികിത്സാ ധനസഹായം അനുവദിക്കാൻ കാരുണ്യ ബെനവലന്റ് ഫണ്ട് സ്റ്റേറ്റ് ലെവൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

(സി) ഏറനാട് മണ്ഡലത്തിൽനിന്നുള്ള പ്രത്യേകാനുമതി പ്രകാരമുള്ള അപേക്ഷകരുടെ അപേക്ഷകളിന്മേൽ ധനസഹായ വിതരണം പൂർത്തിയായിട്ടില്ല. 14 ജില്ലകളുടെ അപേക്ഷകളിന്മേൽ ജില്ല തിരിച്ച് ഡോക്ടർമാരുടെ സബ്കമ്മിറ്റി പരിശോധിച്ചുവരുന്നു. ആയതിനാലാണ് ധനസഹായം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നത്. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണ്. ഏറനാട് മണ്ഡലത്തിൽനിന്നും 6 അപേക്ഷകരുടെ അപേക്ഷയിന്മേൽ ധനസഹായം നൽകാനുണ്ട്. അവരുടെ പേരുകൾ ചുവടെ ചേർക്കുന്നു :

1. ശ്രീ. മുഹമ്മദ് ഷാബിൽ എം.
2. ശ്രീമതി തസ്നീം പി.
3. ശ്രീ. ബാബുരാജ്
4. ശ്രീ. ഷിഹാബുദ്ദീൻ
5. ശ്രീമതി ആരിഫ
6. ശ്രീ. ചാക്കോ എം. എം.

ടി അപേക്ഷകളിന്മേൽ ഡോക്ടേഴ്സ് കമ്മിറ്റിയുടെ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയും പെട്ടെന്ന് തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

**കടാശ്വാസ പദ്ധതി**

22 (303) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി, ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്ക് കടാശ്വാസ പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) എത്ര കുടുംബങ്ങൾക്കാണ് ഇതിന്റെ ആനുകൂല്യം കിട്ടുന്നത്; വ്യക്തമാക്കുമോ ;

(ഡി) ഏതൊക്കെ വായ്പകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാത്തതായിട്ടുള്ളത് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 20-8-2016-ലെ സ.ഉ.(പി.) നമ്പർ 118/2016/ധന. പ്രകാരം ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്കായി കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി സർക്കാർ ഒറ്റത്തവണയായി നടപ്പാക്കുന്ന കടാശ്വാസ പദ്ധതിയാണിത്. മുതലിന്റെ ഇരട്ടിയിലധികം തിരിച്ചടച്ചശേഷവും വായ്പാകുടിശ്ശികമാത്രം കൈമുതലായുള്ള സാധാരണക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും ആശ്വാസമാകുന്നതാണ് ഈ കടാശ്വാസ പദ്ധതി. അഞ്ചുലക്ഷം വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകളാണ് എഴുതിത്തള്ളുന്നത്. ഇതിന് പുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാതുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുനഃക്രമീകരിച്ചും നൽകുന്നതാണ്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽനിന്നും റവന്യൂ വകുപ്പിൽനിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്. വായ്പാസ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന കടാശ്വാസ അപേക്ഷയിന്മേൽ തീർപ്പുണ്ടാക്കി രണ്ട് മാസത്തിനുള്ളിലെ നിശ്ചിത തീയതിയിൽ മുൻകൂട്ടി അറിയിച്ച് ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ ഈടുകളും തിരികെ നൽകുന്നതാണ്. പദ്ധതി നടത്തിപ്പിനായി ഗുണഭോക്താവിൽ നിന്ന് അപേക്ഷയൊഴികെ യാതൊരു സർട്ടിഫിക്കറ്റുകളും ആവശ്യപ്പെടുന്നതല്ല. പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു.*

(സി) പതിനായിരത്തോളം കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 3.4 പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വായ്പകളാണ് കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടാത്തത് :

- സ്വർണ്ണ ഈടിന്മേലുള്ള വായ്പകൾ
- സർക്കാർ ജീവനക്കാർ എടുത്തിട്ടുള്ള വായ്പകൾ
- വ്യക്തികൾക്കല്ലാതെ നൽകിയിട്ടുള്ള വായ്പകൾ
- അഞ്ച് ലക്ഷം രൂപയിൽ കൂടുതലായെടുത്ത വായ്പകൾ
- ഉത്തരവ് തീയതിയിൽ കട ബാദ്ധ്യത നിലവിലില്ലാത്ത വായ്പകൾ.

**പെട്രോൾ/ഡീസൽ വില വർദ്ധന**

23 (304) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര തവണ പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധനവുണ്ടായി ;

(ബി) ഒരു ലിറ്റർ പെട്രോൾ/ഡീസലിന് സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതി എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവയ്ക്ക് ഏർപ്പെടുത്തിയ നികുതി ശതമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) സാധാരണക്കാർക്ക് ആശ്വാസമാകുവാൻ നിലവിൽ സംസ്ഥാന സർക്കാർ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ചുമത്തുന്ന നികുതി ഭാരം കുറക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെട്രോളിയം കമ്പനികൾ വില 4 തവണയും ഡീസലിന്റെ വില 3 തവണയും വർദ്ധിപ്പിക്കുകയുണ്ടായി.

(ബി) ഒരു ലിറ്റർ പെട്രോളിന് 31.80 ശതമാനവും ഡീസലിന് 24.52 ശതമാനവുമാണ് വിൽപ്പന നികുതിയായി ചുമത്തുന്നത്. കൂടാതെ ലിറ്ററിന് ഒരു രൂപാ നിരക്കിൽ അധിക വിൽപ്പന നികുതിയും ഒരു ശതമാനം സോഷ്യൽ സെക്യൂരിറ്റി സെസ്സും ചുമത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പെട്രോളിന്റെ നികുതി നിരക്ക് 31.80 ശതമാനമായും ഡീസലിന്റേത് 24.52 ശതമാനമായും 20-2-2015 മുതൽ പുനഃക്രമീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ബാങ്കുകൾ വഴി വിദ്യാഭ്യാസ വായ്പ**

24 (305) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ നൽകുന്നത് പ്രവേശന പരീക്ഷാ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മാത്രമായി ചുരുക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് ഒരു വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ ലഭിക്കാതിരിക്കുന്നതിന് കാരണമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സാഹചര്യത്തിൽ മറ്റു സംസ്ഥാനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും പ്രസ്തുത ബാങ്കുകൾ വഴി വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന്അറിയിക്കുമോ ?

ഉത്തരം

(എ) അപ്രകാരം ഒരു നിയന്ത്രണവും ഏർപ്പെടുത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തിന് പുറത്ത് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും നിലവിൽ വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ട്.

**ആസ്തിവികസന ഫണ്ട്**

25 (306) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 സാമ്പത്തികവർഷം മുതൽ 31-8-2016 വരെയുള്ള കാലത്ത് ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട് എന്നുള്ളതിന്റെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിലെ ഏതെങ്കിലും പ്രൊപ്പോസലുകൾ ഭരണാനുമതിയ്ക്കായി ധനകാര്യ വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഏത് പ്രവൃത്തി ;

(സി) എത്ര രൂപയുടെ ഭരണാനുമതിക്കാണ് ആസ്തിവികസന ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആസ്തിവികസന പദ്ധതി ആരംഭിച്ച 2012-13 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലേയ്ക്കായി ഭരണ വകുപ്പ് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഓപ്പൺ എയർ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തി ഭരണാനുമതിക്കായി ലഭ്യമായത് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

(സി) നിയോജകമണ്ഡലം-ആസ്തിവികസന പദ്ധതിയിലേയ്ക്കായി ഓരോ നിയോജകമണ്ഡലത്തിലേയ്ക്കും ഓരോ സാമ്പത്തിക വർഷവും 5 കോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്.

## റബ്ബറിന്റെ മിനിമം താങ്ങുവില

26 (307) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബറിന്റെ വില തകർച്ച അതിജീവിയ്ക്കുവാൻവേണ്ടി മിനിമം താങ്ങു വിലയായ 150 രൂപ റബ്ബർ കർഷകർക്ക് നൽകുന്നതിനുവേണ്ടി 2016-17 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്;

(ബി) റബ്ബർ കർഷകർ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ, ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര റബ്ബർ കർഷകർക്ക് മിനിമം താങ്ങുവില പദ്ധതിയുടെ പ്രയോജനം കിട്ടി; എത്ര രൂപ ആകെ നൽകി?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 20-9-2016 വരെ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൻകീഴിൽ 637635 സെയിൽസ് ബില്ലുകളിലായി 192.83 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ 296430 റബ്ബർ കർഷകർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വൈപ്പിൻ മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ

27 (308) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-15 കാലയളവിൽ എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച വൈപ്പിൻ മണ്ഡലത്തിലെ വിവിധ പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളത് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രവൃത്തികളിൽ എഗ്രിമെന്റ് കാലാവധി കഴിഞ്ഞവ ഏതൊക്കെയെന്നും പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്ന കരാറുകാർ ആരൊക്കെയെന്നും വ്യക്തമാക്കുമോ ;

(സി) കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ ബന്ധപ്പെട്ട വകുപ്പ് സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കുമോ ;

(ഡി) മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ കർശന നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2011-2015 കാലയളവിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച വൈപ്പിൻ മണ്ഡലത്തിലെ വിവിധ പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളവയെ സംബന്ധിച്ച വിശദവിവരം അനുബന്ധം-I ആയി നൽകിയിട്ടുണ്ട്.*

(ബി) വിശദവിവരം അനുബന്ധം - II ആയി നൽകിയിട്ടുണ്ട്.*

(സി) കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കാത്ത പ്രവൃത്തികളിൽ കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(ഡി) പല പ്രവൃത്തികളും മുടങ്ങിക്കിടക്കുന്നത് അതിർത്തി തർക്കംമൂലവും സ്ഥലത്തിന്റെ ഉടമസ്ഥതയെ സംബന്ധിച്ച തർക്കംമൂലവുമാണ്. അത്തരം പ്രവൃത്തികളിൽ പരിഹാര നടപടികൾക്കായി ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളുടേയും എം.എൽ.എ.-യുടേയും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. അല്ലാത്ത പ്രവൃത്തികൾക്ക് നോട്ടീസിന് തൃപ്തികരമായ മറുപടി നൽകാത്ത കരാറുകാരെ റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിൽ കരാറിൽ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**നികുതിയിളവ്**

28 (309) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-2016 കാലയളവിൽ ഏതെല്ലാം ഇനങ്ങളിൽ നികുതിയിളവ് നൽകിയിട്ടുണ്ടെന്നുള്ളതിന്റെ വിശദവിവരം നൽകുമോ ;

(ബി) ഇതിന്റെ ഭാഗമായി ഖജനാവിന് വന്നിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകുമോ ;

(സി) ഗുരുതരമായ കൃത്യവിലോപം നടത്തിയതായി ആക്ഷേപമുള്ളവർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) ഇത് സംബന്ധിച്ച വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) ആക്ഷേപം ഉയർന്ന കേസുകളിൽ അന്വേഷണം നടക്കുകയാണ്.

(സി&ഡി) വിവിധ നികുതിയിളവുകൾ സംബന്ധിച്ച് വിജിലൻസ് അടക്കം പരിശോധിച്ചുവരികയാണ്. പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന സാഹചര്യം**

29 (310) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാങ്കുകൾ സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പകൾ നൽകുന്നത് പ്രവേശന പരീക്ഷാ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മാത്രമായി ചുരുക്കി മറ്റുള്ളവർക്ക് വായ്പ നിഷേധിക്കുന്ന സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) മറ്റ് സംസ്ഥാനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ബാങ്കുകൾ വഴി വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ: വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) അപ്രകാരം ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുള്ളതായി അറിയില്ല.

(ബി) സംസ്ഥാനത്തിന് പുറത്ത് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും നിലവിൽ വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ട്.

**സംസ്ഥാനത്തെ ട്രഷറി മിച്ചം**

30 (311) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ ട്രഷറി മിച്ചം എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) 31-5-2016-ലെ കണക്ക് പ്രകാരം ക്ഷേമപെൻഷൻ കുടിശ്ശിക, വിവിധ വകുപ്പുകൾക്കുള്ള ബിൽകുടിശ്ശിക, കരാറുകാരുടെ കുടിശ്ശിക എന്നിവ എത്ര ഉണ്ടായിരുന്നുവെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ;

(സി) ഓരോ കുടിശ്ശികയും ഏത് തീയതിവരെ കൊടുത്തു തീർത്തുവെന്നും അതിനായി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ ട്രഷറി ബില്ലുകളിലെ നിക്ഷേപം 1009.30 കോടി രൂപയായിരുന്നു.

(ബി) 31-5-2016-ലെ വകുപ്പുതല കണക്കുകൾ പ്രകാരം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക 1505.49 കോടി രൂപയായിരുന്നു. കൂടാതെ 800 കോടി രൂപയ്ക്കുള്ള വിവിധ വകുപ്പുകളുടെ ബില്ലുകൾ വെയ്സ് & മീൻസ്, ട്രഷറി ക്യൂവിലും കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ 1775.59 കോടി രൂപയും കൊടുത്തു തീർക്കുവാൻ ഉണ്ടായിരുന്നു.

(സി) ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമായ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1477.92 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വെയ്സ് & മീൻസ്, ട്രഷറി ക്യൂ ഇനത്തിൽ 24-9-2016 വരെ 792.09 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിന് ജൂലൈ 2015 വരെയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിന് ഡിസംബർ 2015 വരെയും ജലവിഭവ വകുപ്പിന് ഒക്ടോബർ 2015 വരെയുമുള്ള കുടിശ്ശിക നൽകുന്നതിനായി ഏകദേശം 991.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## സർക്കാർ ജീവനക്കാർക്കുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

31 (312) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് നിയമിച്ചതും ഇപ്പോൾ തുടരുന്നതുമായ ശമ്പള പരിഷ്കണ കമ്മീഷൻ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്തിരുന്നോ ;

(ബി) എങ്കിൽ ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ എന്തെല്ലാം മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) ശിപാർശ പരിഗണിച്ചുകൊണ്ട് സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിലെ രണ്ടാം ഭാഗത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ശിപാർശ ചെയ്തിട്ടുണ്ട്.

(ബി&സി) പരിശോധിച്ചുവരുന്നു.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ ആശുപത്രികൾക്ക് അനുവദിച്ച ആംബുലൻസുകൾ

32 (313) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന ഫണ്ടിൽനിന്ന് കരുനാഗപ്പള്ളി ഗവൺമെന്റ് ആശുപത്രി, തഴവ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവയ്ക്കായി അനുവദിച്ച ആംബുലൻസുകൾ നാളിതുവരെ പ്രസ്തുത സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആംബുലൻസുകൾ നിരത്തിലിറക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആംബുലൻസുകൾ നിരത്തിലിറക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾക്ക് ആംബുലൻസുകൾ വാങ്ങുന്നതിന് ധനാനുമതി നൽകിയിട്ടില്ല. എന്നാൽ 2015-16 സാമ്പത്തിക വർഷത്തെ ആസ്തിവികസന ഫണ്ടിൽനിന്നും അനുവദിച്ച ആംബുലൻസുകൾ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**മാന്ദ്യവിരുദ്ധ പാക്കേജ്**

33 (314) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഏതൊക്കെ പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) കിഫ്ബിയുടെ പ്രവർത്തനം വ്യക്തമാക്കുമോ ;

(ഡി) പാക്കേജിൽപ്പെടുത്തി ഈ സാമ്പത്തികവർഷം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവൃത്തികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ ദ്രുതഗതിയിലുള്ള വളർച്ച ഉറപ്പു വരുത്തുവാൻ ഒരു മാന്ദ്യവിരുദ്ധ പാക്കേജ് ആവിഷ്കരിച്ചിട്ടുണ്ട്. പ്രത്യേക നിക്ഷേപ പദ്ധതി എന്ന പേരിലാണ് ഈ സ്കീം അറിയപ്പെടുന്നത്. ഈ പാക്കേജിൽ വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കുകൾ തുടങ്ങിയ മൂലധന ചെലവുകളാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ഉൾപ്പെടെ 20,000 കോടിയിലധികം രൂപയുടെ പദ്ധതികളാണ് പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം വിവിധ മേഖലകളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രത്യേക നിക്ഷേപ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) മുഖേനയാണ് പ്രത്യേക നിക്ഷേപ പദ്ധതിക്ക് ആവശ്യമായ ധനസമാഹരണം നടത്തുന്നത്. സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനമാഹരണ സംവിധാനങ്ങൾ ഇതിനുവേണ്ടി കിഫ്ബി ഉപയോഗപ്പെടുത്തുന്നതാണ്. കിഫ്ബിയെ

ഇതിനായി സജ്ജമാക്കുന്നതിനുള്ള നിയമഭേദഗതികൾ ഇതിനോടകംതന്നെ വരുത്തിയിട്ടുണ്ട്. ഈ കടമെടുപ്പ് പ്രക്രിയയുടെ വിശ്വാസ്യത ഉറപ്പിക്കുവാനും നിക്ഷേപകർക്ക് അവരുടെ മുതലും പലിശയും താമസംവിനാ നൽകുമെന്ന് ഉറപ്പ് നൽകുവാനും ഒരു ഫണ്ട്സ് ട്രസ്റ്റീ ഉപദേശക കമ്മീഷൻ (എഫ്റ്റാക്ക്) രൂപീകരിക്കും. ഫണ്ടിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾ വകമാറ്റി ചെലവഴിക്കാതെ അംഗീകൃത സ്കീമുകൾക്ക് മാത്രം വിന്യസിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക എന്നുള്ളതാണ് എഫ്റ്റാക്കിന്റെ പ്രാഥമിക ചുമതല.

മോട്ടോർ വാഹന നികുതിയുടെ ഒരു വിഹിതം എല്ലാ വർഷവും കിഫ്ബിക്ക് നൽകുന്നതിന് നിയമപ്രകാരം ഉറപ്പാക്കിയിട്ടുണ്ട്. ഇതിനുപുറമെ പെട്രോളിന്മേലുള്ള സെസും കിഫ്ബിക്ക് കൈമാറും. സർക്കാരിൽനിന്നും ലഭിക്കേണ്ട എല്ലാ തുകകളും ആഗസ്റ്റ് മാസത്തിന്റെ അവസാന പ്രവൃത്തി ദിനം തീരുംമുമ്പ് കിഫ്ബിയുടെ അക്കൗണ്ടിലേയ്ക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വരുമാനത്തെ സെക്യൂരറ്റൈസ് ചെയ്താണ് പ്രത്യേക നിക്ഷേപ പദ്ധതിക്ക് ആവശ്യമായ വായ്പ കിഫ്ബി സമാഹരിക്കുന്നത്. ഇത്തരമൊരു വിപുലമായ മൂലധന നിക്ഷേപ പദ്ധതിക്കായി ഓരോ അടിസ്ഥാന സൗകര്യ പ്രോജക്ടിന്റെയും പ്രത്യേക വിശേഷണങ്ങൾക്കനുസൃതമായി വ്യത്യസ്ത കടപ്പത്രങ്ങൾ ഉപയോഗിക്കുന്നതാണ്. പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും സെബിയുടെ പുതിയ ഇഷ്യൂ ആന്റ് ലിസ്റ്റിംഗ് ഓഫ് ഡെറ്റ് സെക്യൂരിറ്റീസ് മാർഗ്ഗരേഖ പ്രകാരം സർക്കാർ ഗ്യാരന്റിയോടെ കടപ്പത്രം ഇറക്കുവാൻ അനുമതി നൽകുന്നതാണ്.

(ഡി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

34 (315) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ വിഹിതം വകയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് സംസ്ഥാന സർക്കാരിന്റെ വിഹിതം നൽകേണ്ടതെന്ന് അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിൽ സംസ്ഥാനം പിന്നിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വിഹിതം വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാന വിഹിതം നൽകേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

35 (316) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :

ഡോ. എം. കെ. മുനീർ :

ശ്രീ. പി. കെ. ബഷീർ :

ശ്രീ പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്തെ ഭരണ നടപടികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് തകർച്ചയുണ്ടാക്കിയതായി കരുതുന്നുണ്ടോ ;

(ബി) എങ്കിൽ പുതിയ സർക്കാർ നടപ്പാക്കിയ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിവന്ന സാമ്പത്തിക സ്രോതസ് വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള നികുതി/നികുതിയേതര വരുമാനവും ചെലവും തമ്മിലുള്ള അന്തരം എത്രയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അധിക വിഭവ സമാഹരണത്തിലൂടെയും ധൂർത്തും പദ്ധതിയേതര ചെലവുകളുടെ കർശനമായ നിയന്ത്രണത്തിലൂടെയുമാണ് വികസന ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ പണം സർക്കാർ കണ്ടെത്തുന്നത്.

(സി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ അനുസരിച്ചുള്ള ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള നികുതി/നികുതിയേതര വരുമാനവും ചെലവും തമ്മിലുള്ള അന്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി

36 (317) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി സർക്കാർ സ്വീകരിച്ച അടിയന്തര നടപടികൾ വിശദീകരിക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ക്ഷേമ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് 31-8-2016-നകം എത്ര തുക വിവിധ ഹെഡുകളിലായി ചെലവഴിച്ചു; വിശദമായ സ്റ്റേറ്റ്മെന്റ് നൽകാമോ ?

## ഉത്തരം

(എ) അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രിച്ചതിലൂടെയും അടിയന്തര പ്രാധാന്യമുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാനും ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുന്നതിനും ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുവാനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മുൻ സർക്കാർ കുടിശ്ശിക വരുത്തിയ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1477.92 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 31-7-2016 വരെ വിവിധ മുഖ്യശീർഷകങ്ങളിൽ ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ക്ഷേമ പെൻഷനുകൾ**

37 (318) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേമപെൻഷനുകൾ സഹകരണ ബാങ്ക്/സഹകരണസംഘം വഴി വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഓണക്കാലത്ത് ക്ഷേമപെൻഷനുകൾ വീട്ടിൽ എത്തിക്കുന്ന പദ്ധതി പ്രകാരം എത്രപേരുടെ പെൻഷൻ വീട്ടിൽ എത്തിച്ചു ; എത്ര കോടി രൂപയാണ് പെൻഷനായി അനുവദിച്ചത്; വിശദമാക്കാമോ ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്താനുള്ള സംവിധാനം എന്തായിരുന്നു ; വിശദമാക്കാമോ ;

(ഡി) ഈ പദ്ധതിയെപ്പറ്റി ഉയർന്നു വന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഇ) പെൻഷൻ സംബന്ധിച്ച സർവ്വേ നടത്തിയ കുടുംബശ്രീക്ക് എത്ര തുകയാണ് നൽകിയത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ക്ഷേമ പെൻഷനുകൾ (സാമൂഹ്യ സുരക്ഷാ പെൻഷനുകൾ) ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവ വഴി വിതരണം ചെയ്യുന്ന പദ്ധതി 15-8-2016-ലെ G.O.(Ms) No. 324/2016/Fin. ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഓണക്കാലത്ത് ക്ഷേമപെൻഷനുകൾ (സാമൂഹ്യ സുരക്ഷാ പെൻഷനുകൾ) വീട്ടിൽ എത്തിക്കുന്ന പദ്ധതി പ്രകാരം 2476430 പേരുടെ പെൻഷൻ വീടുകളിൽ എത്തിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 1,750.27 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ബാങ്ക് അക്കൗണ്ട് വഴിയും പെൻഷൻ നൽകിയിട്ടുണ്ട്. ആകെ 2,415 കോടി രൂപ പെൻഷൻ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുന്നതിനായി പ്രാദേശിക സർക്കാർ തലത്തിൽ അവയുടെ അദ്ധ്യക്ഷൻ ചെയർമാനായും ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവയുടെ സെക്രട്ടറി കൺവീനറായും അവയുടെ പ്രസിഡന്റുമാർ വൈസ് ചെയർമാനായും കോർപ്പറേഷൻ, മുനിസിപ്പൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവയുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾ, സഹകരണ വകുപ്പ് യൂണിറ്റ് ഇൻസ്പെക്ടർമാർ എന്നിവർ അംഗങ്ങളുമായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പദ്ധതിയുടെ പ്രതിദിന അവലോകനവും നടത്തിയിട്ടുണ്ട്.

(ഡി) ഗൗരവമായ പരാതി ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പെൻഷൻ സംബന്ധിച്ച സർവ്വെ നടത്തിയ കുടുംബശ്രീക്ക് 3 കോടി രൂപ അനുവദിക്കുകയും അതിൽ 2 കോടി രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.

## സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി

38 (319) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാർ ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. വിശദമായി പഠിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## ദേശീയ സമ്പാദ്യ പദ്ധതി

39 (320) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ പ്രതിമാസ പെൻഷൻ തുക എത്രയാണ് ;

(ബി) പ്രസ്തുത പെൻഷൻ തുക മറ്റ് സാമൂഹിക സുരക്ഷാ പെൻഷനുകളുടേതിന് തുല്യമാണോ ;

(സി) അല്ലെങ്കിൽ ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ പ്രതിമാസ പെൻഷൻ തുക മറ്റ് പെൻഷൻ തുകകളുടേതിന് സമാനമായി ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ദേശീയ സമ്പാദ്യ പദ്ധതിയിലെ പെൻഷൻ പദ്ധതിയിൽ അംഗത്വമെടുത്ത് 10 വർഷം നിശ്ചിത തുക പെൻഷൻ തുകയായി ഒടുക്കുന്ന ഏജന്റുമാർക്ക് മിനിമം പെൻഷനായി 600 രൂപയും പത്ത് വർഷത്തിന് മുകളിൽ ഓരോ വർഷത്തിനും 10 ശതമാനം അധിക പെൻഷനും നൽകിവരുന്നു.

(ബി) പ്രസ്തുത പെൻഷൻ തുക നിലവിൽ മറ്റ് സാമൂഹിക സുരക്ഷാ പെൻഷനുകളുടേതിന് തുല്യമല്ല.

(സി) ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ പ്രതിമാസ പെൻഷൻ മറ്റ് തുകകളുടേതിന് സമാനമാക്കുന്നത് പരിശോധിക്കുന്നതാണ്.

## ജി.എസ്.ടി. നെറ്റ്‌വർക്ക് കമ്പനി

40 (321) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൽപ്പന്ന സേവന നികുതി സംവിധാനത്തിന്റെ നടത്തിപ്പിനായുള്ള ജി.എസ്.ടി നെറ്റ്‌വർക്ക് കമ്പനിയുടെ പ്രവർത്തന ചെലവ് ആര് വഹിക്കും എന്ന കാര്യത്തിൽ അഭിപ്രായം വ്യക്തമാക്കാമോ ;

(ബി) നികുതി നിരക്ക് 18%-ൽ താഴെയാകുമ്പോൾ സാധനങ്ങളുടെ വില കുറയ്ക്കണമെന്ന നിർദ്ദേശത്തെ അംഗീകരിക്കുന്നുണ്ടോ ; ആയതിന്റെ സങ്കീർണ്ണത പരിഹരിക്കുന്നതിനുള്ള നയം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജി.എസ്.ടി. നെറ്റ്‌വർക്കിനെ ഇന്ത്യയിലെ പരോക്ഷനികുതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകുന്നതിനുവേണ്ടി മാത്രമായുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ സേവന ശൃംഖല ഉപയോഗിക്കുന്ന വ്യാപാരികളിൽനിന്നും മറ്റും യൂസർഫീ/സർവ്വീസ് ചാർജ്ജ് ഈടാക്കിക്കൊണ്ട് സ്വയംപര്യാപ്തമായി പ്രവർത്തിക്കുന്ന ഒരു മാതൃകയായാണ് ഇതിനെ രൂപപ്പെടുത്തിയിട്ടുള്ളത്. കമ്പനി നിയമം 1956 വകുപ്പ് 25 പ്രകാരം ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി ഇത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ പ്രാരംഭ പ്രവർത്തനത്തിനും മറ്റുമുള്ള ചെലവുകൾക്കായി ഒറ്റത്തവണ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി 315 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. 2016 ആഗസ്റ്റ് 30-ന് കൂടിയ സംസ്ഥാന ധനമന്ത്രിമാരുടെ യോഗം 2016-17 സാമ്പത്തിക വർഷത്തെ പ്രവർത്തനത്തിലേയ്ക്കായി 550 കോടി രൂപ വാണിജ്യ ബാങ്കിൽനിന്നും വായ്പയെടുക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന് ഗ്യാരണ്ടി നൽകാൻ കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുമുണ്ട്.

(ബി) നികുതി നിരക്ക് താഴ്കയാണെങ്കിൽ ആയതിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭിക്കണമെന്നാണ് സംസ്ഥാനത്തിന്റെ നിലപാട്. എന്നാൽ ജി.എസ്.ടി. നിരക്ക് സംബന്ധിച്ച അന്തിമതീരുമാനം ആയാൽ മാത്രമേ ഇതിനെ കുറിച്ച് കൂടുതൽ വ്യക്തത കൈവരികയുള്ളൂ.

**നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ**

41 (322) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) നികുതി പിരിവിൽ എത്ര ശതമാനം വർദ്ധനവ് കൈവരിക്കുവാനും അതിലൂടെ എത്ര അധിക വിഭവ സമാഹരണം നടത്തുവാനും കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ ;

(സി) 2011-12 വർഷം മുതൽ 2016-17 വർഷം നാളിതുവരെയുള്ള നികുതി പിരിവിന്റെ ശതമാനക്കണക്ക് വ്യക്തമാക്കുമോ; ഓരോ വർഷവും വിവിധ നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകയും, ഓരോ വർഷത്തെയും കുടിശ്ശികയും വിശദമാക്കുമോ?

ഉത്തരം

(എ) നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

I. വാണിജ്യ നികുതി വകുപ്പ്

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

2. ഉപഭോക്താക്കൾ ബില്ല് ചോദിച്ചുവാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

4. ചെക്ക്പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റും.

5. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

6. റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.

7. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

8. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

II. രജിസ്ട്രേഷൻ വകുപ്പ്

രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ അദാലത്ത് നടത്തുവാൻ നിശ്ചയിച്ചു. വിലയാധാരങ്ങളുടെയും കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു.

III. ലാന്റ് റവന്യൂ വകുപ്പ്

ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ചവരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 1-8-2016 മുതൽ താലൂക്ക് - ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.

IV. എക്സൈസ് വകുപ്പ്

എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തിവരുന്നത്. കൂടാതെ അന്യസംസ്ഥാനങ്ങളിൽനിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

V. മോട്ടോർ വാഹന വകുപ്പ്

മോട്ടോർ വാഹന വകുപ്പിൽ റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ ജോലികൾ ചെയ്തുവരുന്നതിനാൽ റിക്കവറി നടപടികൾ ഉയർത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

(ബി&സി) 2015-16 സാമ്പത്തിക വർഷത്തെ എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ 2016-17 സാമ്പത്തിക വർഷം 19.39 ശതമാനം വളർച്ചയാണ് തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിക്കുന്നത്. ടി വർദ്ധനവിലൂടെ 2015-16-നേക്കാൾ ഏകദേശം 7732 കോടി രൂപ 2016-17 സാമ്പത്തിക വർഷം അധികം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2011-12 വർഷം മുതൽ 2016-17 (ജൂലൈ വരെ) വർഷം വരെയുള്ള നികുതി പിരിവും കുടിശ്ശികയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | തനത് നികുതി വരുമാനം (Accounts) (തുക കോടി രൂപയിൽ) | എസ്റ്റിമേറ്റുമായുള്ള ശതമാന കണക്ക് | നികുതി കുടിശ്ശിക (തുക കോടി രൂപയിൽ) |
|---|---|---|---|
| 2011-12 | 25718.6 | 97% | 12668.66 |
| 2012-13 | 30076.61 | 94% | 13079.56 |
| 2013-14 | 31995.02 | 83% | 13360.31 |
| 2014-15 | 35232.5 | 83% | 7885.30 |
| 2015-16 | 39002.24 (പ്രാരംഭ കണക്ക്) | 86% | വിവരം ലഭ്യമല്ല. |
| 2016-17 | 12672.79 (2016 ജൂലൈ മാസം വരെയുള്ള പ്രാരംഭ കണക്ക്) | 27% | |

**ബസുമതി അരിയുടെ നികുതി**

42 (323) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബജറ്റിൽ ബസുമതി അരിക്ക് പുതിയ നികുതി ഏർപ്പെടുത്തിയതോടെ ഇവ ബിരിയാണി അരി എന്ന ലേബലിൽ സംസ്ഥാനത്ത് വിറ്റഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ചെക്ക് പോസ്റ്റ് അധികൃതരുടെയും നികുതി പിരിവ് ഉദ്യോഗസ്ഥരുടെയും അറിവോടെയാണിതെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ ;

(സി) ഇതുവഴി ഉണ്ടാകുന്ന നികുതി വരുമാനചോർച്ച തടയാൻ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

**സെയിൽസ് ടാക്സ് ഒഴിവാക്കൽ**

43 (324) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ധനകാര്യ വകുപ്പ് മന്ത്രി എത്ര സ്ഥാപനങ്ങൾക്ക് സെയിൽസ് ടാക്സ് അടക്കുന്നതിൽ സ്റ്റേ നൽകിയിട്ടുണ്ട് ; മൊത്തം എത്ര രൂപ സെയിൽസ് ടാക്സ് അടയ്ക്കുന്നതിന് സ്റ്റേ നൽകിയിട്ടുണ്ട് ;

(ബി) നികുതി (സെയിൽസ്ടാക്സ്) ഒഴിവാക്കി കൊടുത്തിട്ടുള്ള സ്ഥാപനത്തിന്റെ പേര് ലഭ്യമാക്കുമോ ;

(സി) നികുതി ഒഴിവാക്കി നൽകിയവയിൽ ബാർ ഹോട്ടലുകൾ ഉൾപ്പെട്ടിട്ടുണ്ടോ ; അവയുടെ പേര് വിവരം നൽകുമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 178 സ്ഥാപനങ്ങൾക്ക് നികുതി അടക്കുന്നതിൽ സ്റ്റേ നൽകിയിട്ടുണ്ട്. ആകെ 440.41 കോടി രൂപയുടെ നികുതി പിരിവിന് സർക്കാർ തലത്തിൽ സ്റ്റേ നൽകിയിട്ടുണ്ട്.

(ബി&സി) നികുതി (സെയിൽസ് ടാക്സ്) ആർക്കും ഒഴിവാക്കിക്കൊടുത്തിട്ടില്ല.

**ചരക്കുസേവന നികുതി**

44 (325) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്കുസേവന നികുതി കേരളത്തെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ചരക്കുസേവന നികുതി നടപ്പിലാക്കുന്നതുമൂലം സംസ്ഥാന സമ്പദ് വ്യവസ്ഥയിലും വരുമാനത്തിലും എന്തൊക്കെ മാറ്റങ്ങളാണ് സംഭവിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ ;

(സി) നികുതി ചുമത്തുന്നതിനുള്ള സംസ്ഥാനത്തിന്റെ അധികാരം ഇല്ലാതാകുമ്പോൾ, അടിയന്തര സാഹചര്യങ്ങളിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാന മായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമെ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തുതന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്കുസേവന നികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ സേവന നികുതി വിഹിതം സംസ്ഥാനത്തിന് ലഭിക്കും. ഇതിലൂടെ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. പരോക്ഷനികുതി സംബന്ധിച്ച് നിലവിൽ മൂല്യവർദ്ധിതനികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഢംബര നികുതി, എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി സർച്ചാർജ്ജ്, സെസ്സ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഈടാക്കുന്നതല്ലാത്ത വിനോദ നികുതി എന്നിവ സംസ്ഥാനമാണ് ഈടാക്കുന്നത്. എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി സേവന നികുതി, സർചാർജ്ജ് സെസ്സ് എന്നിവ കേന്ദ്ര സർക്കാരും ഈടാക്കുന്നു. ജി.എസ്.ടി. നടപ്പാകുമ്പോൾ ഇവയെല്ലാം ജി.എസ്.ടി.-യിൽ ലയിക്കുന്നതാണ്. ജി.എസ്.ടി.-യിൽ സംസ്ഥാനത്തിനും കേന്ദ്രത്തിനും ഒരേ സമയം നികുതി ഈടാക്കുവാൻ സാധിക്കും. ഈ സംവിധാനത്തിൽ എല്ലാ നികുതി ബാധകമായ കൈമാറ്റങ്ങളിന്മേലും (taxable supplies) കേന്ദ്രം സി.ജി.എസ്.ടി.-യും സംസ്ഥാനങ്ങൾ എസ്.ജി.എസ്.ടി.-യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിന്മേൽ ഐ.ജി.എസ്.ടി. ആണ് ചുമത്തുന്നത്. ഇത് കേന്ദ്ര സർക്കാരാണ് ഈടാക്കുന്നത്.

(സി) ചരക്കുസേവന നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഗുണകരമായിരിക്കുമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. അതുകൊണ്ടുതന്നെ ജി.എസ്.ടി. നടപ്പിലാക്കുന്നത് വികസനക്ഷേമ പദ്ധതികൾക്കുള്ള ധനസമാഹരണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല. മാത്രവുമല്ല ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള വകുപ്പ് ഭരണഘടനാ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നഷ്ടപരിഹാരത്തിന് അടിസ്ഥാനമാക്കേണ്ടത് ഏത് കാലത്തെ നികുതി വളർച്ചയാണ് എന്നത് സംബന്ധിച്ച തർക്കം നിലനിൽക്കുന്നുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Services Tax Council-ന്റെ ശിപാർശ അനുസരിച്ച് പാർലമെന്റ് നിയമനിർമ്മാണത്തിലൂടെ ജി.എസ്.ടി. നടപ്പിലാക്കിയ ശേഷമുള്ള ആദ്യത്തെ 5 വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നിരുന്നാലും അടിയന്തര സാഹചര്യം ഉണ്ടായാൽ ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടാവുന്നതാണ്.

**ചരക്കുസേവന നികുതി**

45 (326) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചരക്കുസേവന നികുതി നടപ്പാക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുവഴി സംസ്ഥാന സമ്പദ് വ്യവസ്ഥയിലും നികുതി വരുമാനത്തിലു മുണ്ടാകുന്ന മാറ്റങ്ങൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാ യതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമെ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്ത് തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്കുസേവന നികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ കേരളത്തിലെ സേവന നികുതി വിഹിതം സംസ്ഥാനത്തിന് ലഭിക്കും. ഇതിലൂടെ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്.

(ബി) ചരക്കുസേവന നികുതി നടപ്പിലാക്കുന്നതിനായി കരട് ബിൽ തയ്യാറാക്കിവരുന്നുണ്ട്. ജി.എസ്.ടി. നെറ്റ്‌വർക്കിന്റെ Backened module വികസി പ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന നടപടി സംസ്ഥാനത്ത് പുരോഗമിച്ചുവരുന്നു. ഇതിനായി വിദഗ്ധരെ തെരഞ്ഞെടുക്കുന്നതിനു

വേണ്ടിയിട്ടുള്ള പരീക്ഷകളും മറ്റും ഒക്ടോബർ ആദ്യവാരം NIC-യുടെ സഹായത്തോടെ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാതൃകാ ജി.എസ്.ടി. നിയമത്തെ ആസ്പദമാക്കി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെൻട്രൽ എക്സൈസും നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, എക്സൈസ് ആന്റ് നർകോട്ടിക്സും (NACEN) സംസ്ഥാന വാണിജ്യ നികുതി വകുപ്പുമായി യോജിച്ചു കൊണ്ടുള്ള പരിശീലന പരിപാടി ആരംഭിക്കുകയും അവ തുടർന്നുവരികയുമാണ്. ഇത്തരത്തിൽ മാസ്റ്റർ ട്രെയിനർമാർക്കും ട്രെയിനർമാർക്കും, പഞ്ചദിന ട്രെയിനിംഗ് ക്ലാസ്സുകൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഇതിന് തുടർച്ചയായി ഫീൽഡ് ഓഫീസർമാർക്കും മറ്റുമുള്ള പരിശീലന പരിപാടികൾ ഒക്ടോബർ ആദ്യവാരം മുതൽ തുടർച്ചയായി നടത്തി ഡിസംബർ 2016-നകം തീർക്കുവാനുള്ള കാര്യപരിപാടിയുടെ കരട് തയ്യാറാക്കിവരികയാണ്.

(സി) നികുതി നിരക്കും നികുതി നിയമവും സംബന്ധിച്ച് ഇതുവരെ അന്തിമ തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ സമ്പദ് വ്യവസ്ഥയിലും നികുതി വരുമാനത്തിലു മുണ്ടാകുന്ന മാറ്റങ്ങൾ ഇപ്പോൾ തിട്ടപ്പെടുത്താനാവില്ല.

**പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം**

46 (327) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 27-1-2011-ൽ ഭരണാനുമതി നൽകിയതും ഇൻകെൽ ഉപേക്ഷിച്ചതുമായ പദ്ധതികളിൽ ഉൾപ്പെട്ട പഴയങ്ങാടി ട്രഷറി കെട്ടിട നിർമ്മാണം മറ്റ് ഏതെങ്കിലും ഏജൻസിയെ ഏല്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ;

(ബി) ഭരണാനുമതി ലഭിച്ച് അഞ്ചര വർഷം കഴിഞ്ഞ പ്രസ്തുത ട്രഷറി കെട്ടിട നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഏൽപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം 27-1-2011-ൽ ഭരണാനുമതി നൽകിയതും എന്നാൽ ഇൻകെൽ ഉപേക്ഷിച്ചതുമായ പദ്ധതികളിൽ ഉൾപ്പെട്ടതാണ്. ഇൻകെൽ ട്രഷറി നവീകരണ പരിപാടി ഉപേക്ഷിക്കാനുണ്ടായ സാഹചര്യം വിശദമായി പരിശോധിച്ച് ഇൻകെൽ അടക്കമുള്ള ഏജൻസികൾ മുഖാന്തിരം ട്രഷറി നവീകരണ പരിപാടി നടപ്പിലാക്കുന്നതാണ്. അതിന്റെ ഭാഗമായി പഴയങ്ങാടി ട്രഷറിയുടെ കാര്യവും പരിഗണിക്കുന്നതാണ്.

## കുന്ദമംഗലത്ത് സബ്ട്രഷറി

47 (328) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലത്ത് ഒരു സബ്ട്രഷറി ആരംഭിക്കുന്നതിന് സ.ഉ.(എംഎസ്.) നമ്പർ 343/14/ധന പ്രകാരം ഉത്തരവായിട്ടുണ്ടോ ; എങ്കിൽ ആയത് ഇതുവരെയും ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത സബ് ട്രഷറി എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കേന്ദ്രമാക്കി സബ്ട്രഷറി ആരംഭിക്കുന്നതിന് 18-8-2014-ലെ സ.ഉ.(എംഎസ്.) 343/14/ധന പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ട്രഷറി കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട പല പദ്ധതികളും പുരോഗമിച്ചുവരുന്നതിനാൽ പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## തൃക്കരിപ്പൂർ ട്രഷറി

48 (329) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-2001-ൽ കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ അനുവദിച്ച വൺ മാൻ ട്രഷറി നിർത്തലാക്കിയ മുൻസർക്കാർ നടപടി പുനഃപരിശോധിക്കുമോ ;

(ബി) തൃക്കരിപ്പൂരിൽ സബ്ട്രഷറി അനുവദിക്കാൻ ആവശ്യമായ നടപടികൾ എപ്പോൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുൻപ് പെൻഷൻ വിതരണം ക്യാഷ് ആയി നൽകിക്കൊണ്ടിരുന്ന കാലത്ത് വിതരണം സുഗമമായി നടത്തുന്നതിലേക്കാണ് വൺ മാൻ ട്രഷറികൾ പ്രവർത്തിച്ചിരുന്നത്. ട്രഷറികളിൽ ആധുനികവൽക്കരണം നടപ്പിലാക്കിയപ്പോൾ പെൻഷൻകാർ ട്രഷറികളിൽ വരാതെതന്നെ പെൻഷൻ അവരുടെ അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന രീതി നിലവിൽ വന്നു. ആ അവസരത്തിൽ വൺ മാൻ ട്രഷറികൾ പ്രവർത്തിക്കേണ്ട ആവശ്യമില്ല എന്നു കണ്ടെത്തിയതിനാലാണ് വൺ മാൻ

ട്രഷറികൾ നിർത്തലാക്കിയത്. ആയതിനാൽ തൃക്കരിപ്പൂരിൽ പ്രവർത്തിച്ചിരുന്ന വൺ മാൻ ട്രഷറി നിർത്തലാക്കിയ നടപടി പുനഃപരിശോധിക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല.

(ബി) ട്രഷറി വകുപ്പിൽ ആധുനികവൽക്കരണത്തിന്റേയും കമ്പ്യൂട്ടർവൽക്കരണത്തിന്റേയും ഭാഗമായി കോർബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്ടിവിറ്റി, ഗ്രാസ് മുതലായ പല പുതിയ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറികളിലെ ജോലിഭാരം വളരെയധികം കുറയുന്നതിനും ഇടപാടുകൾ സുഗമമാകുന്നതിനും എവിടെനിന്നും എപ്പോൾ വേണമെങ്കിലും ഇടപാടുകൾ നടത്തുന്നതിനും സാധ്യമാകുന്നതാണ്. അതിനാൽ ഇത്തരം പദ്ധതികൾ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം ആവശ്യമെന്നു കണ്ടാൽ മാത്രമേ പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കേണ്ടതുള്ളൂ.

**പള്ളിക്കത്തോട് ട്രഷറി കെട്ടിട നിർമ്മാണം**

49 (330) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിക്കത്തോട് ട്രഷറിയുടെ പുതിയ കെട്ടിടനിർമ്മാണത്തിനുള്ള നടപടി ഏതു ഘട്ടത്തിലാണ് ;

(ബി) ഇതിനായി ലഭ്യമാക്കിയ സ്ഥലത്ത് കെട്ടിടം പണി ആരംഭിക്കാനുള്ള തുക അനുവദിക്കുമോ ; കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഇൻകെൽ ട്രഷറി നവീകരണ പദ്ധതി ഉപേക്ഷിക്കാനുണ്ടായ സാഹചര്യം വിശദമായി പരിശോധിച്ച് ഇൻകെൽ അടക്കമുള്ള ഏജൻസികൾ മുഖാന്തിരം ട്രഷറി നവീകരണ പരിപാടി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്. പള്ളിക്കത്തോട് ട്രഷറിയുടെ കാര്യവും ഈ ഘട്ടത്തിൽ പരിശോധിക്കുന്നതാണ്.

**ലോട്ടറി വകുപ്പിന്റെ ഓഫീസുകൾ**

50 (331) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ലോട്ടറി ടിക്കറ്റ് വിതരണം ചെയ്യുന്നതിന് ഏതെല്ലാം ഓഫീസുകളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(ബി) താലൂക്ക് തലത്തിലുള്ള ലോട്ടറി വിതരണത്തിന് കൊല്ലം ജില്ലയിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ലോട്ടറി വിതരണം, കാരുണ്യ ബനവലന്റ് പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായത്തിനുള്ള പദ്ധതികൾ തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുന്ന ലോട്ടറി വകുപ്പിന്റെ ഓഫീസുകൾ താലൂക്ക് തലത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ ;

(ഡി) കരുനാഗപ്പള്ളി താലൂക്കിൽ താലൂക്കുതല ലോട്ടറി ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലാ ഭാഗ്യക്കുറി ഓഫീസ്, താലൂക്ക് ഭാഗ്യക്കുറി ഓഫീസ്, പുനലൂർ എന്നീ ഓഫീസുകളിലൂടെയാണ് കൊല്ലം ജില്ലയിൽ ഭാഗ്യക്കുറി ടിക്കറ്റുകൾ വിതരണം ചെയ്യുന്നത്.

(ബി) ഉണ്ട്. പുനലൂരിൽ താലൂക്ക് ഭാഗ്യക്കുറി ഓഫീസ് പ്രവർത്തിക്കുന്നു.

(സി) പുതിയ 22 ഭാഗ്യക്കുറി ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കരുനാഗപ്പള്ളി താലൂക്കിൽ താലൂക്ക്തല ലോട്ടറി ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

**ഭാഗ്യക്കുറി ഓഫീസ് പ്രവർത്തനമാരംഭിക്കുന്നതിന് നടപടി**

51 (332) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി (എച്ച്) വകുപ്പിൽനിന്നും 25-2-2016-ലെ 40/2016/നി.വ. നമ്പരായി ഇറങ്ങിയ സർക്കാർ ഉത്തരവ് പ്രകാരം ആറ്റിങ്ങലിലേക്ക് അനുവദിച്ച താലൂക്കുതല ഭാഗ്യക്കുറി ഓഫീസ് പ്രവർത്തനമാരംഭിക്കുന്നതിന് വേണ്ട നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ;

(ബി) ഓഫീസ് എത്രയും വേഗം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ആറ്റിങ്ങൽ താലൂക്ക് ലോട്ടറി ഓഫീസിലേക്ക് ആവശ്യമുള്ള ജീവനക്കാരുടെ തസ്തിക അനുവദിക്കാത്തതിനാൽ നിലവിൽ ടിക്കറ്റ് വിൽപ്പനയ്ക്ക് മാത്രമായി ഒരു Sales Outlet ആറ്റിങ്ങൽ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. തസ്തിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത് പൂർത്തിയായാലുടൻ താലൂക്ക്തല ഭാഗ്യക്കുറി ഓഫീസ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**പൂതക്കുളത്ത് കെ.എസ്.എഫ്.ഇ. ശാഖ**

52 (333) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ പുതുതായി ഒരു കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ആരംഭിക്കുന്നതിലേക്ക് ജനപ്രതിനിധി മുഖേന ലഭിച്ച അപേക്ഷ പരിഗണിക്കുന്നതിനാവശ്യമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) പൂതക്കുളം എന്ന ഭൂപ്രദേശത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ഇവിടെ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ആരംഭിക്കുവാൻ ഗവൺമെന്റ് തലത്തിൽ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ പൂതക്കുളം കേന്ദ്രമാക്കി കെ.എസ്.എഫ്.ഇ.-യുടെ ഒരു ശാഖ ആരംഭിക്കുന്നത് സംബന്ധിച്ച ഒരു സാധ്യതാ പഠനം കമ്പനിയുടെ കൊല്ലം റീജിയണൽ മാനേജർ നടത്തുകയുണ്ടായി. പഠന റിപ്പോർട്ട് അനുസരിച്ച്, സ്ഥലവാസികൾ കെ.എസ്.എഫ്.ഇ.-യുടെ ഒരു ബ്രാഞ്ച് വേണമെന്ന താൽപ്പര്യം പ്രകടിപ്പിക്കുകയുണ്ടായി. പക്ഷേ പൂതക്കുളത്തിന് 6 കി.മീ. അടുത്ത് പ്രവർത്തിക്കുന്ന കമ്പനിയുടെ പരവൂർ ബ്രാഞ്ചിലെ ബിസിനസ്സിനെ ബാധിക്കുമെന്നതിനാൽ ഉടനെ പൂതക്കുളത്ത് ഒരു ബ്രാഞ്ച് തുടങ്ങുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല.

**സർക്കാർ ജീവനക്കാർക്കുള്ള ഇൻഷ്വറൻസ് സ്കീമുകൾ**

53 (334) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്കുള്ള ജി. ഐ.എസ്. , എസ്. എൽ. ഐ. എന്നീ ഇൻഷ്വറൻസ് സ്കീമുകളിലെ ക്ലോഷർ ബെനഫിറ്റ്/റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കുന്നതിന് സബ്സ്ക്രിപ്ഷൻ ഡീറ്റെയിൽസ് രേഖപ്പെടുത്തിയ പാസ് ബുക്ക്/സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ട ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പാസ് ബുക്ക്/സ്റ്റേറ്റ്മെന്റ് ഹാജരാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ ക്ലോഷർ ബെനഫിറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ജി.ഐ.എസ്. പദ്ധതിയുടെ വ്യക്തിഗത കണക്ക് വിവരങ്ങൾ ലെഡ്ജറിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ജി.ഐ.എസ്. വരിസംഖ്യാ വിവരങ്ങൾ സൂക്ഷിക്കുന്നതിനുള്ള ചുമതല ആദാനവിതരണ ഉദ്യോഗസ്ഥന്മാർക്കാണ്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ടി പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റർ മാത്രമാണ്.

(ബി) ആദാനവിതരണ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ വരിസംഖ്യാ കിഴിവ് പട്ടികയുടെ അഭാവത്തിൽ ടി ക്ലെയിമുകൾ തീർപ്പാക്കുന്നതിന് വകുപ്പിന് പരിമിതി ഉണ്ട്. എന്നാൽ ആദാനവിതരണ ഉദ്യോഗസ്ഥരുടെ ഓഫീസ് രേഖകളിൽ വരിസംഖ്യാ കിഴിവ് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അവർക്ക് ഇക്കാര്യത്തിൽ വരിക്കാരെ സഹായിക്കാൻ കഴിയുന്നതാണ്.

**കയർ സഹകരണ സംഘങ്ങൾ**

54 (335) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ സഹകരണ സംഘങ്ങളിൽ വിജിലൻസ് ഡയറക്ടർ നേരിട്ട് പരിശോധന നടത്തിയതിൽ എന്തെല്ലാം പരാതികൾ ലഭിക്കുകയുണ്ടായെന്നും നേരിട്ട് ബോധ്യമായ കാര്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) വി.സി.2/2016/റ്റി.വി.എം. നമ്പർ വിജിലൻസ് കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ടാണ് കയർ സഹകരണ സംഘങ്ങളിൽ ഡയറക്ടർ നേരിട്ട് പരിശോധന നടത്തിയത്. ലഭിച്ച പരാതികളും ബോധ്യമായ കാര്യങ്ങളും ഉൾപ്പെടുത്തിയാണ് അന്വേഷണം നടത്തുന്നത്. കേസിന്റെ അന്വേഷണം പുരോഗമിക്കുന്നു.

**കയർ സഹകരണ സംഘങ്ങൾ**

55 (336) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കയർ വകുപ്പിൽ എന്തെല്ലാം അഴിമതികൾ നടന്നിട്ടുണ്ടെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ സത്യസന്ധമായ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ യുക്തമായ നിയമനടപടികൾ സ്വീകരിയ്ക്കാൻ തയ്യാറാകുമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കയർബോർഡിന്റെ തലപ്പത്ത് ഇരുന്ന ആൾക്കാർ (മന്ത്രി, സെക്രട്ടറി, മറ്റുള്ളവർ) അനാവശ്യമായി വിദേശ യാത്രകൾ സർക്കാർ ചെലവിൽ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങളും, യാത്രകളുടെ എണ്ണവും വിവരങ്ങളും, ആരൊക്കെ യാത്ര ചെയ്തു എന്നുള്ള വിവരവും, ഇതിന്റെ ചെലവും വിശദമാക്കുമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കയർ സഹകരണ സംഘങ്ങളിൽ നടന്ന അഴിമതി സംബന്ധിച്ച് (വകുപ്പുമന്ത്രി, ഉദ്യോഗസ്ഥർ എന്നിവരുടെ വിദേശയാത്ര ഉൾപ്പെടെ) വി.സി.02/2016/റ്റി.വി.എം. നമ്പർ പ്രകാരം ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കയർ വികസന വകുപ്പിൽ അനധികൃത പ്രൊമോഷൻ നൽകിയതിനെ സംബന്ധിച്ച് വി.ഇ.95/2015/ എ.എൽ.പി. നമ്പരായി ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(സി) കയർ വകുപ്പുമായി ബന്ധപ്പെട്ട് മന്ത്രി, സെക്രട്ടറി, കയർ വികസന ഡയറക്ടർ, എൻ.സി.ആർ.എം.ഐ. ഡയറക്ടർ തുടങ്ങിയവർ വിദേശ യാത്രകൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിദേശ യാത്രയ്ക്കായി ഐ.എ.എസ്. ഉദ്യോഗസ്ഥർ സംസ്ഥാന ഖജനാവിൽനിന്നും 30,82,485 രൂപ ചെലവഴിച്ചു. ശ്രീമതി റാണി ജോർജ്ജ് ഐ.എ.എസ്., സെക്രട്ടറി (കയർ), 25,87,723 രൂപ 2011 മുതൽ 2016 വരെയുള്ള കാലയളവിൽ ചെലവഴിച്ചു. ശ്രീ. കെ. എൻ. സതീഷ് ഐ.എ.എസ്., കയർ വികസന ഡയറക്ടർ 4,94,762 രൂപ 2015 മുതൽ 2016 വരെയുള്ള കാലയളവിൽ ചെലവഴിച്ചു. വിദേശയാത്രയുമായി ബന്ധപ്പെട്ട് ഡി.എ. ഇനത്തിൽ ശ്രീമതി റാണി ജോർജ്ജ് ഐ.എ.എസ്., സെക്രട്ടറി (കയർ) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ 5,04,870 രൂപ വാങ്ങിയിട്ടുണ്ട്.

ശ്രീ. കെ. എൻ. സതീഷ് ഐ.എ.എസ്., കയർ വികസന ഡയറക്ടർ 2015 മുതൽ 2016 വരെയുമുള്ള കാലയളവിൽ 1,12,415 രൂപ കൈപ്പറ്റിയിട്ടുണ്ട്. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിലെ ഉദ്യോഗസ്ഥർ നടത്തിയ വിദേശ യാത്രകളുടെ വിവരങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.* മുൻ കയർ വികസന ഡയറക്ടർ ശ്രീ. മദനൻ, എൻ.സി.ആർ.എം.ഐ. ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ, കയർഫെഡിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ നടത്തിയ വിദേശ യാത്രയുടെ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

## കോതമംഗലത്ത് പുതിയ വ്യവസായ യൂണിറ്റുകൾ

56 (337) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബറിന്റെ വിലയിടിവുമൂലം കോതമംഗലം മണ്ഡലത്തിൽ കഷ്ടത അനുഭവിക്കുന്ന കർഷകർക്ക് വേണ്ടി സർക്കാർ ഉടമസ്ഥതയിൽ ഒരു റബറധിഷ്ഠിത വ്യവസായ യൂണിറ്റ് ആരംഭിക്കാൻ കഴിയുമോ ;

(ബി) കാർഷിക മേഖലയുടെ തകർച്ച മൂലമുള്ള തൊഴിൽരാഹിത്യംമൂലം കർഷകരും അനുബന്ധ തൊഴിലാളികളും അനുഭവിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കാൻ മറ്റ് വ്യവസായങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഈ കാര്യത്തിൽ അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) കാർഷിക ഭക്ഷ്യോത്പാദന മേഖലയിൽ നിരവധി വ്യവസായങ്ങൾക്ക് സാധ്യതയുണ്ടെന്നുമാത്രമല്ല ധാരാളം വ്യവസായങ്ങൾ രൂപീകരിക്കപ്പെടുന്നുമുണ്ട്. വ്യവസായ വകുപ്പിന്റെ നിലവിലുള്ള സംരംഭകത്വ സഹായ പദ്ധതിയിൽ ഈ വിഭാഗം വ്യവസായങ്ങളെ മുൻഗണനാ വിഭാഗത്തിൽപ്പെടുത്തി 30 ലക്ഷം രൂപവരെ സബ്സിഡിയായി നൽകിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്

57 (338) ശ്രീ. ബി. സത്യൻ :
ശ്രീ. എം. നൗഷാദ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രമുഖ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡിൽ (കെ.എം.എം.എൽ.) മുൻ സർക്കാരിന്റെ കാലത്ത് വ്യാപകമായ അഴിമതിയും ക്രമക്കേടും നടന്നെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കംപ് ട്രോളർ & ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് പരാമർശത്തിൽ പ്രമുഖമായവ എന്തൊക്കെയാണ് ;

(സി) ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(ഡി) ഈ സ്ഥാപനത്തിലെ അഴിമതിയെയും ക്രമക്കേടിനെയും കുറിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തൽ എന്തായിരുന്നു; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനെയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേക്ക് ഉറപ്പിൽ വരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി പൊതുമേഖലാ വ്യവസായ പുനഃസംഘടന ബോർഡിനെ (റിയാബ്) പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുനഃരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള

സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി ശിൽപ്പശാലകൾ സംഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

ആഗോളവത്ക്കരണത്തിന്റെ അനന്തരഫലമായി ശാക്തീകരിച്ച വാണിജ്യ മേഖലയിൽ മാത്സര്യബോധത്തോടെ പ്രവർത്തിച്ച് ലക്ഷ്യം കൈവരിക്കുന്നതിനായി സ്ഥാപനങ്ങളുടെ മാനവവിഭവശേഷിയുടെ തുടർച്ചയായ ശാക്തീകരണം ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരായി അതാത് മേഖലകളിൽ വിദഗ്ദ്ധരായവരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ നിയമിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർക്കുന്നതിനും അത്യാവശ്യമുള്ള പ്രവർത്തന മൂലധന സഹായത്തിനുമായി 2016-17-ലെ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽനിന്നും ഇതിനോടകം 39.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക സ്ഥാപനങ്ങളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പനി അധിക നിരക്കിൽ ലിക്വിഡ് ഓക്സിജൻ വാങ്ങിയതും മഗ്നീഷ്യം വാങ്ങിയതും കൂടാതെ സേവന നികുതി അടവും തുടങ്ങിയ പരാമർശങ്ങളാണ് സി. ആന്റ് എ. ജി. ഓഡിറ്റ് റിപ്പോർട്ടിൽ വന്നിട്ടുള്ളത്. ഓരോ ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള മറുപടി സി. ആന്റ് എ. ജി.-യ്ക്ക് കൊടുക്കുകയും ആവശ്യമായ വിഷയങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ഡി) അഴിമതി ആരോപണങ്ങളിന്മേൽ വിജിലൻസ് എൻക്വയറി (ക്വിക് വെരിഫിക്കേഷൻ) നടന്നുവരികയാണ്.

## റബ്ബർ വ്യവസായം

58 (339) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുതായി ആരംഭിക്കുന്നതും/നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ റബർ അധിഷ്ഠിത മൂല്യവർദ്ധിത നിർമ്മാണ യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയെടുക്കുന്ന വായ്പകൾക്ക് സബ്സിഡി നൽകുമോ : എങ്കിൽ എത്ര ശതമാനം നൽകുമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

സംരംഭക സഹായ പദ്ധതിയിൻകീഴിൽ സാധാരണയായി 15 ശതമാനം സബ്സിഡിയാണ് നൽകുന്നത്. പുതുതായി തുടങ്ങുന്ന റബ്ബർ അധിഷ്ഠിത യൂണിറ്റുകൾക്ക് "ഊന്നൽ വ്യവസായം" എന്ന രീതയിൽ 10 ശതമാനം അധിക സബ്സിഡിക്ക് അർഹതയുണ്ട്. കൂടാതെ നിലവിൽ പ്രവർത്തിക്കുന്ന റബ്ബർ യൂണിറ്റുകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി "expansion, modernisation, diversification" എന്നീ പ്രവർത്തനങ്ങൾക്കും ഈ സബ്സഡി അനുവദനീയമാണ്. ഇവ കൂടാതെ "Technology Support" എന്ന ഇനത്തിൽ പുതിയ സാങ്കേതിക വിദ്യ കൈവരിക്കുന്നതിനും റബ്ബർ യൂണിറ്റുകൾക്ക് സംരംഭക സഹായ പദ്ധതിയിൻകീഴിൽ സാമ്പത്തിക സഹായത്തിന് അർഹതയുണ്ട്.

## പ്രകൃതി വാതക പൈപ്പ് ലൈൻ

59 (340) <u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട ഗെയിൽ-പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്കുണ്ടാകാവുന്ന ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനും അവർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ഏഴ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ സ്ഥാപിക്കേണ്ട പൈപ്പ് ലൈനിന്റെ ദൈർഘ്യം 505 കിലോമീറ്ററാണ്. ഇതിന്റെ പ്രാരംഭ സർവ്വേ നടപടികളും P&MP ആക്ടിലെ സെക്ഷൻ 6(1) പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്,

കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഏതാണ്ട് പൂർത്തീകരിച്ചു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജനങ്ങളുടെ എതിർപ്പുമൂലം നിർത്തിവച്ചിരുന്ന സർവ്വേ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുവാനുള്ള ഭൂമിയുടെ അളവെടുപ്പും മഹസറും സംസ്ഥാനത്ത് ആകെ 505 കിലോമീറ്ററിൽ 367 കിലോമീറ്റർ (72 ശതമാനം) പൂർത്തിയാക്കിക്കഴിഞ്ഞു. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള കോൺട്രാക്ടറെ നിയമിച്ചുകഴിഞ്ഞു. മറ്റു ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പുനർ ടെൻഡർ (ഗ്ലോബൽ NIT) ക്ഷണിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ ഗെയിലിന്റെ വിവിധ സ്റ്റോറേജ് യാർഡുകളിൽ എത്തി ചേർന്നിട്ടുണ്ട്. കേരളത്തിലൊട്ടാകെ അഞ്ച് IP സ്റ്റേഷനുകൾക്കും 26 SV സ്റ്റേഷനുകൾക്കും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 18 സ്റ്റേഷനുകൾക്കാവശ്യമായ ഭൂമി നടപടികൾ പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള സ്റ്റേഷനുകൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന ജോലികൾ പുരോഗമിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഒക്ടോബർ രണ്ടാം വാരത്തോടെ പുനരാരംഭിച്ച് ഒന്നര വർഷത്തിനകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള പഞ്ചായത്തുകൾതോറും ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ ദൃശ്യമാധ്യമങ്ങളിലൂടെയും പത്രപരസ്യങ്ങളിലൂടെയും ലഘുലേഖകൾ മുഖേനയും എഫ്.എം. റേഡിയോ വഴിയും ഗ്യാസ് പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ചും പദ്ധതി നടപ്പിൽ വരുന്നതിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. ജനവാസ കേന്ദ്രങ്ങളെ പരമാവധി ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ റൂട്ട് നിശ്ചയിച്ചിട്ടുള്ളത്. ജനസാന്ദ്രത കൂടിയ മേഖലകളിൽ വിന്യസിക്കുന്ന പൈപ്പുകൾക്ക് ജനസാന്ദ്രതാ ക്ലാസിഫിക്കേഷൻ അനുസരിച്ച് കൂടിയ കനം ഉറപ്പുവരുത്തി ശാസ്ത്രീയമായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. വീടുകളേയും മറ്റു കെട്ടിടങ്ങളേയും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്. വാതക പൈപ്പ് ലൈൻ പദ്ധതിക്കുവേണ്ടി സ്ഥലത്തിന്റെ ഉപയോഗാവകാശം (RoU) മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശം ഭൂവുടമയിൽതന്നെ നിക്ഷിപ്തമാണ്. നഷ്ടപരിഹാരം രണ്ടു ഘട്ടങ്ങളിലായാണ് നൽകുന്നത്. 1. വിളകളുടെ നഷ്ടപരിഹാരം, 2. സ്ഥലത്തിന്റെ നഷ്ടപരിഹാരം. വിളകൾക്ക് കോംപീറ്റന്റ് അതോറിറ്റി നിശ്ചയിച്ചിരിക്കുന്ന വിലയും സ്ഥലത്തിന് ന്യായവിലയുടെ 50 ശതമാനവും നഷ്ടപരിഹാരമായി നൽകുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. എന്നാൽ സ്ഥലവിലയുടെ കാര്യത്തിൽ സ്ഥലമുടമകൾക്ക് വേണ്ടത്ര നഷ്ടപരിഹാരം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## സംസ്ഥാന ബാംബൂ കോർപ്പറേഷൻ

60 (341) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബാംബൂ കോർപ്പറേഷന് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് ലഭ്യമാക്കാതിരുന്നതിനാൽ ഉണ്ടായ പ്രയാസങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പരമ്പരാഗത മേഖലയ്ക്ക് വേണ്ടി ചെലവിടുന്ന സോഷ്യൽ കോസ്റ്റ് കൂടി ഉൾപ്പെടുത്തി കണക്കുകൾ തയ്യാറാക്കുന്നതിനാലാണ് സ്ഥാപനം സാമ്പത്തിക ബാധ്യതയിൽ ആകുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ വരുന്ന നഷ്ടക്കണക്കുകൾ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം അംഗീകരിച്ച പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുക ഈ വർഷം കമ്പനിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ഈ വിഷയം പരിഗണിച്ച് കമ്പനിക്ക് മിനിമം വേതനം നൽകുന്നതിനായി തുക അനുവദിച്ചുനൽകാറുണ്ട്.

(സി) കമ്പനിയുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനും നഷ്ടം കുറച്ച് പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

## ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി

61 (342) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനും അവർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ് എന്നീ താലൂക്കുകളിലൂടെയാണ് പൈപ്പ്ലൈൻ വിന്യസിക്കുന്നത്. ജില്ലയിൽ പൈപ്പ് ലൈൻ വിന്യസിക്കേണ്ട 83.7 കി.മീ. ദൈർഘ്യമുള്ള ഭൂമിയുടെ P & MP Act സെക്ഷൻ 3(1), 6(1) എന്നിവ പ്രകാരമുള്ള വിജ്ഞാപനങ്ങൾ കേന്ദ്ര ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ജില്ലയിൽ അഞ്ച് SV സ്റ്റേഷനുകൾക്കും ഒരു IP സ്റ്റേഷനും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ മൂന്ന് SV സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടി പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ഭൂമിയുടെ നഷ്ടപരിഹാരത്തുക നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ പലവട്ടം ചർച്ചകൾ നടത്തിയിട്ടുണ്ട്. മഹസർ തയ്യാറാക്കുന്ന ജോലികൾ നടന്നുവരുന്നു. ആകെയുള്ള 83.7 കിലോമീറ്ററിൽ 54.05 കിലോമീറ്റർ മഹസർ പൂർത്തിയായി. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പുനർ ടെണ്ടർ (ഗ്ലോബൽ) ക്ഷണിക്കുകയും കോൺട്രാക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയും ചെയ്യുന്നു. വാൽവ് സ്റ്റേഷനുകൾക്കുള്ള സ്ഥലപരിവർത്തനത്തിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. പദ്ധതിക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ വിവിധ യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്.

(ബി) പൈപ്പ് ലൈൻ മണ്ണിനടിയിൽ 2 മീറ്റർ ആഴത്തിലുള്ള ട്രഞ്ചുകളിലാണ് സ്ഥാപിക്കുന്നത്. അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പൈപ്പ് ലൈനിന്റെ സംരക്ഷണം പൂർണ്ണമായി ഉറപ്പുവരുത്തുന്നു. ജനങ്ങളുടെ ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള പഞ്ചായത്തുകൾതോറും ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ ദൃശ്യമാധ്യമങ്ങളിലൂടെയും പത്രപരസ്യങ്ങളിലൂടെയും ലഘുലേഖകൾ മുഖേനയും എഫ്.എം. റേഡിയോ വഴിയും ഗ്യാസ് പൈപ്പ് ലൈനിന്റെ സുരക്ഷയെ കുറിച്ചും പദ്ധതി നിലവിൽ വരുന്നതിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെ കുറിച്ചുമുള്ള വിവരങ്ങൾ പ്രചരിപ്പിച്ചിട്ടുണ്ട്. പൈപ്പ് ലൈനിന്റെ സുരക്ഷയെ കുറിച്ചുള്ള ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് ഒരു വിദഗ്ദ്ധ പബ്ലിക് റിലേഷൻഷൻസ് ഏജൻസിയെ ചുമതലപ്പെടുത്തുകയും വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിവരികയും ചെയ്യുന്നു. വാതക പൈപ്പ് ലൈൻ പദ്ധതിക്കുവേണ്ടി സ്ഥലത്തിന്റെ ഉപയോഗാവകാശം (RoU) മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശം ഭൂവുടമയിൽ തന്നെ നിക്ഷിപ്തമാണ്. നഷ്ടപരിഹാരം രണ്ടു ഘട്ടങ്ങളിലായാണ് നൽകുന്നത്. 1. വിളകളുടെ നഷ്ടപരിഹാരം, 2. സ്ഥലത്തിന്റെ നഷ്ടപരിഹാരം. വിളകൾക്ക് കോംപിറ്റന്റ് അതോറിറ്റി നിശ്ചയിച്ചിരിക്കുന്ന വിലയും സ്ഥലത്തിന് ന്യായവിലയുടെ 50 ശതമാനവും നഷ്ടപരിഹാരമായി നൽകുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. എന്നാൽ സ്ഥലവിലയുടെ കാര്യത്തിൽ സ്ഥലമുടമകൾക്ക് വേണ്ടത്ര നഷ്ടപരിഹാരം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## മൾബറി കൊള്ളൻ ഉത്പാദക സഹകരണ സംഘം പ്രോജക്ടുകൾ

62 (343) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലാ മൾബറി കൊള്ളൻ ഉൽപാദക സഹകരണ സംഘം (സിഡ്കോ പാലക്കാട്) സിൽക്ക് റീലിങ്ങ്, ട്വിസ്റ്റിങ്ങ്, വീവിങ്ങ് തുടങ്ങിയ പ്രോജക്ടുകൾ അംഗീകാരത്തിനായി സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംഘം സമർപ്പിച്ച പ്രോജക്റ്റ് റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

## വ്യവസായ സൗഹാർദ്ദ അന്തരീക്ഷം

63 (344) ശ്രീ. എം. വിൻസെന്റ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ സൗഹാർദ്ദ അന്തരീക്ഷം ഒരുക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) അപേക്ഷ സമർപ്പിച്ച് ഒരു മാസത്തിനകം സാങ്കേതിക അനുമതി ലഭ്യമായില്ലെങ്കിൽ അനുമതി ലഭിച്ചതായി കണക്കാക്കി വ്യവസായം തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വിവരങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പബ്ലിക് റിലേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ഡി) തുടരെ ഉണ്ടാകുന്ന ഹർത്താലുകളും പണിമുടക്കുകളും സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷത്തെ എപ്രകാരമാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

## ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ സൗഹാർദ്ദ അന്തരീക്ഷം ഒരുക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിരിക്കുന്നു :

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക് എന്നിവയിലൂടെ സംരംഭകർക്ക് ബോധവൽക്കരണം നടത്തുന്നു. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നൽകുന്നതിനായി ഏകജാലക സംവിധാനം ഒരുക്കിയിട്ടുണ്ട്. ക്ലസ്റ്റർ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും സഹായം നൽകുന്നു. വ്യവസായ എസ്റ്റേറ്റുകളിൽ ലഭ്യതയനുസരിച്ച് സംരംഭകർക്ക് വ്യവസായ ഭൂമി അനുവദിക്കുന്നുണ്ട്. സംരംഭകർക്ക് വായ്പ ആവശ്യമെങ്കിൽ അതതു ധനകാര്യ സ്ഥാപനങ്ങളിലേക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നു. സംസ്ഥാനത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് എമെർജിങ് കേരള, യുവ സംരംഭക സംഗമം (യെസ്), വനിത സംരംഭക സംഗമം (വീ-മിഷൻ) തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു. സംസ്ഥാനത്തെ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് തുടങ്ങിയവയും പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ വ്യാവസായികാന്തരീക്ഷം മെച്ചപ്പെടുത്തുവാൻവേണ്ടി ലോക ബാങ്ക് നിർദ്ദേശപ്രകാരമുള്ള Ease of Doing business സംരംഭം നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) അപേക്ഷ ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളാത്ത അപേക്ഷകളിൽ ഡീംഡ് സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. അപേക്ഷ സമർപ്പിച്ച് ഒരു മാസത്തിനകം സാങ്കേതിക അനുമതി ലഭ്യമായില്ലെങ്കിൽ അനുമതി ലഭിച്ചതായി കണക്കാക്കി വ്യവസായം തുടങ്ങുവാനുള്ള നടപടി കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ നിലവിലുണ്ട്.

(സി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻഫർമേഷൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) തുടർച്ചയായി ഹർത്താലുകളും പണിമുടക്കുകളും ഉണ്ടാകുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിലില്ല.

## മാവൂർ ഗ്വാളിയാർ റയോൺസ്

64 (345) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്വാളിയാർ റയോൺസ് വക സ്ഥലത്ത് വ്യവസായം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് GO(Rt)No.251/2016/ID Dated 4-3-2016 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്ഥലവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന സ്റ്റേ പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പിൻവലിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കോഴിക്കോട് ജില്ലയിലെ 13 എം.എൽ.എ. മാർ ഇതുമായി ബന്ധപ്പെട്ട് നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സിമന്റ് വിലയിലുണ്ടായ വർദ്ധനവ്

65 (346) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിമന്റ് വിലയിലുണ്ടായ വൻ വർദ്ധനവ് നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉല്പാദനം കുറച്ച് ഡിമാന്റ് വർദ്ധിപ്പിക്കാനും അതുവഴി വില വർദ്ധിപ്പിക്കാനുമുള്ള സിമന്റ് കമ്പനികളുടെ തന്ത്രമായി സർക്കാർ ഇതിനെ കാണുന്നുണ്ടോ ;

(സി) എങ്കിൽ ഇപ്രകാരമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ന്യായമായ വിലയിൽ സിമന്റ് ലഭ്യത ഉറപ്പ് വരുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മലബാർ സിമന്റ്സിന്റെ വിപണിയിലെ സാന്നിധ്യം കൂട്ടുന്നതിന്റെ ഭാഗമായി അടഞ്ഞുകിടന്നിരുന്ന ചേർത്തലയിലെ സിമന്റ് ഗ്രൈന്റിംഗ് യൂണിറ്റ് തുറന്ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്ന് പാട്ടത്തിനെടുത്ത സ്ഥലത്ത് ക്ലിങ്കറും സിമന്റും ഇറക്കുമതി ചെയ്ത് ഉല്പാദനവും വിപണനവും വിപുലീകരിക്കുന്നതിനുള്ള ഒരു പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. സിമന്റ് വിലവർദ്ധന ഉൾപ്പെടെ വ്യവസായ മേഖലയിലെ പ്രതിസന്ധിക്ക് കാരണമാകുന്ന വിഷയത്തിന്മേൽ എല്ലാ ജില്ലകളിലും ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ മീറ്റിംഗ് വിളിച്ചു ചേർക്കുകയും സാധ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും അതിനനുസരിച്ച് ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

## മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ വികസനം

66 (347) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വികസനം മുരടിച്ചുപോയ മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉല്പാദനം വർദ്ധിപ്പിച്ച് പ്രസ്തുത സ്ഥാപനത്തെ വികസനത്തിലേക്ക് നയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാരനടപടികളുടെ വിശദാംശം നൽകുമോ ;

(ബി) രൂക്ഷമായ സിമന്റ് ക്ഷാമം നേരിടുമ്പോൾ ഉല്പാദനം വർദ്ധിപ്പിച്ച് പ്രസ്തുത സ്ഥാപനത്തെ വികസനത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് മുൻസർക്കാർ നടപടി സ്വീകരിക്കാതിരുന്നിട്ടുണ്ടോ ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത സ്ഥാപനത്തെ വികസനത്തിലേയ്ക്ക് കൊണ്ടുവരുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) മലബാർ സിമന്റ്സ് ലിമിറ്റഡ് തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്. 2015-2016 വർഷത്തിൽ മാത്രം 6.48 ലക്ഷം ടൺ സിമന്റ് ഉല്പാദനവും 6.46 ലക്ഷം ടൺ വിപണനവും നടത്തിക്കൊണ്ട് മികച്ച ലാഭം നേടുവാൻ കമ്പനിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഉല്പാദനവും വിപണനവും വർദ്ധിപ്പിച്ച് കൂടുതൽ ലാഭത്തിൽ പ്രവർത്തിക്കുന്നതിനായി അടഞ്ഞുകിടന്നിരുന്ന ചേർത്തലയിലെ സിമന്റ് ഗ്രൈന്റിംഗ് യൂണിറ്റ് (2 ലക്ഷം ടൺ ഉല്പാദനശേഷിയുള്ള) തുറന്ന് പ്രവർത്തനമാരംഭിച്ചു. കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽനിന്നും പാട്ടത്തിനെടുത്ത

സ്ഥലത്ത് ക്ലിങ്കറും സിമന്റും ഇറക്കുമതി ചെയ്ത് കമ്പനിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ വിപണി സാന്നിദ്ധ്യം 24 ശതമാനമായി ഉയർത്തുവാൻ കഴിയുമെന്നാണ് വിലയിരുത്തൽ.

(സി) ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**കൈത്തറി സംഘങ്ങൾക്ക് ആർ.ആർ.ആർ. പാക്കേജ്**

67 (349) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്ക് ആർ.ആർ.ആർ.(RRR) പാക്കേജ് വഴി അനുവദിച്ച തുക മുഴുവൻ വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെ തുക വിതരണം ചെയ്യാൻ കഴിയാത്തത് ;

(ബി) യഥാസമയം തുക വിതരണം ചെയ്യാത്തത് ഈ പദ്ധതിയുടെ ഉദ്ദേശ്യത്തെ തന്നെ തകർക്കുന്നതാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ ;

(സി) ഈ സംഘങ്ങൾക്ക് യഥാസമയം തുക വിതരണം ചെയ്യാത്തതുമൂലം ഓണക്കാലമുൾപ്പടെയുള്ള വിപണി അനുകൂല സാഹചര്യം മുതലാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 357 കൈത്തറി സംഘങ്ങൾക്ക് റിവൈവൽ, റീഫോം & റീ-സ്ട്രക്ച്ചറിംഗ് (ആർ.ആർ.ആർ.) പാക്കേജ് വഴി അനുവദിച്ച തുകയിൽ തിരുവനന്തപുരം ജില്ലയിലെ 226 കൈത്തറി സംഘങ്ങൾ ഉള്ളതിൽ 18 സംഘങ്ങൾ ഒഴികെ ബാക്കി എല്ലാ സംഘങ്ങൾക്കും ആർ.ആർ.ആർ പാക്കേജ് വഴിയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത സംഘങ്ങൾക്കെതിരെ വിജിലൻസ് എൻക്വയറി നടക്കുന്നതിനാലാണ് തുക വിതരണം ചെയ്യാത്തത്. ടി സംഘങ്ങൾക്കെതിരെ ബഹു. കേരള ലോകായുക്തയിലും കേസ് നിലവിലുണ്ട്.

(ബി) ഉണ്ട്. ബഹു.കേരള ലോകായുക്തയിൽ നിലനിൽക്കുന്ന പരാതി തീർപ്പാകുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) സംഘങ്ങളുടെ ഓണക്കാല വിപണിയെ പ്രതികൂലമായി ബാധിച്ചിട്ടില്ല. ഹാന്റക്സിന്റെ വിവിധ ഷോറൂമുകളിലൂടെ റിബേറ്റ് ആനുകൂല്യം നൽകി പ്രസ്തുത സംഘങ്ങളിൽനിന്നും സംഭരിച്ച കൈത്തറി തുണിത്തരങ്ങൾ വിറ്റഴിച്ചിട്ടുണ്ട്.

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

68 (350) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും എന്നാൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നഷ്ടത്തിൽ ആയതുമായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും ലാഭത്തിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും എന്നാൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നഷ്ടത്തിൽ ആയതുമായ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേയ്ക്ക് ഉറപ്പിൽ വരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരായി അതാത് മേഖലകളിൽ വിദഗ്ദ്ധരായവരെ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർക്കുന്നതിനും അത്യാവശ്യമുള്ള പ്രവർത്തന മൂലധന സഹായത്തിനുമായി 2016-17-ലെ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽനിന്നും ഇതിനോടകം 39.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക സ്ഥാപനങ്ങളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് ആളില്ലാത്ത അവസ്ഥ**

69 (351) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായ വകുപ്പിന്റെ കീഴിലുള്ള, ലാഭകരമായി നടന്നിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളിലും ചെയർമാനും, മാനേജിംഗ് ഡയറക്ടർമാരും ഇല്ലാതെ പ്രവർത്തനം മന്ദീഭവിച്ച് നഷ്ടത്തിലേക്ക് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പാലക്കാട്-കോഴിക്കോട് വ്യവസായ ഇടനാഴി**

70 (352) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാലക്കാട്-കോഴിക്കോട് വ്യവസായ ഇടനാഴി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകൾക്കാണ് ഇതുമൂലം പ്രയോജനം ലഭിക്കുന്നത് ;

(സി) ഇത് സ്ഥാപിക്കാൻ എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത് ;

(ഡി) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-ഡി) സംസ്ഥാനത്ത് പാലക്കാട്-കോഴിക്കോട് വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിനുള്ള പദ്ധതി വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല.

## പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പദ്ധതി

71 (353) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ അടുത്ത രണ്ടു വർഷത്തിനുള്ളിൽ അമ്പത് ശതമാനം അധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല.

## സിമന്റിന്റെ വിലക്കയറ്റം

72 (354) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന സിമന്റിന്റെ വിലക്കയറ്റവും ക്ഷാമവുംമൂലം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മാണത്തിനും മറ്റും ഉണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തമിഴ്നാട് മാതൃകയിൽ സിമന്റിന് മിനിമം വില നിശ്ചയിച്ച് നിശ്ചിത സ്ക്വയർ ഫീറ്റിൽ വീട് നിർമ്മിക്കുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് സിമന്റിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നകാര്യം സർക്കാർ പരിശോധിക്കുമോ ;

(സി) ഇതിനായി സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികളെ ഉപയോഗപ്പെടുത്തുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നയപരമായ തീരുമാനം കൈക്കൊള്ളേണ്ട വിഷയമാണ്.

## ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക്

73 (355) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന്റെ പദ്ധതിക്കായി ഇതുവരെ എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനിയും ഈ പദ്ധതിക്കുവേണ്ടി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയുടെ നിർമ്മാണഘട്ടങ്ങളും പൂർത്തീകരണ തീയതിയും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന്റെ പദ്ധതിക്കായി ഇതുവരെ 4.75 ഹെക്ടർ (11.73 ഏക്കർ) സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി ഉടമകളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

(ബി) ആകെ 100 ഏക്കറിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക്സ് ഹാർഡ്വെയർ പാർക്കിനുവേണ്ടി 35.72 ഹെക്ടർ (88.27 ഏക്കർ) ഭൂമികൂടി ഏറ്റെടുക്കേണ്ടതുണ്ട്.

(സി) ഈ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം പൂർണ്ണമായി ഏറ്റെടുത്തതിനുശേഷം മാത്രമേ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ ആവിഷ്കരിക്കാൻ സാധിക്കുകയുള്ളൂ.

## പൊതുമേഖലയിലെ പുതിയ വ്യവസായ യൂണിറ്റുകൾ

74 (356) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പൊതുമേഖലയിൽ എത്ര വ്യവസായ യൂണിറ്റുകൾ പുതുതായി തുടങ്ങാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇക്കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ എത്ര വ്യവസായ യൂണിറ്റുകൾ പുതുതായി തുടങ്ങാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് (2006-2011) താഴെപ്പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ ഒൻപത് പൊതുമേഖലാ യൂണിറ്റുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു :

ഗ്രീൻ ഫീൽഡ് പദ്ധതികൾ

| ക്രമ നമ്പർ | സ്ഥാപനം | യൂണിറ്റുകൾ/പദ്ധതികൾ |
|---|---|---|
| 1. | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | കോമളപുരംസ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, ആലപ്പുഴ |
| 2. | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | ഹൈടെക് വീവിംഗ് മിൽ, കണ്ണൂർ |
| 3. | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | ഉദുമ ടെക്സ്റ്റൈൽ മിൽ, കാസർഗോഡ് |
| 4. | കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ, കോഴിക്കോട് |
| 5. | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ, കുറ്റിപ്പുറം. |
| 6. | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | ഹൗസ് വയറിംഗ് കേബിൾ യൂണിറ്റ്, കണ്ണൂർ |
| 7. | സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | മെഷിനിംഗ് യൂണിറ്റ്, ഷൊർണ്ണൂർ |
| 8. | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് | ഹൈടെക് ബാംബൂ ടൈൽ ഫാക്ടറി, കോഴിക്കോട് |
| 9. | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ, എറണാകുളം |

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങിയിട്ടില്ല.

## സെറിഫെഡിന്റെ സിൽക്ക് റീലിംഗ് കേന്ദ്രം

75 (357) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മയിലാട്ടിയിൽ സ്ഥിതി ചെയ്യുന്ന സെറിഫെഡിന്റെ സിൽക്ക് റീലിങ്ങ് കേന്ദ്രത്തിൽ എത്ര ജീവനക്കാരുണ്ടെന്നും ഇവർ എത്രകാലമായി പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്നുണ്ടെന്നും ഇവർക്ക് ശമ്പളയിനത്തിൽ കുടിശ്ശിക ഉണ്ടോ എന്നും വ്യക്തമാക്കാമോ ;

(ബി) ഈ സ്ഥാപനത്തിന്റെ ലാഭനഷ്ടങ്ങളെക്കുറിച്ചും ഇവിടെ നടക്കുന്ന ഉൽപ്പാദനങ്ങളെക്കുറിച്ചും വിശദാംശങ്ങൾ നൽകാമോ ;

(സി) ശമ്പള കുടിശ്ശിക വരാൻ കാരണമെന്താണെന്നും അത് എപ്പോൾ കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രസ്തുത കേന്ദ്രത്തിൽ നിലവിൽ ജീവനക്കാരില്ല. 20 തൊഴിലാളികൾ സിൽക്ക് റീലിംഗ് മേഖലയിൽ പ്രവർത്തിച്ചു വന്നിരുന്നു. ഇവർ 1993 മുതൽ പ്രവർത്തിച്ചു വന്നവരാണ്. ഇവരുടെ 28-2-2016 വരെയുള്ള വേതനം ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് നൽകിയിട്ടുണ്ട്. 20-1-2016-ന് ഈ യൂണിറ്റിനെ ഖാദി ബോർഡ് പുനരുദ്ധരിക്കുന്നതിനായി സെറിഫെഡിന് കൈമാറിയിട്ടുണ്ട്.

(ബി) 2014-15-ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ടി സ്ഥാപനം 5661624 രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. കൊക്കൂണിൽനിന്നും പട്ടുനൂൽ ഉൽപാദിപ്പിക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്.

(സി) സർക്കാർ ശമ്പള കുടിശ്ശിക വരുത്തിയിട്ടില്ല.

## സർക്കാരിന്റെ വ്യവസായ നയം

76 (358) ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കത്തക്ക തരത്തിൽ വ്യവസായ നയം പരിഷ്കരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ ;

(ബി) വ്യവസായം തുടങ്ങുന്നതിനുള്ള അപേക്ഷകൾ ഓരോ ഘട്ടവും പിന്നിടുന്നതിന് കൃത്യമായ സമയപരിധി നിശ്ചയിക്കുമോ; വ്യക്തമാക്കുമോ ;

(സി) വ്യവസായ അനുമതിക്കായി ഇപ്പോഴുള്ള ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിൽ നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വകുപ്പ് തലവൻമാരോട് ആവശ്യപ്പെട്ടുകയും ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. ലോകബാങ്ക് നിർദ്ദേശപ്രകാരമുള്ള Ease of Doing Business Initiative-ന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നുവരികയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസറായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കുന്നതിനും നവീകരിക്കുന്നതിനും ആവശ്യമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ KPMG എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് ഏകജാലക സംവിധാനം കൂടുതൽ ഫലപ്രദമായി നടപ്പിൽ വരുത്താൻ സാധിക്കുന്നതാണ്.

**പൂട്ടിക്കിടക്കുന്ന സ്റ്റീൽ ഫാക്ടറി തുറന്നുപ്രവർത്തിക്കുന്നതിന് നടപടി**

77 (359) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങലിൽ പൂട്ടിക്കിടക്കുന്ന സ്റ്റീൽ ഫാക്ടറി തുറന്നുപ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നും പൂട്ടിക്കിടക്കാനുണ്ടായ സാഹചര്യവും വിശദമാക്കാമോ ;

(സി) ഇത് തുറന്നു പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ-സി) കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. മന്ത്രാലയത്തിൻ കീഴിൽ യൂട്ടെൻസിൽസ് നിർമ്മിക്കുന്നതിനുള്ള ഒരു എക്സ്റ്റെൻഷൻ സെന്റർ ആയിരുന്നു ആറ്റിങ്ങലിലെ സ്റ്റീൽ ഫാക്ടറി. ഇവിടെ സ്റ്റീൽ പാത്രങ്ങളുടെയും ഉപകരണങ്ങളുടെയും നിർമ്മാണം/പരിശീലനം/വിതരണം എന്നിവ നടത്തിയിരുന്നു. സാമ്പത്തിക വിപണന കാരണത്താൽ ഈ സ്ഥാപനം 1992-ൽ അടച്ചുപൂട്ടുകയുണ്ടായി. ഈ സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി എം.എസ്.എം.ഇ. രണ്ട് പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. ഇത് കേന്ദ്ര സർക്കാരിന് കീഴിലുള്ള സ്ഥാപനമായതിനാൽ സംസ്ഥാന സർക്കാരിന് ഇടപെടുന്നതിന് പരിമിതികളുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം**

78 (360) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ലാഭം നിലനിർത്തിക്കൊണ്ടുപോകാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ 2006 മുതൽ 2011 വരെയുള്ള കാലഘട്ടത്തിന്റെ അവസാന സാമ്പത്തിക വർഷമായി 2010-11-ൽ 23 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ലാഭം നിലനിർത്തിക്കൊണ്ടുപോകാൻ സാധിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഖനന പ്രവർത്തനങ്ങൾ**

79 (361) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖനന പ്രവർത്തനങ്ങൾ പൊതുമേഖലയ്ക്ക് ആയിരിക്കണമെന്ന നയം സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പൊതുമേഖലയെ അതിനു സജ്ജമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) സ്വകാര്യ മേഖലയെ ഖനന പ്രവൃത്തികളിൽനിന്നും പൂർണ്ണമായി ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ സ്വകാര്യ മേഖലയ്ക്ക് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പങ്കാളിത്തമെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 2007-ലെ വ്യവസായ നയപ്രകാരം ധാതുമണൽ (mineral sand) ഖനനം സംസ്ഥാന/കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കു മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതാണ്. ഈ നയം മറ്റ് ധാതുക്കൾക്ക് ബാധകമല്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള നയപ്രകാരം മേജർ മിനറലുകൾ ഒഴികെ മറ്റ് ധാതുക്കൾ ഖനനം ചെയ്യാൻ സ്വകാര്യ മേഖലയ്ക്കോ പൊതു മേഖലയ്ക്കോ അനുവാദം നൽകുന്നതിന് തടസ്സമില്ല.

(ബി) ധാതുമണൽ ഖനനം പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എം.എം.എൽ. ഐ.ആർ.ഇ.എൽ. എന്നിവ ചെയ്തുവരുന്നു. ധാതു മണലിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) സ്വകാര്യ മേഖലയെ ഖനന പ്രവൃത്തിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ല. മൈനർ മിനറലുകളുടെ ഖനനം ഇപ്പോൾ സ്വകാര്യ മേഖലയിൽ നടന്നുവരുന്നുണ്ട്. ധാതുക്കൾ പ്രകൃതി വിഭവങ്ങളായതിനാൽ അതീവ സൂക്ഷ്മതയോടെ പരിസ്ഥിതിക്ക് കോട്ടം വരാതെ സമൂഹത്തിനാകെ പ്രയോജനപ്പെടുന്ന രീതിയിലായിരിക്കണം ഖനനപ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടേണ്ടതെന്നതിനാൽ ഖനനം മൂലമുള്ള പാരിസ്ഥിതിക പ്രത്യാഘാതം, ധാതുക്കളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം, ഇതുമൂലം നാടിനുണ്ടാകുന്ന സാമ്പത്തിക അഭിവൃദ്ധി എന്നീ പലതരത്തിലുള്ള ഘടകങ്ങൾ പരിശോധിച്ചതിനുശേഷമേ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പിക്കുന്നതിന് കഴിയുകയുള്ളൂ.

## കൈത്തറി വ്യവസായം

80 (362) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി വ്യവസായ രംഗത്തെ മുഖ്യ പ്രശ്നങ്ങളായ കൂലിക്കുറവ്, ഉല്പന്നങ്ങൾ യഥാസമയം വിറ്റഴിക്കാൻ സാധിക്കാതിരിക്കുക, മൂലധനക്കുറവ് തുടങ്ങിയവ പരിഹരിക്കാനായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) കൈത്തറി ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ തനതായ ഉല്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിന് പ്രത്യേക വാണിജ്യ വകുപ്പ് തുടങ്ങാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ഈ രംഗത്തെ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ എന്തൊക്കെ പദ്ധതികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൂലിക്കുറവ്

കൈത്തറി വ്യവസായരംഗത്തെ മുഖ്യപ്രശ്നമായ നെയ്ത്തുകാരുടെ കൂലിക്കുറവ് പരിഹരിക്കുന്നതിനായി ഇൻകം സപ്പോർട്ട്, പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ആവിഷ്കരിച്ച് നടത്തുന്നു. ഈ പദ്ധതി പ്രകാരം നെയ്ത്തുകാരുടെ ദിവസവേതനം പരമാവധി ഉയർത്തുന്നതിനായി സാധിക്കുന്നു.

ഉൽപന്നങ്ങൾ യഥാസമയം വിറ്റഴിക്കാൻ സാധിക്കാതിരിക്കുക

വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് വിഷു, ഓണം, റംസാൻ, ക്രിസ്തുമസ് ഉത്സവകാലത്തോടനുബന്ധിച്ച് ജില്ലതോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പനമേളകൾ, വർഷംതോറും നാഷണൽ ഹാന്റ്ലൂം എക്സിബിഷൻ, സ്റ്റേറ്റ് ഹാന്റ്ലൂം എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുന്നു. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പ്രചാരണം നടത്തി വരുന്നു. കൈത്തറി ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി വിദേശരാജ്യങ്ങളിൽ നടക്കുന്ന പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് അവസരം ഉണ്ടാക്കാറുണ്ട്. ഇതിന്റെ ഭാഗമായി ജർമ്മനിയിൽ വച്ച് സംഘടിപ്പിച്ച ഹേംടെക്സ്റ്റൈൽ എക്സിബിഷനിൽ 2 തവണയായി ഹാന്റക്സ്, ഹാൻവീവ്, 5 പ്രാഥമിക കൈത്തറി സംഘങ്ങൾ

എന്നിവർ പങ്കെടുത്തിട്ടുണ്ട്. കേരളത്തിനു പുറത്ത് ജയ്പൂർ ഫെസ്റ്റ്, ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ, ഇന്ത്യ ഇന്റർനാഷണൽ ഹാന്റ്ലൂം ഫെയർ, ബാംഗ്ലൂർ ഫെസ്റ്റ് എന്നീ പ്രദർശനങ്ങളിൽ കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും അതുവഴി വിപണി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതു കൈത്തറി ഉൽപ്പന്നങ്ങളായ കുത്താമ്പുള്ളി സാരികൾ, ബാലരാമപുരം സാരികൾ, കാസർഗോഡ് സാരികൾ, ചേന്ദമംഗലം സെറ്റുമുണ്ടുകൾ, കണ്ണൂർ ഫർണിഷിംഗ് മെറ്റീരിയൽ എന്നിവയ്ക്ക് വിദേശ വിപണി ലക്ഷ്യമാക്കി ഭൗമസൂചിക നിലവാരം ലഭ്യമാക്കിയിട്ടുണ്ട്.

<u>മൂലധനക്കുറവ് പരിഹരിക്കുന്നതിനായി</u>

മാർജിൻമണി ഗ്രാന്റ് പദ്ധതിയിൻ കീഴിൽ ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പക്ക് അനുസൃതമായി തറിക്ക് 20,000 രൂപ നിരക്കിൽ പരമാവധി 5,00,000 രൂപ പ്രവർത്തന മൂലധനമായി നൽകുന്നു. കൂടാതെ പുനരുദ്ധാരണ പദ്ധതി പ്രകാരം ഫാക്ടറി ടൈപ്പ് സംഘങ്ങൾക്ക് തറി ഒന്നിന് 10,000 രൂപ നിരക്കിൽ പരമാവധി 5,00,000 രൂപയും നൽകി വരുന്നു. ഗുണമേന്മയുള്ള നൂലുകൾ, ചായങ്ങൾ മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവ കുറഞ്ഞവിലയ്ക്ക് പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി നിയോഗിച്ചിട്ടുള്ള സംസ്ഥാനത്തെ 7 യാൺ ബാങ്കുകൾക്ക് പ്രവർത്തന മൂലധനമായി മാർജിൻ മണി ലോൺ നൽകിവരുന്നു. കൂടാതെ പ്രവർത്തന മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും മൂലധന വർദ്ധനവിനുമായി ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവയ്ക്ക് സർക്കാർ ഓഹരി പങ്കാളിത്തം അനുവദിക്കുന്നുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി) ഈ രംഗത്തെ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ താഴെപറയുന്ന പദ്ധതികൾ നിലവിലുണ്ട് :

1. ഇൻകം സപ്പോർട്ട് സ്കീം
2. പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം
3. അംശദാന സമ്പാദ്യ പദ്ധതി
4. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (എം.ജി. ബി.ബി.വൈ.)
5. ഈ പദ്ധതി പ്രകാരം അംഗങ്ങളുടെ കുട്ടികൾക്ക് (ഹൈസ്കൂൾ) സ്കോളർഷിപ്പ്, ഡെത്ത്ക്ലെയിം, ആക്സിഡന്റ് ഇൻഷ്വറൻസ് എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നു.

## കൈത്തറി വ്യവസായം

81 (363) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായമായ കൈത്തറിയെ പുനരുജ്ജീവിപ്പിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(ബി) കൈത്തറി തുണികൾക്ക് 2% വാറ്റ് നികുതി ഏർപ്പെടുത്തിയത് പിൻവലിക്കാൻ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ വ്യവസായ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ ;

(സി) കൈത്തറി എന്ന വ്യാജേന വരുന്ന യന്ത്രവത്കൃത ഉല്പന്നങ്ങൾ തടയുന്നതിനും ഇത്തരം വ്യാജൻമാരെ കണ്ടെത്തുന്നതിനും കൈത്തറിത്തൊഴിലാളികളുടെയും മറ്റും ആനുകൂല്യങ്ങൾ നേടിയെടുക്കുന്ന വ്യാജ നിർമ്മാതാക്കളെ കണ്ടെത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) കൈത്തറി എന്ന ലേബലിൽ ഇറങ്ങുന്ന വ്യാജ പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ; ഇത് നിയന്ത്രിക്കുന്നതിന് ആവശ്യമായ നിയമം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾക്ക് ഏർപ്പെടുത്തിയ വാറ്റ് നികുതിയിൽനിന്നും കൈത്തറിയെ ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; കൈത്തറിയെ സംരക്ഷിക്കാൻവേണ്ടി നൽകുന്ന ആനുകൂല്യങ്ങൾ വ്യാജ സംഘങ്ങൾ തട്ടിയെടുക്കുന്നതും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ കിട്ടാതെവരുന്നതുമായ അവസ്ഥ പരിഹരിക്കുവാൻ ഒരു സമഗ്ര സർവ്വേ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ) കേരളത്തിലെ പരമ്പരാഗത കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് വ്യക്തിഗത നെയ്ത്തുകാർ, പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ, അപ്പക്സ് സംഘമായ ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് വിവിധ പദ്ധതികളിലായി ധനസഹായം നൽകി വരുന്നു. കൈത്തറി നെയ്ത്തുകാർക്ക് വർഷം 300 ദിവസമെങ്കിലും തുടർച്ചയായി ജോലി ലഭ്യമാക്കുന്നതിന് കേരളത്തിലെ സർക്കാർ എയ്ഡഡ് മേഖലയിലെ 1 മുതൽ 8-ാം ക്ലാസ്സ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) കേരളത്തിൽ കൈത്തറി തുണിക്ക് 2% വാറ്റ് നികുതി നൽകണമെന്ന് നിർദ്ദേശിക്കുമ്പോൾ തന്നെ വർഷം മുഴുവനും 5% സർക്കാർ റിബേറ്റും പ്രഖ്യാപിച്ചിട്ടുണ്ട്. മാത്രമല്ല വാറ്റ് നികുതി കൈത്തറിക്കല്ല ബാധ്യത, ഉപഭോക്താവിനാണ് ബാധ്യത. ആയതിനാൽ നികുതി പിൻവലിക്കേണ്ട ആവശ്യമില്ല.

(സി) കൈത്തറി മേഖലയിൽ ഉൽപാദിപ്പിക്കുന്ന തുണി ഉൽപ്പന്നങ്ങൾക്കൊപ്പം യന്ത്രവൽകൃത ഉൽപ്പന്നങ്ങൾ തടയുന്നതിന് ഉപാധികളില്ല. എന്നാൽ കൈത്തറിയിൽ മാത്രം ഉൽപാദിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ റിസർവ് ചെയ്തിട്ടുള്ള ഉൽപ്പന്നങ്ങൾ പവർലൂം മേഖലയിൽ ഉൽപാദിപ്പിക്കുന്നത് തടയുന്നതിന് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തിവരികയും നിയമലംഘനങ്ങൾ കണ്ടെത്തിയാൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. കൈത്തറി മേഖലയിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഹാന്റ്ലൂം മാർക്ക് നൽകി സംരക്ഷിച്ചു വരുന്നുമുണ്ട്. വ്യാജ സംഘങ്ങളെ തടയുന്നതിന് സംഘങ്ങളുടെയും തൊഴിലാളികളുടെയും വിശദ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി കൃത്യമായ പരിശോധന നടത്തിവരുന്നു. കേരള ഹാന്റ്ലൂം എന്ന ബ്രാന്റിംഗും തുടർന്നുള്ള നടപടിയും വ്യാജ നിർമ്മാതാക്കളിൽനിന്ന് സംരക്ഷണം ലഭ്യമാക്കും.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വാറ്റ് നികുതി കൊണ്ട് കൈത്തറിക്കല്ല ഉപഭോക്താവിനാണ് ബാധ്യത. അതുകൊണ്ടുതന്നെ നികുതി ഒഴിവാക്കേണ്ടതില്ല. കൈത്തറി മേഖലയിൽ സമഗ്രമായ സർവ്വേ 2009-ൽ നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ**

82 (364) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി, ഉല്പന്ന വിപണനത്തിലുള്ള പ്രതിബന്ധങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൈത്തറി മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി, ഉല്പന്ന വിപണനത്തിലുള്ള പ്രതിബന്ധങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികളുടെ മിനിമം കൂലി ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. കേരളാ കൈത്തറി ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ബ്രാന്റിംഗ് ഏർപ്പെടുത്തി വിദേശ-ആഭ്യന്തര മാർക്കറ്റിൽ വിപണനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

## കൈത്തറി ഉൽപ്പന്നങ്ങളുടെ കയറ്റുമതി

83 (365) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കൈത്തറി ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണിയിലും കയറ്റുമതിയിലും ഇടിവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കൈത്തറി ഉൽപ്പന്നങ്ങളുടെ കയറ്റുമതി എത്ര ശതമാനത്തിലധികം കുറഞ്ഞതായാണ് കണക്കുകളെന്ന് വ്യക്തമാക്കാമോ ;

(സി) കൈത്തറിയുടെ ഏതെല്ലാം ഉൽപ്പന്നങ്ങളാണ് സംസ്ഥാനത്തുനിന്ന് കയറ്റുമതി ചെയ്യുന്നതെന്നും കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര കോടി രൂപയുടെ ഉൽപ്പന്നങ്ങളാണ് കയറ്റി അയച്ചതെന്നും ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കയറ്റുമതി ചെയ്യുന്നതെന്നും വിശദമാക്കുമോ ;

(ഡി) ഇപ്പോൾ കേരള കൈത്തറിക്ക് വില കൂടുതലാണെന്ന് വിദേശ ഇറക്കുമതിക്കാർ പരാതി പറഞ്ഞു തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) വിദേശത്ത് കൈത്തറിയെ അപ്രിയമാക്കിയ ഘടകങ്ങൾ ഏതെല്ലാമാണെന്ന് പഠിച്ചിട്ടുണ്ടോ ; കൈത്തറിയുടെ പഴയ പ്രതാപം വീണ്ടെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്ഥീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കൈത്തറിയ്ക്ക് കേന്ദ്രസർക്കാർ നൽകിയിരുന്ന പരിഗണന എടുത്തു കളഞ്ഞതും വൻതോതിൽ മിൽ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതും ചൈന പോലുള്ള രാജ്യങ്ങൾ വിലകുറച്ച് തുണിത്തരങ്ങൾ ആഗോളമാർക്കറ്റിൽ എത്തിക്കുന്നതുമാണ് കയറ്റുമതി കുറയ്ക്കാനും ആഭ്യന്തരവിപണി ഇടിയാനും കാരണം.

(ബി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കൈത്തറി ഉൽപ്പന്നങ്ങളുടെ കയറ്റുമതി 60 ശതമാനത്തിലധികം കുറഞ്ഞതായാണ് കാണുന്നത്.

(സി) കൈത്തറി ഫർണിഷിംഗ് ഉൽപ്പന്നങ്ങളാണ് സംസ്ഥാനത്തുനിന്ന് കയറ്റുമതി ചെയ്യുന്നത്. കഴിഞ്ഞ പത്ത വർഷത്തിനുള്ളിൽ 562.07 ലക്ഷം രൂപയുടെ ഉൽപന്നങ്ങൾ കയറ്റി അയച്ചിട്ടുണ്ട്. ഓസ്ട്രേലിയ, ബെൽജിയം, ജർമ്മനി, നെതർലാൻഡ്, ജപ്പാൻ, ഹോങ്കോങ് എന്നീ രാജ്യങ്ങളിലേയ്ക്കാണ് കയറ്റുമതി ചെയ്യുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ശാസ്ത്രീയപഠനം നടത്തിയിട്ടില്ല. എന്നാൽ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണി കീഴടക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**തിരുവണ്ണൂർ കോട്ടൺ മിൽ**

84 (366) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവണ്ണൂർ കോട്ടൺ മില്ലിൽ ഗുണനിലവാരമുള്ള കോട്ടൺ നൂലുകൾക്ക് പകരം മുൻസർക്കാർ പോളിസ്റ്റർ നൂലുകൾ ഉൽപ്പാദിപ്പിക്കുവാൻ തുടങ്ങിയതും ഉത്പാദനക്ഷമത കുറച്ചുകൊണ്ടുവന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി കഴിഞ്ഞ 5 വർഷം കൊണ്ട് സ്ഥാപനത്തിന് ഉണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഗുണമേന്മയുള്ള കോട്ടൺ നൂലുകൾ ഉൽപ്പാദിപ്പിച്ച് സ്ഥാപനം ലാഭകരമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) കഴിഞ്ഞ 5 വർഷക്കാലത്ത് സ്ഥാപനത്തിന് നഷ്ടമുണ്ടായതായുള്ള ആക്ഷേപം പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിൽ (തിരുവണ്ണൂർ കോട്ടൺ മിൽ) കോട്ടൺ നൂലുകൾക്കൊപ്പം പോളിസ്റ്റർ ബ്ലന്റഡ് നൂൽ ഉത്പാദിപ്പിച്ചതുകൊണ്ട് ഉൽപാദനക്ഷമതയിൽ കുറവുണ്ടായിട്ടില്ല.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിൽ (2011-12 മുതൽ 2015-16 വരെ) മില്ലിനുണ്ടായ നഷ്ടം 40 കോടിരൂപയാണ്.

(സി) ഇപ്പോഴത്തെ പരുത്തിയുടെ വിലനിലവാരവും യാൺ മാർക്കറ്റിൽ കോട്ടൺ നൂലിന് നിലനിൽക്കുന്ന മാന്ദ്യവും കണക്കിലെടുത്താൽ കോട്ടൺ നൂൽ ഉൽപ്പാദനം ലാഭകരമായിരിക്കുകയില്ല.

(ഡി) കഴിഞ്ഞ 5 വർഷക്കാലത്തെ മില്ലിന്റെ പ്രവർത്തനം നഷ്ടത്തിലായതിനുള്ള പ്രധാനകാരണങ്ങൾ താഴെപ്പറയുന്നവയാണ് :

1. ആഗോളതലത്തിൽ സാമ്പത്തികമാന്ദ്യം കൊണ്ടുണ്ടായ കാരണങ്ങളാൽ 2011 മുതൽ ടെക്സ്റ്റൈൽ വ്യവസായ മേഖലയിൽ നിലനിൽക്കുന്ന കടുത്ത പ്രതിസന്ധിമൂലം കോർപ്പറേഷന്റെ മില്ലുകൾ തുടർച്ചയായി 2010-11 വർഷം മുതൽ നഷ്ടത്തിൽ പ്രവർത്തിക്കുകയാണ്.

2. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിൽ 2011 വരെ നാല് ഘട്ടങ്ങളിലായി നടപ്പിലാക്കിയ 36 കോടി രൂപയുടെ നവീകരണ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവായ തുകയുടെ പലിശയും തേയ്മാനവും ചേർന്നുള്ള ചെലവുകൾ കണക്കിലെടുക്കുമ്പോഴാണ് നഷ്ടം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളത്.

3. 2011 വർഷാരംഭത്തിൽ കേന്ദ്ര സർക്കാർ പരുത്തി കയറ്റുമതി ചെയ്യുവാൻ കൈക്കൊണ്ട തീരുമാനംമൂലം ആഭ്യന്തര മാർക്കറ്റിൽ പരുത്തിയുടെ ലഭ്യത കുറഞ്ഞത് (artificial shortage) പരുത്തി വില ഉയരാൻ ഇടയാക്കി.

4. കേന്ദ്ര സർക്കാരിന്റെ കയറ്റുമതി ഇറക്കുമതി നയത്തിന്റെ ഭാഗമായി കോട്ടൺ നൂൽ കയറ്റുമതിക്ക് നിയന്ത്രണം കൊണ്ടുവന്നതുവഴി ആഭ്യന്തര മാർക്കറ്റിൽ കോട്ടൺ നൂൽ വില കുത്തനെ ഇടിഞ്ഞതുമൂലം ടെക്സ്റ്റൈൽ വ്യവസായത്തിനുണ്ടായ പ്രതിസന്ധി മില്ലിനേയും ബാധിച്ചു.

5. ഇതിനുപരിയായി വിശദമായ അന്വേഷണം നടത്തുന്നതും അതിലൂടെ ആരെങ്കിലും കുറ്റക്കാരാണെന്ന് കാണുകയാണെങ്കിൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

**ഖാദി ഗ്രാമങ്ങൾ**

85 (367) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ ജില്ലകളിൽ ഏതെല്ലാം ഗ്രാമങ്ങളിലാണ് ഇവ സ്ഥാപിക്കുന്നത് ;

(സി) ഇതുവഴി എത്ര തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഗ്രാമങ്ങൾ വഴി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്കുള്ള വിപണി എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഖാദി ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഏകദേശം 2000 പേർക്ക് തൊഴിൽ ലഭ്യമാക്കാനും ഉദ്ദേശിച്ചുകൊണ്ട് സ്ത്രീകൾ, എൻഡോസൾഫാൻ ദുരിത ബാധിതർ, ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർ തുടങ്ങിയ ദുർബല വിഭാഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ ചർക്കകളും തറികളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നു. ഓരോ ജില്ലയിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും വൈദഗ്ധ്യ വികസന പരിശീലനം നൽകി 1000 ചർക്കകൾ, 1000 തറികൾ, അസംസ്കൃത വസ്തുക്കൾ എന്നിവ കുടുംബങ്ങളിൽ ലഭ്യമാക്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ജില്ലാ ഓഫീസുകൾ സേവന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതാണ്. ഇതുസംബന്ധിച്ച വിശദമായ നിർദ്ദേശം തയ്യാറാക്കി വരുന്നതേയുള്ളൂ.

(ബി) കേരളത്തിലെ എല്ലാ ജില്ലകളിലുമായി ഓരോ ജില്ലയിലും രണ്ടുവീതം തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

(സി) മൊത്തം 2000 (രണ്ടായിരം) തൊഴിലവസരങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

(ഡി) ബോർഡിന് സ്വന്തമായി വിപുലമായ വിപണന ശൃംഖലയുണ്ട്. കേരളത്തിൽ ഖാദി വസ്തുങ്ങളുടെ ആവശ്യം അനുദിനം വർദ്ധിച്ചു വരുന്നതിനാൽ ഖാദി ഗ്രാമങ്ങൾവഴി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്കുള്ള വിപണി ഒരു പ്രശ്നമായി അവശേഷിക്കുന്നില്ല.

**പഞ്ചായത്തിൽ ഒരു സ്റ്റേഡിയം പദ്ധതി**

86 (368) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ' പഞ്ചായത്തിൽ ഒരു സ്റ്റേഡിയം ' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിനായി ഓരോ പഞ്ചായത്തിനും എത്ര തുക വീതം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ തയ്യാറാക്കി ഘട്ടം ഘട്ടമായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് (അനുബന്ധം)* 5 കോടി രൂപ വീതം വകയിരുത്തുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായുള്ള 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇ.എം.എസ്. സ്റ്റേഡിയം**

87 (369) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരത്ത് ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) സ്റ്റേഡിയം നിർമ്മിക്കേണ്ട ഏജൻസി ആരാണെന്ന് കണ്ടെത്തുന്നതിന് വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് നൽകിയ നിർദ്ദേശപ്രകാരം നിർമ്മാണ ഏജൻസിയെ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ആരംഭിച്ചിട്ടില്ല. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനുശേഷം പണി ആരംഭിക്കുന്നതാണ്.

(ബി) നിർമ്മാണ ഏജൻസിയെ ഇതുവരെ തീരുമാനിച്ചിട്ടില്ല. പദ്ധതി കെ.ഐ.ഐ.എഫ്.ബി. (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്)-ൽ ഉൾപ്പെടുത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പുതിയ സ്റ്റേഡിയങ്ങൾ**

88 (370) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും കായിക വകുപ്പിന്റെ ചുമതലയിലോ മേൽനോട്ടത്തിലോ പുതുതായി സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമിയുടെ ലഭ്യത പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. തയ്യാറാക്കി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് (അനുബന്ധം)* 5 കോടി രൂപ വീതം വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

**ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി**

89 (371) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിൽ വെച്ച് ആത്മഹത്യ ചെയ്ത വിദ്യാർത്ഥിനിയുടെ കുടുംബത്തിന് 27-5-2016-ലെ സ.ഉ.(സാധ) നമ്പർ 115/16/കാ.യു.വ. ഉത്തരവ് പ്രകാരം അനുവദിച്ച 3 ലക്ഷം രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ധനസഹായം എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വയനാട് സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിൽ ആത്മഹത്യ ചെയ്ത കായികതാരത്തിന്റെ മാതാവിന് അനുവദിച്ച 3 ലക്ഷം രൂപയുടെ ധനസഹായം ഉടൻതന്നെ നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നാഷണൽ ഗെയിംസ്

90 (372) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിൻെറ കാലത്ത് കേരളത്തിൽ നടന്ന നാഷണൽ ഗെയിംസിൽ കേരളത്തിനുവേണ്ടി 1-ാം സ്ഥാനം നേടിയവർക്ക് കേരള സർക്കാർ തലത്തിലും 2-ഉം 3-ഉം സ്ഥാനങ്ങൾ നേടിയവർക്ക് കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി നൽകുമെന്ന് തീരുമാനം ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുപ്രകാരം ഏതെല്ലാം സ്പോർട്സ് താരങ്ങൾക്ക് ഏതെല്ലാം സർക്കാർ വകുപ്പുകളിൽ / പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകിയെന്നുള്ള വിവരം വിശദമായി പേരുസഹിതം വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത സ്പോർട്സ് താരങ്ങൾക്ക് ജോലി കൊടുക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) നാഷണൽ ഗെയിംസിൽ കേരളത്തിനുവേണ്ടി 1-ാം സ്ഥാനം നേടിയവർക്ക് കേരള സർക്കാർ തലത്തിലും 2-ഉം 3-ഉം സ്ഥാനങ്ങൾ നേടിയവർക്ക് കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി നൽകുമെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനം എടുത്തിരുന്നു. നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ബ്ലസൻ ജോർജ് ഇൻഡോർ സ്റ്റേഡിയം

91 (373) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ജില്ലയ്ക്കും ഇൻഡോർ സ്റ്റേഡിയം എന്ന ബജറ്റ് പ്രഖ്യാപന പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ച ബ്ലസൻ ജോർജ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സ്റ്റേഡിയം നിർമ്മിക്കുന്നതിന് അയിരൂർ പഞ്ചായത്തിൽ സ്ഥലം ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അയിരൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തി ബ്ലസൻ ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പത്തനംതിട്ട ജില്ലയിലെ ബ്ലസൻ ജോർജ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പദ്ധതി കെ.ഐ.ഐ.എഫ്.ബി. (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്)-യിൽ ഉൾപ്പെടുത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**നാഷണൽ ഗെയിംസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

92 (374) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരത്തിലെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിനു പുറകിൽ, നിയമസഭാ മന്ദിരത്തിനും നിയമസഭാ ഹോസ്റ്റലിനും ഇടയ്ക്കായി നാഷണൽ ഗെയിംസിന്റെ നടത്തിപ്പിനായി അതിന്റെ ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകുമോ ; ആകെ എത്ര തുക ഇതിനായി ചെലവഴിച്ചു ;

(ബി) നിർമ്മിതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നോ, ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ നിന്നോ അനുമതി വാങ്ങിയിരുന്നോ ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) നിർമ്മിതികൾ നാഷണൽ ഗെയിംസിനുശേഷം പൊളിച്ചുനീക്കിയിരുന്നോ ; ഇല്ലെങ്കിൽ അവ ഏതെങ്കിലും ഏജൻസിക്ക് കൈമാറി നൽകിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) നിർമ്മിതികളോട് ചേർന്ന് കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള അനുമതി പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; അതിനുള്ള ഫണ്ട് ഏത് ഹെഡ്ഡിൽനിന്നാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തലസ്ഥാന നഗരത്തിലെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിനു പുറകിൽ നിയമസഭാ മന്ദിരത്തിനും നിയമസഭാ ഹോസ്റ്റലിനും സമീപത്തായി 35-ാം നാഷണൽ ഗെയിംസിന്റെ നടത്തിപ്പിനായി ആകെ 5,38,81,707 രൂപ (അഞ്ച് കോടി മുപ്പത്തിയെട്ട് ലക്ഷത്തി എൺപത്തി ഒന്നായിരത്തി എഴുന്നൂറ്റി ഏഴ് രൂപ) ചെലവഴിച്ച് സ്ക്വാഷ് കോർട്ട് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി 5,17,68,264 (അഞ്ച് കോടി പതിനേഴ് ലക്ഷത്തി

അറുപത്തിയെട്ടായിരത്തി ഇരുന്നൂറ്റി അറുപത്തിനാല് രൂപ) രൂപയും കൺസൾട്ടൻസിക്കായി 20,20,224 (ഇരുപത് ലക്ഷത്തി ഇരുപതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തി നാല് രൂപ) രൂപയും പരസ്യ ചാർജിനായി 93,219/-(തൊണ്ണൂറ്റി മൂന്നായിരത്തി ഇരുന്നൂറ്റി പത്തൊൻപത് രൂപ) രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) സ്ക്വാഷ് കോർട്ടിന്റെ നിർമ്മാണത്തിന് തിരുവനന്തപുരം നഗരസഭയിൽ അനുമതിക്കായി 6-2-2013-ൽ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും ഇതുവരെയും ലഭിച്ചിട്ടില്ല. എന്നാൽ കേരള ബിൽഡിംഗ് റൂൾസ് അനുസരിച്ച് സർക്കാർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അപേക്ഷ സമർപ്പിച്ച് 30 ദിവസങ്ങൾക്കകം പെർമിറ്റ് നിരസിക്കാത്ത പക്ഷം പെർമിറ്റ് ലഭിക്കുമെന്ന് കരുതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. അതനുസരിച്ച് ദേശീയ പ്രാധാന്യം കണക്കിലെടുത്തു നിർമ്മാണം ആരംഭിക്കുകയും എല്ലാ അനുബന്ധ പ്രവൃത്തികളും അടക്കം 2014 നവംബറിൽ സ്ക്വാഷ് കോർട്ട് നിർമ്മാണം 35-ാം ദേശീയ ഗെയിംസിനുവേണ്ടി സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തു.

(സി) സ്ഥിര നിർമ്മിതികളാണ് പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചത്. ആയതിനാൽ ഗെയിംസിനുശേഷം അവ പൊളിച്ച് നീക്കംചെയ്യേണ്ടി വന്നിട്ടില്ല. ഗെയിംസ് ആരംഭിക്കുന്നതിന് മുൻപേ 3-12-2014-ൽ സ്ക്വാഷ് കോർട്ട് റവന്യൂ അഡ്മിനിസ്ട്രേറ്റർ ആയ ശ്രീ. സുഭാഷ് ജോർജ്, ഡെപ്യൂട്ടി കമാൻഡന്റ് & ജോയിന്റ് സ്പോർട്സ് ഓഫീസറെ ഏല്പിച്ചിരുന്നു. ഗെയിംസ് കഴിഞ്ഞശേഷം 24-2-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 09/15/കാ.യു.വ (സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)* പ്രകാരം സ്ക്വാഷ് കോർട്ട് ശ്രീ. സുഭാഷ് ജോർജ് മുഖാന്തിരം കേരള പോലീസ് മേധാവിക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. നിലവിൽ ഇത് കേരള പോലീസ് വകുപ്പിന്റെ അധീനതയിലാണ്.

(ഡി) നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ മേൽനോട്ടത്തിൽ ഇപ്പോൾ യാതൊരു രീതിയിലുമുള്ള നിർമ്മാണവും പ്രസ്തുത സ്ഥലത്ത് നടക്കുന്നില്ല.

## ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിന് സിന്തറ്റിക് ട്രാക്കും സിന്തറ്റിക് കോർട്ടുകളും

93 (375) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവണ്മെന്റ് കോളേജിൽ സിന്തറ്റിക് ട്രാക്കും സിന്തറ്റിക് കോർട്ടുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കഴിഞ്ഞ നാഷണൽ ഗെയിംസ് വില്ലേജിൽ സ്ഥാപിച്ചിരുന്ന പ്രീഫാബ്രിക്കേറ്റഡ് സംവിധാനങ്ങൾ അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പ്രകാരം അവ പ്രസ്തുത കോളേജിന് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല.

## സ്പോർട്സ് വികസനം

94 (376) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്പോർട്സ് വികസനം ലക്ഷ്യം വച്ച് കായിക താരങ്ങളുടെ പരിശീലനത്തിന് ആവിഷ്കരിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാനത്തെ സ്പോർട്സ് വികസനം ലക്ഷ്യം വച്ച് കായികതാരങ്ങളുടെ പരിശീലനത്തിനായി നിലവിലുള്ള അടിസ്ഥാന സൗകര്യപരിപാലനത്തിനുപുറമെ എല്ലാ ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനും എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. കൂടാതെ ജി.വി.രാജാ, കണ്ണൂർ സ്പോർട്സ് സ്കൂൾ, അയ്യങ്കാളി സ്പോർട്സ് സ്കൂൾ എന്നിവയുടെ അടിസ്ഥാനസൗകര്യ വികസനം ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. മേൽ പദ്ധതി നടത്തിപ്പിലേയ്ക്കായി ആവശ്യമായ തുക പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ആലപ്പുഴ ഇൻഡോർ സ്റ്റേഡിയത്തോട് അനുബന്ധിച്ച് വോളീബോൾ അക്കാഡമി സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിക്കുന്നുണ്ട്.

## സ്പോർട്സ് ക്വാട്ട നിയമനം

95 (377) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം 7-12-2015-ലെ 14652/ എസ്ഡി1/12/പൊ.ഭ.വ. നമ്പർ വിജ്ഞാപനമനുസരിച്ച് 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലേക്ക് പ്രതിവർഷം 50 ഒഴിവുകളിൽ നിയമനം നൽകുന്നതിന് സ്വീകരിച്ച നടപടികളിലൂടെ എത്രപേർക്ക് നിയമനം നല്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഓരോ വർഷവും യഥാസമയം സ്പോർട്സ് ക്വാട്ടയിൽ നിയമനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സ്പോർട്സ് ക്വാട്ടാ നിയമനപദ്ധതി പ്രകാരം 2010 മുതൽ 2014 വരെ കാലയളവിലുള്ള 249 ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ബി) തുടർന്നുള്ള വർഷങ്ങളിലും സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുന്നതിലേക്കായി ഓൺലൈനായി അപേക്ഷ സ്വീകരിച്ച് പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി യഥാസമയം നിയമന നടപടികൾ നടത്തുന്നതാണ്.

**കായിക നിലവാരം**

96 (378) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായികനിലവാരം മെച്ചപ്പെടുത്തുന്നതിന്, എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) സ്കൂളുകളിൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് തുക അനുവദിക്കാറുണ്ടോ; വിശദവിവരങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) സ്കൂളുകളിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നത് കുട്ടികളുടെ എണ്ണത്തിനനുസരിച്ചാണ്. ആയതിനാൽ എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപക തസ്തിക അനുവദിക്കാനാവില്ല.

(ബി) ഉണ്ട്. കായിക യുവജന കാര്യാലയത്തിൽനിന്നും കായിക വികസനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി സംഘടനകൾ/ എയ്ഡഡ്/സർക്കാർ സ്കൂളുകൾ/ ക്ലബ്ബുകൾ എന്നിവയ്ക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. കായിക ഉപകരണങ്ങൾ, ഫിറ്റ്നെസ്സ് ട്രെയിനിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ദേശീയ നിലവാരം പുലർത്തുന്ന കായിക താരങ്ങൾക്ക് ടൂർണമെന്റുകൾ/കോച്ചിംഗ് ക്യാമ്പുകൾ എന്നിവയിൽ പങ്കെടുക്കുന്നതിനും കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായിക അസോസിയേഷനുകൾക്ക് ട്രെയിനിംഗ്, കോച്ചിംഗ് ക്യാമ്പുകൾ, ടൂർണമെന്റുകൾ നടത്തുന്നതിനും സ്കൂളുകളിൽ കായിക വികസനത്തിനായി ട്രെയിനിംഗ്, കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിക്കുന്നതിനും ധനസഹായം നൽകിവരുന്നുണ്ട്. സർക്കാരിന്റെ 15-6-2013-ലെ ഉത്തരവ് നമ്പർ (കൈ) 09/13/കാ.യു.വ 17/2/2014-ലെ ഉത്തരവ് (കൈ) നമ്പർ 32/14/കാ.യു.വ എന്നീ ഉത്തരവുകൾ അനുസരിച്ച് അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരം എല്ലാ വർഷവും ജൂൺ മാസത്തോടെ അപേക്ഷ ക്ഷണിക്കുകയും അർഹരായ അപേക്ഷകർക്ക് ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്.

**കളിസ്ഥലങ്ങൾ**

97 (379) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കിയാൽ കളിസ്ഥലങ്ങൾ നിർമ്മിച്ച് നൽകുന്ന പദ്ധതി സ്പോർട്സ് വകുപ്പിനുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) പരമാവധി എത്ര തുക വരെ ഈ പദ്ധതിയ്ക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കായികവകുപ്പിന്റെ നിലവിലുള്ള സ്കീമിൽ പദ്ധതി പ്രകാരം സ്വന്തമായി സ്ഥലമുള്ള സ്ഥാപനങ്ങൾക്ക് കളിസ്ഥലം നിർമ്മിച്ച് നൽകിവരുന്നുണ്ട്. (വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു)* എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ടി 5 കോടി രൂപ വീതം തെരഞ്ഞെടുത്ത 25 പഞ്ചായത്തുകൾക്ക് 135 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ പദ്ധതിക്കും താഴെപറയും പ്രകാരം തുക ചെലവഴിച്ച് കളിസ്ഥലങ്ങൾ നിർമ്മിച്ച് നൽകുന്നു :

| | | |
|---|---|---|
| നീന്തൽക്കുളം | - | 50 ലക്ഷം രൂപ |
| ഫോർലൈൻ സിന്തറ്റിക് ട്രാക്ക് | - | 50 ലക്ഷം രൂപ |
| സിന്തറ്റിക് ഫുട്ബോൾ ടർഫ് | - | 3 കോടി രൂപ |
| മൾട്ടി സ്പോർട്സ് പ്ലേ സ്പെയ്സ് | - | 25 ലക്ഷം രൂപ |
| ഫുട്സാൽ കോർട്ട് | - | 45 ലക്ഷം രൂപ |
| ലോംഗ് ജമ്പ് & ട്രിപ്പിൾ ജമ്പ് പിറ്റ് | - | 6 ലക്ഷം രൂപ |
| ഹൈജമ്പ് ലാന്റിംഗ് പിറ്റ് | - | 41 ലക്ഷം രൂപ |
| കബഡി ഫ്ലോർ | - | 75 ലക്ഷം രൂപ |
| ഷട്ടിൽ ബാഡ്മിന്റൺ കോർട്ട് | - | 6 ലക്ഷം രൂപ |
| സ്പോർട്സ് പാർക്ക് ഫോർ ചിൽഡ്രൻ | - | 90 ലക്ഷം രൂപ |
| മേപ്പിൾ വുഡ് ഫ്ലോറിംഗ് | - | 25 ലക്ഷം രൂപ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട്

98 (380) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയത് പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി&സി) ടി പദ്ധതി കെ.ഐ.ഐ.എഫ്.ബി (കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്)-യിൽ ഉൾപ്പെടുത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏജൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

## മൾട്ടിപർപ്പസ് സ്റ്റേഡിയം

99 (381) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ല ഉൾപ്പെടെ 14 ജില്ലകളിൽ ഈ വർഷ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൾട്ടിപർപ്പസ് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പ്രമുഖ ഫുട്ബോളറായ തൃക്കരിപ്പൂരിലെ എം.ആർ.സി. കൃഷ്ണന്റെ സ്മരണയിൽ അനുവദിക്കപ്പെട്ട എം.ആർ.സി. കൃഷ്ണൻ സ്മാരക മൾട്ടിപർപ്പസ് സ്റ്റേഡിയം പണി ആരംഭിക്കുന്നതിന് ഏജൻസിയെ നിശ്ചയിക്കുന്നതിന് വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് നൽകിയ കത്തു പ്രകാരം ഏത് ഏജൻസിയെ കൊണ്ടാണ് ഈ പ്രവൃത്തി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ല ഉൾപ്പെടെ 14 ജില്ലകളിൽ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം കെ.ഐ.ഐ.എഫ്.ബി (കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്)-യിൽ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**യുവജനങ്ങളുടെ കായികശേഷി വർദ്ധിപ്പിക്കാൻ പദ്ധതി**

100 (382) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന യുവജനക്ഷേമ ബോർഡ് നിലവിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനും, യുവജനങ്ങൾക്ക് ഗുണകരമാക്കുന്നതിനും, സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ യുവജനങ്ങളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(i) കേരളത്തിലെ യുവതീയുവാക്കൾക്ക് അവരുടെ കായികശേഷി പരിപോഷിപ്പിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനുമായി എല്ലാ വർഷവും കേരളോത്സവത്തിന്റെ ഭാഗമായി കായിക മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നു. അത്‌ലറ്റിക്സിൽ 13 ഇനങ്ങളും നീന്തലിൽ 10 ഇനങ്ങളും ഗെയിംസിൽ 12 ഇനങ്ങളും കൂടാതെ കളരിപ്പയറ്റ് മത്സരവും കാർഷിക കായിക ഇനങ്ങളിലുള്ള മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നുണ്ട്.

(ii) കായികരംഗത്ത് യുവജനങ്ങളുടെ പങ്കാളിത്തം വിപുലീകരിക്കുന്നതിനും യൂത്ത് ക്ലബ്ബുകൾക്കും സ്കൂളുകൾക്കും കായിക രംഗത്ത് പ്രോത്സാഹനം നൽകുന്നതിനും കായികക്ഷമതയുള്ള യുവജനതയെ വാർത്തെടുക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത യൂത്ത് ക്ലബ്ബുകൾക്കും സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

(iii) കായികരംഗത്ത് മികച്ച സംഭാവന നൽകുന്ന തിരുവനന്തപുരം ജില്ലയിലെ ജി.വി.രാജ സ്കൂളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് 12,12,752 രൂപയുടെ കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

(ബി) കലാ-കായിക രംഗങ്ങളിൽ യുവാക്കൾക്ക് മികവ് തെളിയിക്കുന്നതിന് ഗ്രാമ-ബ്ലോക്ക്-മുനിസിപ്പാലിറ്റി സംസ്ഥാനതല കേരളോത്സവം, യുവാക്കൾ സ്വയം സംരംഭകരാകുന്നതിലേയ്ക്ക് സംരംഭകത്വ പരിശീലനം, സിവിൽ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, വ്യക്തിത്വവികസന പരിശീലനങ്ങൾ, ജോബ് ഫെസ്റ്റുകൾ, സ്വയം തൊഴിൽ-ബോധവൽക്കരണ കാർഷിക പരിശീലന പരിപാടികൾ, ഡി.റ്റി.പി/ പി.എസ്.സി ഓൺലൈൻ രജസ്ട്രേഷൻ/ഐ.ബി.പി. പരിശീലനങ്ങൾ, ജീവദായനി-രക്തദാന പദ്ധതി, ചലചിത്ര-മാധ്യമ-സാഹിത്യ-വനിതാ ശില്പശാലകൾ, സാഹസിക അക്കാദമിയുടെ നേതൃത്വത്തിൽ സാഹസിക-കായിക പരിശീലനങ്ങൾ, നാടൻ കലാമേളകൾ, ആദിവാസി ഗോത്ര കലാമേളകൾ, അന്യസംസ്ഥാനങ്ങളിലെ യുവതീ-യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ദേശീയോദ്ഗ്രഥന ക്യാമ്പുകൾ, നേതൃത്വ പരിശീലന ക്യാമ്പുകൾ, യുവജനദിനാചരണം, പരിസ്ഥിതി ദിനാചരണങ്ങൾ, മറ്റ് പരിപാടികൾ എന്നിവ സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ചുവരുന്നു.

## കെ.എസ്.ഇ.ബി.എൽ. ഈടാക്കുന്ന അമിത സർവ്വീസ് ചാർജ്

101 (383) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ATM കാർഡുപയോഗിച്ച് ഓൺലൈൻ മുഖേന കെ,എസ്.ഇ.ബി.എൽ. കറണ്ടുചാർജിന് പണം അടയ്ക്കുന്നവരിൽനിന്നും സർവ്വീസ് ചാർജിന്റെ പേരിൽ അധികമായി പണം ഈടാക്കുന്നു എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഉപഭോക്താവിന്റെ സമ്മതമില്ലാതെ ഈടാക്കുന്ന ഇത്തരം അമിത സർവ്വീസ് ചാർജ് നിർത്തൽ ചെയ്യുന്നതിന് കെ.എസ്.സി.ബി.-യ്ക്ക് നിർദ്ദേശം നൽകാമോ ?

### ഉത്തരം

(എ&ബി) ഉണ്ട്. എ.ടി.എം./ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് എന്നിവ ഉപയോഗിച്ച് ഓൺലൈൻ വഴി കറന്റ് ചാർജ് അടയ്ക്കുന്നവരിൽനിന്നും സർവ്വീസ് ചാർജിന്റെ പേരിൽ അധികമായി കെ.എസ്.ഇ.ബി.എൽ. ചാർജ്ജ് ഈടാക്കുന്നില്ല. എ.ടി.എം/ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് മുഖേന കറന്റ് ചാർജ് ഓൺലൈനായി അടയ്ക്കുന്നവർക്ക് പേമെന്റ് ഗേറ്റ് വേ സേവനദാതാവിന് നിയമപ്രകാരം അനുവദിച്ച സർവ്വീസ് ചാർജ്ജുകൾ മാത്രമേ ഉപഭോക്താവ് നൽകേണ്ടതുള്ളൂ. പേമെന്റ് ഗേറ്റ് വേ സേവനദാതാക്കൾ അവർ നൽകുന്ന സേവനത്തിന്റെ ഭാഗമായി ഉപഭോക്താക്കളുടെ കയ്യിൽനിന്നും നിയമവിധേയമായ കൺവീനിയൻസ് ചാർജ് മാത്രമേ ഈടാക്കുന്നുള്ളൂ. ഉപഭോക്താക്കൾക്ക് ഇത്തരം സേവനങ്ങൾ ഓപ്ഷണലായി മാത്രമാണ് നൽകിയിട്ടുള്ളത്.

ഉപഭോക്താക്കൾക്ക് വൈദ്യുതി ബോർഡിന്റെ ഏതെങ്കിലും കൗണ്ടറിലോ ഡയറക്ട് നെറ്റ് ബാങ്കിംഗ് നടപ്പിലാക്കിയിട്ടുള്ള മറ്റു ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയോ സർവ്വീസ് ചാർജ്ജ് ഇല്ലാതെ തന്നെ പണമടയ്ക്കുവാനുള്ള സൗകര്യം നിലവിലുണ്ട്.

## ഭൂഗർഭ കേബിൾ മുഖാന്തിരം വൈദ്യുതി വിതരണം

102 (384) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല പ്രധാന നഗരങ്ങളിലും ടൗണുകളിലും ഗ്രാമങ്ങളിലും വലിയ വികസന സാധ്യതയുള്ള സ്ഥലങ്ങളുടെ മുകളിൽക്കൂടി 440 കെ.വി., 220 കെ.വി., 110 കെ.വി., 66 കെ.വി., 11 കെ.വി. മുതലായ വലിയ വൈദ്യുതി ലൈനുകൾ കടന്നു പോകുന്നതിനാൽ വികസന പ്രവർത്തനങ്ങൾക്കും മറ്റും വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ ജനങ്ങളെ സഹായിക്കാൻ എന്തെല്ലാം കാര്യങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭാഗത്തു നിന്നും ചെയ്യുവാൻ കഴിയുമെന്നത് വിശദമാക്കുമോ ;

(ബി) പ്രസ്തുത ലൈനുകൾ ഭൂഗർഭ കേബിൾ മുഖാന്തിരം കടത്തിവിടുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കേരളത്തിൽ എവിടെയെങ്കിലും ഗാർഹിക ആവശ്യത്തിനുള്ള സർവ്വീസ് ലൈനുകളും ചെറിയ വ്യവസായികാവശ്യത്തിനുള്ള ലൈനുകളും ഭൂഗർഭ കേബിൾ മുഖാന്തരം കൊടുത്തിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഉപഭോക്താവ് കേബിളിന്റെയും മറ്റും തുക അടച്ചാൽ ഭൂഗർഭ കേബിൾ മുഖാന്തിരം വൈദ്യുതി കൊടുക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ ;

(ഇ) റോഡുകളുടെ വശങ്ങളിൽ വൈദ്യുതി പോസ്റ്റുകൾ ഉള്ളത് ഗതാഗതത്തിനും തടസ്സമാകുന്നതിനാൽ ഇവയെല്ലാം മാറ്റി എല്ലാ മേഖലകളിലും ഭൂഗർഭ കേബിൾ മുഖാന്തിരം വൈദ്യുതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) കേരളത്തിൽ ആകെ എത്ര ഗാർഹിക കണക്ഷൻ ഉണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ; ഇതിൽ ബി. പി. എൽ. കാർ എത്ര ;

(ജി) കേരളത്തിൽ എത്ര വ്യവസായിക വൈദ്യുതി കണക്ഷൻ ഉണ്ട്; ജില്ല തിരിച്ച് വിശദമാക്കുമോ ; മുകളിൽ പറഞ്ഞിരിക്കുന്ന നിലവിലുള്ള വൈദ്യുതി ലൈനുകളുടെ താഴെ കെട്ടിടങ്ങൾ വയ്ക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ എന്തൊക്കെ നിയമങ്ങൾ പാലിക്കണമെന്നാണ് അനുശാസിക്കുന്നത്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വികസന സാധ്യതയുള്ള സ്ഥലങ്ങളിലൂടെയും ജനസാന്ദ്രതയുള്ള സ്ഥലങ്ങളിലൂടെയും വികസന പ്രവർത്തനങ്ങൾക്കും ജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത വിധം വൈദ്യുത ലൈനുകൾ വലിക്കാൻ ശ്രദ്ധിക്കാറുണ്ട്. R-APDRP, IPDS പദ്ധതികളിൽപ്പെടുത്തി പ്രധാനപ്പെട്ട നഗരങ്ങളിൽ 11 കെ.വി. ഓവർ ഹെഡ് ലൈനുകൾ മാറ്റി ഭൂഗർഭ കേബിൾ ആക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) ഉണ്ട്. നിലവിലുള്ള എല്ലാ ലൈനുകളും മാറ്റി ഭൂഗർഭ കേബിൾ ഇടുന്നത് വൻ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതായതിനാൽ പ്രായോഗികമല്ല. Railway, PWD, NH, BSNL, KWA എന്നീ വകുപ്പുകളിൽനിന്നും ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനും ബുദ്ധിമുട്ടുകളുണ്ട്.

(സി&ഡി) മുൻകാലങ്ങളിൽ LT വൈദ്യുത കണക്ഷനുകൾ നൽകുന്നതിന് ഭൂഗർഭ കേബിൾ വ്യാപകമായി ഉപയോഗിച്ചിരുന്നു. എന്നാൽ പിന്നീട് ഇത്തരം സാഹചര്യങ്ങൾ വൈദ്യുതി മോഷണത്തിന് ഇടയാക്കിയതിനാൽ ഇത് നിരുത്സാഹപ്പെടുത്തുകയുണ്ടായി.

(ഇ) മുഴുവൻ വൈദ്യുതി വിതരണ ലൈനുകളും ഭൂഗർഭ കേബിളുകൾ മുഖേന ആക്കുന്നത് വൻ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതായതിനാൽ പ്രായോഗികമല്ല.

(എഫ്) ഗാർഹിക കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 1010395 |
| കൊല്ലം | 762578 |
| പത്തനംതിട്ട | 378877 |
| കോട്ടയം | 552902 |
| എറണാകുളം | 1002839 |
| തൃശ്ശൂർ | 868185 |
| ഇടുക്കി | 301838 |

| | |
|---|---|
| ആലപ്പുഴ | 596501 |
| പാലക്കാട് | 744570 |
| മലപ്പുറം | 977102 |
| കോഴിക്കോട് | 824874 |
| വയനാട് | 215928 |
| കണ്ണൂർ | 662255 |
| കാസർഗോഡ് | 335368 |
| ആകെ | 9234212 |

ബി.പി.എൽ. ഗാർഹിക കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

(ജി) 137447 വ്യാവസായിക കണക്ഷനുകൾ ഉണ്ട്. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 10094 |
| കൊല്ലം | 9816 |
| പത്തനംതിട്ട | 3749 |
| കോട്ടയം | 9740 |
| എറണാകുളം | 21198 |
| തൃശ്ശൂർ | 17688 |
| ഇടുക്കി | 5688 |

| | |
|---|---|
| ആലപ്പുഴ | 8808 |
| പാലക്കാട് | 11152 |
| മലപ്പുറം | 12454 |
| കോഴിക്കോട് | 11334 |
| വയനാട് | 2244 |
| കണ്ണൂർ | 9346 |
| കാസർഗോഡ് | 4136 |
| ആകെ | 137447 |

കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 2010-ലേയും 2015-ലേയും സുരക്ഷയും വൈദ്യുതി വിതരണവും സംബന്ധിച്ച ചട്ടങ്ങളാണ് വൈദ്യുതി ലൈനുകളുടെ സമീപം കെട്ടിടം വയ്ക്കുന്നതിന് പാലിക്കേണ്ടത്. കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ചട്ടങ്ങളിൽ ഇതിനെ സംബന്ധിച്ച നിയമങ്ങൾ വിശദീകരിക്കുന്നുണ്ട്.

**വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രസരണ ലൈനുകൾ**

103 (385) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്തിന് ആവശ്യമുള്ളത്; ഇതിൽ സംസ്ഥാനത്തിന് പുറത്തുനിന്നും ലഭിക്കുന്ന വൈദ്യുതിയുടെ ശതമാനം എത്രയാണെന്ന് അറിയിക്കുമോ ;

(ബി) പുറത്ത് നിന്നുള്ള വൈദ്യുതി കാര്യക്ഷമമായി എത്തിക്കുന്നതിനാവശ്യമായ പ്രസരണ ലൈനുകൾ നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ലൈനുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന ഏറ്റവും കൂടിയ വൈദ്യുതി ആവശ്യകത 4200 മെഗാവാട്ടും ഉപഭോഗം 24245 ദശലക്ഷം യൂണിറ്റുമാണ്. ഇതിൽ 71 ശതമാനം വൈദ്യുതി സംസ്ഥാനത്തിന് പുറമേനിന്നും കൊണ്ടുവരുന്നു.

(ബി) നിലവിലുള്ള ലൈനുകൾ പര്യാപ്തമാണെങ്കിലും 400 കെ.വി. തിരുനെൽവേലി-കൊച്ചി ലൈൻ കൂടി വന്നാൽ സംസ്ഥാനത്തിന് പുറമേനിന്നും കേരളത്തിനാവശ്യമായ വൈദ്യുതി സുഗമമായി കൊണ്ടുവരാൻ സാധിക്കും. എന്നാൽ പുറത്തുനിന്നും എത്തുന്ന വൈദ്യുതി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കാര്യക്ഷമമായി എത്തിക്കുന്നതിനാവശ്യമായ പ്രസരണ ശൃംഖലയുടെ ദൗർലഭ്യം സംസ്ഥാനം നേരിടുന്നുണ്ട്.

(സി) കേരളത്തിന്റെ അനുദിനം വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖലയുടെ നവീകരണം/ നിർമ്മാണവും സബ് സ്റ്റേഷനുകളുടെ നവീകരണം/നിർമ്മാണം ഇവ ലക്ഷ്യമിട്ടുകൊണ്ടുള്ള Transgrid 2.0 എന്ന പദ്ധതി ബോർഡിന്റെ പരിഗണനയിലാണ്. കൂടാതെ പുഗലൂർ നിന്നും മാടക്കത്തറയിലേയ്ക്ക് ഒരു 2000 മെഗാവാട്ട്-ന്റെ HVDC ഇടനാഴിയുടെ അനുമതി കേരളത്തിന് ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ മറ്റ് അന്തർ സംസ്ഥാന ലൈനുകളുടേയും അനുമതി ലഭിച്ചിട്ടുണ്ട്. ഇതുവഴി ലഭ്യമാകുന്ന അധിക വൈദ്യുതി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കാര്യക്ഷമമായി പ്രസരണം നടത്താൻ Transgrid 2.0 എന്ന പദ്ധതിയുടെ പൂർത്തീകരണം വഴി കേരളത്തിന് സാധിക്കും. ഈ പദ്ധതി 2022-23- ഓടുകൂടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## മേലാറ്റൂർ ടൗണിലെ വൈദ്യുതി തടസ്സം

104 (386) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ മേലാറ്റൂർ ടൗണിൽ അടിക്കടിയുണ്ടാകുന്ന വൈദ്യുതി തടസ്സംമൂലം പൊതുജനങ്ങൾക്കുണ്ടാവുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ മേഖലയിലെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി യു.ജി. കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി എന്നേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(സി) ഈ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനും ഈ പ്രദേശത്തെ വൈദ്യുതപ്രശ്നം പരിഹരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മേലാറ്റൂർ ടൗണിലെ വൈദ്യുതി തടസ്സം കുറയ്ക്കുന്നതിനായി പെരിന്തൽമണ്ണ സബ്സ്റ്റേഷനിൽനിന്നും മേലാറ്റൂർ ടൗൺവരെ ഒരു പുതിയ 11 കെ.വി. ഫീഡർ വലിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഈ ഫീഡർ വലിക്കുന്നതിനായി മേലാറ്റൂർ റെയിൽവേ ലൈൻ ക്രോസ് ചെയ്യേണ്ടതുള്ളതിനാൽ ആ ഭാഗത്ത് യു.ജി. കേബിളിടുന്നതിന് റെയിൽവേയുടെ അനുമതിക്കായി 29-6-2016-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ വകുപ്പിൽനിന്നും അനുമതി ലഭിച്ചാലുടൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഇടക്കൊച്ചിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ**

105 (387) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇടക്കൊച്ചിയിൽ ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സെക്ഷൻ രൂപീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇടക്കൊച്ചിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ അനുവദിച്ചുകൊണ്ട് 24-2-2016-ൽ ബോർഡ് ഉത്തരവിറക്കിയിട്ടുണ്ട്.

(ബി&സി) ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാൻ യോഗ്യമായ 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്ന മുറയ്ക്കോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുന്ന മുറയ്ക്കോ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡ് തീരുമാനമെടുത്തിരുന്നത്. മേൽ സൂചിപ്പിച്ചത് പ്രകാരം സ്ഥലമോ കെട്ടിടമോ ലഭ്യമാകാത്തതിനാലാണ് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തത്. സൗജന്യമായി 10 സെന്റ് ഭൂമി/വാടകരഹിത കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് ഇടക്കൊച്ചി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## കെ.എസ്.ഇ.ബി.എൽ.-ന് കുടിശ്ശികയിനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുക

106 (388) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ കെ.എസ്.ഇ.ബി.എൽ.-ന് വിവിധ (ചെറുകിട ഗാർഹിക ഉപഭോക്താക്കളൊഴികെ) ഉപഭോക്താക്കളിൽനിന്ന് കുടിശ്ശികയിനത്തിൽ ആകെ പിരിഞ്ഞ് കിട്ടാനുള്ള തുക എത്ര; വിശദ വിവരം ലഭ്യമാക്കുമോ ;

(ബി) പിരിഞ്ഞ് കിട്ടേണ്ട തുകയിൽനിന്ന് എത്ര തുക ഏതെല്ലാം രീതിയിൽ പിരിച്ചെടുക്കാനാണ് കെ.എസ്.ഇ.ബി.എൽ.- ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ തുക സമയബന്ധിതമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ കെ.എസ്.ഇ.ബി.എൽ.-ന് വിവിധ ഉപഭോക്താക്കളിൽനിന്നും (ചെറുകിട ഗാർഹിക ഉപഭോക്താക്കളൊഴികെ) കുടിശ്ശികയിനത്തിൽ ആകെ പിരിഞ്ഞ് കിട്ടാനുള്ളത് 1112.99 കോടി രൂപയാണ്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പിരിഞ്ഞുകിട്ടേണ്ട മൊത്തം തുകയായ 1112.99 കോടി രൂപയിൽ 338.08 കോടി രൂപ കോടതി തീർപ്പനുസരിച്ചും 774.91 കോടി രൂപ പ്രസ്തുത ഉപഭോക്താക്കളിൽനിന്നും വൈദ്യുതി വിച്ഛേദിച്ചിട്ടുള്ള നടപടിയിലൂടെയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടി മുഖേനയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും പിരിച്ചെടുക്കുകയാണ് ചെയ്യുന്നത്. സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധിയനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുന്നുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിവഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സ്വീകരിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ സെക്ഷൻ ഓഫീസുകൾ

107 (389) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടിയിലെ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാട്ടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചാലക്കുടി, കൊരട്ടി, അന്നമനട എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി, അന്നമനട എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കാട്ടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി.എൽ.

108 (390) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന നെടുമൺകാവിൽ അനുവദിച്ച കളക്ഷൻ സെന്റർ പ്രവർത്തനമാരംഭിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കളക്ഷൻ സെന്റർ തുടങ്ങാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിനായി നെടുമൺകാവിൽ ഒരു കാശ് ഡെപ്പോസിറ്റ് മെഷീനോ കളക്ഷൻ സെന്ററോ സ്ഥാപിക്കാൻ ആലോചിച്ചിരുന്നു. നെടുമൺകാവ് ജംഗ്ഷനിൽ വാടകയില്ലാതെ കെട്ടിടം ലഭ്യമാക്കിയാൽ കളക്ഷൻ സെന്റർ ആരംഭിക്കാനാകും.

## കെ.എസ്.ഇ.ബി. ലിമിറ്റഡ്

109 (391) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് ലാഭത്തിലാണെന്നും വരുംവർഷം ലാഭം 600 കോടി രൂപ കവിയുമെന്നുമുള്ള റിപ്പോർട്ട് ശരിയാണോ എന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ ഗാർഹിക ഉപഭോക്താക്കളുടെ താരിഫ് ഗണ്യമായി കുറയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പരിഗണിക്കുമോ ?

ഉത്തരം

(എ) വൈദ്യുതി നിയമം, 2003-ലെ 61, 62, 64, 86 എന്നീ വകുപ്പുകൾ പ്രകാരം, സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും വൈദ്യുതി താരിഫ് നിർണ്ണയിക്കുന്നതിനും വ്യതിയാനം വരുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽമാത്രം നിക്ഷിപ്തമാണ്. 2016-17-ലേക്ക് ബാധകമായ വൈദ്യുതി നിരക്കിന്റെ നിർണ്ണയം പൂർത്തിയായിട്ടില്ല.

(ബി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 22-6-2016-ൽ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം, 2017-18 സാമ്പത്തിക വർഷത്തിൽ, കെ.എസ്.ഇ.ബി.എൽ.-ന് 600.39 കോടി രൂപ റവന്യൂ മിച്ചമുണ്ടെന്ന അനുമാനത്തിൽ എത്തിച്ചേർന്നിരുന്നു. എന്നാൽ റഗുലേറ്ററി കമ്മീഷൻ തയ്യാറാക്കിയ കണക്കുകളിന്മേൽ യഥാർത്ഥ വസ്തുതകൾ വിവരിച്ചുകൊണ്ട്, വിശദമായ റിപ്പോർട്ട് റഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ. സമർപ്പിക്കുകയും ഇതിനുമേൽ നടത്തിയ പൊതുതെളിവെടുപ്പിൽ വിശദമായ രേഖകൾ സമർപ്പിക്കുകയും ശക്തമായ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച രേഖകൾ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ, റവന്യൂ കമ്മി 2052.56 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ റവന്യൂ കമ്മി 1924.55 കോടി രൂപയുമാണ്. പ്രസ്തുത വിഷയത്തിൽ കെ.എസ്.ഇ.ആർ.സി. അന്തിമ ഉത്തരവുകളൊന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല.

(സി) കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയ കണക്കുകൾ പ്രകാരം, വരും വർഷങ്ങളിലും റവന്യൂ കമ്മി ഉണ്ടായിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. കൂടാതെ ക്രോസ് സബ്സിഡി ഘട്ടം ഘട്ടമായി കുറയ്ക്കണമെന്ന കേന്ദ്ര താരിഫ് നയം പ്രാബല്യത്തിലുണ്ട്. നിലവിൽ ഗണ്യമായ ക്രോസ് സബ്സിഡി ലഭിക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ നിരക്കുകൾ കുറയ്ക്കുന്നതിന് ഈ സാഹചര്യത്തിൽ തടസ്സങ്ങളുണ്ട്.

**കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള റോഡിന്റെ പുനരുദ്ധാരണം**

110 (392) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.എൽ. അധീനതയിലുള്ള, കൊലുമ്പൻ സ്മാരകം മുതൽ ഇടുക്കി ഡാം വരെയുള്ള റോഡ് സഞ്ചാരയോഗ്യമല്ലാത്തവിധം തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ കെ.എസ്.ഇ.ബി.എൽ. അധീനതയിലുള്ള റോഡുകളുടെ പുനരുദ്ധാരണ ജോലികൾ എപ്രകാരമാണ് നിർവ്വഹിക്കുന്നത് ;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള റോഡുകളുടെ പുനർനിർമ്മാണ ജോലികൾ ബന്ധപ്പെട്ട കെ.എസ്.ഇ.ബി.എൽ. ഓഫീസുകളുടെ മേൽനോട്ടത്തിൽ കരാർ അടിസ്ഥാനത്തിലാണ് നിർവ്വഹിക്കുന്നത്. കൊലുമ്പൻ സ്മാരകം മുതൽ ഇടുക്കി ഡാം വരെയുള്ള റോഡിന്റെ പുനരുദ്ധാരണം 'DRIP' പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർവ്വഹിക്കുന്നത്.

(സി) കെ.എസ്.ഇ.ബി.-എൽ.-ന്റെ അധീനതയിലുള്ള റോഡുകളുടെ പുനരുദ്ധാരണ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രസരണ നഷ്ടവും ഉപഭോഗം കുറയ്ക്കലും**

111 (393) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ വൈദ്യുതി പ്രസരണ നഷ്ടം എത്ര ശതമാനമാണ് ;

(ബി) പ്രസരണ നഷ്ടം വർഷകാലത്തും അതിനുശേഷവും ഇല്ലാതാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ;

(സി) പ്രസരണ നഷ്ടം ഇല്ലാതാക്കാൻ പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ ഏതെങ്കിലും സമയബന്ധിത നടപടി ആലോചിക്കുന്നുണ്ടോ ;

(ഡി) എല്ലാ വീടുകളിലും 50% എൽ.ഇ. ഡി. ബൾബുകൾ ഉപയോഗിച്ചാൽ

ഉദ്ദേശം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ പറ്റും ;

(ഇ) എൽ.ഇ. ഡി. ബൾബിന്റെ ഉപയോഗം വർദ്ധിപ്പിക്കാൻ എന്തെങ്കിലും കർമ്മപദ്ധതി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) നിലവിലെ (2015-16 സാമ്പത്തിക വർഷത്തിലെ) പ്രസരണ വിതരണ നഷ്ടം 14.37 ശതമാനമാണ്. സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖലയിലുള്ള നഷ്ടത്തിനെ 'ടെക്നിക്കൽ ലോസെന്നും' 'കമേഴ്സ്യൽ ലോസെന്നും' രണ്ടായി തരംതിരിച്ചിരിക്കുന്നു. വൈദ്യുതി പ്രസരണ വിതരണ ലൈനുകളിലൂടെയും ട്രാൻസ്ഫോർമറുകളിലൂടെയും വൈദ്യുതി പ്രസരിക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തെയാണ് ടെക്നിക്കൽ ലോസായി കണക്കാക്കുന്നത്. വൈദ്യുതി മോഷണം, കേടായ മീറ്ററുകൾ വഴി വീടുകളിൽ വൈദ്യുതി കൃത്യമായി രേഖപ്പെടുത്താത്തതും, ബില്ലിംഗിൽ വരുന്ന തെറ്റുകളും തുടങ്ങിയവയാണ് കമേഴ്സ്യൽ ലോസായി കണക്കാക്കുന്നത്. ടെക്നിക്കൽ ലോസ് കുറയ്ക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികളാണ് ബോർഡ് നടപ്പിലാക്കി വരുന്നത് :

1. കൂടുതൽ എച്ച്.റ്റി. ലൈനുകൾ സ്ഥാപിച്ച് എച്ച്.റ്റി/എൽ.റ്റി. അനുപാതം മെച്ചപ്പെടുത്തുക

2. കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് എൽ.റ്റി. ലൈനുകളിലുള്ള ഊർജ്ജ നഷ്ടം കുറയ്ക്കുക

3. എച്ച്.റ്റി. ലൈനുകളിലും എൽ.റ്റി. ലൈനുകളിലും പഴയ കണ്ടക്റ്റർ മാറ്റി പുതിയ കണ്ടക്റ്റർ സ്ഥാപിക്കുക

4. സിസ്റ്റം പവർ ഫാക്റ്റർ മെച്ചപ്പെടുത്തുക

5. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.

വിതരണ ശൃംഖലയിലുള്ള കമേഴ്സ്യൽ ലോസ് കുറയ്ക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികളാണ് ബോർഡ് നടപ്പിലാക്കിവരുന്നത് :

1. കേടായ മീറ്ററുകളും ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക

2. ബോർഡിന്റെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കൂടുതൽ കാര്യക്ഷമമാക്കുക

3. ഉപഭോക്താക്കളുടെ ബിൽ നൽകുന്നതിനും റവന്യൂ കളക്ഷനും കമ്പ്യൂട്ടർവൽക്കരിക്കുക

4. എനർജി ഓഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

2016-17 വർഷത്തിലേക്ക് ഏകദേശം 367 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.റ്റി. ലൈനുകളും 18 പുതിയ സബ്സ്റ്റേഷനുകളും, 3050 കിലോമീറ്റർ 11 കെ.വി. ലൈനുകളും 3300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 3500 കിലോമീറ്റർ പുതിയ എൽ.റ്റി. ലൈനുകളും 14 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനും ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി സാങ്കേതിക സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളും ലൈനുകളും ഉന്നത വോൾട്ടേജിലേക്ക് ഉയർത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ, വർഷകാലത്തിനുമുമ്പ് എല്ലാ ലൈനുകളിലും തട്ടിനിൽക്കുന്ന മരച്ചില്ലകൾ വെട്ടി മാറ്റുകയും സബ്സ്റ്റേഷനുകളിലെയും ലൈനുകളിലെയും ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യാറുണ്ട്.

(സി) ഗ്രാമപ്രദേശങ്ങളിൽ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY പ്രകാരം നിലവിലുള്ള സബ്സ്റ്റേഷനുകളിലെ പഴക്കംചെന്ന ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തുകയും അതിന്റെ പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കേരളത്തിൽ ഉദ്ദേശം 9234212 ഗാർഹിക വൈദ്യുതി കണക്ഷനുകളുണ്ട്. സാധാരണ ബൾബുകൾക്കും സി.എഫ്.എൽ.-നുംപകരം 9 വാൾട്ടിന്റെ എൽ.ഇ.ഡി-യും ഫ്ലൂറസെന്റ് ട്യൂബിന് പകരം 18 വാട്ട്സിന്റെ എൽ.ഇ.ഡി. ട്യൂബ് ലൈറ്റും ഉപയോഗിക്കുകവഴി പ്രതിവർഷം 2293.98 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകും. ഇതിന്റെ 50% ഉപയോഗക്രമമനുസരിച്ച് ഏകദേശം 1146.99 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനും എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമായി ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഇതുകൂടാതെ, ഉപയോഗത്തിലുള്ള ഇൻകാഡസെന്റ് ബൾബുകളും സി.എഫ്.എൽ.-കളും മാറ്റി പകരം എൽ.ഇ.ഡി. ബൾബുകൾ നൽകുന്നതിനുള്ള പുതിയ പദ്ധതിയുടെ പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ 407 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ചു. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ 8051 എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി പുരോഗമിക്കുന്നു.

**മണിമല സബ്സ്റ്റേഷൻ**

112 (394) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണിമല സബ് സ്റ്റേഷൻ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(സി) നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 18.5 കിലോമീറ്റർ നീളമുള്ള 33 കെ.വി. മണിമല-റാന്നി ലൈനിന്റെ റാന്നി ഠൗണിലുള്ള 1.5 കിലോമീറ്റർ ലൈൻ നിർമ്മാണമൊഴികെ ബാക്കി പൂർത്തിയായി. 2016 നവംബർ 30-ാം തീയതിയോടുകൂടി സബ്സ്റ്റേഷന്റെ പ്രവർത്തനമാരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) 8 കോടി 75 ലക്ഷം രൂപ.

(സി) നടപടി സ്വീകരിച്ചുവരികയാണ്.

**ചെറായി അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം**

113 (395) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായി സബ് സ്റ്റേഷൻ, പുതിയ സെക്ഷൻ ഓഫീസ് എന്നിവയ്ക്ക് പരിഹാരം കാണണമെന്ന ആവശ്യം ഉന്നയിച്ച് കാക്കനാട് കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ ബഹുമാനപ്പെട്ട മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ എം.എൽ.എ. നൽകിയ കത്തിൻമേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കുമോ ;

(ബി) ചെറായി സബ് സ്റ്റേഷൻ പ്രാവർത്തികമാക്കുന്നതിന് അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നോർത്ത്-പറവൂർ-ചെറായി ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട പരാതികൾ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ പരിഗണനയിലാണ്. വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ചും ചെറായി

ഇലക്ട്രിക്കൽ സെക്ഷന്റെ ചെറിയ ഭാഗം ഉൾപ്പെടുത്തിയും എടവനക്കാട് കേന്ദ്രീകരിച്ച് ഇലക്ട്രിക്കൽ സെക്ഷനും വൈപ്പിൻ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ചും വരാപ്പുഴ സെക്ഷന്റെ ചെറിയഭാഗം ഉൾപ്പെടുത്തിയും മുളവുകാട് കേന്ദ്രീകരിച്ച് ഇലക്ട്രിക്കൽ സെക്ഷനുമുള്ള പ്രൊപ്പോസലുകളാണ് നിലവിലുള്ളത്. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഞാറയ്ക്കൽ, ചെറായി, വൈപ്പിൻ, വരാപ്പുഴ എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ഇവ വിഭജിച്ച് പുതിയ സെക്ഷനുകൾ രൂപീകരിക്കുന്നത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

(ബി) ചെറായി സബ്സ്റ്റേഷനുവേണ്ടി യു.ജി. കേബിൾ സംവിധാനം നടപ്പിലാക്കാൻ താഴെപ്പറയുന്ന തടസ്സങ്ങളുണ്ട്. നിർദ്ദിഷ്ട ലൈനിന്റെ (ഒ.എച്ച്.) നീളം 7 കിലോമീറ്ററാണ്. യു.ജി. കേബിൾ നിലവിലുള്ള റോഡുകളുടെ വശങ്ങളിൽക്കൂടി വലിക്കേണ്ടിവരുന്നതിനാൽ ഈ നീളം 10 കിലോമീറ്ററായി വർദ്ധിക്കും. ഇതു കാരണം പദ്ധതി അടങ്കൽ തുകയിൽ ഏകദേശം 40 കോടി രൂപയുടെ വർദ്ധനവുണ്ടാകും.

**വാഴൂർ സബ്സ്റ്റേഷൻ നിർമ്മാണം**

114 (396) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴൂർ സബ് സ്റ്റേഷൻ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇതിനായി സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ഡി) നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വാഴൂർ സബ്സ്റ്റേഷൻ നിർമ്മാണം തുടങ്ങിയിട്ടില്ല.

(ബി) വാഴൂർ 66 കെ.വി. സബ്സ്റ്റേഷൻ പണിയുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി നെഗോസിയേഷൻ പർച്ചേയ്സ് കമ്മിറ്റി കൂടുന്നതിനുള്ള അനുമതി ബോർഡ് നൽകുകയും എൻ.പി.സി. മീറ്റിംഗുകൾ കൂടുകയും ചെയ്തിട്ടുണ്ട്. കളക്ടർ നിർദ്ദേശിച്ച വിലയ്ക്കുള്ള സമ്മതപത്രം വസ്തു ഉടമകളിൽനിന്നും ലഭിക്കാത്തതിനാൽ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടില്ല.

(സി) ഇതിനായി തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) സബ്സ്റ്റേഷൻ നിർമ്മാണത്തിന് യോജിച്ച സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതാണ്.

**ചെറുകിട വൈദ്യുത പദ്ധതികൾ**

115 (397) ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം നേടാൻ ചെറുകിട പദ്ധതികൾക്ക് പ്രാധാന്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി ലക്ഷ്യമിട്ടിട്ടുള്ള ചെറുകിട പദ്ധതികളുടെ വിശദ വിവരം വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതികളുടെ പൂർത്തീകരണത്തിലൂടെ എത്രത്തോളം വൈദ്യുതി കൂടുതലായി ഉല്പാദിപ്പിക്കാനാവുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതി സ്വയംപര്യാപ്തത ലക്ഷ്യമാക്കിയുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെയും എനർജി മാനേജ്മെന്റ് സെന്ററിന്റെയും ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(i) നിർമ്മാണം പുരോഗമിക്കുന്ന വർക്ക് അവാർഡ് ചെയ്ത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | മെഗാവാട്ട് |
|---|---|---|
| (1) | (2) | (3) |
| 1 | പെരിങ്ങൽകുത്ത് | 24 |
| 2 | ഭൂതത്താൻകെട്ട് | 24 |

| (1) | (2) | (3) |
|---|---|---|
| 3 | പെരുന്തേനരുവി | 6 |
| 4 | അപ്പർ കല്ലാർ | 2 |
| 5 | കക്കയം | 3 |
| 6 | ചാത്തൻകോട്ടുനട II | 6 |
| | ആകെ | 65 |

(ii) പുതുതായി ടെണ്ടർ വിളിക്കുവാനുള്ള പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | മെഗാവാട്ട് |
|---|---|---|
| 1 | ചിന്നാർ | 24 |
| 2 | അപ്പർ ചെങ്കുളം | 24 |
| 3 | ലാഡ്രം | 3.5 |
| 4 | മാർമല | 7 |
| 5 | പീച്ചാട് | 3 |
| 6 | ആനക്കയം | 7.5 |
| 7 | ചെമ്പുകടവ് III | 7.5 |
| 8 | മാരിപ്പുഴ | 6 |

എനർജി മാനേജ്മെന്റ് സെന്റർ

2014-15-ൽ 22 ചെറുകിട ജലവൈദ്യുതി പദ്ധതികൾ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ Built, Own, Operate and Transfer (BOOT) വ്യവസ്ഥയിൽ നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ

വിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.* പുതുതായി 55 ചെറുകിട ജലവൈദ്യുത പദ്ധതികൾകൂടി BOOT അടിസ്ഥാനത്തിൽ നിർമ്മാണത്തിന് അനുവദിക്കാനുള്ള മത്സര ദർഘാസ് നടപടികൾ നടന്നുവരുന്നു. യോഗ്യതാ നിർണ്ണയം കഴിഞ്ഞ പദ്ധതികൾക്കായുള്ള Request for proposal (RFP) ദർഘാസ് നടപടികൾ ആരംഭിച്ചു. ഈ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

(സി) ഏകദേശം 194 MW സ്ഥാപിതശേഷി.

## കോട്ടയം ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ

116 (398) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും വൈദ്യുതി മേഖലയുടെ വികസനാവശ്യങ്ങളും മറ്റ് പ്രശ്നങ്ങളും പരിശോധിക്കുന്നതിനും 6-9-2016-ൽ കോട്ടയം കളക്ടറേറ്റിൽ ചേർന്ന അവലോകനയോഗത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ചർച്ച ചെയ്തത് ;

(ബി) ഇതുപ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ പോകുന്നുവെന്നും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ ;

(സി) യോഗത്തിൽ മന്ത്രിയെക്കൂടാതെ ഏതൊക്കെ എം.എൽ.എ.-മാരും ഏതൊക്കെ ഉദ്യോഗസ്ഥരുമാണ് പങ്കെടുത്തതെന്ന് വിശദമാക്കുമോ ;

(ഡി) യോഗപ്രകാരം എന്തെങ്കിലും റിപ്പോർട്ടുകളോ, മിനിട്സോ ഉണ്ടാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) യോഗത്തിൽ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട്, എരുമേലി, പമ്പ മേഖലകളിൽ ഏതെങ്കിലും പുതിയ വൈദ്യുതി വികസനത്തിന് പദ്ധതിയിട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2017 മാർച്ച് മാസത്തോടെ കോട്ടയം ജില്ലയിലെ വൈദ്യുതി എത്താത്ത എല്ലാ വീടുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എം.പി/എം.എൽ.എ.-മാർ എന്നിവരുടെ വികസന ഫണ്ടുകൾ, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ പദ്ധതികളിൽനിന്നുള്ള ഫണ്ടുകൾ എന്നിവ വിനിയോഗിച്ച് വൈദ്യുതി എത്തിച്ച് വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നതാണ് 6-9-2016-ൽ ചേർന്ന യോഗത്തിൽ പ്രധാനമായും ചർച്ച ചെയ്തത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കോട്ടയം ജില്ലയിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാർ അദ്ധ്യക്ഷനായും എക്സിക്യൂട്ടീവ് /അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് മീറ്റിംഗ് നടത്തുകയും സെക്ഷൻ ലെവൽ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ച് മീറ്റിംഗുകൾ നടത്തുകയും ചെയ്തു. യോഗ തീരുമാനപ്രകാരം പ്രസരണ വിഭാഗത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു :

1. കുറവിലങ്ങാട് 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സ്റ്റാൻഡേർഡിലാണ് നിർമ്മിച്ചിരിക്കുന്നത്. ബാക്കിയുള്ള വർക്കുകളുടെ എസ്റ്റിമേറ്റ് എടുത്തുവരുന്നു. 66 കെ.വി. കൂത്താട്ടുകുളം-കുറവിലങ്ങാട് ഫീഡർ 110 കെ.വി. ഫീഡറാക്കാനുള്ള എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം തയ്യാറാക്കിവരികയാണ്.

2. കടുത്തുരുത്തിയിൽ 33 കെ.വി-യുടെ ഒരു 5 MVA ട്രാൻസ്ഫോർമറുകൂടി 2018-19 കാലയളവിൽ സ്ഥാപിക്കുന്നതാണ്.

3. 33 കെ.വി. കല്ലറ സബ്സ്റ്റേഷൻ നിർമ്മാണം 2016 നവംബർ മാസത്തോടെ പൂർത്തിയാക്കാനാകും. കടുത്തുരുത്തിയിൽനിന്നും കല്ലറയിലേക്കുള്ള ലൈനിന്റെ 3 കി.മീ. ദൂരം വലാച്ചിറ നിവാസികളുടെ തടസ്സം കാരണം മുടങ്ങിയിരുന്നു. എന്നാൽ ഇപ്പോൾ പണി പുരോഗമിക്കുന്നുണ്ട്.

4. എരുമേലി സബ്സ്റ്റേഷന്റെയും ലൈനിന്റെയും പണികൾ പുരോഗമിക്കുന്നു. സബ്സ്റ്റേഷൻ 57% പൂർത്തിയായി. 2017 മാർച്ചിൽ തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.

5. മണിമല 33 കെ.വി സബ്സ്റ്റേഷന്റെ 67% പ്രവൃത്തികൾ പൂർത്തിയായി. റാന്നിയിൽനിന്നും മണിമലയിലേക്കുള്ള 17 കി.മീ. 33 കെ.വി. ലൈൻ നിർമ്മാണം പൂർത്തിയായി. 2016 നവംബറിൽ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

6. ഇടമൺ-കൊച്ചി 400 കെ.വി. ലൈനിന്റെ പ്രൊഫൈൽ സർവ്വേ കോട്ടയം ജില്ലയിലെ 4 കിലോമീറ്ററിലും പൂർത്തീകരിച്ചു.

(സി) എം.എൽ.എ.-മാരായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ. സുരേഷ് കുറുപ്പ്, ശ്രീ. മോൻസ് ജോസഫ്, ശ്രീ. എൻ. ജയരാജ്, ശ്രീമതി സി. കെ. ആശ, ശ്രീ. സി. എഫ്. തോമസ്, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോജി ഫിലിപ്പ്, ജില്ലാ കളക്ടർ ശ്രീമതി സി. എ. ലത ഐ.എ.എസ്,

ശ്രീ. വേണുഗോപാൽ (ഡയറക്ടർ) വിതരണം/സുരക്ഷ/ഉത്പാദനം (ഇലക്ട്രിക്കൽ), ശ്രീ. മോഹനനാഥപണിക്കർ (ചീഫ് എഞ്ചിനീയർ, വിതരണ വിഭാഗം, തിരുവനന്തപുരം മേഖല), ശ്രീമതി ഉഷാ വർഗ്ഗീസ് (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കോട്ടയം), ശ്രീ. സി. പി. ജോർജ്ജ് (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, പാല), ശ്രീ. ജോൺ തോമസ് (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ-പൂവൻതുരുത്ത്), ബോർഡിലെ എക്സിക്യൂട്ടീവ്/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് ജില്ലാ പട്ടികജാതി ഓഫീസർ ശ്രീ. എസ്. നസീം തുടങ്ങിയവർ പങ്കെടുത്തു.

(ഡി) ഉണ്ട്. മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) യോഗത്തിൽ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട് എരുമേലി, പമ്പ മേഖലകളിൽ വൈദ്യുതി വികസനവുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും ഇട്ടിട്ടില്ല.

## അരിപ്പാറ-ചെറുകിട ജലവൈദ്യുത പദ്ധതി

117 (399) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിയാൽ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി അരിപ്പാറയിൽ നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണംമൂലം പരിസര പ്രദേശത്തിലെ ആളുകൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനും പരിസരവാസികളുടെ വീടുകൾ സംരക്ഷിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് തിരുവമ്പാടി, അരിപ്പാറയിൽ നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുതി പദ്ധതി പ്രദേശം പരിശോധിക്കുകയുണ്ടായി. തുടർന്ന് സ്ഥലം എം.എൽ.എ.-യും പഞ്ചായത്ത് മെമ്പർ, സിയാൽ ഉദ്യോഗസ്ഥർ, അവരുടെ കോൺട്രാക്ടർ എന്നിവർ ചർച്ച നടത്തുകയും ചർച്ചയുടെ ഭാഗമായി പ്രത്യേക ശ്രദ്ധയോടുകൂടി പദ്ധതി പ്രവർത്തനങ്ങൾ ഇനി നടത്താമെന്നും പരിസരവാസികളുടെ വീടുകൾക്ക് എന്തെങ്കിലും തകരാർ വന്നിട്ടുണ്ടെങ്കിൽ അത് തീർത്തുകൊടുക്കാമെന്നും സമ്മതിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വൈദ്യുതി മോഷണം തടയാൻ നടപടി

118 (400) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം തടയാനും ബോർഡിന്റെ നഷ്ടം കുറച്ചുകൊണ്ട് വരാനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വൈദ്യുതി മോഷണ കേസ്സുകൾ ചാർജ്ജ് ചെയ്തു; ഫൈൻ ഇനത്തിൽ ഇതുവരെ എന്തു തുക സർക്കാർ ഖജനാവിൽ എത്തിയെന്ന് വ്യക്തമാക്കാമോ ;

(സി) വൈദ്യുതി ബോർഡിന്റെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും വിതരണ ശൃംഖല കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) വൈദ്യുതി മോഷണം തടയുന്നതിനും ബോർഡിന്റെ നഷ്ടം കുറച്ചുകൊണ്ട് വരുന്നതിനുമായി ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ അവശ്യംവേണ്ട സജ്ജീകരണങ്ങളോടുകൂടി 14 ആന്റിപവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. സെക്ഷൻ ഓഫീസുകളിൽ മോഷണം, മറ്റ് തരത്തിലുള്ള ക്രമക്കേടുകൾ മുതലായവ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങൾ മുഖേന വൈദ്യുതി മോഷണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട നമ്പറുകളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും മീറ്ററിന്റെ കവർ ഇളക്കി വൈദ്യുതി മോഷണം നടത്തുന്നതിന് തടയുന്നതിനായി പോളികാർബണേറ്റ് സീലുകൾ ഉപയോഗിച്ച് മീറ്ററുകൾ സീൽ ചെയ്യുകയും ചെയ്തുവരുന്നു. എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സഹായകമായി ആധുനിക സംവിധാനങ്ങളുള്ള ഡിജിറ്റൽ ക്യാമറ, അക്യുചെക്ക്, കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടിമീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 67 മോഷണക്കേസുകൾ കണ്ടെത്തുകയും ആ വകയിൽ 46,86,540 രൂപ സർക്കാർ ഖജനാവിൽ എത്തുകയും ചെയ്തിട്ടുണ്ട്.

(സി) വൈദ്യുതി വിതരണ രംഗത്തെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും വിതരണ ശൃംഖല കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുക, പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക, സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable)/ ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹൈ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (HVDS) വിതരണ മേഖലയിൽ നടപ്പാക്കുകവഴി 11 കെ.വി. ലൈനുകളുടെ ദൂരം കൂട്ടുന്നതിനും ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുംവേണ്ടിയുള്ള ഒരു പരീക്ഷണ പദ്ധതി തിരുവനന്തപുരം ജില്ലയിലെ പേയാട് സെക്ഷൻ പരിധിയിൽ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. വിതരണ ട്രാൻസ്ഫോർമറുകളിൽക്കൂടിയുള്ള നഷ്ടം കുറയ്ക്കുന്നതിനായി 140 വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ നവീകരിച്ചു.

പ്രസരണ രംഗത്തെ നഷ്ടം കുറയ്ക്കുന്നതിനായി സാങ്കേതിക സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളും ലൈനുകളും ഉന്നത വോൾട്ടേജിലേക്ക് ഉയർത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**വൈദ്യുതി ബിൽ കുടിശ്ശിക പിരിച്ചെടുക്കൽ**

119 (401) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബിൽ കുടിശ്ശികപിരിച്ചെടുക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) ഒരു ലക്ഷം രൂപയ്ക്ക് മേൽ കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും തുക പിരിച്ചെടുക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സപ്ലൈ കോഡ് 2014 അനുശാസിക്കുന്ന പ്രകാരം കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുന്നുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിവഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഒരു ലക്ഷത്തിനുമുകളിൽ കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മസ്ദൂർ നിയമനം**

120 (402) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.എൽ.-ൽ മസ്ദൂർ തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെയായി ഓരോ ജില്ലയിലും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ ;

(ബി) ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നും വ്യക്തമാക്കുമോ ;

(സി) അർഹമായ പ്രൊമോഷൻ യഥാസമയം നൽകി കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പുതിയ സെക്ഷൻ ഓഫീസുകൾ നിലവിൽ വന്ന സ്ഥലങ്ങളിൽ ആവശ്യമായ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) മസ്ദൂർ തസ്തികയിൽ ഇതുവരെ ഓരോ ജില്ലയിൽനിന്നും നിയമനം നൽകിയവരുടെ വിവരം താഴെ ചേർക്കുന്നു :

| | ജില്ല | നിയമനം നൽകിയത് |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 363 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) |
|---|---|---|
| 2 | കൊല്ലം | 25 |
| 3 | പത്തനംതിട്ട | 35 |
| 4 | കോട്ടയം | 53 |
| 5 | ആലപ്പുഴ | 235 |
| 6 | ഇടുക്കി | 58 |
| 7 | എറണാകുളം | 29 |
| 8 | തൃശ്ശൂർ | 256 |
| 9 | പാലക്കാട് | 253 |
| 10 | മലപ്പുറം | 251 |
| 11 | കോഴിക്കോട് | 439 |
| 12 | വയനാട് | 90 |
| 13 | കണ്ണൂർ | 204 |
| 14 | കാസർഗോഡ് | 94 |

(ബി) ഇപ്പോൾ ഒഴിവുകൾ ഇല്ല. ലിസ്റ്റിന്റെ കാലാവധി 2016 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) അർഹമായ പ്രൊമോഷനുകൾ യഥാസമയം നൽകി അതുവഴിയുണ്ടാകുന്ന ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുന്നതുമാണ്.

(ഡി) ഉണ്ട്.

## വൈദ്യുതി വിഹിതം സംബന്ധിച്ച പുതിയ കേന്ദ്ര കരട് നയം

121 (403) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിഹിതം സംബന്ധിച്ച പുതിയ കേന്ദ്ര കരടു നയം സംസ്ഥാനത്തിന് ദോഷകരമാണെന്ന് കരുതുന്നുണ്ടോ ;

(ബി) പുതിയ കേന്ദ്ര കരടുനയത്തിൽ സംസ്ഥാനത്തിന് ദോഷകരമായി എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന് ദോഷകരമായുള്ള വ്യവസ്ഥകൾ കേന്ദ്ര കരടുനയത്തിൽ നിന്നും ഒഴിവാക്കാൻ സംസ്ഥാനം എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ കേന്ദ്ര കരട് രേഖപ്രകാരം പവർ സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സംസ്ഥാനങ്ങൾക്ക് (Home State) 85% വിഹിതമാണ് അനുവദിച്ചിട്ടുള്ളത്. ഈ സ്റ്റേഷനിലേക്കുള്ള കൽക്കരി മറ്റ് സംസ്ഥാനത്തുനിന്നാണ് ലഭിക്കുന്നതെങ്കിൽ ഈ 85% വിഹിതം ഇരുസംസ്ഥാനങ്ങളുംകൂടി പങ്കിട്ടെടുക്കേണ്ടതാണ്. 85% വിഹിതം ഹോം സ്റ്റേറ്റിനെന്ന മാനദണ്ഡം ആണവനിലയങ്ങൾക്കും ബാധകമാണ്. ബാക്കി 15% കേന്ദ്ര സർക്കാർ തീരുമാനമനുസരിച്ച് മറ്റ് സംസ്ഥാനങ്ങൾക്ക് നൽകുന്നതാണ്.

(സി) പുതിയ കേന്ദ്ര കരട് മാർഗ്ഗരേഖ കാരണം കേരളത്തിന് ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ചുള്ള ആശങ്കകൾ കേന്ദ്രമന്ത്രാലയത്തിനെ അറിയിച്ചിട്ടുണ്ട്. കൽക്കരിപ്പാടങ്ങളില്ലാത്തതും കേരളത്തിന്റെ തനതായ ഭൂപ്രകൃതിയും പരിഗണിച്ചുകൊണ്ട് പുതിയ കരട് മാർഗ്ഗരേഖയിൽ ഭേദഗതിവരുത്തി അർഹമായ വിഹിതം നൽകണമെന്ന് കേന്ദ്രമന്ത്രാലയത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## വൈദ്യുതി സംരക്ഷണം

122 (404) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ സർക്കാർ ആലോചിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് കുട്ടികളിൽ അവബോധം വളർത്തുന്നതിന് സ്കൂൾ തലങ്ങളിൽ തന്നെ മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി കെ.എസ്.ഇ.ബി.എൽ.-ൽ എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ട്) എന്ന വിഭാഗം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതി സംരക്ഷണത്തിന് കെ.എസ്.ഇ.ബി. ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു :

1. ഇ.സി.ഇ.ഇ. (എംപവറിംങ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി)
2. ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്)
3. ആലപ്പുഴ മുനിസിപ്പാലിറ്റിയിലും വല്ലച്ചിറ പഞ്ചായത്തിലും എൽ.ഇ. ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി
4. പരമ്പരാഗത (പെട്ടി-പറ) പമ്പിംഗ് സംവിധാനം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പുകൾ സ്ഥാപിക്കുന്ന പദ്ധതി
5. എനർജി ഓഡിറ്റിംഗ്
6. ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം പദ്ധതി (എച്ച്.വി.ഡി.എസ്.)
7. വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ നവീകരണം
8. സർക്കാർ ആശുപത്രികളിൽ കാര്യക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും സ്ഥാപിക്കുന്ന പദ്ധതി

ഇ.എം.സി.-യുടെ നേതൃത്വത്തിൽ എല്ലാ മേഖലകളിലും വൈദ്യുതി സംരക്ഷണത്തിനായി താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു :

- ഗാർഹിക മേഖലയിൽ ഊർജ്ജ ക്ലിനിക്, പൊതുജനബോധവൽക്കരണ പരിപാടിയായ ഊർജ്ജകിരൺ, പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ എന്നിവ നടത്തിവരുന്നു. ഊർജ്ജ ക്ലിനിക് വനിതാ വോളണ്ടിയർമാർ മുഖേനയും ഊർജ്ജ കിരൺ പരിപാടി സർക്കാരിതര സംഘടനകൾ, പൊതുജന വായനശാലകൾ, മറ്റ് സംഘടനകൾവഴി പരിശീലനം ലഭിച്ച പരിശീലകർ മുഖാന്തരവും നടത്തിവരുന്നു.

- വ്യവസായ മേഖലയിൽ ഊർജ്ജ ഓഡിറ്റിംങ് (എനർജി ഓഡിറ്റിംങ്), പ്രാഥമിക ഊർജ്ജ ഓഡിറ്റിംങ്, ഊർജ്ജ ഓഡിറ്റ് സബ്സിഡി, സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ ഓഡിറ്റിംങ് എന്നിവയാണ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ.

- കെട്ടിടങ്ങളിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി ഊർജ്ജ ഓഡിറ്റ് നടത്തി കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നു. ഊർജ്ജ സംരക്ഷണ നിയമം 2001 അനുസരിച്ചുള്ള ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പിലാക്കുന്നതിനായി കേരള ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് തയ്യാറാക്കിവരുന്നു.

- തെരുവുവിളക്കുകൾ ഊർജ്ജകാര്യക്ഷമമാക്കി വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിച്ചു വരുന്നു.

- വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവരിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനായി സ്മാർട്ട് എനർജി പരിപാടി നടത്തിവരുന്നു.

(ബി) വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ കെ.എസ്.ഇ.ബി. നടപ്പിലാക്കിവരുന്നു :

1. 2016-17-ലെ ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ച (സാധാരണ) ബൾബുകളും സി.എഫ്. ബൾബുകളും മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി

2. ഡെൽപ്പ്

3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ സോളാർ ഹീറ്റേഴ്സ് സ്ഥാപിക്കുന്ന പദ്ധതി

4. വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ എനർജി എഫിഷ്യന്റാക്കി ഊർജ്ജം സംരക്ഷിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി ഇ.എം.സി. താഴെപ്പറയുന്ന പദ്ധതികൾ/പ്രോഗ്രാമുകൾ നടപ്പിലാക്കിവരുന്നു :

- ഊർജ്ജ സംരക്ഷണ അവാർഡ്
- ഊർജ്ജ ഓഡിറ്റ് സബ്സിഡി സ്കീം
- ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് വിലയിരുത്തൽ
- ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് ലിസ്റ്റ് പ്രസിദ്ധീകരിക്കൽ
- ഊർജ്ജ ക്ലിനിക്-ഗാർഹിക ഊർജ്ജ സംരക്ഷണ പരിപാടി
- സാങ്കേതിക വിദഗ്ദ്ധർക്ക് പരിശീലന പരിപാടികൾ
- കെട്ടിടങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കൽ
- എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് സംബന്ധമായ പരിശീലന പരിപാടികൾ
- ഊർജ്ജകാര്യക്ഷമതയുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കൽ
- മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്തുകൾ.
- സ്മാർട്ട് എനർജി പ്രോഗ്രാം - ഊർജ്ജ സംരക്ഷണ വിദ്യാഭ്യാസ പരിപാടി
- ഊർജ്ജ കിരൺ - പൊതുജന ബോധവൽക്കരണ പരിപാടി
- ഗവേഷണ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ.

(സി) കുട്ടികളെ ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തുന്നതിലേക്കായി താഴെപ്പറയുന്ന പദ്ധതികൾ കെ.എസ്.ഇ.ബി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട് :

1. ഇ.സി.ഇ.ഇ. (എംപവറിംങ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി) എൻ.എസ്.എസ്.-മായി ചേർന്ന് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.
2. കെ.എസ്.ഇ.ബി.എൽ.-ന്റെ സബ്ഡിവിഷൻ തലത്തിലുള്ള 211 ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശം നൽകുകയും, ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച്

ഒന്നരലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു. എനർജി വോളന്റിയേഴ്സ് വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തിവരുന്നു.

വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ തലത്തിൽ ഇ.എം.സി. ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ 4000 സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു.

## വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വൈദ്യുതി മീറ്റർ വാങ്ങി നൽകണമെന്ന നിർദ്ദേശം

123 (405) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾ നേരിട്ട് വൈദ്യുതി മീറ്റർ വാങ്ങി നൽകണമെന്ന നിർദ്ദേശം നിലവിലുണ്ടോ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ തീരുമാനം കാരണം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഉപഭോക്താക്കൾ വിമുഖത കാണിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ തീരുമാനം പുനഃപരിശോധിക്കുന്നതിനും ഈ വിഷയവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2014 റെഗുലേഷൻ 105 പ്രകാരം പുതിയ കണക്ഷൻ എടുക്കുന്ന സമയത്ത് അപേക്ഷകന് നേരിട്ട് വെൻഡർമാരിൽ (vendors) നിന്ന് മീറ്ററുകൾ വാങ്ങി മീറ്റർ വാടക ഒഴിവാക്കുന്നതിനോ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മീറ്റർ നൽകണമെന്ന് ആവശ്യപ്പെടുകയോ ചെയ്യുന്നതിന് അവസരമുണ്ട്.

(ബി) മീറ്ററുകളുടെ ലഭ്യതക്കുറവുമൂലം അപേക്ഷകർ മീറ്റർ വാങ്ങിനൽകേണ്ട സാഹചര്യംമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേടായ മീറ്ററുകൾ DDUGJY & IPDS സ്കീമിൽ ഉൾപ്പെടുത്തി മാറ്റുന്നതിനുള്ള നടപടികൾ വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുണ്ട്.

(ഡി) ആവശ്യാനുസരണം മീറ്ററുകൾ ലഭ്യമാക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപടി സ്വീകരിച്ചുവരുന്നു.

## വൈദ്യുതി നിരക്കിലെ ഇളവ്

124 (406) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് 2012-ൽ വരുത്തിയ നിരക്കുവർദ്ധനയിൽനിന്നും കാർഷിക മേഖലയിലെയും ഗാർഹികമേഖലയിലെ ഒരു വിഭാഗത്തിനും നൽകിയിരുന്ന ഇളവ് പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(സി) ജലവൈദ്യുതി ഉല്പാദനച്ചെലവിന്റെ നിരക്കും ഇളവു നൽകിയ ശേഷമുള്ള വൈദ്യുതി നിരക്കും തമ്മിലുള്ള അന്തരം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 2012-ൽ വരുത്തിയ നിരക്ക് വർദ്ധനയിൽനിന്നും കാർഷിക മേഖലയിലെയും ഗാർഹിക മേഖലയിലെ ഒരു വിഭാഗത്തിനും നൽകിയിരുന്ന ഇളവ് നിലവിൽ പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നില്ല. നിലവിൽ ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 85 പൈസ നിരക്കിലും 80 യൂണിറ്റുവരെ ദ്വൈമാസം ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 35 പൈസ നിരക്കിലും 240 യൂണിറ്റ് വരെ ദ്വൈമാസ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ആദ്യത്തെ 80 യൂണിറ്റിന് 35 പൈസാ നിരക്കിലും തുടർന്ന് 81 മുതൽ 240 വരെയുള്ള ഉപഭോഗത്തിന് യൂണിറ്റൊന്നിന് 50 പൈസ നിരക്കിലും സബ്സിഡി നൽകിവരുന്നു. കൂടാതെ 120 യൂണിറ്റ് വരെയുള്ള സിംഗിൾ ഫേസ് ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജ് ഒടുക്കുന്നതിൽനിന്നും സബ്സിഡി നൽകി ഒഴിവാക്കിവരുന്നു.

(സി) സംസ്ഥാനത്തിനകത്തെ വൈദ്യുതി ഉൽപ്പാദനം പ്രധാനമായും ജലവൈദ്യുത നിലയങ്ങളിൽനിന്നാണ്. ഇതുകൂടാതെ ദ്രവഇന്ധന നിലയങ്ങളും സൗരോർജ്ജ നിലയങ്ങളും കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയങ്ങളുമുണ്ട്. ഓരോ വിഭാഗത്തിൽപ്പെടുന്ന നിലയങ്ങൾക്കും വേണ്ടിവരുന്ന അറ്റകുറ്റപ്പണികൾക്കുള്ള ചെലവ്, ഭരണപരമായ ചെലവുകൾ, നടത്തിപ്പ് ചെലവുകൾ, ജീവനക്കാരുടെ ചെലവുകൾ എന്നിവ പ്രത്യേകമായി കണക്കാക്കുന്ന രീതി നിലവിലില്ല. ആയതിനാൽ ജലവൈദ്യുതിയുടെ മാത്രമായ ഉൽപ്പാദന ചെലവിന്റെ നിരക്ക് കണക്കാക്കുന്നത് പ്രായോഗികമല്ല.

## വൈദ്യുതി ബോർഡിലെ സൂപ്പർവൈസറി തസ്തികകൾ

125 (407) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകളിലെ സൂപ്പർവൈസറി തസ്തികകളിൽ എൻജിനീയറിംഗ് ഡിഗ്രിയോ ഡിപ്ലോമയോ ഉള്ളവരെ നിയോഗിക്കണമെന്ന റഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൈദ്യുതി ബോർഡിൽ പ്രൊമോഷനിലൂടെ വന്ന നല്ല പങ്ക് അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും സബ് എഞ്ചിനീയർമാർക്കും ഓവർസീയർമാർക്കും ഡിപ്ലോമയോ ഡിഗ്രിയോ ഇല്ലാത്ത സാഹചര്യത്തിൽ ഈ ഉത്തരവ് കെ.എസ്.ഇ.ബി.യിൽ ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധി ഉണ്ടാക്കുമോ ;

(സി) കെ.എസ്.ഇ.ബി.എൽ. എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാരാണുള്ളതെന്നും ഇവരിൽ എത്ര പേരാണ് ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്തവരെന്നും വ്യക്തമാക്കുമോ; ഡിപ്ലോമയോ ഡിഗ്രിയോ ഇല്ലാത്ത സബ് എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) സി.ഇ.എ. ചട്ടം പാലിക്കാത്തതിനാൽ വൈദ്യുതി ബോർഡിന് നോട്ടീസ് ലഭിച്ചിട്ടുണ്ടോ; വർഷങ്ങളായി സർവ്വീസിലുള്ള ജീവനക്കാരെ സംരക്ഷിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ ചട്ടങ്ങളിൽനിന്നും വ്യതിചലിച്ചാണ് ചില സൂപ്പർവൈസറി തസ്തികകളിൽ നിയമനങ്ങൾ നടക്കുന്നതെന്നും ആയതിനാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിനെതിരെ നടപടി സ്വീകരിക്കാൻ നിശ്ചയിച്ചതായും ഉള്ള കമ്മീഷൻ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര ചട്ടങ്ങൾ പൂർണ്ണമായും നടപ്പിലാക്കേണ്ടിവരുന്നപക്ഷം ജീവനക്കാരെ ചെറിയ തോതിൽ പുനർവിന്യസിക്കുകയും പ്രത്യേക തരത്തിലുള്ള പരിശീലനം നൽകേണ്ടിയും വരും. എന്നാൽ കേന്ദ്ര ചട്ടങ്ങളിൽ ആവശ്യമെങ്കിൽ ഇളവനുവദിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്.

(സി) അസിസ്റ്റന്റ് എഞ്ചിനീയർ

| | | |
|---|---|---|
| (ഇലക്ട്രിക്കൽ) കേഡർ സ്ട്രെങ്ത് | - | 2171 |
| അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | - | 317 |
| <u>ഡിഗ്രി/ഡിപ്ലോമ ഇല്ലാത്തവർ</u> | | |
| അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | - | 317 |
| അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | - | 6 |
| സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | - | 1577 |
| സബ് എഞ്ചിനീയർ (സിവിൽ) | - | 88 |
| ഓവർസീയർ (ഇലക്ട്രിക്കൽ) | - | ഈ തസ്തികയിലേക്ക് വരുന്ന 90% ജീവനക്കാർക്കും ഡിഗ്രി, ഡിപ്ലോമ,ഐ.റ്റി.ഐ. നിർബന്ധമില്ല. 90% ക്വാട്ടയിൽ 4421 പേർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഓവർസീയർ സിവിൽ തസ്തികയിൽ 14 ഐ.റ്റി.ഐ.-ക്കാർ പ്രവർത്തിക്കുന്നുണ്ട്. |

(ഡി) ഉണ്ട്. പരിശോധിച്ചുവരുന്നു.

## കായംകുളം താപവൈദ്യുത നിലയം

126 (408) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപവൈദ്യുത നിലയം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതായ വിവരം ശരിയാണോ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) നിലവിൽ ഇവിടെ വൈദ്യുത ഉൽപ്പാദനം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ വൈദ്യുത ഉൽപ്പാദനം നിർത്തി വച്ചിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കുമോ ; എന്നുമുതലാണ് ഉൽപ്പാദനം നിർത്തിവച്ചിരിക്കുന്നത്; വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) കായംകുളം താപവൈദ്യുതി നിലയം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതായ വിവരം ശരിയല്ല.

(ബി) ബാധകമല്ല.

(സി) കായംകുളം നിലയത്തിൽ ഇപ്പോൾ വൈദ്യുത ഉൽപ്പാദനം നടക്കുന്നില്ല. പ്രസ്തുത നിലയത്തിൽ നാഫ്ത എന്ന ദ്രവ ഇന്ധനമാണ് വൈദ്യുതി ഉൽപ്പാദനത്തിനായി ഉപയോഗിക്കുന്നത്. ഈ ദ്രവ ഇന്ധനത്തിന്റെ വില ക്രൂഡ് ഓയിലിന്റെ വിലയുമായി ബന്ധപ്പെട്ടതും വളരെ ഉയർന്ന നിലവാരത്തിലാകുകയും ചെയ്തതിനാൽ ഈ നിലയത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില മറ്റ് നിലയങ്ങളിലേതിനേക്കാൾ വളരെ ഉയർന്നതാണ്. ആയതിനാൽ അടിയന്തര ഘട്ടങ്ങളിൽ മാത്രമാണ് ഇവിടെ നിന്നും വൈദ്യുതി വാങ്ങുന്നത്.

**വൈദ്യുതി വിതരണ ശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിന് നടപടി**

127 (409) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിന് വേണ്ടി നിലവിൽ അവലംബിച്ചുവരുന്ന പ്രതിഷ്ഠാപന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ബി) ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന ഹൊറിസോണ്ടൽ ഡയറക്ഷണൽ ഡ്രില്ലിംഗ് സാങ്കേതികവിദ്യ എത്രത്തോളം വിജയകരവും സുരക്ഷിതവുമാണെന്ന് വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ സഹകരണം ഉറപ്പുവരുത്തി റോഡുകളുടെ വശങ്ങളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള യൂട്ടിലിറ്റി ബേ നിർമ്മിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി വിതരണ ശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിനായി ആസൂത്രണം ചെയ്ത അറ്റകുറ്റപ്പണികളും കൂടാതെ എല്ലാ വർഷവും പ്രീ-മൺസൂൺ മെയിന്റനൻസും നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി 11 കെ.വി. ലൈനുകൾ, എൽ.റ്റി.ലൈനുകൾ ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുതി കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റിസ്ഥാപിക്കുക, ബ്രിഡ്ജിംങ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റിസ്ഥാപിക്കുക, താഴ്ന്നുകിടക്കുന്ന ലൈനുകൾ റീ-ഷാക്ലിംഗ് നടത്തുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് കേടായതും പഴകിയതുമായ എ.ബി. സ്വിച്ച്, എർത്തിംഗ്, ലൈറ്റ്നിംഗ് അറസ്റ്റർ, ഓയിൽ ലെവൽ, ഫ്യൂസ്, കേബിളുകൾ തുടങ്ങിയവ മെയിന്റനൻസ് ചെയ്യുക, ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, പഴയ വെതർ പ്രൂഫ് വയറുകൾ മാറ്റുക തുടങ്ങിയവ നിശ്ചിത ഇടവേളകളിൽ ചെയ്യുന്നുണ്ട്.

കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള AAC (All Aluminum Conductor), കോപ്പർ തുടങ്ങിയ കമ്പികൾ മാറ്റി ACSR (Aluminum Conductor Steel Reinforced) കമ്പികൾ ഉപയോഗിക്കുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയവ എല്ലാ വർഷവും ചെയ്തുവരുന്നു. 11 കെ.വി.യോ അതിന് മുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടിവീണാൽ തൽക്ഷണം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിന് സബ്സ്റ്റേനുകളിലുള്ള സംവിധാനം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കുന്നുണ്ട്. LT, HT വിതരണ ലൈനുകളിൽ ഇപ്പോൾത്തന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്.

(ബി) പ്രധാനപ്പെട്ടതും തിരക്കുള്ളതുമായ റോഡുകൾക്കരികിലും റോഡ് കട്ടിംഗ് അനുമതി ലഭിക്കാത്ത സ്ഥലങ്ങളിലും തീരപ്രദേശങ്ങളിലും ഇടുങ്ങിയ റോഡുകളുടെ അരികിലും പ്രകൃതി ദുർബല പ്രദേശങ്ങളിലും മറ്റ് സംവിധാനങ്ങൾ പ്രാവർത്തികമാക്കാൻ പറ്റാത്ത സ്ഥലങ്ങളിലും, റോഡ് റെയിൽ പാതകൾ തുടങ്ങിയവയ മുറിച്ച് കടക്കേണ്ടിവരുമ്പോഴുമാണ് ഹോറിസോണ്ടൽ ഡയറക്ഷണൽ ഡ്രില്ലിംഗ് (HDD) സാങ്കേതികവിദ്യ ഉപയോഗിക്കുന്നത്. ഭൂമിക്കടിയിൽ മറ്റ് സുപ്രധാന ശൃംഖലകളുടെ കേബിളുകൾ, കുഴലുകൾ, പവർ കേബിളുകൾ, ടെലിഫോൺ കേബിളുകൾ, ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ തുടങ്ങിയവയുള്ള സ്ഥലങ്ങളിലാണ് ഈ രീതി പ്രധാനമായും വിജയകരമായി നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ വലിയ തോതിൽ ഓപ്പൺ ട്രഞ്ച്

ചെയ്യേണ്ടിവരുന്ന സ്ഥലങ്ങളിൽ അത് ഒഴിവാക്കാനായി ഈ രീതി അവലംബിക്കുന്നുണ്ട്. ഇത് വളരെ വിജയകരവും കുറഞ്ഞ സമയത്തിനുള്ളിൽ ജോലി പൂർത്തിയാക്കാൻ കഴിയുന്നതുമാണ്. HDD ഉപയോഗിക്കുന്നതുകൊണ്ട് റോഡുകളുടെ കേടുപാടുകളും പുനർനിർമ്മാണ ചെലവും കുറയ്ക്കുകയും പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ഗതാഗത തടസ്സവും പരമാവധി ഒഴിവാക്കുകയും ചെയ്യാം.

(സി) പല സ്ഥലങ്ങളിലും പുതുതായി റോഡുകൾ നിർമ്മിക്കുമ്പോൾ വശങ്ങളിൽ അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള utility bay നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് പൊതുമരാമത്ത് വകുപ്പിനോട് ബോർഡ് അഭ്യർത്ഥിച്ചെങ്കിലും പ്രസ്തുത പ്രവൃത്തിക്കുള്ളചെലവ് ബോർഡ് വഹിക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ നിലവിൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി പര്യാപ്തമല്ല. ഇതിനായി ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല.

## ഗാർഹിക വ്യവസായ ഉപഭോഗം

128 (410) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉൽപ്പാദനത്തിൽ കേരളം സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ടോ ;

(ബി) കേരളത്തിൽ ഒരു ദിവസം ഗാർഹിക-വ്യവസായ ഉപഭോഗം എത്ര യൂണിറ്റ് വീതം വൈദ്യുതിയാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന് പുറത്തുനിന്ന് ദിനംപ്രതി എത്ര യൂണിറ്റ് വൈദ്യുതിയാണ് വൈദ്യുതി ബോർഡ് വാങ്ങുന്നതെന്നും ഇതിന്റെ വില യൂണിറ്റിന് എത്രയാണെന്നും എവിടെനിന്നെല്ലാം വൈദ്യുതി വാങ്ങുന്ന എന്നുമുള്ള വിവരം വിശദമായി വെളിപ്പെടുത്തുമോ ;

(ഡി) കേരളത്തിൽ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സംബന്ധിച്ച സർക്കാർ നയമെന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിലുള്ള ഗാർഹിക ഉപഭോക്താക്കളുടെ പ്രതിദിന ശരാശരി ഉപഭോഗം 2015-16 സാമ്പത്തിക വർഷത്തിൽ 27.168 ദശലക്ഷം യൂണിറ്റും വ്യാവസായിക ഉപഭോക്താക്കളുടെ ശരാശരി ഉപഭോഗം 10.552 ദശലക്ഷം യൂണിറ്റുമായിരുന്നു.

(സി) 2016 ആഗസ്റ്റ് മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്തിന് പുറത്തു നിന്നും പ്രതിദിനം വാങ്ങിയ വൈദ്യുതിയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു :

| സ്രോതസ്സ് | പ്രതിദിന ശരാശരി ലഭ്യത (ദശലക്ഷം യൂണിറ്റിൽ) | ശരാശരി നിരക്ക് (രൂപയിൽ) |
|---|---|---|
| കേന്ദ്ര വിഹിതം | 26.38 | 3.50 |
| (I) എൽ.റ്റി.എ. | - | - |
| (എ) മെയ്ത്തൺ പവർ ലിമിറ്റഡ് | 2.81 | 3.89 |
| (ബി) ഡി.വി.സി. | 2.20 | 4.09 |
| (1) മെയ്ജ | | |
| (2) രഘുനാഥ്പൂർ | 0.609 | 3.22 |
| (II) എം.റ്റി.ഒ.എ. | | |
| (എ) ബാൽകോ | 1.899 | 3.87 |
| (ബി) എൻ.വി.വി.എൻ. | 6.294 | 4.67 |
| (സി) മെയ്ത്തൺ | 2.445 | 3.89 |
| (ഡി)ജിൻഡാൽ | 3.424 | 3.85 |
| (III) പവർ എക്സ്ചേഞ്ച് | 0.032 | 3.58 |
| | ആകെ | 46.093 |

(ഡി) സമവായത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

## വൈദ്യുതി സബ്സ്റ്റേഷൻ വിഭജിക്കുന്നതിന് അംഗീകാരം

129 (411) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25000-ൽ അധികം ഉപഭോക്താക്കളുള്ള വൈദ്യുതി സബ് സ്റ്റേഷനുകൾ വിഭജിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കരുനാഗപ്പള്ളി നോർത്ത് സബ് സ്റ്റേഷനു കീഴിൽ വരുന്ന പ്രദേശത്ത് നിലവിൽ എത്ര ഉപഭോക്താക്കളുണ്ട്; ജോലിഭാരം അധികരിച്ച ഈ സബ് സ്റ്റേഷൻ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(സി) ഓച്ചിറ സബ് സ്റ്റേഷനെ വിഭജിച്ച് വള്ളിക്കാവിൽ പുതിയ സബ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കരുനാഗപ്പള്ളി സൗത്ത് സബ് സ്റ്റേഷനെ വിഭജിച്ച് വെളുത്ത മണൽ കേന്ദ്രമാക്കി ഒരു പുതിയ സബ് സ്റ്റേഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉപഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി വൈദ്യുതി സബ്സ്റ്റേഷനുകൾ വിഭജിക്കുന്ന രീതി പ്രായോഗികമല്ല. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്.

(ബി) കരുനാഗപ്പള്ളി നോർത്ത് സെക്ഷന്റെ കീഴിൽ 28997 ഉപഭോക്താക്കളുണ്ട്. സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ കരുനാഗപ്പള്ളി നോർത്ത് സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷൻ വിഭജിക്കുന്നത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

(സി&ഡി) സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ ഓച്ചിറ സെക്ഷന്റെ കാര്യത്തിലോ കരുനാഗപ്പള്ളി സൗത്ത് സെക്ഷന്റെ കാര്യത്തിലോ പാലിക്കപ്പെടാത്തതിനാൽ ഓച്ചിറ, കരുനാഗപ്പള്ളി സൗത്ത് എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നത് ബോർഡിന്റെ പരിഗണനയിലില്ല.

## വൈദ്യുതി മിച്ച സംസ്ഥാനം

130 (412) <u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(ബി) നിലവിൽ 65 ശതമാനം വൈദ്യുതി കമ്മിയുള്ളത് പരിഹരിക്കാനായി സ്വീകരിക്കുന്ന ഹ്രസ്വകാല ദീർഘകാല നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് വൈദ്യുതോല്പാദന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിൽ വീഴ്ചകൾ വിശകലനം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്ക് അമിതമായ ആഘാതം ഏല്പിക്കാത്ത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കുമോ; വിശദാംശം ലഭ്യമാകുമോ ?

<u>ഉത്തരം</u>

(എ) 2017 മാർച്ച് മാസത്തോടെ രാജ്യത്തെ ആദ്യ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കി മാറ്റുവാൻ ലക്ഷ്യമിടുന്നു. ഇത് നടപ്പിലാക്കുന്നതിന് അധികമായി വേണ്ട വൈദ്യുതിയുടെ ഏറിയ പങ്കും കരാറുകളിൽ ഏർപ്പെട്ട് കഴിഞ്ഞിട്ടുണ്ട്. കൂടുതലായി വേണ്ടിവരുന്ന വൈദ്യുതിക്കായി നവീകരിക്കാവുന്ന സ്രോതസ്സുകളിൽനിന്നുള്ള ഉൽപ്പാദനം, ജലവൈദ്യുത പദ്ധതികൾ കൽക്കരി അടിസ്ഥാനത്തിൽ ഒരു പ്ലാന്റ് എന്നിവയും നിലവിൽ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതി തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* കൂടാതെ നവനവീകരണ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപ്പാദനം ലക്ഷ്യമിട്ടുകൊണ്ട് കാറ്റിൽനിന്നും സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ ആന്റ് എനർജി സേവിംഗ്സ് എന്ന വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. പ്ലാനിംഗ് ബോർഡുമായി ചേർന്ന് കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 20.331 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അനുമതി നൽകിയിട്ടുണ്ട്. ഉപഭോക്താക്കൾ സ്വന്തമായി കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകൾക്ക് ഗ്രിഡ് കണക്ഷൻ നൽകുന്നുണ്ട്. ഇതുവരെ 2.868 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 145 ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റുകൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) വൈദ്യുതി കമ്മി പരിഹരിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. 2013, 2014, 2015 എന്നീ വർഷങ്ങളിൽ വിവിധ ഇന്റിപ്പെന്റന്റ് പവർ പ്രൊഡ്യൂസേഴ്സുമായി (ഐ.പി.പി.) 1415 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുവേണ്ടി ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്താനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.* കൂടാതെ വൈദ്യുതി സംരക്ഷണത്തിനായി എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ട്) എന്ന വിഭാഗം കെ.എസ്.ഇ.ബി.എൽ. രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഐസ് പ്ലാന്റുകളിലെയും കാർഷിക മേഖലയിലെയും ഗവൺമെന്റ് ആശുപത്രികളിലെയും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (HVDS) എന്ന പദ്ധതി പേയാട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി ഉപയോഗത്തിലുള്ള ഇൻകാൻഡസെന്റ് ബൾബുകളും സി.എഫ്.എൽ.-കളും മാറ്റി പകരം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതിയും ഗാർഹിക മേഖലയിൽ ഊർജ്ജക്ഷമതയുള്ള ഫാനുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും പ്രാരംഭഘട്ടത്തിലാണ്.

(സി) ആഭ്യന്തര വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ സാഹചര്യങ്ങൾക്ക് അനുസൃതമായി അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് സമഗ്രമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ മുൻകാല പ്രവർത്തനങ്ങളും വീഴ്ചകളും എല്ലാ സാഹചര്യങ്ങളും വിലയിരുത്തും. പാരിസ്ഥിതികാഘാതം സംബന്ധിച്ച വിഷയങ്ങളിൽ നിയമാനുസൃതവും സമവായത്തിന്റെയും അടിസ്ഥാനത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളും.

## വൈദ്യുതി കണക്ഷൻ

131 (413) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷന് അപേക്ഷിച്ചാൽ നിലവിൽ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വൈദ്യുതി കണക്ഷനുവേണ്ടി പോസ്റ്റ് നടുന്നതിനായി 12,000 രൂപ വരെ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക ബി.പി.എൽ.-കാർക്കും എസ്‌സി./എസ്റ്റി. വിഭാഗക്കാർക്കും ഒഴിവാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സാധാരണ സാഹചര്യങ്ങളിൽ റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ വൈദ്യുത കണക്ഷനുകൾ നൽകാറുണ്ട്. എന്നാൽ നടപടി ക്രമങ്ങളുടെ ആധിക്യംമൂലം കാലതാമസം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ റെഗുലേറ്ററി കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വൈദ്യുതി കണക്ഷൻ നൽകാൻ ചെലവാകുന്ന തുക റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിലാണ് ഗുണഭോക്താക്കളിൽനിന്ന് ഈടാക്കുന്നത്. കൂടുതൽ ദൂരത്തിൽ ലൈൻ വലിക്കേണ്ടിവരുമ്പോഴും, പോസ്റ്റുകൾ, സ്റ്റേ തുടങ്ങിയവ അധികമായി ആവശ്യം വരുമ്പോഴും ഇത് ചിലപ്പോൾ 12,000 രൂപയിൽ അധികമായി വന്നേക്കാം. നിരക്കുകൾ ജനോപകാരപ്രദമായി പരിഷ്കരിക്കാൻ റഗുലേറ്ററി കമ്മീഷന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുത കണക്ഷൻ നൽകാനാവശ്യമായ തുക ഗുണഭോക്താവിൽനിന്ന് മുൻകൂറായോ അല്ലെങ്കിൽ സർക്കാർ സഹായമായോ ലഭിച്ചിരിക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. എസ്‌സി./എസ്റ്റി. ഉൾപ്പെടെയുള്ള ബി.പി.എൽ. വിഭാഗക്കാർക്ക് ഗ്രാമപ്രദേശങ്ങളിൽ ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയിലുൾപ്പെടുത്തി വൈദ്യുത കണക്ഷൻ നൽകിവരുന്നുണ്ട്. നഗര പ്രദേശങ്ങളിൽ ബി.പി.എൽ. വിഭാഗത്തിൽവരുന്ന ഉപഭോക്താക്കൾക്ക് വെതർ പ്രൂഫ് സർവ്വീസ് നൽകുമ്പോൾ ചെലവാകുന്ന തുക സർക്കാർ വിഹിതമായി ലഭിക്കുമെന്ന പ്രതീക്ഷയിൽ ടി തുക കൺസ്യൂമറിൽനിന്ന് ഈടാക്കാതെ കണക്ഷൻ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലൂടെ മുഴുവൻ ദുർബല വിഭാഗങ്ങൾക്കും വൈദ്യുതി എത്തിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഓവർഹെഡ് ലൈനുകൾ ഭൂഗർഭ കേബിളുകളാക്കുന്നതിന് നടപടി**

132 (414) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലെ വിവിധ പ്രദേശങ്ങളിൽ ഒരു ചെറിയ മഴ പെയ്താൽപോലും വൈദ്യുതി നിലയ്ക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഇന്ദിരാഗാന്ധി റോഡ്, ശ്രീകൃഷ്ണ ടെംപിൾ റോഡ്, എസ്.എ.എ.സി. റോഡ് (എം.എൽ.ലൈൻ), ശ്മശാനം റോഡ്, കമ്പനി പറമ്പ് ലൈൻ ഉൾപ്പെടെ പലസ്ഥലങ്ങളിലും ഉള്ള 11 കെ.വി. ഓവർഹെഡ് ലൈനാണ് ഇതിന് കാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ഓവർഹെഡ് ലൈനുകൾ ഭൂഗർഭ കേബിളുകൾ ആക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) എങ്കിൽ സമയബന്ധിതമായി ഇത് സ്ഥാപിക്കുമോ ?

ഉത്തരം

(എ&ബി) വൈദ്യുതി തടസ്സങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ ഉടൻതന്നെ പരിഹരിക്കാനും അറ്റകുറ്റപ്പണികൾ ചെയ്യാനും സംവിധാനമുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ബാധകമല്ല.

## വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ

133 (415) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ, വീടുകളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) വൈദ്യുതി ലഭ്യമല്ലാത്ത വീടുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. വൈദ്യുതി കണക്ഷനുവേണ്ടി ബോർഡിൽ ഇതിനകം ലഭിച്ചിട്ടുള്ള അപേക്ഷകളിൽ വൈദ്യുതി ലഭ്യമല്ലാത്ത താഴെപ്പറയുന്ന മേഖലകൾ ഉൾപ്പെടുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആദിവാസി സെറ്റിൽമെന്റിൽപ്പെട്ട കമലകം, പൊടിയം, കൊമ്പിടി, മുക്കോത്തിവയൽ, പട്ടാണിപ്പാറ പോത്തോട്, ഇരുമ്പിയാട്, അണകാൽ, പ്ലാത്ത്, ചെരുമാങ്കൽ, ആമോട്, കുന്നത്തേരി, പാറ്റംപാറ, വിതുര-പെരിങ്ങൻമല പഞ്ചായത്തിൽപ്പെട്ട കാരോട്, ദൈവക്കൽ, തണ്ണിപ്പെട്ടി, കുളത്തോട്, കരിക്കകം, ഇടിമടങ്ങ്, ഇട്ടിമൂല, വെണ്ണകപ്പാറ, കണ്ണണ്ണി, കാരടി, കൈത എന്നീ പ്രദേശങ്ങളും കൊല്ലം ജില്ലയിലെ

കോടനൂർ, താഴെമീങ്കളം, റോസ്മല, മൈലാടി, അമ്മയമ്പലം ചതുപ്പ്, സൊസൈറ്റിമുക്ക് കോളനി മൊക്ക, ചീനിക്കാല, ആനക്കുളം, ചെറ്റടി, പാലക്കുളം, ചാത്തൻമല, മൊട്ടൻമൂട്, വട്ടക്കരിക്കകം എന്നീ സ്ഥലങ്ങളും, പത്തനംതിട്ട ജില്ലയിലുള്ള ആവണിപ്പാറ കോളനി, ചീപ്പൻകുഴി, മൂന്നുമല എന്നീ സ്ഥലങ്ങളും, കാസർഗോഡ് ജില്ലയിലെ നെല്ലിത്തട്ട്, ചേനംകോട്, കണ്ണൂർ ജില്ലയിലെ ഇലമാങ്കൽ കോളനി, താഴെചീക്കാട്, മധുവനം, മേലെചീക്കാട് എന്നിവയും വയനാട് ജില്ലയിലെ പരപ്പൻപാറ, ചെട്ടിയലത്തൂർ, പങ്കളം, കണ്ടൂർ, കപ്പാട്, മണിമൂണ്ട, പുത്തൂർ, തെക്കുംപാറ, ചുള്ളിക്കാട്, നാഗമനഗജകാട്, മധ്യപടി, മണൽവയൽ, കോഴിക്കോട് ജില്ലയിലെ കല്ലാനോട്, പെരിയമല ഏരിയ, കക്കയം ഡാം സൈറ്റ്, മലപ്പുറം ജില്ലയിലെ മാഞ്ചിരി, അച്ചനള്ള, പെരിയം, പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്, അട്ടപ്പാടി, പള്ളിപ്പാറ, കട്ടളപ്പാറ, ചെറുനെല്ലി, പെരിയചോല, പോത്തൻകോട്, പാലക്കുഴി, ചൂരുപാര എന്നീ സ്ഥലങ്ങളും, തൃശ്ശൂർ ജില്ലയിലെ അരേക്കാപ്പ്, വെട്ടിവിട്ടകാട് എന്നീ കോളനികളും, എറണാകുളം ജില്ലയിലെ തെരവാരിയം, മറിയംപെട്ടി, തലച്ചുവടപ്പാറ, പൊങ്ങന്ച്ചുവട്, ഇടുക്കി കോളനി, ആലപ്പുഴ ജില്ലയിലെ മാട്ടേത്തുരുത്ത്, ഇടുക്കി ജില്ലയിലെ ഇടമലക്കുടി, മറയൂർ, കാന്തല്ലൂർ, വട്ടവട, മൂന്നാർ, രാജകുമാരി, സേനാപതി, ചാന്തൻപാറ, ചിന്നക്കനാൽ തുടങ്ങിയ പ്രദേശങ്ങളിലെ കോളനികളിലും വൈദ്യുതി പൂർണ്ണമായും എത്തിയിട്ടില്ലാത്തതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) 31-3-2017-ഓടുകൂടി സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുകയെന്ന ഉദ്ദേശത്തോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ.എസ്.ഇ.ബി.എൽ.-ഉം നടത്തിയിട്ടുണ്ട്. ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് ഗുണഭോക്താക്കളുടെ കരട് പട്ടിക 9-9-2016-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന പിഴവുകൾ ഒഴിവാക്കിയും വിട്ടുപോയിട്ടുള്ള ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുമുള്ള അന്തിമ പട്ടിക 2016 സെപ്റ്റംബർ അവസാനത്തോടുകൂടി പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്റ്റംബർ അവസാനത്തോടുകൂടി തയ്യാറാക്കാനും പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാനുമാണ് ലക്ഷ്യമിടുന്നത്.

## വൈദ്യുതി ലഭിക്കാൻ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്

134 (416) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുറമ്പോക്ക് ഭൂമിയിലും കൈവശരേഖ ലഭിക്കാത്ത ഭൂമിയിലും വീട് വച്ച് താമസിക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നതിലേക്കായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിയ്ക്കാത്ത സാഹചര്യത്തിൽ ഇത്തരം കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കാൻ നിലവിൽ എന്തെങ്കിലും അവസരങ്ങൾ ഉണ്ടോ; വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നുമുള്ള 4-6-2012-നും 4-8-2012-നും ഇറങ്ങിയ സർക്കാർ ഉത്തരവുകൾവഴി 100 ച.മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് അവ ഉടമസ്ഥാവകാശമില്ലാത്ത ഭൂമിയിലാണെങ്കിൽപ്പോലും താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുവാൻ തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരം നൽകുകയും ഈ സർട്ടിഫിക്കറ്റ് വൈദ്യുതി കണക്ഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭിക്കുവാൻ ഉപയോഗിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു. ഈ ഉത്തരവുകളുടെ ചുവടുപിടിച്ചുകൊണ്ട് ഉടമസ്ഥാവകാശമില്ലാത്ത ഭൂമിയിലാണെങ്കിൽപ്പോലും 100 ച.മീറ്റർവരെയുള്ള വാസഗൃഹങ്ങൾക്ക് അതാത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അധികൃതർ നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതിനുള്ള ഉത്തരവ് ബോർഡ് ഇറക്കിയിട്ടുണ്ട്.

## കഞ്ഞിപ്പുര-മൂടാർ ബൈപ്പാസ് റോഡിലെ വൈദ്യുതി പോസ്റ്റ് മാറ്റിസ്ഥാപിക്കൽ

135 (417) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാർ ബൈപ്പാസ് റോഡിൻെറ പണികൾക്ക് തടസ്സമായി നിൽക്കുന്ന വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കണമെന്ന പൊതുമരാമത്ത് വകുപ്പിൻെറ നിർദ്ദേശം വൈദ്യുതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിൻമേൽ എടുത്ത നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് വൈദ്യുതി വകുപ്പ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോട്ടയ്ക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാർ ബൈപ്പാസ് റോഡിന്റെ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട് വൈദ്യുതി പോസ്റ്റ് മാറ്റിസ്ഥാപിക്കണമെന്ന പൊതുമരാമത്ത് വകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് സ്ഥലം പരിശോധിച്ച് 72,71,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

## സൗരോർജ്ജ വൈദ്യുതി

136 (418) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ ;

(ബി) സാധാരണക്കാർക്ക് പ്രസ്തുത പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിനുള്ള തടസ്സം ബാറ്ററികൾക്കാവശ്യമായ ഭീമമായ തുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സൗരോർജ്ജം പ്രയോജനപ്പെടുത്തി ഉത്പാദിപ്പിക്കുന്ന വൈദ്യുതി ബാറ്ററിയിൽ സംഭരിക്കാതെ നേരിട്ട് കെ.സ്.ഇ.ബി.എൽ.-ന്റെ വിതരണ ശൃംഖലയിലേക്ക് നൽകുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമോ; അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉൽപ്പാദനം സാധ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്ന പദ്ധതികളുടെയും സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് 2015-16 വർഷത്തെ പദ്ധതിയുടെ ഭാഗമായി അനർട്ട് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) കെ.എസ്.ഇ.ബി.എൽ.-ന്റെ ഉപഭോക്താക്കൾ സ്വന്തം കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകൾ ബാറ്ററിയിൽ സംഭരിക്കാതെ നേരിട്ട് വിതരണ ശൃംഖലയിലേക്ക് കണക്ട് ചെയ്യുന്നുണ്ട്. ഇതുവരെ 2.868 മെഗാവാട്ട് ശേഷിയുള്ള 145 സൗരോജ്ജ പ്ലാന്റുകൾ ഗ്രിഡിലേക്ക് ബന്ധിപ്പിച്ചിട്ടുണ്ട്. 2015-16 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സൗരവൈദ്യുത പവർ പ്ലാന്റുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടെ സ്ഥാപിച്ചുനൽകി 15 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ അനെർട്ട് ലക്ഷ്യമിടുന്നു. കൂടാതെ 2016-17 വർഷം 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാ ബന്ധിത സൗരവൈദ്യുത പവർ പ്ലാന്റുകൾ സബ്സിഡിയോടെ സ്ഥാപിച്ച് നൽകി 19 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാനും അനെർട്ട് ലക്ഷ്യമിടുന്നുണ്ട്. ഇത്തരം പ്ലാന്റുകളിൽ ബാറ്ററിയുടെ ആവശ്യമില്ല. മുൻവർഷം തുടങ്ങി തുടർന്നുവരുന്ന സോളാർ കണക്ട് എന്ന ബാറ്ററിയില്ലാതെ ഗ്രിഡിലേയ്ക്ക് വൈദ്യുതി കൊടുക്കുന്ന പദ്ധതിയിൽ നിലവിൽ 15 മെഗാവാട്ടോളം സൗരനിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചതിൽ 6 മെഗാവാട്ടോളം സൗരനിലയങ്ങൾ സ്ഥാപിക്കാനുള്ള പ്രതിഷ്ഠാപന റിപ്പോർട്ട് അനെർട്ടിൽ ലഭിക്കുകയും അതിൽ 4.7 മെഗാവാട്ട് സൗരനിലയങ്ങൾ സ്ഥാപിക്കാനുള്ള അനുമതി അനെർട്ട് നൽകുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാവേലിക്കര മിച്ചൽ ജംഗ്ഷനിൽ ഭൂഗർഭ കേബിൾ

137 (419) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മിച്ചൽ ജംഗ്ഷനിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത മേഖലയിൽ ഭൂഗർഭ വൈദ്യുതി കേബിൾ സ്ഥാപിക്കുന്നതിന് ആരംഭം കുറിച്ചെങ്കിലും പിന്നീട് അത് നിർത്തിവെച്ചതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രദേശത്ത് ഭൂഗർഭ വൈദ്യുതി കേബിൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മിച്ചൽ ജംഗ്ഷനിലേക്ക് ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി മാവേലിക്കര 110 കെ.വി. സബ്സ്റ്റേഷൻ മുതൽ മിച്ചൽ ജംഗ്ഷന്റെ സമീപത്തുള്ള വള്ളക്കാലിൽവരെ ഭൂഗർഭ കേബിൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി&സി) മാവേലിക്കര മിച്ചൽ ജംഗ്ഷനിൽകൂടി ഭൂഗർഭ കേബിൾ സ്ഥാപിക്കുവാൻ സാങ്കേതിക ബുദ്ധിമുട്ടുള്ളതുകാരണം വള്ളക്കാലിൽനിന്നും മാവേലിക്കര പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപമുള്ള സ്വിച്ചിംഗ് സ്റ്റേഷൻവരെ ഓവർഹെഡ് ലൈനാണ് വലിച്ചിരിക്കുന്നത്. ബി.എസ്.എൻ.എൽ.-ൽനിന്നും ക്ലിയറൻസ് ലഭിക്കാത്തത് കാരണം ഇതുവരെ ഭൂഗർഭ കേബിൾ ചാർജ്ജ് ചെയ്യാൻ സാധിച്ചിട്ടില്ല.

## സർക്കാർ ഓഫീസുകളിലെ വൈദ്യുതി പാഴാക്കൽ

138 (420) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിനായി ഓരോ ഓഫീസിലും ആവശ്യമായ വൈദ്യുതിയുടെ അളവ് നിർണ്ണയിച്ച്, അതനുസരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) വൈദ്യുതി പാഴാക്കുന്ന ഓഫീസുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഓരോ സർക്കാർ ഓഫീസിലെയും ആവശ്യമായ വൈദ്യുതിയുടെ അളവ് നിർണ്ണയിച്ച് അതനുസരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. എന്നാൽ വൈദ്യുതി സംരക്ഷണ പ്രവർത്തനങ്ങൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ രൂപീകരിച്ചിട്ടുള്ള എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ട്)-ന് എനർജി ഓഡിറ്റ് നടത്തുന്നതിനുള്ള അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിലെ വൈദ്യുതി ഉപഭോഗം കാര്യക്ഷമമാക്കുന്നതിന് ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

(ബി) വൈദ്യുതി പാഴാക്കുന്ന ഓഫീസുകൾക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

**സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

139 (421) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി എന്ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; ഊർജ്ജ വകുപ്പ് ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി 31-3-2017-ഓടുകൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി ബഡ്ജറ്റിൽ ഊർജ്ജ വകുപ്പിന് തുക വകയിരുത്തിയിട്ടില്ല. തദ്ദേശസ്വയംഭരണം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽനിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽനിന്നുമാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുക കണ്ടെത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പാക്കുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും നടത്തുകയും ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് ഗുണഭോക്താക്കളുടെ കരട് പട്ടിക 9-9-2016-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന പിഴവുകൾ ഒഴിവാക്കുകയും വിട്ടുപോയിട്ടുള്ള ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുമുള്ള അന്തിമ പട്ടിക 2016 സെപ്തംബറിൽ പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്തംബർ അവസാനത്തോടുകൂടി തയ്യാറാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

140 (422) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പദ്ധതിയുടെ ഗുണം ലഭിക്കണമെങ്കിൽ വീടിന് നമ്പർ നിർബന്ധമാണെന്നിരിക്കെ വിവിധ കാരണങ്ങളാൽ വീട്ടുനമ്പർ ലഭിക്കാത്തവർ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള പദ്ധതിയുണ്ടോ ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാർച്ച് 2017 ഓടുകൂടി സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുകയെന്ന ഉദ്ദേശത്തോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ.എസ്.ഇ.ബി.എൽ.-ഉം നടത്തിയിട്ടുണ്ട്. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിക്കുന്നതിനായുള്ള സംവിധാനവും കെ.എസ്.ഇ.ബി.എൽ. ഏർപ്പെടുത്തിയിരുന്നു. ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയ ഗുണഭോക്താക്കളുടെ കരട് പട്ടിക 9-9-2016-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന പിഴവുകൾ ഒഴിവാക്കിയും വിട്ടുപോയിട്ടുള്ള ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുമുള്ള അന്തിമ പട്ടിക 2016 സെപ്തംബർ മാസം അവസാനത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്തംബർ അവസാനത്തോടുകൂടി തയ്യാറാക്കാനും പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാനുമാണ് ലക്ഷ്യമിടുന്നത്.

(ബി&സി) 100 ച.മീറ്റർവരെ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് അവ ഉടമസ്ഥാവകാശമില്ലാത്ത ഭൂമിയിലാണെങ്കിൽപ്പോലും താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരം നൽകി തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർട്ടിഫിക്കറ്റ് വൈദ്യുതി കണക്ഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭിക്കുവാൻ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമിയിലാണെങ്കിൽപ്പോലും 100 ച.മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് അതാത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർ നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതിനുള്ള ഉത്തരവ് കെ.എസ്.ഇ.ബി. ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലം

141 (423) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മണ്ഡലമുൾപ്പെടുന്ന പ്രദേശത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മേഖലയാക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഈ പ്രദേശത്തെ എത്ര അപേക്ഷകർക്കാണ് ഇനി വൈദ്യുതി കണക്ഷൻ നൽകുവാനുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ആറ്റിങ്ങൽ മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമെന്ന് എന്നത്തേക്ക് പ്രഖ്യാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ മണ്ഡലപരിധിയിലുള്ള സമ്പൂർണ്ണ വൈദ്യുതീകരണ ഗുണഭോക്താക്കളെ കണ്ടെത്തി അതത് സെക്ഷൻ ഓഫീസുകളിൽ കരട് പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. കരട് പട്ടികയിലുള്ള പിഴവുകൾ തിരുത്തി അന്തിമ പട്ടിക 2016 സെപ്റ്റംബർ അവസാനത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) ലഭ്യമായ കണക്കുകൾ പ്രകാരം 986 പേർക്കാണ് ഇനി വൈദ്യുതി നൽകാനുള്ളത്.

(സി) 2017 മാർച്ച് അവസാനത്തോടുകൂടി സംസ്ഥാനത്തെ എല്ലാ വീടുകളും വൈദ്യുതീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികൾ

142 (424) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികൾ പ്രകാരം ഏതൊക്കെ ജില്ലകളിലാണ് വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

2007-2011 കാലയളവിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിരുന്നു. ഇതിന്റെ ഭാഗമായി അന്ന് ആലപ്പുഴ, എറണാകുളം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ എല്ലാ മണ്ഡലങ്ങളിലും സമ്പൂർണ്ണ

വൈദ്യുതീകരണം പൂർത്തിയാക്കിയിരുന്നു. പിന്നീട് 2011-16 കാലയളവിൽ മണ്ഡലം/ ജില്ല തിരിച്ചുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് പകരം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തിയുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങളാണ് നടന്നു വന്നിരുന്നത്. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 2017 മാർച്ചോടുകൂടി സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്ന നടപടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## സമ്പൂർണ്ണ വൈദ്യുതീകരണം

143 (425) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വൈദ്യുതി കണക്ഷന് വേണ്ടി ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വൈദ്യുതി കണക്ഷനുവേണ്ടി ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ബി) 2017 മാർച്ചോടുകൂടി സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുകയെന്ന ഉദ്ദേശത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ.എസ്.ഇ.ബി.എൽ.-ഉം നടത്തിയിരുന്നു. ലളിതമായ ഒരു ഫോറം മുഖേനയും 9496018640 എന്ന നമ്പരിലേക്ക് മിസ്ഡ് കോൾ വഴിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിക്കുന്നതിനായുള്ള സംവിധാനവും കെ.എസ്.ഇ.ബി.എൽ. ഏർപ്പെടുത്തിയിരുന്നു. ഇത്തരത്തിൽ ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് ഗുണഭോക്താക്കളുടെ കരട് പട്ടിക 9-9-2016-ന് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന പിഴവുകൾ ഒഴിവാക്കിയും വിട്ടുപോയിട്ടുള്ള ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുമുള്ള അന്തിമ പട്ടിക 2016 സെപ്തംബർ അവസാനത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്തംബർ അവസാനത്തോടുകൂടി തയ്യാറാക്കാനും പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനുമാണ് ലക്ഷ്യമിടുന്നത്. LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽനിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽനിന്നുമാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുക കണ്ടെത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണം

144 (426) ശ്രീ. ആന്റണി ജോൺ :

ശ്രീ. ഒ. ആർ. കേളു :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി ഇതുവരെ ചെയ്തിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഇതുവരെ വൈദ്യുതി എത്താത്ത എത്ര വീടുകൾ ഉണ്ടെന്നതിന്റെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ഡി) പദ്ധതിയുടെ ഭാഗമായി വൈദ്യുതി ലഭിക്കാത്തവരുടെ പട്ടിക തയ്യാറാക്കാനും ലൈൻ സ്ഥാപിക്കാനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-ഡി) ഉണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികളെക്കുറിച്ചുള്ള വിവരങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചതിനുപുറമെ ഇതുസംബന്ധിച്ച് മാധ്യമങ്ങൾ മുഖേനയും ഉദ്യോഗസ്ഥർ വഴി നേരിട്ടും പ്രചരണം നൽകിയിരുന്നു. ലളിതമായ ഒരു ഫോറം മുഖേനയും 9496018640 എന്ന നമ്പറിലേക്ക് മിസ്ഡ് കോൾ വഴിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിക്കുന്നതിനായുള്ള സംവിധാനവും കെ.എസ്.ഇ.ബി.എൽ. ഏർപ്പെടുത്തിയിരുന്നു. ഇത്തരത്തിൽ ലഭിച്ച അപേക്ഷകൾക്കുപുറമെ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കൈവശം നിലവിലുള്ള വിവരങ്ങളും വിവിധ വകുപ്പുകളുടെ സഹായത്തോടെ പുതുതായി ശേഖരിച്ച വിവരവും ഉപയോഗിച്ച് ഗുണഭോക്താക്കളുടെ കരട് പട്ടിക 9-9-2016-ന് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന പിഴവുകൾ ഒഴിവാക്കിയും വിട്ടുപോയിട്ടുള്ള ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുമുള്ള അന്തിമ പട്ടിക 2016 സെപ്തംബർ അവസാനത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്. 19-9-2016-ലെ കണക്കനുസരിച്ച് 107153 ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ആകെ രജിസ്റ്റർ ചെയ്യപ്പെട്ടവ | - | 107153 |
| എസ്.സി.വിഭാഗത്തിലുള്ളവ | - | 32541 |
| എസ്.റ്റി. വിഭാഗത്തിലുള്ളവ | - | 17576 |

പദ്ധതി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്റ്റംബർ അവസാനത്തോടുകൂടി തയ്യാറാക്കാനും പ്രവർത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാനുമാണ് ലക്ഷ്യമിടുന്നത്.

## സമ്പൂർണ്ണ വൈദ്യുതീകരണം

145 (427) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പാവപ്പെട്ടവർക്കും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും വീടുകളിലേക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) അപേക്ഷ നൽകാൻ നിശ്ചയിച്ചിരുന്ന അവസാന തീയതിക്ക് ശേഷവും അപേക്ഷ നൽകാൻ ആൾക്കാർ ഉണ്ടായ സാഹചര്യത്തിൽ അവർക്കുകൂടി അപേക്ഷ നൽകാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇതിനോടകം എത്ര അപേക്ഷകളാണ് ഇത്തരത്തിൽ ലഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

## ഉത്തരം

(എ) ഉണ്ട്. 31-3-2017-ഓടുകൂടി സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും നടത്തിയിരുന്നു. ലളിതമായ ഒരു ഫോറം മുഖേനയും 9496018640 എന്ന നമ്പറിലേക്ക് മിസ്ഡ് കോൾ വഴിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിക്കുന്നതിനായുള്ള സംവിധാനവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെടുത്തിയിരുന്നു. ഇത്തരത്തിൽ ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് ഗുണഭോക്താക്കളുടെ കരട് പട്ടിക 9-9-2016-ന് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന പിഴവുകൾ ഒഴിവാക്കിയും

വിട്ടുപോയിട്ടുള്ള ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുമുള്ള അന്തിമ പട്ടിക 2016 സെപ്തംബറിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്തംബർ അവസാനത്തോടുകൂടി തയ്യാറാക്കാനും പ്രവർത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനുമാണ് ലക്ഷ്യമിടുന്നത്.

(ബി) തുടക്കത്തിൽ ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ നൽകുന്നതിനുള്ള അവസാന തീയതിയായി നിശ്ചയിച്ചിരുന്നത് 31-7-2016 ആണ്. എന്നാൽ ഈ സമയം പര്യാപ്തമല്ല എന്നു തോന്നിയതിനാൽ പ്രസ്തുത തീയതി 8-9-2016 വരെ ദീർഘിപ്പിച്ചിരുന്നു. ടി തീയതി വരെ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളുടെ കരടുപട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ അവർക്ക് അന്തിമ പട്ടിക തയ്യാറാക്കുന്നതുവരെ പേര് ചേർക്കാൻ അവസരം നൽകിയിട്ടുണ്ട്.

(സി) 19-9-2016-ലെ കണക്കനുസരിച്ച് 107153 ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ആകെ രജിസ്റ്റർ ചെയ്യപ്പെട്ടവ | - | 107153 |
| എസ്.സി.വിഭാഗത്തിലുള്ളവ | - | 32541 |
| എസ്.റ്റി. വിഭാഗത്തിലുള്ളവ | - | 17576 |

## തിരുവമ്പാടി മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം

146 (428) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി തിരുവമ്പാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാ മാണെന്ന് വിശദമാക്കാമോ ;

(ബി) പ്രവർത്തനങ്ങൾക്ക് എത്ര ചെലവ് വരുമെന്നും ഫണ്ട് എങ്ങനെയെല്ലാമാണ് കണ്ടെത്തുന്നതെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണ നടപടികളുടെ ഭാഗമായി തിരുവമ്പാടി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന വൈദ്യുതി ലഭിച്ചിട്ടില്ലാത്ത 814 വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) ഈ പ്രവൃത്തികൾക്ക് ഏകദേശം 1,10,00,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ ബി.പി.എൽ ഉപഭോക്താക്കൾക്ക് DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തിയും മറ്റുള്ളവർക്ക് LSGD/SC/ST വികസന വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നുമാണ് തുക കണ്ടെത്താൻ ഉദ്ദേശിക്കുന്നത്.

**ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സെക്ഷൻ ഓഫീസ് നിർമ്മാണം**

147 (429) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് അധികൃതർ ഒരു സെക്ഷൻ ഓഫീസ് നിർമ്മിക്കണമെന്ന നിവേദനം വൈദ്യുതി വകുപ്പിന് നൽകിയതിൽ എന്തെങ്കിലും പഠനമോ റിപ്പോർട്ടോ ലഭിച്ചിട്ടുണ്ടോ ;

(ബി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ എടുത്ത നടപടികൾ എന്തെല്ലാം;

(സി) ഇരിമ്പിളിയം പഞ്ചായത്തിൽ സെക്ഷൻ ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വളാഞ്ചേരി, എടയൂർ എന്നീ സെക്ഷനുകളുടെ കാര്യത്തിൽ വരാത്തതിനാൽ ഇവ വിഭജിച്ച് ഇരിമ്പിളിയത്ത് പുതിയ സെക്ഷൻ രൂപീകരിക്കുന്നത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

**വൈദ്യുതിയുടെ പ്രസരണ നഷ്ടം**

148 (430) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിയുടെ പ്രസരണ നഷ്ടം ഇല്ലാതാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പ്രസരണ നഷ്ടം ഇല്ലാതാക്കാൻ, പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ എന്തെങ്കിലും സമയബന്ധിത നടപടികൾ ആലോചിയ്ക്കുന്നുണ്ടോ ;

(സി) വൈദ്യുതി പ്രസരണ നഷ്ടം എത്ര ശതമാനമാണ് എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ഡി) വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനായി എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കാൻ എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖലയിലുള്ള നഷ്ടത്തിനെ 'ടെക്നിക്കൽ ലോസെന്നും കമേഴ്സ്യൽ ലോസെന്നും' രണ്ടായി തരംതിരിച്ചിരിക്കുന്നു. വൈദ്യുതിയുടെ പ്രസരണ വിതരണ ലൈനുകളിലൂടെയും ട്രാൻസ്ഫോർമറുകളിലൂടെയും വൈദ്യുതി പ്രസരിക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തെയാണ് ടെക്നിക്കൽ ലോസായി കണക്കാക്കുന്നത്. വൈദ്യുതി മോഷണം, കേടായ മീറ്ററുകൾ വഴി വീടുകളിൽ വൈദ്യുതി കൃത്യമായി രേഖപ്പെടുത്താത്തതും ബില്ലിംഗിൽ വരുന്ന തെറ്റുകൾ തുടങ്ങിയവയാണ് കമേഴ്സ്യൽ ലോസായി കണക്കാക്കുന്നത്.

ടെക്നിക്കൽ ലോസ് കുറയ്ക്കുന്നതിന് താഴെ പറയുന്ന വിവിധ പദ്ധതികളാണ് ബോർഡ് നടപ്പിലാക്കിവരുന്നത് :

1. കൂടുതൽ എച്ച്.ടി.ലൈനുകൾ സ്ഥാപിച്ച് എച്ച്.ടി./എൽ.ടി. അനുപാതം മെച്ചപ്പെടുത്തുക.
2. കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് എൽ.ടി. ലൈനുകളിലുള്ള ഊർജ്ജ നഷ്ടം കുറയ്ക്കുക.
3. എച്ച്.ടി ലൈനുകളിലും എൽ.ടി. ലൈനുകളിലും പഴയ കണ്ടക്ടർ മാറ്റി പുതിയ കണ്ടക്ടർ സ്ഥാപിക്കുക.
4. സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുക.
5. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.

വിതരണ ശൃഖലയിലുള്ള കമേഴ്സ്യൽ ലോസ് കുറയ്ക്കുന്നതിന് താഴെ പറയുന്ന വിവിധ പദ്ധതികളാണ് ബോർഡ് നടപ്പിലാക്കിവരുന്നത്.

1. കേടായ മീറ്ററുകളും ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക്ക് മീറ്ററുകൾ സ്ഥാപിക്കുക.

2. ബോർഡിന്റെ ആന്റിപവർ തെഫ്റ്റ് സ്ക്വാഡ് കൂടുതൽ കാര്യക്ഷമമാക്കുക.

3. ഉപഭോക്താക്കളുടെ ബിൽ നൽകുന്നതും റവന്യൂ കളക്ഷനും കമ്പ്യൂട്ടർവത്ക്കരിക്കുക.

4. എനർജി ഓഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

2016-17 വർഷത്തിലേയ്ക്ക് ഏകദേശം 367 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും 18 പുതിയ സബ്സ്റ്റേഷനുകളും 3050 കിലോമീറ്റർ 11 കെ.വി. ലൈനുകളും 3300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 3500 കിലോമീറ്റർ പുതിയ എൽ.ടി. ലൈനുകളും 14 ലക്ഷം കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കുന്നതിനും ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. ടി നടപടികൾ വഴി നടപ്പുസാമ്പത്തിക വർഷം വൈദ്യുതി പ്രസരണ വിതരണ നഷ്ടം 14.10 ശതമാനത്തിലേക്ക് കുറയ്ക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഗ്രാമപ്രദേശങ്ങളിൽ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY പ്രകാരം നിലവിലുള്ള സബ്സ്റ്റേഷനുകളിലെ പഴക്കം ചെന്ന ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തികൾ ഉൾപ്പെടുത്തുകയും അതിന്റെ പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. നിലവിലെ (2015-16 സാമ്പത്തിക വർഷത്തിലെ) പ്രസരണ വിതരണ നഷ്ടം 14.37 ശതമാനമാണ്.

(ഡി) വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനും എൽ.ഇ.ഡി. ബൾബുകളുടെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുമായി ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ എല്ലാ ഉപഭോക്താക്കൾക്കും 9 വാട്ടിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ 95 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. കൂടാതെ ഉപയോഗത്തിലുള്ള ഇൻകാൻഡസെന്റ് ബൾബുകളും സി.എഫ്.എൽ.-കളും മാറ്റി പകരം എൽ.ഇ.ഡി ബൾബുകൾ നൽകുന്നതിനുള്ള പുതിയ പദ്ധതിയുടെ പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. വല്ലച്ചിറ ഗ്രാമ പഞ്ചായത്തിൽ 407 എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിച്ചു. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ 8051 എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി പുരോഗമിക്കുന്നു.

## പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

149 (431) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വിശദീകരിക്കുമോ ;

(ബി) 2016-17 വർഷത്തിൽ ഈ ഇനത്തിൽ എത്രയളവ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്; പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ ;

(സി) യുവ സംരംഭകരുടെ പങ്കാളിത്തം ഈ മേഖലയിൽ ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും അത്തരത്തിലുള്ള ഏതെല്ലാം പദ്ധതികൾ അംഗീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെയും ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് അനെർട്ട് മുഖേന പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, ജൈവോർജ്ജം എന്നിവ പ്രയോജനപ്പെടുത്തി നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) 2016-17 വർഷത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന നിർമ്മാണം നടന്നുവരുന്ന പദ്ധതികളുടെയും അനെർട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം II ൽ ചേർക്കുന്നു.*

(സി) യുവ സംരംഭകർക്ക് മാത്രമായുള്ള പദ്ധതികൾ ഇല്ല എങ്കിലും പാരമ്പര്യേതര ഊർജ്ജ മേഖലയിലെ പരിശീലന പരിപാടികളിൽ യുവസംരംഭകർക്കും പങ്കാളികളാകത്തക്ക വിധത്തിൽ പ്ലാൻ പദ്ധതി അനർട്ടിൽ നിലവിലുണ്ട്. ഊർജ്ജ മേഖലയിൽ നവീന ആശയങ്ങളുള്ള തെരഞ്ഞെടുക്കപ്പെടുന്ന യുവസംരംഭകർക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള സാമ്പത്തിക സഹായം കേരള സ്റ്റാർട്ട് അപ് മിഷൻ വഴി നൽകാനുള്ള കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ സംരക്ഷണം

150 (432) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഈ ലക്ഷ്യം നിറവേറ്റുന്നതിനായി മുൻസർക്കാർ സ്വീകരിച്ച നടപടികളിൻമേൽ തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

### ഉത്തരം

(എ&ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ആവിഷ്കരിച്ച പദ്ധതികളിൽ നിർമ്മാണം പൂർത്തിയായതും നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതും ദർഘാസ് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെയും 2015-16 വർഷത്തെ പദ്ധതികളുടെ തുടർച്ചയായി 2016-17 സാമ്പത്തിക വർഷം അനർട്ട് മുഖേന പരമ്പരാഗത ഊർജ്ജ സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, ജൈവോർജ്ജം എന്നിവ പ്രയോജനപ്പെടുത്തി നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സെക്യൂരിറ്റി ഡെപ്പോസിറ്റ്

151 (433) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽനിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് പിരിച്ചെടുക്കുന്നതിന്റെ മാനദണ്ഡമെന്താണെന്നും, ഏത് ചട്ട /വ്യവസ്ഥ പ്രകാരമാണ് തുക പിരിച്ചെടുക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ് സെക്യൂരിറ്റി തുക വർദ്ധിപ്പിക്കുന്നതെങ്കിൽ, ഉപഭോഗം തുടർച്ചയായി കുറഞ്ഞാൽ ആനുപാതികമായി ഡെപ്പോസിറ്റ് റീഫണ്ട് നൽകാറുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) സെക്യൂരിറ്റി ഡെപ്പോസിറ്റിന് പലിശ നൽകാറുണ്ടോ ; എങ്കിൽ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 31-3-2016-ൽ മൊത്തം എത്ര തുക വൈദ്യുതി ബോർഡിന്റെ കൈവശമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയ സാഹചര്യത്തിൽ ഓരോ ഉപഭോക്താവിന്റെയും അക്കൗണ്ടിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക എത്രയാണെന്ന് ഓരോ ബില്ലിലും രേഖപ്പെടുത്തി ഉപഭോക്താവിന് നൽകാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) സപ്ലൈ കോഡ് 2014-ലെ 67(6) വ്യവസ്ഥയനുസരിച്ച് ഉപഭോക്താവ് താഴെപ്പറയുംവിധം കേരള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്.

1. ദ്വൈമാസ ബില്ലിംഗ് ഉപഭോക്താക്കൾ ശരാശരി മാസബില്ലിംഗ് തുകയുടെ മൂന്നിരട്ടി തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്.

2. മാസബില്ലിംഗ് ഉപഭോക്താക്കൾ ശരാശരി മാസബില്ലിംഗ് തുകയുടെ രണ്ടിരട്ടി തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്. എന്നാൽ ബി.പി.എൽ. കാറ്റഗറിയിൽപ്പെട്ടതും പ്രതിമാസ ഉപഭോഗം 30 യൂണിറ്റിൽ കൂടാത്തതുമായ ഗാർഹിക ഉപഭോക്താക്കളെ പ്രസ്തുത സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുന്നതിൽനിന്നും സപ്ലൈ കോഡ് 2014-ലെ 67(7) വ്യവസ്ഥയനുസരിച്ച് ഒഴിവാക്കിയിട്ടുണ്ട്.

(ബി) നൽകാറുണ്ട്. സപ്ലൈ കോഡ് 2014-ലെ 73-ാം വ്യവസ്ഥയനുസരിച്ചാണ് ഇപ്രകാരം ചെയ്യുന്നത്.

(സി) ഉണ്ട്. സപ്ലൈ കോഡ് 2014-ലെ 72-ാം വ്യവസ്ഥയനുസരിച്ച് നിലവിലുള്ള ബാങ്ക് നിരക്കിലാണ് പലിശ നൽകുന്നത്.

(ഡി) സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 31-3-2016 വരെ 2287.31 കോടി രൂപ.

(ഇ) ഉപഭോക്താക്കൾ ഒടുക്കിയിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക രേഖപ്പെടുത്തിയ ബില്ലുകളാണ് നിലവിൽ നൽകി വരുന്നത്.

**പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി**

152 (434) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; പണികൾ പൂർത്തിയാക്കി പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്ത്; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുന്നത് ; ഇവിടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എവിടെയാണ് വിതരണം ചെയ്യുകയെന്നും പദ്ധതിയുടെ ആകെ നിർമ്മാണ ചെലവ് എത്ര രൂപയാണെന്നും വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുടെ വിതരണ ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ ഏകദേശം 83% പൂർത്തിയായി കഴിഞ്ഞു. 2016 ഡിസംബർ മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(സി) 6 മെഗാവാട്ട് (25.7 ദശലക്ഷം യൂണിറ്റ് വാർഷിക ഉത്പാദന ശേഷി) വൈദ്യുതിയാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. ഇവിടെനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി റാന്നി 110 കെ.വി. സബ് സ്റ്റേഷന്റെയും റാന്നി-പെരുനാട് 33 കെ.വി. സബ് സ്റ്റേഷന്റെയും പരിധിയിൽ വരുന്ന വെച്ചൂച്ചിറ, നാരാണം മൂഴി, റാന്നി-പെരുനാട്, റാന്നി-പഴവങ്ങാടി, റാന്നി-അങ്ങാടി പഞ്ചായത്തുകളിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ആകെ നിർമ്മാണച്ചെലവ് 67.90 കോടി രൂപയാണ്.

(ഡി) വൈദ്യുതി പ്രസരണ-വിതരണം ചെയ്യുന്നതിനായി ലൈനുകളും കേബിളുകളും സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

**തൃപ്പൂണിത്തുറ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

153 (435) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണ്ണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി ഇലക്ട്രിക്കൽ സെക്ഷന് കീഴിലുള്ള ശ്രീകൃഷ്ണ ടെംബിൽ റോഡ്, ഭഗത് സിംഗ് റോഡ്, ഇന്ദിരാ ഗാന്ധി റോഡ് തുടങ്ങി വിവിധ സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷമം രൂക്ഷമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേക്കായി ടി സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വോൾട്ടേജ് നില മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇന്ദിരാഗാന്ധി റോഡ്, ശ്രീകൃഷ്ണ ടെമ്പിൾ റോഡ് എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം കിട്ടുകയാണെങ്കിൽ ഭഗത് സിംഗ് റോഡിലും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഇടക്കൊച്ചിയിൽ അനുവദിച്ച കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ സെക്ഷൻ ഓഫീസ്

154 (436) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എറണാകുളം ജില്ലയിലെ പെരുമ്പടപ്പ്, ഇടക്കൊച്ചി മേഖലയിലെ ഉപഭോക്താക്കളുടെ ആധിക്യവും സൗകര്യവും കണക്കിലെടുത്ത് ഇടക്കൊച്ചിയിൽ അനുവദിച്ച കെ.സ്.സി.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസ് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഇടക്കൊച്ചിയിൽ പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കാനുള്ള തീരുമാനം 24-2-2016-ലെ ബോർഡ് ഉത്തരവ് പ്രകാരം ആയിട്ടുണ്ട്. ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറയ്ക്ക് ഓഫീസ് പ്രവർത്തനം തുടങ്ങാനാണ് തീരുമാനം.

## നെല്ലിക്കുഴിയിൽ പുതുതായി ഉത്തരവായ കെ.എസ്.ഇ.ബി.എൽ-ന്റെ സെക്ഷൻ ഓഫീസ്

155 (437) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴിയിൽ പുതുതായി ഉത്തരവായ കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസ് ഇതുവരേയും പ്രവർത്തനമാരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സെക്ഷൻ പ്രവർത്തനമാരംഭിക്കുന്നതിന് എ.ഇ. യെ നിയമിക്കുകയും പഞ്ചായത്ത് കെട്ടിടവും വാടകയ്ക്ക് ജീപ്പും ലഭ്യമാവുകയും സബ് എഞ്ചിനീയർ, ഓവർസിയർ എന്നിവരെ ഡിപ്ലോയ്മെന്റിലൂടെ നിയമിക്കാൻ ഉത്തരവാകുകയും ചെയ്തെങ്കിലും എന്തുകൊണ്ടാണ് സെക്ഷൻ പ്രവർത്തനമാരംഭിക്കാത്തതെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയ കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കമ്പ്യൂട്ടർ സിസ്റ്റം വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ കെൽട്രോണിന് നൽകിയിട്ടുണ്ട്. ഇത് ലഭിക്കുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ഭാഗികമായി എങ്കിലും ആരംഭിക്കാൻ സാധിക്കും.

**കുറ്റിക്കാട്ടൂർ ആസ്ഥാനമായി ഒരു പുതിയ സെക്ഷൻ ഓഫീസ്**

156 (438) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ കോവൂർ, മാവൂർ എന്നീ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കുറ്റിക്കാട്ടൂർ ആസ്ഥാനമായി ഒരു പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. സെക്ഷൻ വിഭജനത്തിനുള്ള മേൽ മാനദണ്ഡങ്ങൾ കോവൂർ, മാവൂർ എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ഇവ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുകയെന്നത് പരിഗണനയിലില്ല.

**സൗരോർജ്ജ വൈദ്യുതി ഉത്പാദനം**

157 (439) <u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ബാറ്ററികൾക്ക് ആവശ്യമായി വരുന്ന ഭീമമായ തുക കാരണം സാധാരണക്കാർ ഈ പദ്ധതിയിൽനിന്നും വിട്ടുനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി ബാറ്ററിയിൽ സംഭരിക്കാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ ശൃംഖലയിലേക്ക് നേരിട്ട് നൽകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യാൻ സാധിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉത്പാദനം സാധ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെയും സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് 2015-16 വർഷത്തെ പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്.

(സി) കെ.എസ്.ഇ.ബി.എൽ.-ന്റെ ഉപഭോക്താക്കൾ സ്വന്തം കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകൾ ബാറ്ററിയിൽ സംഭരിക്കാതെ നേരിട്ട് വിതരണ ശൃംഖലയിലേക്ക് കണക്ട് ചെയ്യുന്നുണ്ട്. ഇതുവരെ 2.868 മെഗാവാട്ട് ശേഷിയുള്ള 145 സൗരോർജ്ജ പ്ലാന്റുകൾ ഗ്രിഡിലേയ്ക്ക് ബന്ധിപ്പിച്ചിട്ടുണ്ട്. 2015-16 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോ വാട്ട് വരെ ശേഷിയുള്ള ശൃംഖലാ ബന്ധിത സൗരവൈദ്യുത പവർ പ്ലാന്റുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടെ സ്ഥാപിച്ചുനൽകി 15 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ അനെർട്ട് ലക്ഷ്യമിടുന്നു. കൂടാതെ 2016-17 വർഷം 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാ ബന്ധിത സൗരവൈദ്യുത പവർപ്ലാന്റുകൾ സബ്സിഡിയോടെ സ്ഥാപിച്ചുനൽകി 19 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇത്തരം പ്ലാന്റുകളിൽ ബാറ്ററിയുടെ ആവശ്യമില്ല. മുൻ വർഷം തുടങ്ങി തുടർന്നുവരുന്ന സോളാർ കണക്ട് എന്ന ബാറ്ററിയില്ലാതെ ഗ്രിഡിലേയ്ക്ക് വൈദ്യുതി കൊടുക്കുന്ന പദ്ധതിയിൽ നിലവിൽ 15 മെഗാവാട്ടോളം സൗരനിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചതിൽ 6 മെഗാവാട്ടോളം സൗരനിലയങ്ങൾ സ്ഥാപിക്കാനുള്ള പ്രതിഷ്ഠാപന റിപ്പോർട്ട് അനെർട്ടിൽ ലഭിക്കുകയും അതിൽ 4.7 മെഗാവാട്ട് സൗരനിലയങ്ങൾ സ്ഥാപിക്കാനുള്ള അനുമതി അനെർട്ട് നൽകുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായുള്ള ബോട്ടിംഗ്

158 (440) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പൊരിങ്ങൽകുത്തിൽ 'ഹൈഡൽടൂറിസ 'ത്തിന്റെ ഭാഗമായുണ്ടായിരുന്ന ബോട്ടിംഗ് മാസങ്ങളായി നിർത്തിവച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയിരക്കണക്കിന് ടൂറിസ്റ്റുകൾക്ക് പ്രയോജനകരമായിരുന്ന ബോട്ടിംഗ് പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനം വകുപ്പിന്റെ നിർദ്ദേശാനുസരണമാണ് ബോട്ടിംഗ് നിർത്തിവയ്ക്കേണ്ടി വന്നത്. ബോട്ടിംഗ് പുനരാരംഭിക്കണമെന്ന് വനം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വനം വകുപ്പിൽനിന്നും ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് പെരിങ്ങൽകുത്ത് ബോട്ടിംഗ് പുനരാരംഭിക്കുന്നതാണ്.

## വൈദ്യുതീകരിക്കാത്ത വീടുകളുടെ സ്ഥിതി വിവരം

159 (441) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ ദൗർലഭ്യം മനസ്സിലാക്കുക എന്ന ലക്ഷ്യം മുൻനിർത്തി അനെർട്ട് ആരംഭിച്ച, സംസ്ഥാനത്ത് വൈദ്യുതീകരിക്കാത്ത വീടുകൾ കണ്ടെത്തുന്നതിനുള്ള സർവ്വേ വിജയകരമായി പൂർത്തീകരിച്ചിരുന്നുവോ ; സർവ്വേ ഫലം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സർവ്വേ ഫലം കണക്കിലെടുത്ത് ഊർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയ ജില്ലകൾ ഏതെല്ലാമാണ്;

(ഡി) പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കുന്നതിന് നടപ്പാക്കിവരുന്ന കർമ്മ പരിപാടികളിൽ സർക്കാരുകളുടെ വിഹിതം എത്രവീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 439 പഞ്ചായത്തുകളിലായി 2009-2010-ൽ നടത്തിയ സർവ്വേ പ്രകാരം 1,49,476 വൈദ്യുതീകരിക്കാത്ത വീടുകൾ കണ്ടെത്തുകയുണ്ടായി. വൈദ്യുതീകരിക്കാത്ത വീടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സർവ്വേ ഫലം അതാത് പഞ്ചായത്തുകൾക്ക് കൈമാറുകയും പഞ്ചായത്തുകൾ മേൽ നടപടികൾ സ്വീകരിക്കണമെന്ന് സർവ്വേ ഫലത്തിൽ സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2007- 2011 കാലയളവിൽ ആലപ്പുഴ, എറണാകുളം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ എല്ലാ മണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയിരുന്നു.

(ഡി) 2017 മാർച്ചോടുകൂടി സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്റ്റംബർ അവസാനത്തോടുകൂടി തയ്യാറാക്കാനാണ് ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നുമാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുക കണ്ടെത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്.

## ഇടക്കൊച്ചി മേഖലയിലെ 11 കെ. വി. ഓവർഹെഡ് ലൈനുകൾ

160 (442) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി മേഖലയിലെ 11 കെ.വി. ഓവർഹെഡ് ലൈനുകൾ ഭൂഗർഭ കേബിളുകൾ ആക്കുന്ന പ്രവൃത്തികൾക്ക് എവിടെയെല്ലാമാണ് അനുമതി നല്കിയിരുന്നത് ; വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം പ്രദേശത്തെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ;

(സി) ഏതെല്ലാം പ്രദേശത്തെ പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത് ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) എ.പി.ഡി.ആർ.പി. പദ്ധതിയിൽ പഷ്ണിത്തോട് പാലം മുതൽ ഇടക്കൊച്ചി ബസ്സ്റ്റാന്റ് വരെയും VAP റോഡിലും ഭൂഗർഭ കേബിൾ ഇടുന്ന പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) പഷ്ണിത്തോട് പാലം മുതൽ ഇടക്കൊച്ചി ബസ്റ്റാന്റ് വരെയും VAP റോഡിലും എ.പി.ഡി.ആർ.പി. പദ്ധതിയിൽ ഭൂഗർഭ കേബിൾ ഇടുന്ന പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഇന്ദിരാ ഗാന്ധി റോഡ്, ശ്രീകൃഷ്ണാ ടെമ്പിൾ റോഡ് എന്നിവിടങ്ങളിലെ പ്രവർത്തികളാണ് പൂർത്തീകരിക്കുവാനുള്ളത്.

(ഡി) പദ്ധതി പൂർത്തീകരിക്കാനുള്ള സമയം മാർച്ച് 2017 വരെ അനുവദിച്ചിട്ടുണ്ട്. ഈ സമയത്തിനുള്ളിൽ പൂർത്തീകരിക്കത്തക്ക രീതിയിൽ പണി ക്രമീകരിച്ചിട്ടുണ്ട്.

**സ്ത്രീകളുടെ ഭരണഘടനാപരമായ അവകാശം**

161 (443) <u>ശ്രീ. പി. ഉണ്ണി</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> :
<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാഭാവിക ജൈവപ്രക്രിയയുടെ പേരിൽ വിശ്വാസികളായ സ്ത്രീകളിൽ ഒരു വിഭാഗത്തെ ശബരിമലയിൽ പ്രവേശിക്കുന്നതിൽനിന്ന് തടയുന്നതിനോടുള്ള നിലപാട് വ്യക്തമാക്കാമോ ;

(ബി) സ്ത്രീകളുടെ ഭരണഘടനാപരമായ അവകാശം സംരക്ഷിക്കുന്നതിനായി മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും മറ്റും ഇടപെടാൻ പാടില്ലെന്ന ദേവസ്വം ബോർഡ് പ്രസിഡൻറിൻെറ നിലപാട് ഭരണഘടനാനുസൃതമാണോ ;

(സി) അശുദ്ധിയുടെ (അയിത്തം) പേരിൽ വിശ്വാസികളെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കാതിരുന്നതിൻെറ മറ്റൊരു രൂപമായി കരുതപ്പെടുന്ന 'സ്ത്രീകളോടുള്ള അയിത്തം' ഇല്ലാതാക്കുന്നതിനെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സ്ത്രീകൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള വിവേചനത്തോട് സർക്കാർ അനുകൂലിക്കുന്നില്ല.

(ബി) പരിശോധിക്കുന്നതാണ്.

(സി) സ്ത്രീകൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള വിവേചനത്തോട് സർക്കാർ അനുകൂലിക്കുന്നില്ല.

**ശബരിമല**

162 (444) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുണ്യതീർത്ഥാടനത്തിനായി പ്രായഭേദമന്യേ സ്ത്രീകൾക്ക് ശബരിമലയിൽ ദർശനാനുമതി നൽകുന്നതിനെക്കുറിച്ച് സർക്കാരിന്റെ നിലപാട് വിശദമാക്കുമോ ?

<u>ഉത്തരം</u>

ഈ വിഷയത്തിൽ 2007-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിന് അനുസൃതമായ നിലപാടാണ് ഈ സർക്കാരിനുമുള്ളത്.

**ശബരിമല മാസ്റ്റർ പ്ലാൻ-കുന്നാർ ഡാം**

163 (445) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി എന്തൊക്കെ പ്രവൃത്തികളാണ് വിഭാവന ചെയ്തിട്ടുള്ളത് ; അതിൽ എത്രയെണ്ണം നടപ്പാക്കി ;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളും അവയുടെ തുകയും വ്യക്തമാക്കുമോ ;

(സി) ഇനി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാനുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ് ; ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ശബരിമലയുടെയും ശബരിമലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെയും സമഗ്രവികസനം ലക്ഷ്യമാക്കിയാണ് ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. 2050 വരെയുള്ള ആസൂത്രിത വികസന പദ്ധതികളാണ് ശബരിമല മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്നത്. മാസ്റ്റർ പ്ലാനിൽ ഉദ്ദേശിക്കുന്ന പ്രകാരം മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രൂപവൽക്കരിച്ച ഹൈപവർ കമ്മിറ്റിയും ഹൈപവർ കമ്മിറ്റിക്ക് സാങ്കേതിക ഉപദേശങ്ങൾ നൽകുവാൻ വേണ്ടി രൂപവൽക്കരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയും ബന്ധപ്പെട്ട കൺസൽട്ടന്റുമാരും കാലാകാലങ്ങളിൽ യോഗം ചേർന്നാണ് ഘട്ടംഘട്ടമായി മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരുന്നത്. നടപ്പിലാക്കിയ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളും അവയുടെ തുകയും അടങ്ങുന്ന ലിസ്റ്റ് അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.*

(സി) പ്രധാനമായും നടപ്പിലാക്കേണ്ട പദ്ധതികൾ പമ്പയിലെ മാലിന്യ സംസ്കരണ പ്ലാന്റ്, പമ്പയിൽനിന്നും ശബരിമലയിലേയ്ക്ക് പൂജാ സാധനങ്ങളും മറ്റ് നിർമ്മാണ സാധനങ്ങളും കൊണ്ടുപോകുന്നതിനുള്ള മെറ്റീരിയൽ റോപ്പ് വേ എന്നിവയാണ്. മറ്റ് പദ്ധതികൾ കാലാകാലങ്ങളിൽ കൂടുന്ന ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതി മുൻഗണനാക്രമം നിശ്ചയിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ചായിരിക്കും നടപ്പിലാക്കുക.

(ഡി) കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരമായെങ്കിലും അനുമതി രേഖാമൂലം ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## ശബരിമല മാസ്റ്റർ പ്ലാൻ

164 (446) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരുന്ന ശബരിമല സീസണിന് മുന്നോടിയായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കോടി രൂപയാണ് ശബരിമല വികസനത്തിനായി അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) ശബരിമല മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വരുന്ന ശബരിമല സീസണിന് മുന്നോടിയായി താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങളാണ് പ്രധാനമായും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് :

1. സന്നിധാനത്ത് ഒരേ സമയം 5000 പേർക്ക് അന്നദാനം നടത്തുന്നതിനുള്ള അന്നദാന മണ്ഡപം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. പമ്പയിൽ ഒരേ സമയം 3000 പേർക്ക് അന്നദാനം നടത്തുന്നതിനുള്ള അന്നദാന മണ്ഡപം.

3. പമ്പയിൽ ഒരേ സമയം 1000 പേർക്ക് കഴിക്കുന്നതിനുള്ള റെസ്റ്റോറന്റ് ബ്ലോക്ക്.

4. പമ്പയിൽ മാലിന്യ ശേഖരണത്തിനുള്ള 6 ലക്ഷം ലിറ്റർ ശേഷിയുള്ള ഹോൾഡിംഗ് ടാങ്ക്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശബരിമല വികസനത്തിനായി അടുത്ത അഞ്ച് വർഷത്തേക്ക് 150 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ശബരിമല മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഓരോ നിർമ്മാണ പ്രവർത്തികളുടെയും മുൻഗണനാക്രമം നിശ്ചയിച്ച് ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതിക ഉപദേശ പ്രകാരം ഉന്നതാധികാര സമിതി ചേർന്ന് മാസ്റ്റർ പ്ലാൻ ഡോക്യുമെന്റിന് വിധേയമായിട്ടുള്ള വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## ശബരിമല മാസ്റ്റർ പ്ലാൻ

165 (447) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം സന്നിധാനത്ത് നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) മാസ്റ്റർ പ്ലാൻ പ്രകാരം നാളിതുവരെ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ ?

### ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം സന്നിധാനത്ത് നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പ്രവർത്തികൾ വരുന്ന ശബരിമല സീസണുമുമ്പ് പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) മാസ്റ്റർ പ്ലാൻ പ്രകാരം നാളിതുവരെ പൂർത്തീകരിച്ച പ്രവർത്തികളുടെ വിവരങ്ങൾ അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ശബരിമല തീർത്ഥാടന ഒരുക്കങ്ങൾ**

166 (448) ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല ദേവസ്വം ബോർഡ് പ്രസിഡന്റ് ശബരിമല സന്നിധിയെ സമരവേദിയാക്കിയെന്ന ആക്ഷേപം പരിശോധിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ബി) ശബരിമല തീർത്ഥാടന ഒരുക്കവുമായി ബന്ധപ്പെട്ട് നടന്ന അവലോകന യോഗത്തിൽ മുഖ്യമന്ത്രി മുന്നോട്ട് വച്ച നിർദ്ദേശങ്ങളും അതിനോട് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ പ്രതികരണവും അറിയിക്കാമോ ;

(സി) പ്രസിഡന്റിന്റെ നിലപാട് തീർത്ഥാടന ഒരുക്കങ്ങൾക്കായി സർക്കാർ സഹകരണത്തോടെ നടപ്പാക്കേണ്ട പ്രവൃത്തികളെ ബാധിക്കാതിരിക്കാനുള്ള നടപടി ഉണ്ടാകുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി&സി) മുഖ്യമന്ത്രി മുന്നോട്ടുവച്ച നിർദ്ദേശങ്ങളിൽ 95% നിർദ്ദേശങ്ങളോടും യോജിക്കുന്നതായും ചില കാര്യങ്ങളിൽ വിയോജിക്കുന്നതായും പ്രസിഡന്റ് അറിയിച്ചിരുന്നു. പ്രസിഡന്റിന്റെ നിലപാട് തീർത്ഥാടന ഒരുക്കങ്ങളെ ഒരു തരത്തിലും പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല.

**മണലൂർ പഞ്ചായത്തിലെ ക്ഷേത്രക്കുളം സംരക്ഷിക്കുവാൻ നടപടി**

167 (449) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുള്ള ധനസഹായ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) തൃശ്ശൂർ ജില്ലയിലെ മണലൂർ പഞ്ചായത്തിലെ ക്ഷേത്രക്കുളം സംരക്ഷിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(സി) അപേക്ഷയിന്മേൽ ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച നിബന്ധനകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്.

(സി) പരിശോധിക്കുന്നതാണ്.

**ക്ഷേത്രംവക ഭൂമി കയ്യേറൽ**

168 (450) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്രം വക ഭൂമി സ്വകാര്യവ്യക്തികൾ കൈയേറുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഭൂമി അളന്ന് കണക്കാക്കി തിരികെ ക്ഷേത്രങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

**കണ്ണൂർ മാടായിക്കാവ് ക്ഷേത്രകലാ അക്കാദമി**

169 (451) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഭരണ സമിതി പുനഃസംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ബി) ഇത്തവണത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 50 ലക്ഷം രൂപയുടെ പ്രത്യേക ധനസഹായം ലഭ്യമാക്കുന്നതിനും അക്കാദമിയിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ക്ഷേത്രകലാ അക്കാദമിയിൽ വാദ്യം, പൂരക്കളി, തിടമ്പ് നൃത്തം എന്നീ കോഴ്സുകൾ അനുവദിക്കുന്നതിന് അനുമതിക്കായി അക്കാദമി സെക്രട്ടറി മലബാർ ദേവസ്വം ബോർഡിന് അപേക്ഷ സമർപ്പിച്ചതിൽ പ്രാരംഭമായി ചെണ്ട വാദ്യത്തിന് പാർട്ട്ടൈം കോഴ്സ് അനുവദിക്കുന്നതിന് അനുമതി നൽകിയും പ്രസ്തുത കോഴ്സിനുള്ള വിദ്യാർത്ഥികളെയും അദ്ധ്യാപകനേയും തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ ബോർഡ് രൂപീകരിച്ചും മലബാർ ദേവസ്വം ബോർഡ് ഉത്തരവ് നൽകിയിട്ടുണ്ട്.

**പമ്പയിലും സന്നിധാനത്തിലുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ**

170 (452) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പയിലും സന്നിധാനത്തിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ തൊഴിൽ സമരങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വരുന്ന മണ്ഡല-മകരവിളക്ക് മഹോത്സവങ്ങളുടെ മുന്നൊരുക്കങ്ങളെ ഈ തൊഴിൽ സമരങ്ങൾ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ഡി) സമരങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) ഉണ്ട്. ജില്ലാ കളക്ടർ ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് പ്രശ്നം പരിഹരിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആറ്റുകാൽ മാസ്റ്റർപ്ലാൻ

171 (453) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ബഡ്ജറ്റിൽ ആറ്റുകാൽ മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുള്ള 100 കോടി രൂപ എന്തെല്ലാം വികസന പദ്ധതികൾക്കായാണ് വിനിയോഗിക്കുന്നതെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## ശബരിമലയിൽ സ്ത്രീകളുടെ പ്രവേശനം

172 (454) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ 10-നും 50-നും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകളുടെ പ്രവേശനം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച കേസിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ വിഷയത്തിൽ ബന്ധപ്പെട്ട ആരെങ്കിലുമായും ചർച്ചകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) ഈ വിഷയത്തിൽ 2007-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലത്തിന് അനുസൃതമായ നിലപാടാണ് ഈ സർക്കാരിനുമുള്ളത്.

(ബി) ഈ സർക്കാർ സമർപ്പിച്ചിട്ടില്ല.

(സി) ഇല്ല.

## ഉടമസ്ഥാവകാശ തർക്കത്തിൽപ്പെട്ട ക്ഷേത്രങ്ങൾ

173 (455) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജരേഖകൾ ഉണ്ടാക്കി ക്ഷേത്രങ്ങൾ ഏറ്റെടുത്ത് നടത്തുന്ന വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും കൈകളിൽ നിന്ന് ക്ഷേത്രങ്ങളെ മോചിപ്പിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉടമസ്ഥാവകാശ തർക്കത്തിൽ ഉൾപ്പെട്ടിരിക്കുന്ന ക്ഷേത്രങ്ങളും ചുറ്റുമുള്ള പുറമ്പോക്ക് ഭൂമിയും മലബാർ ദേവസ്വത്തിന്റെ കീഴിലാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിയുന്നതാണ്.

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ബോർഡിന് ഉടമസ്ഥാവകാശമല്ല മറിച്ച് മേൽനോട്ടാധികാരം മാത്രമാണുള്ളത്. ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള തർക്കത്തിൽ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് നിയമം സെക്ഷൻ 57 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഉടമസ്ഥാവകാശ തർക്കം പരിഹരിക്കുന്നതിൽ സിവിൽ കോടതി മുഖാന്തരമുള്ള നിയമ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. പുറമ്പോക്ക് ഭൂമി സംരക്ഷണത്തിൽ കെ.എൽ.സി. ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം

174 (456) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം വകുപ്പിന്റെ കീഴിലുള്ള കാവുകളുടെയും കുളങ്ങളുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇത്തരം കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡ് :

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കാവുകളുടെയും കുളങ്ങളുടെയും എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | കാവുകളുടെ എണ്ണം | കുളങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | കാസർഗോഡ് | 8 | 43 |
| 2 | വയനാട് | 4 | 3 |
| 3 | കണ്ണൂർ | 33 | 150 |
| 4 | കോഴിക്കോട് | 5 | 110 |
| 5 | പാലക്കാട് | - | 176 |
| 6 | മലപ്പുറം | 13 | 311 |
| 7 | എറണാകുളം | - | 1 |

കൂടൽമാണിക്യം ദേവസ്വം

കൂടൽമാണിക്യം ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കാവുകളുടെയും കുളങ്ങളുടെയും എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | കാവുകളുടെ എണ്ണം | കുളങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | തൃശ്ശൂർ | 3 | 15 |
| 2 | പാലക്കാട് | - | 1 |
| 3 | മലപ്പുറം | - | 1 |
| 4 | എറണാകുളം | - | - |

ഗുരുവായൂർ ദേവസ്വം

| ക്രമ നമ്പർ | ജില്ല | കാവുകളുടെ എണ്ണം | കുളങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | തൃശ്ശൂർ | 1 | 11 |
| 2 | പാലക്കാട് | - | 1 |
| 3 | മലപ്പുറം | - | 1 |

കൊച്ചിൻ, തിരുവിതാംകൂർ ദേവസ്വങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) നടപടി സ്വീകരിച്ചുവരുന്നു. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കുളം, കാവ്, ആൽത്തറ എന്നിവയുടെ നവീകരണത്തിനായി, സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു. ബോർഡുകളുടെ നിയന്ത്രണത്തിലല്ലാത്ത സ്വകാര്യ ക്ഷേത്രങ്ങളുടെ കാര്യത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം തുക വിതരണം ചെയ്യുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

## ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ വയർലെസ് സെറ്റ്

175 (457) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ലൈസൻസ് ഇല്ലാത്ത വയർലെസ് സെറ്റുകൾ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ബി) പോലീസിന്റെ ഉപയോഗത്തിനല്ലാതെ വയർലസ് സെറ്റ് ഉപയോഗിക്കാൻ മറ്റാർക്കെങ്കിലും ലൈസൻസ് നല്കിയിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എന്ന് വെളിപ്പെടുത്താമോ ;

(സി) വയർലസ് സെറ്റ് വാങ്ങാൻ അനുമതി നല്കിയത് ആരാണ്; എന്തു തുക ചെലവായി;

(ഡി) അനുമതിയില്ലാതെയും ലൈസൻസ് ഇല്ലാതെയും വയർലസ് സെറ്റ് വാങ്ങാൻ ഉത്തരവ് നല്കിയ ഉദ്യോഗസ്ഥനിൽനിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വയർലെസ് സെറ്റുകൾ ഉപയോഗിക്കുന്നില്ല എന്ന് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ട്. ലൈസൻസ് ലഭിക്കാൻ കാലതാമസം വരുമെന്നതിനാൽ ഡെമോക്കുവേണ്ടി കൊണ്ടുവന്ന സെറ്റുകൾ ഡെമോ കഴിഞ്ഞ് അലമാരയിൽ സൂക്ഷിച്ചുവച്ചിരിക്കുകയായിരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ക്ഷേത്രത്തിലെ സെക്ഷൻ മേലധികാരികളുമായി ബന്ധപ്പെടാൻ ഉപയോഗിച്ചിരുന്ന ഇന്റർകോം സംവിധാനം സ്ഥിരമായി കേടാകുന്നതിനാലാണ് എക്സിക്യൂട്ടീവ് ഓഫീസർ വയർലെസ് സെറ്റ് വാങ്ങാൻ നിശ്ചയിച്ചത്. ഇതിനായി പർച്ചേസ് ഓർഡർ നൽകിയിട്ടേയുള്ളൂ. ചെലവ് സ്പോൺസർ ചെയ്യാൻ തയ്യാറായിട്ടുള്ളതിനാൽ ക്ഷേത്രത്തിൽനിന്നും ചെലവ് ഉണ്ടാകുകയില്ല.

(ഡി) തുക ചെലവാകാത്തതിനാൽ അവ ഈടാക്കേണ്ട ആവശ്യം വരുന്നില്ല.

**കോഴിക്കോട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ**

176 (458) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2011 മേയ് മുതൽ 2016 മേയ് വരെ കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പ് എത്ര സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തുവെന്ന് പേര്, മേൽവിലാസം എന്നിവ സഹിതം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

2011 മേയ് മുതൽ 2016 മേയ് വരെ കോഴിക്കോട് ജില്ലയിൽ ആകെ 262 സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പേരും മേൽവിലാസവും ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഓൺലൈൻ മദ്യവില്പന**

177 (459) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിന്റെ മദ്യവില്പന ശാലകളിലൂടെ ഓൺ ലൈൻ മദ്യവില്പനയ്ക്കുള്ള സംവിധാനം ഒരുക്കുമെന്ന കൺസ്യൂമർ ഫെഡ് ചെയർമാന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരം ഒരു പ്രസ്താവന നടത്തിയത്; വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഗവൺമെന്റിന്റെ അറിവോ അംഗീകാരമോ ഈ പ്രസ്താവന നടത്തുന്നതിനു മുമ്പ് ചെയർമാൻ വാങ്ങിയിരുന്നോ; വിശദമാക്കുമോ;

(സി) മദ്യവർജ്ജനം നടപ്പിലാക്കുക എന്ന സർക്കാരിന്റെ നയത്തിന്റെ ഭാഗമായിട്ടാണോ ഓൺ ലൈനിൽ മദ്യം വിൽക്കുന്നതിന് തീരുമാനം പ്രഖ്യാപിച്ചത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പത്രവാർത്ത മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൺസ്യൂമർ ഫെഡറേഷന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ കോഴിക്കോട് ജില്ലയിൽ നടന്ന മീറ്റ് ദ പ്രസ് പരിപാടിയിൽ പങ്കെടുക്കവെ മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് ഒരു പ്രായോഗിക നിർദ്ദേശം എന്ന രീതിയിൽ ടെലിഫോൺ മുഖേനയോ ഓൺലൈനായോ നേരിട്ട് ബുക്ക് ചെയ്താൽ ടോക്കൺ അനുവദിക്കുന്നതിനും അതിനായി പ്രത്യേകം കൗണ്ടർ സജ്ജീകരിക്കുന്നതും ആലോചിക്കാവുന്നതാണ് എന്ന് മറുപടി പറഞ്ഞതിനെയാണ് 'ഓൺലൈൻ മദ്യ വിൽപ്പന' എന്ന പേരിൽ തെറ്റായി വ്യാഖ്യാനിച്ചത്. ഇത് സംബന്ധിച്ച് കൺവീനർ പത്ര മാധ്യമങ്ങളിൽ വിശദീകരണം നൽകിയിട്ടുണ്ട്.

(ബി) സർക്കാരിന്റെ മുൻകൂർ അനുമതി കൺവീനർ വാങ്ങിയിരുന്നില്ല. മീറ്റ് ദ പ്രസ് പരിപാടിയിൽ മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് നൽകിയ ഒരു മറുപടി മാത്രമാണിത്. നയപരമായ ഒരു തീരുമാനമോ നിലവിലുള്ള നടപടിക്രമങ്ങളുടെ വ്യതിചലനമോ അല്ലാത്തതിനാൽ ഇക്കാര്യത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല.

(സി) ബാധകമല്ല.

**നന്മ സ്റ്റോറുകൾ**

178 (460) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നന്മ സ്റ്റോറുകൾ പൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീരുമാനത്തിന് കണ്ടെത്തിയ കാരണങ്ങളും വസ്തുതകളും എന്തൊക്കെയാണെന്ന് വിവരിക്കുമോ ;

(സി) വിലക്കയറ്റം പിടിച്ചുനിർത്താനായി നന്മ സ്റ്റോറുകൾ വഴി നടത്തിയിരുന്ന പ്രവർത്തനങ്ങൾക്ക് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. അർദ്ധ സർക്കാർ സ്ഥാപനമോ, സന്നദ്ധ സംഘടനകളോ, തദ്ദേശ സ്വയംഭരണ സ്ഥാപനമോ, സഹകരണ സ്ഥാപനങ്ങളോ, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനമോ വാടക രഹിതമായി സ്ഥലം അനുവദിച്ച സ്ഥലങ്ങളിലാണ് നന്മ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിച്ചത്. കരാർ കാലാവധി അവസാനിച്ച മുറയ്ക്ക് ഇവയിൽ പലതും ഒഴിഞ്ഞ് കൊടുക്കുവാൻ ഫെഡറേഷൻ നിർബന്ധിതമായി. വില്പന കുറയുകയും എല്ലാ നന്മ സ്റ്റോറുകളും തുടർച്ചയായ നഷ്ടത്തിലേയ്ക്ക് നീങ്ങുകയും ഉണ്ടായി. ജീവനക്കാരുടെ വേതനം, വൈദ്യുതി, ടെലിഫോൺ, യാത്രാപ്പടി എന്നീയിനങ്ങളിൽ വരുന്ന സംഖ്യ മുഴുവനായും കൺസ്യൂമർഫെഡിന്റെ ബാദ്ധ്യതയായി മാറി. കൺസ്യൂമർഫെഡിലെ കെടുകാര്യസ്ഥതയും സാമ്പത്തിക അച്ചടക്കമില്ലായ്മയും സ്ഥാപനത്തെ കനത്ത നഷ്ടത്തിലേയ്ക്ക് നയിച്ചു. ഈ സാഹചര്യത്തിലാണ് നന്മ സ്റ്റോറുകൾ പൂട്ടാൻ തീരുമാനിച്ചത്.

(സി) കണ്ടെത്തിയിട്ടുണ്ട്. പ്രാഥമിക സഹകരണ ബാങ്കുകൾ വഴി നീതി സ്റ്റോറുകൾ വ്യാപിപ്പിച്ച് കൺസ്യൂമർഫെഡ് ഉത്പന്നങ്ങൾ വാങ്ങി ഗ്രാമതലങ്ങളിൽ എത്തിക്കുവാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആവശ്യപ്പെടുന്ന പ്രൈമറി സർവ്വീസ് സഹകരണ സംഘങ്ങൾക്ക് കൈമാറി നൽകുന്നതിനും നന്മ സ്റ്റോറുകൾ ഏറ്റെടുത്ത് നടത്തുവാൻ തയ്യാറായി വരുന്ന പഞ്ചായത്ത്/കുടുംബശ്രീ എന്നിവരെ അവ ഏൽപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

**സഹകരണ മേഖല നേരിടുന്ന പ്രതിസന്ധികൾ**

179 (461) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന് കീഴിലുള്ള വിവിധ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, സൊസൈറ്റികൾ എന്നിവയിലെ നിക്ഷേപങ്ങൾ സംബന്ധിച്ച വിവരം റിസർവ് ബാങ്കിനോ മറ്റ് കേന്ദ്ര/സംസ്ഥാന ഏജൻസികൾക്കോ കൈമാറേണ്ട തായിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇത്തരം നീക്കങ്ങൾ സഹകരണ മേഖലയ്ക്ക് ഭീഷണി ഉയർത്തുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) സാധാരണക്കാരാണ് ഇത്തരം സർവ്വീസ് കോപ്പറേറ്റീവ് സ്ഥാപനങ്ങളുടെ ഗുണഭോക്താക്കളെന്നത് പരിഗണിച്ച് സഹകരണ മേഖല നേരിടുന്ന ഇത്തരം പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ/സൊസൈറ്റികൾ എന്നിവയിലെ നിക്ഷേപങ്ങൾ സംബന്ധിച്ച വിവരം റിസർവ് ബാങ്കിനോ മറ്റ് ഏജൻസികൾക്കോ കൈമാറേണ്ടതായിട്ടില്ല. എന്നാൽ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായ നികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്.എൽ.പി 39760/2010) തീർപ്പാക്കി 27-8-2013-ൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവെച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആദായ നികുതി വകുപ്പ് ആവശ്യപ്പെട്ടാൽ വിവരങ്ങൾ നൽകുവാൻ സർവ്വീസ് സഹകരണ സംഘങ്ങൾ/ ബാങ്കുകൾ ബാധ്യസ്ഥരാണ്.

(ബി) ഉണ്ട്. ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ പേര്, മേൽവിലാസം, നിക്ഷേപ തുക എന്നിവ ആവശ്യപ്പെടുന്ന ആദായ നികുതി വകുപ്പിന്റെ നടപടി നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിക്കും. ആദായ നികുതി നിയമം കേന്ദ്ര നിയമമാകയാലും കേന്ദ്ര സർക്കാരിന്റെ ആദായ നികുതി വകുപ്പിന്റെ നടപടികളായതിനാലും ഈ വിഷയം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

**സഹകരണ ബാങ്ക് വഴി ക്ഷേമപെൻഷൻ വിതരണം**

180 (462) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ക്ഷേമപെൻഷനുകളാണ് സർക്കാർ ഇപ്പോൾ സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്തു വരുന്നത്; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് എത്ര സർവ്വീസ് സഹകരണ ബാങ്കുകളാണ് ഈ ചുമതല നിർവ്വഹിക്കുന്നത്; ഏതെങ്കിലും സഹകരണ ബാങ്ക് ചുമതല ഏറ്റെടുക്കാതെ നിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിന് സഹകരണ ബാങ്ക് ജീവനക്കാർക്ക് എന്തെങ്കിലും പ്രതിഫലം നൽകുന്നുണ്ടോ ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സഹകരണ ബാങ്കുകൾ വഴി സർക്കാർ വിതരണം ചെയ്യുന്ന പെൻഷനുകൾ ഇനി പറയുന്നവയാണ് :

1. ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം
2. ഇന്ദിരാഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം
3. ഇന്ദിരാഗാന്ധി നാഷണൽ ഡിസെബിലിറ്റി പെൻഷൻ സ്കീം
4. അഗ്രികൾച്ചറൽ ലേബർ പെൻഷൻ
5. 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ.

(ബി) സംസ്ഥാനത്ത് ആകെ 1,488 സർവ്വീസ് സഹകരണ ബാങ്കുകൾ, 25 മറ്റ് സംഘങ്ങൾ, 18 ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ചുകൾ എന്നിങ്ങനെ ആകെ 1531 ബാങ്കുകൾ/സംഘങ്ങൾ/ബ്രാഞ്ചുകൾ എന്നിവയാണ് ഈ ചുമതല നിർവ്വഹിക്കുന്നത്. ചുമതല ഏറ്റെടുക്കാത്ത ബാങ്കുകൾ/സംഘങ്ങൾ/ഡി.സി.ബി. ബ്രാഞ്ചുകൾ ഇല്ല.

(സി) ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിന് ഒരു പെൻഷണർക്ക് 50 രൂപ എന്ന നിരക്കിൽ പ്രതിഫലം നൽകുന്നതിന് 23-8-2016-ലെ ജി.ഒ. (ആർടി.) നമ്പർ 6950/2016/ഫിൻ നമ്പർ ഉത്തരവും ഈ 50 രൂപയിൽ 40 രൂപ പെൻഷൻ വിതരണം ചെയ്യുന്ന ആളിനും 10 രൂപ തുക വിതരണം ചെയ്യുന്ന ബാങ്കിനുമായി നിശ്ചയിച്ചുകൊണ്ട് 30-8-2016-ലെ ജി.ഒ.(ആർടി.)നമ്പർ 7153/2016/ഫിൻ നമ്പർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. തുക വിതരണം ചെയ്യുന്ന ബാങ്കിന് നൽകുന്ന 10 രൂപ താഴെ പറയും പ്രകാരമാണ് നൽകുന്നത് :

1. സംഘത്തിലെ നോഡൽ ആഫീസർ - ഒരു രൂപ (പരമാവധി 6,000 രൂപ)
2. സംഘത്തിലെ ഓതറൈസർ - ഒരു രൂപ (പരമാവധി 6,000 രൂപ)
3. സംഘത്തിലെ ക്ലർക്ക് - 2 രൂപ (പരമാവധി 6,000 രൂപ)
4. സംഘത്തിന് 6 രൂപ (പരിധി ഇല്ല).

കൂടാതെ പെൻഷൻ വിതരണത്തിനുവേണ്ടി പ്രവർത്തിച്ച ജില്ലാ ബാങ്ക് ജീവനക്കാർക്ക് ബാങ്കിന്റെ സ്വന്തം ഫണ്ടിൽനിന്നും ഇനി പറയും പ്രകാരം പ്രതിഫലം നൽകുന്നതിന് രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്.

1. നോഡൽ ഓഫീസർ - 6,000 രൂപ
2. ഓതറൈസർ - 3,000 രൂപ
3. ക്ലർക്ക് - 5,000 രൂപ

## സഹകരണ റിസ്ക് ഫണ്ട്

181 (463) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരാൻ സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയിൽ ചേരാത്ത സഹകരണ സംഘങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) പദ്ധതിയിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് എതിരെ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) റിസ്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരേണ്ടതാണെന്ന് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരാത്ത സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 381 |
| കൊല്ലം | - | 2 |
| പത്തനംതിട്ട | - | 4 |
| ആലപ്പുഴ | - | 11 |
| കോട്ടയം | - | 19 |
| ഇടുക്കി | - | 10 |
| എറണാകുളം | - | 59 |

| | | |
|---|---|---|
| തൃശ്ശൂർ | - | 40 |
| പാലക്കാട് | - | 22 |
| മലപ്പുറം | - | 35 |
| കോഴിക്കോട് | - | 26 |
| വയനാട് | - | 6 |
| കണ്ണൂർ | - | 2 |
| കാസർഗോഡ് | - | 16 |

(സി) റിസ്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ പദ്ധതിയിൽ ചേരുന്നതിൽ വീഴ്ചയുണ്ടായാൽ പ്രസ്തുത സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും വായ്പ നൽകുന്നതിൽനിന്നും ഇത്തരം സംഘങ്ങൾക്ക് വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടെന്നും സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സംഘത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുന്നതാണെന്നും റിസ്ക് ഫണ്ട് പദ്ധതിയുടെ നിയമാവലിയിൽ വ്യവസ്ഥയുണ്ട്.

**സഹകരണ മേഖലയുടെ ആശങ്ക**

182 (464) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സഹകരണ മേഖലയിൽ റിസർവ് ബാങ്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സഹകരണസ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നതാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഈ പ്രശ്നം മറികടക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) സഹകരണ ബാങ്കിംഗ് മേഖലയിൽ ആർ.ബി.ഐ. നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ/നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ നിലവിലുള്ള പ്രവർത്തനങ്ങളെ പ്രതിസന്ധിയിലാക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

റിസർവ് ബാങ്കിന്റെ വായ്പാ നയത്തിന്റെ ഭാഗമായി സി.ആർ.ആർ. (Cash Reserve Ratio)/ എസ്.എൽ.ആർ (Statutory Liquidity Ratio) നിരക്കുകളിൽ വരുന്ന മാറ്റം, സഹകരണ ബാങ്കുകൾ ധനസഹായ ബാങ്കുകളിൽ നിക്ഷേപിച്ചിരുന്ന എസ്.എൽ. ആർ നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശം, സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ 31-3-2017-ൽ 9% മൂലധന പര്യാപ്തത അനുപാതം കൈവരിക്കണമെന്ന നിർദ്ദേശം, റിസർവ് ബാങ്ക് ലൈസൻസുള്ള സഹകരണ ബാങ്കുകൾ ഒഴികെ മറ്റ് സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശമില്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കാനോ ബാങ്ക് എന്ന പദം അവരുടെ പേരിനൊപ്പം ചേർക്കാനോ പാടില്ലെന്ന വ്യവസ്ഥ, സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യാവുന്ന വായ്പകളുടെ പരിധി, ഭവന വായ്പാ വിതരണം എന്നിവയിലുള്ള നിയന്ത്രണം, സഹകരണ ബാങ്കുകളുടെ മേൽ ഏർപ്പെടുത്തുന്ന പ്രവർത്തന നിയന്ത്രണങ്ങൾ തുടങ്ങിയവ സഹകരണ ബാങ്കുകളുടെ നിലവിലുള്ള പ്രവർത്തനത്തെ ബാധിക്കുന്നതാണ്.

(ബി) റസർവ് ബാങ്കിന്റെ മേൽനയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന പ്രത്യേക പരിഗണന തുടർന്നും സഹകരണ മേഖലയ്ക്ക് ലഭിക്കുന്നതിനുമായി നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ ചർച്ച ചെയ്യുകയും നബാർഡ്/ റിസർവ് ബാങ്ക് എന്നിവയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ആവശ്യമായ വിഷയങ്ങൾ സംസ്ഥാനത്ത് നിന്നുള്ള എം.പി.-മാർ മുഖേന മുന്നോട്ടുവയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**സഹകരണ ബാങ്കുകൾ വഴി ക്ഷേമ പെൻഷനുകൾ**

183 (465) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ക്ഷേമ പെൻഷനുകൾ സഹകരണ ബാങ്കുകൾ വഴി വീടുകളിൽ എത്തിക്കാനുള്ള പദ്ധതി ഏതെല്ലാം ജില്ലകളിൽ പ്രാവർത്തികമാക്കിയെന്നും ആനുകൂല്യം എത്രപേർക്ക് ലഭ്യമാക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

സർക്കാർ നൽകിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സഹകരണ ബാങ്കുകൾ വഴി വീടുകളിൽ എത്തിക്കാനുള്ള പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലും പ്രാവർത്തികമാക്കിയിട്ടുണ്ട്. 22-9-2016- ലെ കണക്കനുസരിച്ച് ഓരോ ജില്ലയിലും പെൻഷൻ ലഭിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 1,93,002 |
| 2. | കൊല്ലം | - | 1,62,533 |
| 3. | പത്തനംതിട്ട | - | 63,589 |
| 4. | കോട്ടയം | - | 1,10,513 |
| 5. | ഇടുക്കി | - | 52,096 |
| 6. | ആലപ്പുഴ | - | 1,57,555 |
| 7. | എറണാകുളം | - | 1,68,663 |
| 8. | തൃശ്ശൂർ | - | 2,53,405 |
| 9. | പാലക്കാട് | - | 2,71,777 |
| 10. | മലപ്പുറം | - | 2,65,074 |
| 11. | കോഴിക്കോട് | - | 2,17,331 |
| 12. | കണ്ണൂർ | - | 1,96,073 |
| 13. | വയനാട് | - | 45,300 |
| 14. | കാസർഗോഡ് | - | 91,212 |
| | ആകെ | | 22,48,123 |

ആകെ വിതരണം ചെയ്യേണ്ടത് 24,764,30 പെൻഷനുകളാണ്. ഇതിൽ മേൽ പ്രകാരം 22,48,123 പേർക്ക് പെൻഷനുകൾ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളതിൽ 46,168 പെൻഷനുകൾ ഗുണഭോക്താവ് മരണപ്പെട്ടുകയോ സ്ഥലം മാറിപ്പോവുകയോ സ്ഥിരമായി സ്ഥലത്തില്ലാതിരിക്കുകയോ ചെയ്ത കാരണങ്ങളാൽ വിതരണം ചെയ്യാൻ കഴിയാത്തവയാണ്.

**സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ**

184 (466) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് ;

(ബി) നിലവിലുള്ള പി.എസ്.സി. റാങ്ക് പട്ടികയിൽനിന്നും പ്രസ്തുത തസ്തികയിലേക്ക് എത്ര പേർക്ക് ഇതേവരെ നിയമനം നൽകിയിട്ടുണ്ട് ;

(സി) ഒഴിവുള്ള തസ്തികകളിലേക്ക് പി.എസ്.സി. നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; ഉണ്ടെങ്കിൽ അക്കാര്യം വിശദമാക്കാമോ ;

(ഡി) ഒഴിവുള്ള തസ്തികകളിലേക്ക് ഉടൻതന്നെ നിയമനം നടത്തുന്നതിന് സത്വരനടപടികൾ സ്വീകരിക്കുമോ ; എങ്കിൽ അക്കാര്യം വിശദമാക്കാമോ?

ഉത്തരം

(എ) 245 ഒഴിവുകൾ.

(ബി) 280 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി&ഡി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് തടസ്സങ്ങളില്ല. ഒഴിവുണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

**സഹകരണ ബാങ്കുകളിൽനിന്നുള്ള കാർഷിക വായ്പകൾ**

185 (467) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽനിന്നുള്ള കാർഷിക വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാതെ വന്ന കർഷകരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വായ്പകളിൽ സർക്കാർ ഇളവുകൾ നൽകി വായ്പ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**ഓണവിപണി വിലനിലവാരം**

186 (468) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓണവിപണി വിലനിലവാരം പിടിച്ചുനിർത്താൻ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദവിവരങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

ഓണ വിപണി വിലനിലവാരം പിടിച്ചുനിർത്താൻ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ സഹകരണ വകുപ്പ്, സഹകരണസംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2016 സെപ്റ്റംബർ 4 മുതൽ 13 വരെ (അത്തം മുതൽ ഉത്രാടം വരെ) പത്ത് ദിവസങ്ങളിൽ സംസ്ഥാനത്തൊട്ടാകെ 2012 ഓണം വിപണികൾ നടത്തി. പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളെയാണ് ഓണ വിപണി നടത്തിപ്പിനായി മുഖ്യമായി ചുമതലപ്പെടുത്തിയിരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ നടന്ന 1785 ഓണചന്തകളിലും 208 ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും 19 സഞ്ചരിക്കുന്ന ത്രിവേണി വിൽപ്പനശാലകളിലും, സബ്സിഡി സാധനങ്ങൾ ലഭ്യമാക്കി ഓണചന്തകൾക്കാവശ്യമായ 39 ഇനം സാധനങ്ങളാണ് ഓണ വിപണികളിൽ ഇക്കാലയളവിൽ ഇതിൽ വിൽപ്പനയ്ക്കായി സജ്ജമാക്കിയിരുന്നത്. 13 ഇനങ്ങൾ സർക്കാർ നിശ്ചയിച്ച നിരക്കിൽ സബ്സിഡിയോടുകൂടിയാണ് ലഭ്യമാക്കിയത്. ഇതുകൂടാതെ സബ്സിഡിയില്ലാതെ 26 ഇനങ്ങൾ മാർക്കറ്റ് വിലയേക്കാൾ ഗണ്യമായ വിലക്കുറവിലാണ് പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഓണചന്തകളിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. ഗുണമേന്മയെക്കുറിച്ച് യാതൊരുവിധ പരാതിക്കും ഇടനൽകാതെ 15 ലക്ഷം ഉപഭോക്താക്കൾക്ക് 12061 ടൺ 13 ഇനം സബ്സിഡി ഇനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു. ഇതുകൂടാതെ 26 ഇനം നോൺ സബ്സിഡി സാധനങ്ങൾ 15 ലക്ഷത്തോളം ജനങ്ങൾക്ക് 20 മുതൽ 70 ശതമാനം വരെ വിലക്കുറവിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓണം വിപണികളിലൂടെ 52.69 കോടി രൂപയുടെ സബ്സിഡി വിൽപ്പനയും 10.37 കോടി രൂപയുടെ നോൺ സബ്സിഡി വിൽപ്പനയും ഉൾപ്പെടെ 63.06 കോടി രൂപയുടെ വിൽപ്പന കൈവരിച്ചു. ഇതിലൂടെ പൊതുജനങ്ങൾക്ക് ഏകദേശം 12 കോടി രൂപയുടെ വിലക്കുറവിന്റെ ആനുകൂല്യം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 22 ലക്ഷം പേർ കൺസ്യൂമർഫെഡ് വിൽപ്പനശാലകളിൽനിന്ന് സാധനങ്ങൾ വാങ്ങി. ഇതിൽ പത്ത് ലക്ഷം പേർക്ക് സബ്സിഡി സാധനങ്ങൾ നൽകി.

**കൺസ്യൂമർഫെഡ്**

187 (469) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണച്ചന്തയിലേക്ക് കൺസ്യൂമർ ഫെഡ് എത്ര അരി വാങ്ങിയിട്ടുണ്ടെന്നും എവിടെനിന്ന് എത്ര തുക നൽകിയാണ് വാങ്ങിയതെന്നും വ്യക്തമാക്കാമോ ;

(ബി) ഓണച്ചന്തയിലേക്ക് ഏത് അരി നൽകണമെന്നതായിരുന്ന ടെൻഡർ വ്യവസ്ഥ ; ഈ വ്യവസ്ഥ പ്രകാരം തന്നെയാണോ അരി ഇറക്കുമതി ചെയ്തതെന്ന് വ്യക്തമാക്കാമോ ;

(സി) ആന്ധ്ര അരി വാങ്ങാനാണ് ക്വട്ടേഷനും പർച്ചേസ് ഓർഡറും നൽകിയതെന്നും എന്നാൽ തമിഴ്നാട് അരിയാണ് കൺസ്യൂമർഫെഡ് ഓണചന്തയിലൂടെ വിറ്റതെന്നുമുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കൺസ്യൂമർ ഫെഡ് ഓണചന്തയിലേക്കു അരി വാങ്ങിയതിൽ ക്രമക്കേടുള്ളതായി സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഓണചന്തയിലേയ്ക്ക് കൺസ്യൂമർഫെഡ് 6863.59 ടൺ അരി വാങ്ങിയിട്ടുണ്ട്. വിവിധ വിതരണക്കാരിൽ നിന്നായി 180899034.00 രൂപ നൽകിയാണ് അരി വാങ്ങിയിട്ടുള്ളത്. ഇതുസംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| ഇനം | വിതരണക്കാരന്റെ പേര് | അളവ് (ടൺ) | വാങ്ങിയ വില |
|---|---|---|---|
| (1) | (2) | (3) | (4) |
| ജയ അരി | അബ്ദുൾ ലത്തീഫ് | 332.92 | 94,12,987.92 |
| | കേരള ട്രേഡേഴ്സ് | 2466.60 | 7,01,51,070.96 |
| കുറുവ അരി | അബ്ദുൾ ലത്തീഫ് | 277.00 | 6,60,6450.00 |
| | ഹഫ്സർ ട്രേഡിംഗ് | 220.80 | 52,66,080.00 |
| | ഖദീജാ ഏജൻസീസ് | 213.00 | 50,75,790.00 |
| | ജമാൽ ട്രേഡിംഗ് | 737.27 | 1,78,55,744.56 |
| | ശ്രീവിനായക എന്റർപ്രൈസസ് | 272.00 | 64,84,800.00 |
| പച്ചരി (ഐ. ആർ.8) | എ.ആർ. ട്രേഡിംഗ് | 115.03 | 27,44,496.50 |
| | ആഷിക് ട്രേഡേഴ്സ് | 200.32 | 49,08,011.50 |
| | ഹഫ്സർ ട്രേഡിംഗ് | 882.02 | 2,21,03,875.00 |
| | ഖദീജാ ഏജൻസീസ് | 95.25 | 23,55,532.50 |

| (1) | (2) | (3) | (4) |
|---|---|---|---|
| മട്ട ഉണ്ട | ഹഫ്സർ ട്രേഡിംഗ് | 93.45 | 24,60,538.50 |
| | അന്ന അഗ്രോ | 20.25 | 5,58,900.00 |
| | ഖദീജാ ഏജൻസീസ് | 937.68 | 2,49,14,756.63 |
| | ആകെ | 6863.59 | 18,08,99,034.00 |

(ബി) ഓണച്ചന്തയിലേക്ക് ജയ അരി, മട്ട ഉണ്ട, പച്ചരി (ഐ.ആർ.8) ആന്ധ്ര കുറുവ എന്നീ അരികൾ നൽകണമെന്നതായിരുന്നു ടെണ്ടർ വ്യവസ്ഥ. ഇതിൽ ആന്ധ്ര കുറുവ അരിക്കു പകരം തമിഴ്നാട് കുറുവ അരിയാണ് ഇറക്കുമതി ചെയ്തിരുന്നത്. ആയതിനുള്ള കാരണം ചുവടെ ചേർക്കുന്നു. ആന്ധ്രാ കുറുവ അരിയുടെ വില വളരെ കൂടുതലായതിനാലും സബ്സിഡി ഇനത്തിൽ വില്പന നടത്തുന്നതിന് വിലകൂടിയ ആന്ധ്രാ അരി വാങ്ങുമ്പോൾ ഫെഡറേഷന്റെ ഈ ഇനത്തിലുള്ള നഷ്ടം കൂടുന്നതിനാലും ഇത്തരം അരി യഥേഷ്ടം ലഭ്യമാക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷം സംജാതമാകാൻ ഇടയുള്ളതിനാലും ഫെഡറേഷന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ കൂടുതൽ നഷ്ടം വരുത്തുന്നത് ഒഴിവാക്കുന്നതിനായി ഫെഡറേഷന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് തമിഴ്നാട് കുറുവ അരി ഓണ വിപണിയിൽ വാങ്ങി നൽകിയിട്ടുള്ളത്.

(സി) പർച്ചേസ് ഓർഡർ നൽകിയതും വാങ്ങിയതും തമിഴ്നാട് കുറുവ അരി തന്നെയാണ്

(ഡി) ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൺസ്യൂമർഫെഡിന്റെ പ്രവർത്തനം**

188 (470) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ ;

(ബി) നന്മ സ്റ്റോറുകളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡറേഷൻ നടത്തുന്ന ഒരു നന്മ സ്റ്റോറും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എന്നാൽ പ്രാഥമിക സഹകരണസംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന നന്മ സ്റ്റോറുകളിൽ, ഇപ്പോൾ 189 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

(ബി) അർദ്ധ സർക്കാർ സ്ഥാപനമോ, സന്നദ്ധ സംഘടനകളോ, തദ്ദേശ സ്വയംഭരണ സ്ഥാപനമോ സഹകരണ സ്ഥാപനങ്ങളോ സർക്കാർ സ്ഥാപനമോ, വാടകരഹിതമായി സ്ഥലം അനുവദിച്ച സ്ഥലങ്ങളിലാണ് നന്മ സ്റ്റോറിന്റെ പ്രവർത്തനമാരംഭിച്ചത്. കരാർ കാലാവധി അവസാനിച്ച മുറയ്ക്ക് ഇവയിൽ പലതും ഒഴിഞ്ഞുകൊടുക്കാൻ കൺസ്യൂമർ ഫെഡറേഷൻ നിർബന്ധിതരായി. വില്പന കുറയുകയും, എല്ലാ നന്മ സ്റ്റോറുകളും തുടർച്ചയായ നഷ്ടത്തിലേക്ക് നീങ്ങുകയുമുണ്ടായി. ജീവനക്കാരുടെ വേതനം, വൈദ്യുതി, ടെലിഫോൺ, യാത്രാപ്പടി എന്നീയിനങ്ങളിൽ വരുന്ന സംഖ്യ മുഴുവനായും കൺസ്യൂമർഫെഡിന്റെ ബാദ്ധ്യതയായി മാറുകയും ചെയ്തു. ഈ സാഹചര്യങ്ങൾ നന്മ സ്റ്റോറുകളുടെ പ്രവർത്തനം മന്ദീഭവിക്കാൻ ഇടയാക്കിയിട്ടുണ്ട്.

(സി) കൺസ്യൂമർ ഫെഡറേഷനിലെ ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി ആവശ്യത്തിൽ കൂടുതലുള്ള താൽക്കാലിക ജീവനക്കാരെ ഒഴിവാക്കിയും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകളുടെ പ്രവർത്തനം അവസാനിപ്പിച്ചും, ആവശ്യമില്ലാത്ത ഗോഡൗണുകൾ നിർത്തലാക്കിയും അഴിമതി ഇല്ലാതാക്കി ഇ-ടെണ്ടർ വഴി സാധനങ്ങൾ വാങ്ങുകയും, പർച്ചേസ് പോളിസിക്ക് രൂപം നൽകുകയും, രൊക്കം പണം കൊടുത്ത് സാധനങ്ങൾ വാങ്ങിയും, നിലവിൽ ഉപയോഗയോഗ്യമല്ലാത്ത കെട്ടികിടക്കുന്ന സാധനങ്ങൾ വിൽപ്പന നടത്തിയും കൺസ്യൂമർഫെഡിൽ ഘടനാപരമായി ചിട്ട വരുത്തിയും, പലിശ ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ**

189 (471) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) അവയിൽ പ്രവർത്തിക്കുന്നവയും പ്രവർത്തിക്കാത്തവയും എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) എന്തുകാരണം കൊണ്ടാണ് ഇവ പ്രവർത്തിക്കാത്തത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 142 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഇവയിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം 64-ഉം പ്രവർത്തിക്കാത്തവയുടെ എണ്ണം 78-ഉം ആകുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ വാഹനങ്ങൾ ഭൂരിഭാഗവും ഉപയോഗിക്കാൻ കഴിയാത്തവിധം മോശമായ നിലയിലായിരുന്നു. ഇവയുടെ അറ്റകുറ്റപ്പണികൾക്കും ടെസ്റ്റ് വർക്ക് ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾക്കും ഭീമമായ തുക ആവശ്യമായി വന്നു. കൂടാതെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളിലൂടെയുള്ള വിൽപ്പന ലാഭകരമല്ലാതാകുകയും ചെയ്തു. ഇക്കാരണങ്ങളാലാണ് സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ വന്നത്.

**വായ്പക്കുടിശ്ശിക എഴുതിത്തള്ളുന്നതിന് പദ്ധതി**

190 (472) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പ് ഏതെങ്കിലും വിഭാഗത്തിനെ വായ്പാ ബാധ്യതയിൽ നിന്ന് മോചിപ്പിക്കുന്നതിനായി പദ്ധതി തയ്യാറാക്കുന്നുണ്ടോ; വ്യക്തമാക്കുമോ ;

(ബി) സാധുക്കളും രോഗികളും ശയ്യാവലംബികളുമായ ആൾക്കാരുടെ വായ്പക്കുടിശ്ശിക എഴുതിത്തള്ളുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ തയ്യാറാക്കുന്നില്ല.

(ബി&സി) മാരക രോഗങ്ങളായ ക്യാൻസർ, എയ്ഡ്സ് രോഗബാധിതർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, വൃക്ക സംബന്ധമായ അസുഖങ്ങൾമൂലം ഡയാലിസിസിന് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ കിടപ്പിലായവർ തുടങ്ങി വായ്പയെടുത്ത ശേഷം മാരകരോഗം പിടിപ്പെട്ടവരുടെ വായ്പ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ 75,000 രൂപയുടെ ആനുകൂല്യം നൽകുന്ന റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്. മറ്റ് പദ്ധതികൾ നിലവിലില്ല.

**മദ്യനയംമൂലം ടൂറിസം മേഖലക്കുണ്ടായ തളർച്ച**

191 (473) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യു.ഡി.എഫ്. സർക്കാർ നടപ്പാക്കിയ മദ്യനയംമൂലം കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ എന്തെങ്കിലും തളർച്ച നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവുവന്നിട്ടില്ലെങ്കിലും വളർച്ചാ നിരക്കിൽ കുറവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 'Trade Research Survey 2016' എന്ന പേരിൽ ടൂറിസം വകുപ്പ് നടത്തിയ പഠനത്തിൽ ടൂറിസം രംഗത്തെ വളർച്ചാനിരക്കിലുള്ള കുറവിന്റെ മുഖ്യ കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷൻ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്ല്യാണങ്ങൾ എന്നിവയുടെ വളർച്ചാനിരക്കിലുണ്ടായ ഇടിവാണ്. കൂടാതെ സംസ്ഥാനത്തെ നിലവിലെ മദ്യനയവും പ്രസ്തുത ഇടിവിനുള്ള കാരണങ്ങളിലൊന്നായി കണ്ടെത്തിയിട്ടുണ്ട്.

**എറണാകുളം ഡി.ടി.പി.സി.-ക്ക് അനുവദിച്ച തുക**

192 (474) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണം വാരാഘോഷത്തിൻെറ ഭാഗമായി എറണാകുളം ഡി.ടി.പി.സി.-ക്ക് അനുവദിച്ച തുക എത്ര ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്നും അവ ഏതെല്ലാം കേന്ദ്രങ്ങളിലാണെന്നും വിശദമാക്കാമോ ;

(സി) 2011-16 കാലയളവിൽ എറണാകുളം ഡി.ടി.പി.സി.-ക്ക് ഓണാഘോഷത്തിൻെറ ഭാഗമായി അനുവദിച്ച തുക, ഓരോ വർഷവും ഏതെല്ലാം കേന്ദ്രങ്ങളിൽ എന്തെല്ലാം പരിപാടികൾ നടത്തി, ഓരോ പരിപാടിക്കും ചെലവായ തുക എന്നിവയുടെ വിശദാംശം നൽകാമോ ?

ഉത്തരം

(എ) 2016 ഓണം വാരാഘോഷത്തിന്റെ ഭാഗമായി എറണാകുളം ഡി.ടി.പി.സി.-ക്ക് 32,00,000 (മുപ്പത്തി രണ്ട് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്.

(ബി&സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊച്ചിയിലെ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ

193 (475) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ വളരെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമായ കൊച്ചിയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

നടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചിയിലെ പ്രധാന ടൂറിസം വികസന പദ്ധതികളായ ഫോർട്ട് കൊച്ചിയിലെ ഹെറിറ്റേജ് വാക് വേ, ടൂറിസം ഡെസ്റ്റിനേഷൻ എന്ന നിലയിൽ കൊച്ചിയുടെ വികസന പദ്ധതി, മട്ടാഞ്ചേരിയിലെ കൾച്ചറൽ മൊസൈക് മ്യൂസിയം, മറൈൻ ഡ്രൈവ് വാക് വേ, ഫോർട്ട് കൊച്ചിയിലെ ചീനവലകളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമുള്ള പദ്ധതി തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഫോർട്ട് കൊച്ചി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുന്ന പദ്ധതികൾ നടപ്പാക്കുന്നതിനായി കേന്ദ്ര നഗര വികസന മന്ത്രാലയം മുഖേന കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി നിർവ്വഹിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ഏജൻസികളെ കൂടി ഉൾപ്പെടുത്തി കൊച്ചിയെ അന്തർദ്ദേശീയ നിലവാരത്തിലെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മംഗലം ഡാം ടൂറിസം പദ്ധതി

194 (476) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ മംഗലം ഡാം ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മംഗലം ഡാം ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്നറിയിക്കാമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് തടസ്സമെന്തെങ്കിലും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൻകീഴിൽ ദിവസവേതനാടിസ്ഥാനത്തിലോ, കരാറടിസ്ഥാനത്തിലോ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ എത്രനാളത്തേക്കെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാം നിലവിൽ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്.

(ബി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ധനസഹായത്തോടെ 2007-2008 സാമ്പത്തിക വർഷം അനുവദിച്ചുകിട്ടിയ 3,72,19,000 രൂപയുടെ പദ്ധതികൾ പൂർത്തീകരണം കഴിഞ്ഞ് സഞ്ചാരികൾക്കായി തുറന്ന് നൽകിയിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) ദിവസവേതനാടിസ്ഥാനത്തിൽ 10 പേരെ മേയ് 2012-ൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ക്ലീൻ ഡെസ്റ്റിനേഷന്റെ ഭാഗമായി 3 കുടുംബശ്രീ പ്രവർത്തകരെയും ആഗസ്റ്റ് 2014 മുതൽ നിയമിച്ചിട്ടുണ്ട്. ഇവർ ഇപ്പോഴും തുടരുകയാണ്.

**വിദേശ വിനോദസഞ്ചാരികൾ**

195 (477) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലുവർഷമായി വിനോദ സഞ്ചാരത്തിനെത്തുന്ന വിദേശികളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഓരോ വർഷം കഴിയുംതോറും വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എണ്ണത്തിൽ കുറവ് വരാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) വിനോദ സഞ്ചാരികളെ ആകർഷിക്കാൻ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ ; ഓരോന്നിനും വേണ്ടി എത്ര രൂപ ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) പുതിയ പദ്ധതികൾ നടപ്പാക്കിയത് വഴി എത്ര രൂപ ലാഭം/നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

| (എ) | 2012 | 2013 | 2014 | 2015 |
|---|---|---|---|---|
| | 793696 | 858143 | 923366 | 977479 |

(ബി) വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടില്ലെങ്കിലും ഈ വർഷങ്ങളിലെ ടൂറിസ്റ്റുകളുടെ എണ്ണത്തിലുള്ള വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുണ്ട്. 2011-ൽ വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിലുള്ള വളർച്ചാനിരക്ക് 11.18% ആയിരുന്നത് 2015-ൽ 5.86% ആയി കുറഞ്ഞിട്ടുണ്ട്. പ്രധാനമായും ആഗോള സാമ്പത്തിക മാന്ദ്യം, പുതിയ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ നിന്നുള്ള മത്സരം, ലക്ഷ്യസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിനുള്ള മാർഗ്ഗങ്ങളുടെ അപര്യാപ്തത എന്നിവയോടൊപ്പം നിലവിലുള്ള മദ്യനയവും വളർച്ചാനിരക്കിലെ കുറവിന് കാരണങ്ങളായി കണ്ടെത്തിയിട്ടുണ്ട്.

(സി) പുതിയ ഉല്പന്നങ്ങളുടെ കണ്ടെത്തലിലൂടെയും ശക്തമായ വിപണന പ്രചരണ തന്ത്രങ്ങളിലൂടെയും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ടൂറിസം വിപണനത്തിനായുള്ള പ്രചരണ പ്രവർത്തനങ്ങൾക്കും മറ്റുമായി കഴിഞ്ഞ നാലുവർഷങ്ങളിലെ ചെലവ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

| | |
|---|---|
| 2011-12 | 30,99,54,544 |
| 2012-13 | 36,52,97,688 |
| 2013-14 | 27,99,98,639 |
| 2014-15 | 31,49,80,657 |
| 2015-16 | 30,99,99,457 |

(ഡി) ടൂറിസം പ്രചരണ പരിപാടികൾക്കായി ചെലവഴിക്കുന്ന തുകയുടെ ലാഭം/നഷ്ടകണക്കുകൾ പ്രത്യക്ഷമായി കണക്കാക്കാൻ കഴിയുന്നതല്ല.

**വിനോദ സഞ്ചാരമേഖലയുടെ വികസനം**

196 (478) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തതെന്ന് വ്യക്തമാക്കാമോ ;

(ബി) മെഡിക്കൽ ടൂറിസം പദ്ധതിക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച/ സ്വീകരിക്കുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മെഡിക്കൽ ടൂറിസം എന്നതിൽ ആയുർവ്വേദം, അലോപ്പതി, മറ്റ് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ എന്നിവ ഉൾപ്പെടുന്നു. ഇതിൽ ആയുർവേദ ടൂറിസം പ്രചരിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ടൂറിസം വകുപ്പ് വിവിധ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കേരള ടൂറിസത്തിന്റെ പ്രധാന ഉല്പന്നങ്ങളിലൊന്നായി ആയുർവേദത്തിനെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ, ആയുർവേദ സെന്ററുകൾക്ക് ഗുണനിലവാരത്തിനനുസരിച്ച് റേറ്റിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മറ്റ് മെഡിക്കൽ വിഭാഗങ്ങളെ ടൂറിസവുമായി ബന്ധപ്പെടുത്തുന്നതിന് സ്വകാര്യ സംരംഭകരുടെ പ്രചരണ പ്രവർത്തനങ്ങൾക്ക് സഹായം നൽകിവരുന്നുണ്ട്.

**എയർ സ്ട്രിപ്പുകൾ നിർമ്മാണ പദ്ധതി**

197(479) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയും ഇതുപ്രകാരം ഏതൊക്കെ വിനോദസഞ്ചാര കേന്ദ്രങ്ങളെയാണ് ബന്ധിപ്പിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ പുതിയ വ്യോമയാന നയവുമായി ഒത്തുപോകുന്നതാണോ ഈ പദ്ധതി എന്ന് വ്യക്തമാക്കാമോ ; ഈ പദ്ധതിക്ക് കേന്ദ്ര സഹായമായി എത്ര തുക പ്രതീക്ഷിക്കുന്നു എന്ന് വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) ബേക്കൽ, വയനാട്, ഇടുക്കി എന്നീ സ്ഥലങ്ങളിൽ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്. ഇതിൽ ബേക്കലിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടി ബി.ആർ.ഡി.സി. മുഖാന്തരം എടുത്തുവരുന്നു. മറ്റ് സ്ഥലങ്ങളിൽ അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല.

(ബി) പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കക്കയം ഹൈഡൽ ടൂറിസം പദ്ധതി**

198(480) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാല്യശ്ശേരി ടൂറിസം കോറിഡോർ പദ്ധതിയുമായി കണക്ട് ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കക്കയം ഹൈഡൽ ടൂറിസം പദ്ധതിയുടെ പ്രോജക്ട് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ&ബി) ടി പദ്ധതിയുടെ പ്രോജക്ട് നിർദ്ദേശം ലഭിച്ചിട്ടില്ല.

**ടേക്ക് എ ബ്രേക്ക് പദ്ധതി**

199 (481) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറായി ബീച്ചിൽ ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി ടൂറിസം വകുപ്പിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ തുക എത്രയെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ചെറായി ബീച്ചിൽ ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി ടൂറിസം വകുപ്പിൽ നിന്നും തുക അനുവദിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

**വിനോദസഞ്ചാര മേഖലയെ ഉയർത്തിക്കൊണ്ടുവരുന്നതിനുതകുന്ന പദ്ധതികൾ**

200 (482) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇത്തവണ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച വിനോദ സഞ്ചാര-വിപണന മേഖലയിലെ എത്ര അവാർഡുകൾ സംസ്ഥാന വിനോദസഞ്ചാര വകുപ്പിന് ലഭിക്കുകയുണ്ടായി ; അവ ഏതെല്ലാമാണ് ;

(ബി) സാർവ്വദേശീയ തലത്തിൽ കേരളത്തിലെ വിനോദ സഞ്ചാര മേഖലയെ ഉയർത്തികൊണ്ടുവരുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ഇത്തവണ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച വിനോദ സഞ്ചാര-വിപണന മേഖലയിലെ നാല് അവാർഡുകൾ സംസ്ഥാന വിനോദസഞ്ചാര വകുപ്പിന് ലഭിക്കുകയുണ്ടായി. അവ താഴെപ്പറയുന്നവയാണ് :

1. Excellence in publishing
   a. English-Kerala and Spice Route Coffee Table Book
   b. Foreign LanguageThe Great Backwater Brochure-German
2. Most innovative use of information Technology, Social Media/ Mobile app - Kerala Tourism Digital Marketing.
3. Responsible Tourism Project- Wayanad
4. Rural Tourism Project-Sargaalaya Craft Village

(ബി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**വിനോദസഞ്ചാര കേന്ദ്രത്തിലെ ശുചിത്വമില്ലായ്മ**

201 (483) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വമില്ലായ്മ വിനോദ സഞ്ചാര വികസനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങൾ വൃത്തിഹീനമാക്കുന്നവർക്കെതിരെയുള്ള നടപടികൾ ഫലപ്രദമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുന്നതിനും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) കേരളത്തിലെ വിനോദസഞ്ചാരമേഖലകൾ വൃത്തിയായി പരിപാലിക്കുന്നതിനും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ നിയന്ത്രണത്തിനും സമഗ്ര പദ്ധതി ഡി.റ്റി.പി.സി., തദ്ദേശസ്വയംഭരണ വകുപ്പ് എൻ.ജി.ഒ.-കൾ എന്നിവ മുഖാന്തരം നടത്തിവരുന്നു. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് സംസ്ഥാനത്തെ ഡി.റ്റി.പി.സി.-കൾ മുഖേന ബോധവൽക്കരണ പ്രവർത്തനം നടത്തിവരുന്നു. കൂടാതെ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡി.റ്റി.പി.സി.-കൾ മുഖേന ടൂറിസം കേന്ദ്രങ്ങൾ ശുചിയായി പരിപാലിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതാനും ചില ഡെസ്റ്റിനേഷനുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിലേക്കായി യുദ്ധകാലാടിസ്ഥാനത്തിൽ 'ഗ്രീൻ കാർപ്പെറ്റ്' എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരികയാണ്. ഇതിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒരിനം, മാലിന്യ നിയന്ത്രണമാണ്.

**മുട്ടറ മരുതിമല ഇക്കോടൂറിസം പദ്ധതി**

202 (484) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെട്ട മുട്ടറ മരുതിമല ഇക്കോടൂറിസം പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എന്തെല്ലാം പൂർത്തീകരിക്കയുണ്ടായി ;

(സി) മരുതിമല ഇക്കോടൂറിസം പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ ആവശ്യമായ തുക അനുവദിക്കുമോ ?

<u>ഉത്തരം</u>

(എ) ഹോർട്ടികൾച്ചർ, ലാൻഡ് സ്കേപിംഗ്, പിക്നിക് പവലിയൻസ്, ഓപ്പൺ എയർ പ്ലാസ ഫോർ ഇന്റർപ്രെട്ടേഷൻസ്, ചിൽഡ്രൻസ് പ്ലേ ഏരിയ, ട്രെക് പാത് ഡ്രിങ്കിംഗ് വാട്ടർ ഫെസിലിറ്റി, ഫെസിലിറ്റേഷൻ സെന്റർ ആന്റ് ടോയ്‌ലറ്റ്, വാട്ടർ സപ്ലൈ ആന്റ് പ്ലംബിംഗ് എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തികൾ.

(ബി) മേൽപ്പറഞ്ഞ പ്രവർത്തികൾ ഉൾക്കൊള്ളുന്ന ഒന്നാംഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തിയുടെ പദ്ധതി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

203 (485) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയ്ക്ക് ആവശ്യമുള്ള മാനവ വിഭവശേഷിയെക്കുറിച്ച് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഏജൻസി, ഏത് വർഷമാണ് പഠനം നടത്തിയതെന്ന് വിശദമാക്കാമോ ;

(ബി) പഠനം നടത്തിയിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഏതെങ്കിലും കർമ്മ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ ടൂറിസം വകുപ്പ് സമീപകാലത്ത് നേരിട്ട് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (M/s GIFT)-ന്റെ 2015-ലെ 'ടൂറിസം സാറ്റലൈറ്റ് അക്കൗണ്ട്' എന്ന പഠന റിപ്പോർട്ട് പ്രകാരം കേരളത്തിൽ ടൂറിസം മേഖലയിൽ ഏകദേശം 25 ലക്ഷം പേർ നേരിട്ട് തൊഴിൽ ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതുപ്രകാരം കേരളത്തിലെ ആകെ തൊഴിലുകളിൽ 11.49% വിനോദസഞ്ചാരത്തിന്റെ നേരിട്ടുള്ള സംഭാവനയാണ്. പരോക്ഷമായി ടൂറിസം നൽകുന്ന തൊഴിൽ സാധ്യതകൂടി കണക്കിലെടുത്താൽ സംസ്ഥാനത്തിന്റെ തൊഴിലവസരത്തിന്റെ 23.7% ടൂറിസത്തിന്റെ സംഭാവനയാണെന്നും കണക്കാക്കിയിട്ടുണ്ട്.

(സി) ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി രംഗത്ത് വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ കണക്കിലെടുത്ത് യുവതീയുവാക്കളെ സന്നദ്ധരാക്കുന്നതിനുള്ള പരിശീലന പരിപാടികൾ പ്രത്യേകിച്ച് ഹൗസ് കീപ്പിംഗ്, ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആന്റ് ബിവറേജസ് സർവ്വീസ്, ടൂറിസവുമായി ബന്ധപ്പെട്ട വിവിധ മാനേജ്മെന്റ് കോഴ്സുകൾ എന്നിവ നോഡൽ ഏജൻസികളായ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കിറ്റ്സ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നിവ വഴി നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന സർക്കാർ ഉത്തരവാദിത്വ ടൂറിസം പദ്ധതിയിൽ തദ്ദേശവാസികൾക്ക് ടൂറിസം മേഖലയിൽ തൊഴിൽലഭ്യമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു.

**ഓണാഘോഷ പരിപാടികളുടെ ചെലവുകൾ**

204 (486) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓണാഘോഷ പരിപാടികളോടനുബന്ധിച്ചുള്ള ചെലവുകൾക്കായി എത്ര തുക വകയിരുത്തിയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

ഓണാഘോഷം 2016-നായി സർക്കാർ 3,51,00,000 (മൂന്നുകോടി അൻപത്തിയൊന്നു ലക്ഷം രൂപ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

| നമ്പർ | ഇനം | അനുമതി തുക |
|---|---|---|
| 1 | പ്രോഗ്രാമുകൾ | 1,05,00,000 |
| 2 | ഇൻഫ്രാസ്ട്രക്ചർ | 75,00,000 |
| 3 | മീഡിയ & പബ്ലിസിറ്റി | 2,00,000 |
| 4 | വൈദ്യുത ദീപാലങ്കാരം | 20,00,000 |
| 5 | സെക്യൂരിറ്റി സംവിധാനം | 14,00,000 |
| 6 | ഘോഷയാത്ര | 52,00,000 |
| 7 | മറ്റു ചെലവുകൾ | 75,00,000 |
| 8 | കനകക്കുന്ന് മാലിന്യനിർമ്മാർജ്ജനം | 8,00,000 |
| | ആകെ | 3,51,00,000 |

**ശംഖുമുഖം ബീച്ച് സുരക്ഷാ സംവിധാനങ്ങൾ**

205 (487) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധാരാളം വിനോദ സഞ്ചാരികൾ വന്നുപോകുന്നതും വലിയ തോതിൽ വികസന സാധ്യതയുള്ളതുമായ തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ സന്ദർശകർക്ക് ആവശ്യമുള്ള സുരക്ഷാ സംവിധാനങ്ങൾ വേണ്ടത്രയില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടൂറിസം വകുപ്പ് കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ലൈഫ് ഗാർഡുമാർക്ക് അപകടത്തിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കാനുള്ള ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കുമോ; ലൈഫ് ഗാർഡുമാർക്ക് തീരത്ത് വിശ്രമിക്കുന്നതിനും വസ്ത്രം മാറുന്നതിനും ഭക്ഷണം കഴിക്കുന്നതിനുമുള്ള ഗാർഡ്റൂം പോലും ഇല്ലെന്നത് ഗൗരവമായി കാണുമോ ;

(സി) സഞ്ചാരികളുടെ അപകട സാധ്യത കണക്കിലെടുത്ത് അവിടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശംഖുമുഖം ബീച്ചിൽ സന്ദർശകർക്ക് ആവശ്യമുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിലേക്കായി ലൈഫ് ഗാർഡുമാരുടെ സേവനവും മറ്റ് സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിലുള്ള ലൈഫ് ഗാർഡുമാർക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ലൈഫ് ഗാർഡുമാരുടെ വിശ്രമ സംവിധാനങ്ങളും വസ്ത്രം മാറ്റുന്നതിനും ഭക്ഷണം കഴിക്കുന്നതിനുമുള്ള ഗാർഡ് റൂം സൗകര്യം ഒരുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) നിലവിൽ പോരായ്മകളുണ്ടെങ്കിൽ ആയവ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## തലശ്ശേരി ഹെറിറ്റേജ് ടൂറിസം പ്രോജക്റ്റ്

206 (488) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി ഹെറിറ്റേജ് ടൂറിസം പ്രോജക്റ്റ് ഏത് വർഷമാണ് ആരംഭിച്ചത് ;

(ബി) തലശ്ശേരി ഹെറിറ്റേജ് ടൂറിസം പ്രോജക്റ്റിൽ 31-8-2016 വരെ എത്ര രൂപ ചെലവായെന്ന് വ്യക്തമാക്കുമോ ;

(സി) പ്രോജക്റ്റിൽ പിൽക്കാലത്ത് ഉൾപ്പെടുത്തിയ തലശ്ശേരി താലൂക്കിന് പുറത്തുള്ള പദ്ധതികൾ ഏതെല്ലാം ;

(ഡി) കഴിഞ്ഞ 5 വർഷം പ്രോജക്റ്റിൽ എത്ര തുക ചെലവഴിച്ചു ;

(ഇ) ഏതൊക്കെ പ്രവൃത്തികൾക്കാണ് ഈ തുക ചെലവഴിച്ചതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2010-ൽ.

(ബി) 21,84,16,478 (ഇരുപത്തിയൊന്ന് കോടി എൺപത്തിനാല് ലക്ഷത്തി പതിനാറായിരത്തി നാന്നൂറ്റി എഴുപത്തിയെട്ട്) രൂപയാണ് 31-8-2016 വരെ ചെലവായത്.

(സി) പിൽക്കാലത്ത് പദ്ധതിയൊന്നും തന്നെ തലശ്ശേരി ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) 21,84,16,478 (ഇരുപത്തിയൊന്ന് കോടി എൺപത്തിനാല് ലക്ഷത്തി പതിനാറായിരത്തി നാന്നൂറ്റി എഴുപത്തിയെട്ട്) രൂപയാണ് ചെലവായത്.

(ഇ) മറുപടി അനുബന്ധമായി ചേർക്കുന്നു.*

**കണ്ടശ്ശാംകടവ് ടൂറിസം കേന്ദ്രം**

207 (489) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിൽ കണ്ടശ്ശാംകടവ് ജലോത്സവം നടക്കുന്ന കനോലി കനാലും ഏനാമാക്കൽ പാർക്കും ചേർന്ന പ്രദേശങ്ങൾ നിരവധി ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളാണെന്ന വസ്തുത പരിഗണിച്ച് ഈ മേഖലയെ ബന്ധപ്പെടുത്തി ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

പരിശോധിക്കുന്നതാണ്.

**ഇടമലയാർ ഹൈഡൽ ടൂറിസം**

208 (490) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം സാധ്യത ഏറെയുള്ള ഭൂതത്താൻകെട്ട്, തട്ടേക്കാട് പക്ഷി സങ്കേതം, ഇടമലയാർ, പൂയംകുട്ടി മേഖലകൾ ടൂറിസ്റ്റുകളെ വർദ്ധിച്ച തോതിൽ ആകർഷിക്കും വിധം വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതിയും തട്ടേക്കാട് പക്ഷിസങ്കേതവുമായി സംയോജിപ്പിച്ച് ബൃഹത്തായ ടൂറിസം മേഖലയായി പ്രഖ്യാപിക്കുമോ എന്ന് വ്യക്തമാക്കാമോ ;

(ഡി) വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള നിലവിലെ സ്ഥിതിക്കു പകരം എകീകൃത നിയന്ത്രണവും വികസനവും പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ കാര്യത്തിൽ നടപ്പാക്കാനാവുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. ഈ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വരുന്നുണ്ട്.

(ബി) ഇല്ല.

(സി) നിലവിൽ ഇതുസംബന്ധിച്ച പ്രൊപ്പോസലുകളൊന്നും പരിഗണനയിലില്ല.

(ഡി) ടൂറിസം ഡെസ്റ്റിനേഷനുകളിൽ വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കും പങ്കാളിത്തമുള്ള ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ച് ടൂറിസം വികസനം നടത്തിവരുന്നുണ്ട്.

## തുഷാരഗിരി ടൂറിസ്റ്റ് കോട്ടേജുകൾ

209 (491) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുഷാരഗിരിയിൽ ഡി.റ്റി.പി.സി. നിർമ്മിച്ച ടൂറിസ്റ്റ് കോട്ടേജുകൾ കെ.ടി.ഡി.സി. ഏറ്റെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കെ.ടി.ഡി.സി. പ്രസ്തുത കോട്ടേജുകൾ ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിലെ വിവിധ ടൂറിസം വികസന പദ്ധതികൾ

210 (492) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂഞ്ഞാർ മണ്ഡലത്തിലെ വിവിധ ടൂറിസം വികസന പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പൂഞ്ഞാർ എം. എൽ. എ. മന്ത്രിക്ക് നൽകിയ കത്ത് മന്ത്രി നമ്പർ 334/VIP/M (Co-op&Tsm)/16 dated 8-8-2016 പ്രകാരം ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പരിഗണനയ്ക്കായി നൽകിയതിന്മേൽ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പൂഞ്ഞാർ മണ്ഡലത്തിലെ വിവിധ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനായി പൂഞ്ഞാർ എം.എൽ.എ. മന്ത്രിക്ക് നൽകിയ കത്തിനോടൊപ്പം ലഭിച്ച പ്രൊപ്പോസൽ വ്യക്തമായി പരിശോധിച്ച് ആവശ്യമായ പദ്ധതി നിർദ്ദേശം, സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോഴിക്കോട് ഡി.റ്റി.പി.സി.

211 (493) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ഡി.റ്റി.പി.സി. -യുടെ കഴിഞ്ഞ അഞ്ചുവർഷത്തെ വരവുചെലവ് കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

| വർഷം | വരവ് | ചെലവ് |
|---|---|---|
| 2011-12 | 2564072 | 3000542 |
| 2012-13 | 3765303 | 3603418 |
| 2013-14 | 5575536 | 6091526 |
| 2014-15 | 6948988 | 4406242 |
| 2015-16 | 9086282 | 6094289 |

## തോണിക്കടവ് ടൂറിസം പദ്ധതി

212 (494) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂരാച്ചുണ്ട് പഞ്ചായത്തിലെ തോണിക്കടവ് ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിൽ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ പ്രവൃത്തികളാണ് നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി-കക്കയം ഡാം വികസനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കൂരാച്ചുണ്ട് പഞ്ചായത്തിലെ തോണിക്കടവ് ടൂറിസം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി പേരാമ്പ്ര കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിലവിൽ ഈ പദ്ധതിയുടെ പ്രവർത്തനം മന്ദഗതിയാലാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഷോപ്പ് & കഫറ്റേരിയ, ടോയ്‌ലറ്റ് ബ്ലോക്ക്, വാച്ച് ടവർ, വാട്ടർ ടാങ്ക്, റയിൻ ഷെൽട്ടർ, ടിക്കറ്റ് കൗണ്ടർ, സെക്യൂരിറ്റി കാബിൻ, ലാന്റ് സ്കേപ്പിംഗ് ആന്റ് പാർക്കിംഗ്, റോഡ്, പാത്ത് വേ, ആംഫി തിയേറ്റർ, ചിൽഡ്രൻസ് പ്ലേ ഏരിയ (sand pit) എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടു വരുന്ന പ്രവർത്തികൾ.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

## ടൂറിസ്റ്റ് മേഖലകൾ

213 (495) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വളരെ പ്രധാനപ്പെട്ട ടൂറിസ്റ്റ് മേഖലകളിൽ വൃത്തിയും, വെടിപ്പും, വെളിച്ചവും, സംരക്ഷണവും ഒന്നും ഇല്ലാത്തതിനാൽ ടൂറിസ്റ്റുകൾക്ക് പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോവളം, വർക്കല, ശംഖുമുഖം മുതലായ കേരളത്തിലെ ബീച്ചുകളിൽ എത്തുന്ന ടൂറിസ്റ്റുകൾക്ക് ഇരിക്കാൻ വൃത്തിയുള്ള ഇരിപ്പിടമോ, രാത്രിയിൽ വെളിച്ചം നൽകാൻ ലൈറ്റുകളോ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത സൗകര്യങ്ങൾ അനുവദിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(ഡി) കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിലെ ടൂറിസ്റ്റ് മേഖലകളിൽ എത്ര വിദേശീയർ എത്തിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) വിവിധ മേഖലകളിൽ പുതിയ വിനോദസഞ്ചാര പദ്ധതികൾ, നല്ല നിലയിൽ ആരംഭിക്കാൻ നടപടി സ്വീകരിയ്ക്കുമോ ?

<u>ഉത്തരം</u>

(എ) ചില വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ചില ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിനായി വിവിധ ഏജൻസികളുടെ കൂട്ടായ്മയിലൂടെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവും, വൃത്തിയും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി ഗ്രീൻ കാർപ്പെറ്റ് എന്ന പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കി വരുന്നു.

(ബി&സി) കോവളം ബീച്ച് മേഖലയിൽ തെരുവ് വിളക്കുകളുടെ കാര്യത്തിൽ ചില കുറവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസിയുമായി ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2011 | - | 7,32,985 |
| 2012 | - | 7,93,696 |
| 2013 | - | 8,58,143 |
| 2014 | - | 9,23,366 |
| 2015 | - | 9,77,479 |

(ഇ) പരിഗണിക്കുന്നതാണ്.

**കോഴിക്കോട് ജില്ലയിലെ മാമ്പുഴ ടൂറിസം**

214 (496) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ മികച്ച ടൂറിസം സാദ്ധ്യതയുള്ള മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷനാക്കുന്നത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുമോ ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ മാമ്പുഴ സംരക്ഷിച്ച് ജലപാതയൊരുക്കാനും ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കുന്നതിനുമായി പദ്ധതിയുടെ ടൂറിസം വികസന സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമാക്കാൻ കോഴിക്കോട് ഡി.റ്റി.പി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൊല്ലമ്പുഴ അമിനിറ്റീസ് സെന്റർ**

215 (497) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഠിനംകുളം വാട്ടർ സർക്യൂട്ടിന്റെ ഭാഗമായുള്ള കൊല്ലമ്പുഴ അമിനിറ്റീസ് സെന്ററിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതിയുടെ നിർമ്മാണ ചുമതലയുണ്ടായിരുന്ന SIDCO നിർമ്മാണം പൂർത്തീകരിച്ച് വകുപ്പിന് കൈമാറിയിട്ടുണ്ടോ ;

(സി) പദ്ധതി ജനോപകാരപ്രദമാക്കുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർമ്മാണ പ്രവൃത്തികളുടെ ചുമതലയുണ്ടായിരുന്ന M/s. SIDCO പദ്ധതി പൂർത്തീകരിക്കാത്തതിനാൽ പകരം സംവിധാനത്തിലൂടെ പദ്ധതി പൂർത്തീകരണത്തിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.

(ബി) ഇല്ല.

(സി) സ്വീകരിക്കുന്നതാണ്.

**വിദേശികളായ ടൂറിസ്റ്റുകൾ**

216 (498) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശികളായ താമസക്കാരെ കുറിച്ച് മുഴുവൻ വിവരങ്ങളും അടങ്ങുന്ന സി ഫോം യഥാസമയം സമർപ്പിക്കണമെന്ന നിർദ്ദേശം മിക്ക ഹോട്ടലുകളും ഹോം സ്റ്റേകളും പാലിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് വിനോദ സഞ്ചാര മേഖലയിൽ സുരക്ഷാ ഭീഷണി ഉണ്ടാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) സി ഫോമിൽ ഉൾപെടാത്തവർ കുറ്റകൃത്യങ്ങളിലേർപെട്ടാൽ അവരെ കണ്ടെത്താൻ പോലിസിന് കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) വിദേശടൂറിസ്റ്റുകൾ പങ്കാളികളാകുന്ന തട്ടിപ്പുകൾ സംസ്ഥാനത്ത് വർദ്ധിക്കാൻ ഇത് കാരണമാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിന് പരിഹാരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2010 വർഷത്തിലാണ് കേരള ടൂറിസം ഡിപ്പാർട്ട്മെന്റ് ഓൺലൈൻ സി-ഫോം സമർപ്പിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചത്. സി-ഫോം സംബന്ധിച്ച എല്ലാ വിവരങ്ങളും പോലീസ് ഡിപ്പാർട്ട്മെന്റുമായി ഷെയർ ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ സി-ഫോം വിവരങ്ങൾ ശേഖരിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര വകുപ്പ് ഒരു സ്വതന്ത്ര സോഫ്റ്റ്വെയർ തയ്യാറാക്കുകയും, പോലീസ് ഡിപ്പാർട്ട്മെന്റുകൾക്ക് വിവരം ശേഖരിക്കാൻ പ്രത്യേക 'User-ID' നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരള ടൂറിസം ഡിപ്പാർട്ട്മെന്റിലെ സി-ഫോം ലിങ്ക് പോലീസ് ഡിപ്പാർട്ട്മെന്റിലെ വെബ്സൈറ്റിൽ നിന്നും ഡി-ലിങ്ക് ചെയ്യുകയുണ്ടായി. നിലവിൽ സി-ഫോം സമർപ്പണം പരിശോധിക്കാൻ ടൂറിസം ഡിപ്പാർട്ട്മെന്റിന് സാധിക്കുന്നില്ല. സി-ഫോം സംബന്ധിച്ച വിവരങ്ങൾ ടൂറിസം ഡിപ്പാർട്ട്മെന്റിന് ലഭ്യമാക്കുന്നതിലേക്ക് ഒരു ലിങ്ക് ഷെയർ ചെയ്യുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര ആഭ്യന്തര വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) സുരക്ഷാ ഭീഷണിയുണ്ടെന്ന് കരുതുന്നില്ല.

(സി) ബാധകമല്ല.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

**ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യനീക്കം**

217 (499) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം കുന്നുകൂടുകയും തെരുവുനായ്ക്കളുടെ ശല്യം വർദ്ധിക്കുകയും ചെയ്തതോടെ സഞ്ചാരികളുടെ വരവിൽ വലിയതോതിൽ കുറവുണ്ടായ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് സർക്കാർ ഉദ്ദേശിക്കുന്ന പ്രതിവിധികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) വിനോദസഞ്ചാര വകുപ്പ് ശുചീകരണ പ്രക്രിയയിൽ കുടുംബശ്രീയെ പങ്കാളികളാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) ഇത് സംബന്ധിച്ച് കുടുംബശ്രീയിൽനിന്ന് പദ്ധതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടെങ്കിൽ എത്ര തുകയാണ് ഇതിനുവേണ്ടി സർക്കാർ അനുവദിച്ചിട്ടുള്ളത്; ഈ തുക ഏത് രീതിയിലാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല. തെരുവുനായ്ക്കളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്ത ചില ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇവയെ നിയന്ത്രിക്കുന്നതിന് ചില സന്നദ്ധ സംഘടനകളുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ടൂറിസം വകുപ്പിന്റെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ ശുചീകരണ പ്രക്രിയയിൽ കുടുംബശ്രീ ഒരു പ്രധാന പങ്കാളിയാണ്. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പെയിനിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡി.റ്റി.പി.സി. കൾ മുഖേന ടൂറിസം കേന്ദ്രങ്ങൾ ശുചിയായി പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രക്രിയയിൽ കുടുംബശ്രീയും ഒരു പങ്കാളിയാണ്.

(സി) നിലവിൽ പ്രത്യേക പദ്ധതി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

**പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ടൂറിസം വികസനം**

218 (500) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ പെരുമ്പ പുഴയോട് ചേർന്നും കവ്വായി കായലിനോടനുബന്ധിച്ചും പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ബാധകമല്ല.

## അതിരപ്പിള്ളി ടൂറിസം

219 (501) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി ടൂറിസം സർക്യൂട്ട് യാഥാർത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ആയതിന്റെ ഭാഗമായി ചാലക്കുടിപ്പുഴയുടെ തീരത്തിലൂടെ പുളിക്കകടവ് മുതൽ അതിരപ്പിള്ളി വരെ സൈക്കിളിംഗ്, നടപ്പാത, സൗകര്യത്തോടെ ഒരു തീരദേശ ടൂറിസ്റ്റ് പാത നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ അവസാന ഘട്ടത്തിലാണ്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ധനസഹായത്തിനായി സ്വദേശി ദർശൻ പദ്ധതിയിലുൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## മീൻപിടിപാറ, പൊങ്ങൻപാറ ടൂറിസം പദ്ധതി

220 (502) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന മീൻപിടിപാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിച്ച് സന്ദർശകർക്ക് പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മീൻപിടിപാറ പദ്ധതി പൂർത്തീകരിച്ചുവരുന്നു. പൊങ്ങൻപാറ ടൂറിസം പദ്ധതിയുടെ പണികൾ പുരോഗമിച്ചുവരുന്നു.

## ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്ക്

221 (503) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്ക് എന്നാണ് പൊതു ജനങ്ങൾക്ക് തുറന്നുകൊടുത്തത്; പ്രസ്തുത പാർക്കിനായി എത്ര തുക ചെലവഴിച്ചു ;

(ബി) പ്രസ്തുത പാർക്കിൽ കുട്ടികളുടെ വിനോദത്തിനായി എത്ര തുക ചെലവഴിച്ചു ; എന്തെല്ലാം സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ ;

(സി) പാർക്കിന്റെ നവീകരണത്തിനായി 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ; പ്രസ്തുത തുക വിനിയോഗിച്ച് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത തുക വിനിയോഗിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) 28-2-2016-ന് തുറന്നുകൊടുത്തു. 5 കോടി രൂപ പാർക്കിനായി ചെലവഴിച്ചു.

(ബി) കുട്ടികളുടെ വിനോദത്തിനായി 1,50,00,000 രൂപ ചെലവഴിച്ചു. സജ്ജീകരിച്ച സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു :

1. 16 – ഡി - തിയേറ്റർ
2. ഫെറീസ് വീൽ
3. ആർച്ചറി റെയ്ഞ്ച്
4. പെയിന്റ് ബാൾ ഷൂട്ടിംഗ് റേഞ്ച്
5. കിഡ്സ് റൈഡുകൾ
6. കിഡ്സ് പ്ലേ ഇനങ്ങൾ (മൾട്ടി പ്ലേ)
7. ബാറ്ററി ഓപ്പറേറ്റഡ് കാറുകൾ (3 എണ്ണം)
8. പെഡൽ കാറുകൾ (10 എണ്ണം)
9. ഹോക്കി കളിക്കുന്നതിനുള്ള കേന്ദ്രം (ഇലക്ട്രോണിക്)

10. ബാസ്കറ്റ് ബാൾ കളി (ഇലക്ട്രോണിക്)

11. ഊഞ്ഞാലുകൾ

12. വിവിധയിന കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ.

(സി) പാർക്കിന്റെ നവീകരണത്തിനായി 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രത്യേകമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. ഡി.റ്റി.പി.സി.-യോട് തുടർ പദ്ധതി സമർപ്പിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(ഡി) ബാധകമല്ല.

**ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം**

222 (504) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് പ്രവർത്തിക്കുന്ന ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ എന്തുകൊണ്ടാണ് ആരംഭിക്കാത്തതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിൽ എന്നുമുതൽ ക്ലാസ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പുതിയ കെട്ടിടത്തിന്റെ പണി അവസാനഘട്ടത്തിലാണ്. പണി പൂർത്തിയാകാത്തതിനാലാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിക്കാത്തത്. ഈ വർഷം അവസാനത്തോടുകൂടി പണി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പണി പൂർത്തിയായ ഉടൻതന്നെ പുതിയ കെട്ടിടത്തിൽ ക്ലാസുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യപ്രശ്നം**

223 (505) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളിലും മാലിന്യപ്രശ്നം രൂക്ഷമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളേയും പൊതുപാർക്കുകളെയും മാലിന്യമുക്ത മാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളും പൊതുപാർക്കുകളും മറ്റും മാലിന്യമുക്ത മാക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരളത്തിലെ വിനോദസഞ്ചാര മേഖലകൾ വൃത്തിയായി പരിപാലിക്കു ന്നതിനും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ നിയന്ത്രണത്തിനുമുള്ള സമഗ്ര പദ്ധതി ഡി.റ്റി.പി.സി., തദ്ദേശസ്വയംഭരണ വകുപ്പ് എൻ.ജി.ഒ. കൾ എന്നിവ മുഖാന്തരം നടത്തിവരുന്നു. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് സംസ്ഥാനത്തെ ഡി.റ്റി.പി.സി.-കൾ മുഖേന ബോധവത്കരണ പ്രവർത്തനം നടത്തിവരുന്നു. കൂടാതെ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡി.റ്റി.പി.സി.-കൾ മുഖേന ടൂറിസം കേന്ദ്രങ്ങൾ ശുചിയായി പരിപാലിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതാനും ചില ഡെസ്റ്റിനേഷനുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിൽ 'ഗ്രീൻ കാർപ്പെറ്റ്' എന്ന പദ്ധതി നടപ്പിലാക്കിവരികയാണ്. ഇതിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒരിനം മാലിന്യ നിയന്ത്രണമാണ്.

(സി) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളും പൊതുപാർക്കുകളും മാലിന്യമുക്തമാക്കുന്നതിനും, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ നിയന്ത്രണ ത്തിനുമായി സമഗ്ര പദ്ധതി ഡി.റ്റി.പി.സി., തദ്ദേശസ്വയംഭരണ വകുപ്പ്, എൻ.ജി.ഒ.-കൾ എന്നിവ മുഖാന്തരം നടത്തിവരുന്നുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 348-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 313-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 14-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 313-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.*

## III അടിയന്തരപ്രമേയം

യുവജന വിദ്യാർത്ഥി പ്രവർത്തകരെ മർദ്ദിച്ച സംഭവം

മി. സ്പീക്കർ: സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാഭ്യാസ കൊള്ളയ്ക്കെതിരെ നിരാഹാര സമരം നടത്തുന്ന യൂത്ത് കോൺഗ്രസ് പ്രസിഡന്റ് ശ്രീ. ഡീൻ കുര്യാക്കോസ്, വൈസ് പ്രസിഡന്റ് ശ്രീ. സി.ആർ. മഹേഷ് എന്നിവരോട് അനുഭാവം രേഖപ്പെടുത്തി ഇന്നലെ തിരുവനന്തപുരത്തും സംസ്ഥാനത്തിന്റെ മറ്റു പല ഭാഗത്തും പ്രകടനം നടത്തിയ യുവജന വിദ്യാർത്ഥി പ്രവർത്തകരെ ക്രൂരമായി മർദ്ദിച്ചൊതുക്കാൻ പോലീസും എസ്.എഫ്.ഐ. പ്രവർത്തകരും നടത്തിയ ശ്രമംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ അടിയന്തരപ്രമേയത്തിൽ പറയുന്ന രീതിയിലുള്ള ഇടപെടലല്ല യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ളത്. ഇതിൽ പരാമർശിച്ച സ്ഥലങ്ങളിലെല്ലാം ഈ സമരവുമായി ബന്ധപ്പെട്ട് പ്രകടനം നടത്തിയ ആളുകളുടെ ഭാഗത്തുനിന്നാണ് ആക്രമണങ്ങൾ ഉണ്ടായത്. അതിന്റെ ഭാഗമായി വഴിയാത്രക്കാർക്കടക്കം പരിക്കേൽക്കുകയും എല്ലാ സ്ഥലങ്ങളിലും ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാർ ആക്രമണ വിധേയരാകുകയും ചെയ്തിട്ടുണ്ട്. പ്രകോപനമില്ലാതെ കാര്യങ്ങൾ നിയന്ത്രിക്കാനാണ് പോലീസ് ശ്രമിച്ചിട്ടുള്ളത്. പക്ഷേ നിർഭാഗ്യവശാൽ പ്രകോപനം സൃഷ്ടിക്കാനുള്ള അങ്ങേയറ്റത്തെ ശ്രമങ്ങളാണ് സമരം നടത്തുന്നവരുടെ

*അനുബന്ധമായി ചേർക്കുന്നു

ഭാഗത്തുനിന്നുണ്ടായത്. സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടാണ് പ്രശ്നങ്ങളെല്ലാം ആരംഭിച്ചത്. പ്രസ്തുത പ്രശ്നം ഇന്നലെ സഭ ചർച്ച ചെയ്യുകയും അതിന്റെയടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പുമന്ത്രി ബന്ധപ്പെട്ട സമര നേതാക്കളെ വിളിച്ച് കാര്യങ്ങൾ സംസാരിച്ചതുമാണ്. യഥാർത്ഥ്യം മനസ്സിലാക്കി ഈ സമരത്തിൽനിന്ന് പിന്തിരിയുന്ന നിലപാടാണ് ഇതിന് നേതൃത്വം കൊടുക്കുന്നവർ സ്വീകരിക്കേണ്ടത്. ഇവിടെ സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഗൗരവമായ ഒരു സ്ഥിതിവിശേഷവും ഉയർന്നുവന്നിട്ടില്ല.

ശ്രീ. ഷാഫി പറമ്പിൽ : സർ, പഴയ കെ.എസ്.വൈ.എഫ്.-ന് നേതൃത്വം നൽകിയിരുന്ന ഒരു യുവജന വിദ്യാർത്ഥി പ്രവർത്തകനാണ് ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുന്നത്. അഖിലേന്ത്യാ തലത്തിൽ ഒരു യുവജന പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ ആളാണ് ഇന്ന് ഈ സഭയുടെ ചെയറിലിരിക്കുന്നത്. എസ്.എഫ്.ഐ., കേരള വിദ്യാർത്ഥി യൂണിയൻ, ഇൻഡ്യൻ യൂത്ത് കോൺഗ്രസ്സ്, യൂത്ത് ലീഗ്, എം.എസ്.എഫ്., എ.ഐ.എസ്.എഫ്., എ.ഐ.വൈ.എഫ്. തുടങ്ങിയ പ്രസ്ഥാനങ്ങളുടെയൊക്കെ മുൻകാല പ്രവർത്തകർ മന്ത്രിമാരായും മുൻമുഖ്യമന്ത്രിമാരായും മുൻമന്ത്രിമാരായും പ്രതിപക്ഷനേതാവായും എം.എൽ.എ.-മാരായുമൊക്കെ ഈ സഭയിൽ ഇരിക്കുന്നുണ്ട്. ആ പ്രവർത്തനങ്ങളുടെയും ആവേശത്തിന്റെയും ഒരു കണികയെങ്കിലും മനസ്സിലുണ്ടെങ്കിൽ ആർക്കും നിഷേധിക്കാൻ കഴിയാത്ത, 101 ശതമാനവും ന്യായമായ ഒരാവശ്യമുന്നയിച്ചുകൊണ്ടാണ് കേരളത്തിലെ യൂത്ത് കോൺഗ്രസ്സും കെ.എസ്.യു.-വും ഈ സമരം നടത്തിയതെന്ന് മനസ്സിലാക്കാൻ സാധിക്കും. നിങ്ങളുടെ മനഃസാക്ഷിയോട് ചോദിക്കുമ്പോൾ ഞങ്ങൾ മുന്നോട്ടുവച്ച മുദ്രാവാക്യം തെറ്റാണെന്ന് പറയാൻ സാധിക്കുമോ? സ്വാശ്രയ കോളേജുകളിലെ അമിതമായ ഫീസ് വർദ്ധനവ് പിൻവലിക്കണമെന്നുള്ള ന്യായമായ ആവശ്യം തെറ്റാണെന്ന് നിങ്ങൾക്കെങ്ങനെ പറയാൻ സാധിക്കും? കൂത്തുപറമ്പിലെ രക്ത സാക്ഷികളുടെ പേരുപറഞ്ഞ് ആ മണ്ഡലത്തിൽനിന്നും വിജയിച്ച ഒരാൾ കേരളത്തിലെ ആരോഗ്യ മന്ത്രിയായിരിക്കെ ഇത്തരത്തിലുള്ളൊരു കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്ന കരാറിൽ ഒപ്പിടുന്നതിനെതിരെ നിങ്ങൾക്കെങ്ങനെ പ്രതിഷേധിക്കാതിരിക്കാൻ കഴിയുമെന്നുള്ളതാണ് ഞങ്ങളുടെ ചോദ്യം. കേവലമൊരു രാഷ്ട്രീയ മുദ്രാവാക്യം ഉയർത്തിയല്ല ഞങ്ങൾ ഈ സമരം നടത്തിയത്. കേരളത്തിലെ യുവജന വിദ്യാർത്ഥി പ്രവർത്തകരെന്നുള്ള നിലയ്ക്ക് എനിക്കും നിങ്ങൾക്കും അനുകൂലിക്കാൻ കഴിയാത്ത സ്വാശ്രയ രംഗത്തെ അമിതമായ ഫീസ് വർദ്ധനവ് പിൻവലിക്കണമെന്ന മുദ്രാവാക്യമുയർത്തിയാണ് ഞങ്ങൾ സമരം നടത്തിയത്. അതിനെ വൈരാഗ്യ ബുദ്ധിയോടെ നേരിട്ട് തല്ലിത്തകർക്കാനാണ് പോലീസ് ശ്രമിച്ചത്. ഇന്നലെ കെ.എസ്.യു.-വിന്റെ തിരുവനന്തപുരം ജില്ലാ പ്രസിഡന്റായിരുന്ന ശ്രീ. റിങ്കുവിനെ സമരം കഴിഞ്ഞ് നടന്നുപോകുന്നതിനിടയ്ക്ക് 'ഇവനാണത്' എന്നുപറഞ്ഞ്

കുറേയാളുകൾ സംഘം ചേർന്ന് പിടിച്ച് പോലീസ് ജീപ്പിലേയ്ക്ക് കയറ്റി മൊബൈൽ ഫോൺ പിടിച്ചുവാങ്ങി. എന്താണ് സാറേ കാര്യമെന്ന് ചോദിച്ചപ്പോൾ നീയാണ് കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ചവൻ, നിന്നെ ഞങ്ങൾ വെറുതെ വിടില്ല എന്നവർ പറഞ്ഞു. ഒരു മുഖ്യമന്ത്രിയെ കരിങ്കൊടി കാണിക്കുന്നത് ജനാധിപത്യ വിരുദ്ധമാണെങ്കിൽ, അതിനെപ്പോലും സഹിഷ്ണുതയോടെ ഉൾക്കൊള്ളാൻ കഴിയുന്നില്ലെങ്കിൽ അത് സമര പരമ്പരകളുടെ അവസാനമല്ല, തുടക്കമാണെന്ന് പറയാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം ദേശാഭിമാനിയിൽ വന്ന മഷിക്കുപ്പി വാർത്തയ്ക്ക് ഞങ്ങൾക്ക് മറുപടിയുണ്ട്. അവിടെ പ്രതിഷേധ വരക്കൂട്ടായ്മയിൽ ചിത്രം വരയ്ക്കാനെടുത്തിരുന്ന ആ മഷിക്കുപ്പി കാണിച്ച് അത് കെ.എസ്.യു. സമരത്തിന്റേതാണെന്ന് തെറ്റിദ്ധരിപ്പിക്കാൻ നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ പാലക്കാടുനിന്നും വരുന്നതായതുകൊണ്ട് ചോര മാറിത്തേയ്ക്കുന്നവരുടെ ചരിത്രം ഏത് പ്രസ്ഥാനത്തി നാണുള്ളതെന്ന് എനിക്ക് വ്യക്തമായിട്ടറിയാം. ഞാനതിലേയ്ക്ക് കടക്കാനും ആരുടെ പേരെടുത്തു പറയാനുമാഗ്രഹിക്കുന്നില്ല. യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തകർ ക്കെങ്ങനെ ഈ ധർമ്മ സമരത്തിനെതിരെ മുദ്രാവാക്യമുയർത്താൻ കഴിയും. ഇന്ന് ഈ ചെയറിലിരിക്കുന്ന അങ്ങ് ഒരു വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ, യുവജന പ്രസ്ഥാനത്തിന്റെ ജാഗ്രതയുള്ള നേതാവെന്നുള്ള നിലയ്ക്ക് ഇവിടെ അടിയന്തര പ്രമേയമവതരിപ്പിച്ചിട്ടുണ്ട്. വെറും 6.81 ശതമാനം ഫീസിന്റെ വർദ്ധനവ് ഇവിടെ വന്നപ്പോൾ അത് ചെറുക്കപ്പെടേണ്ടതാണെന്ന് ഈ സഭയ്ക്കകത്തുവച്ച്, ഇപ്പോൾ ഞങ്ങൾ നിൽക്കുന്ന സ്ഥലത്തുവച്ച് അങ്ങ് മുദ്രാവാക്യം വിളിച്ചിട്ടുണ്ട്. അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുണ്ട്. അന്നതിനെ ഡെസ്കിലടിച്ച് പിന്തുണച്ച ആളുകളോട് ഞാൻ പറയുന്നു, 5 വർഷംകൊണ്ട് 45,000 രൂപ വർദ്ധിപ്പിച്ച സ്ഥാനത്ത് വെറും 100 ദിവസംകൊണ്ട് 65,000 രൂപ വർദ്ധിപ്പിച്ചതിനെതിരെ സമരം നടത്തുന്നത് എങ്ങനെയാണ് തെറ്റാവുന്നത്. യു.ഡി.എഫ്. ഗവണ്മെന്റ് 5 വർഷംകൊണ്ട് മെറിറ്റ് സീറ്റിൽ 1,38,000 രൂപയിൽനിന്ന് 1,85,000 രൂപവരെയാണ് വർദ്ധിപ്പിച്ചതെങ്കിൽ നിങ്ങളിന്ന് മെറിറ്റ് സീറ്റിൽ 1,85,000-ൽനിന്ന് ഒരൊറ്റ ചർച്ചകൊണ്ട്, ഒരൊറ്റ സീസൺകൊണ്ട്, 100 ദിവസംകൊണ്ട് 65,000 രൂപ വർദ്ധിപ്പിച്ച് 2.50 ലക്ഷം രൂപയാക്കിയപ്പോൾ അതിന് നേതൃത്വം നൽകുന്നത് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയല്ല, അത് ശ്രീ. പിണറായി വിജയനാണെന്നുള്ളത് നിങ്ങൾക്കെങ്ങനെ തിരിച്ചറിയാൻ കഴിയാതെ പോകുന്നു? ഞങ്ങൾ നടത്തിയ ചർച്ചയിലല്ല ആ തീരുമാനവും വർദ്ധനവുമുണ്ടായത്. ഇപ്പോൾ കെ.എസ്.യു.-വിന്റേയും യൂത്ത് കോൺഗ്രസിന്റേയും പ്രവർത്തകരെ ക്രൂരമായി തല്ലിച്ചതച്ചുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പരിക്കേറ്റ് കിടക്കുന്നവരുടെ ദൃശ്യങ്ങൾ ഇന്നലെ നിങ്ങൾ കണ്ടുകാണും. കാലിലെ ലിഗമെന്റ് പൊട്ടി ഒരു സെനറ്റ് മെമ്പറും കയ്യിലെ വിരലിന്റെ എല്ലുപൊട്ടി കെ.എസ്.യു. ബ്ലോക്ക് പ്രസിഡന്റ് ഗിരിയും

ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുകയാണ്. നിങ്ങൾക്ക് പോയി അന്വേഷിക്കാം. ഇന്നലെ തിരുവനന്തപുരത്ത് നടന്ന സമരത്തിന്റെ ഭാഗമായി ശ്രീക്കുട്ടനും, അജുവിനും പരിക്കേറ്റിട്ടുണ്ട്. അതുപോലെ ആലപ്പുഴയിൽ കളക്ടറേറ്റിൽനിന്നും മാർച്ച് കഴിഞ്ഞ് പിരിഞ്ഞ് പോകുന്നതിനിടയ്ക്ക് ക്രൂരമായ മർദ്ദനമേറ്റ് യൂത്ത് കോൺഗ്രസ്സ് വൈസ് പ്രസിഡന്റ് അവിനാശിന്റെ കൈയ്ക്ക് പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിലാണ്. അങ്ങനെ എണ്ണി എണ്ണിപ്പറയാൻ കഴിയുന്ന തരത്തിൽ പ്രവർത്തകർക്ക് ക്രൂരമായ മർദ്ദനമേൽക്കേണ്ടി വന്നിരിക്കുകയാണ്. എന്തുകൊണ്ട് ഈ സമരത്തിന്റെ മുദ്രാവാക്യം തെറ്റാണെന്ന് നിങ്ങൾ പറയുന്ന എന്നതാണ് ഞങ്ങളുടെ ചോദ്യം. മാനേജ്മെന്റുകളുടെ സമ്മർദ്ദങ്ങൾക്കുമുന്നിൽ അടിമപ്പെട്ട് അവർ ഇഷ്ടപ്പെട്ട കാര്യങ്ങൾ പറയുമ്പോൾ നിങ്ങൾ ആലോചിക്കേണ്ട ഒരു കാര്യമുണ്ട്. സ്വാശ്രയ സമരത്തിന്റെ പേരിൽ ധാരാളം സമരപോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ യുവജന നേതാക്കൻമാർ ഈ അസംബ്ലിക്കകത്ത് ഇരിക്കുന്നുണ്ട്. സ്വാശ്രയ ഫീസ് വർദ്ധനവ് ശരിയാണോ തെറ്റാണോ എന്നുപറയാനുള്ള ആർജ്ജവമെങ്കിലും കാണിക്കണമെന്ന പറഞ്ഞ് എസ്.എഫ്.ഐ. ഒരു പത്രക്കുറിപ്പെങ്കിലും ഇറക്കി. ഡി.വൈ.എഫ്.ഐ. ഇക്കാര്യത്തിൽ സമരം നടത്തിയതല്ലേ? ഈ ഫീസ് വർദ്ധനവ് ശരിയോണോ; തെറ്റാണോ എന്നുപറയാനുള്ള ബാദ്ധ്യത നിങ്ങൾക്കില്ലേ. നിങ്ങൾക്ക് ഇത് അംഗീകരിക്കാൻ കഴിയുന്നുണ്ടോ, ഇടതുപക്ഷം അധികാരത്തിലിരിക്കുമ്പോൾ കേരളത്തിലെ മറ്റൊരു സർക്കാരും ഉണ്ടാക്കാത്ത തരത്തിലുള്ള ഫീസ് വർദ്ധനവ് സ്വശ്രയരംഗത്ത് ഉണ്ടാകുമെന്ന് നിങ്ങൾ പ്രതീക്ഷിച്ചോ? ഒരു കോടിയലധികം രൂപ പല സീറ്റുകളിലും മാനേജ്മെന്റ് വാങ്ങിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ മന്ത്രി ഞങ്ങളെ ചർച്ചയ്ക്ക് വിളിച്ചതിൽ സന്തോഷമുണ്ട്. ഏഴ് ദിവസം പട്ടിണി കിടന്നിട്ട് ചർച്ചയ്ക്ക് വിളിക്കാൻ തയ്യാറാകാതെ ഈ സഭയിൽ ഒരു പ്രക്ഷുബ്ധരംഗം ഉണ്ടാകുകയും അടിയന്തരപ്രമേയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് പറയുകയും ചെയ്തപ്പോൾ നിങ്ങൾ ചർച്ചയ്ക്ക് വിളിച്ചു, അത് ഞങ്ങൾ മാനിക്കുന്നു. പക്ഷെ ചർച്ചയ്ക്ക് വിളിച്ചതുപോലും ഗവൺമെന്റിന്റെ സ്വമനസ്സായുള്ള തീരുമാനമല്ല, അതിൽ ബഹുമാനപ്പെട്ട ചെയറിന്റെ ഇടപെടൽ ഉണ്ടായിട്ടുണ്ടെന്ന് പിന്നീടാണ് ഞങ്ങൾക്ക് മനസ്സിലായത്. ചർച്ചയ്ക്ക് വിളിച്ചതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇവിടെ പറയേണ്ട കാര്യങ്ങൾ ഒരു ചായയും ബിസ്കറ്റും തന്ന് പറയാനായിരുന്നുവെങ്കിൽ അതിനെ ചർച്ചയെന്ന് വിളിക്കേണ്ട കാര്യമില്ലായിരുന്നുവെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഫീസ് വർദ്ധനവ് പിൻവലിക്കുന്നതിനുള്ള ന്യായമായ സമരത്തെ, പ്രായോഗികമായ തീരുമാനങ്ങളെടുക്കാൻ കഴിയാത്തവയാണെന്നാണ് നിലപാടുകളിൽ മാറ്റം വരുത്താൻ തയ്യാറാകാതെ ബഹുമാനപ്പെട്ട മന്ത്രി പ്രതികരിച്ചത്. എങ്ങനെയാണ് അതിൽ പ്രായോഗികമായ തീരുമാനങ്ങളെടുക്കാൻ കഴിയാതെവരുന്നതെന്ന് ചോദിച്ചപ്പോൾ തീരുമാനമെടുത്തു

കഴിഞ്ഞെന്നും മാനേജ്മെന്റ് സമ്മർദ്ദങ്ങൾക്ക് വഴങ്ങുന്നില്ലെന്നും ചോദിച്ച അത്രയും ഫീസ് വർദ്ധനവിൽ കുറച്ചെങ്കിലും കൊടുക്കാതിരിക്കാൻ കഴിയില്ല എന്നുമാണ് മറുപടി പറഞ്ഞത്. ഈ സഭയിലിരിക്കുന്ന ഒരാൾ തീരുമാനിച്ചാൽ കുറയ്ക്കാൻ കഴിയുന്ന, ഗവൺമെന്റ് തീരുമാനിച്ചാൽ കുറയ്ക്കാൻ കഴിയുന്ന ഒരു ഫീസ് ഉണ്ട്. ആ ഫീസെങ്കിലും കുറയ്ക്കാമോ എന്ന് ഞങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചു, പക്ഷെ അതിന്മേൽ ഇനിയും തീരുമാനമെടുത്തിട്ടില്ല. ഞങ്ങൾ ചോദിക്കുന്നത് മറ്റൊന്നുമല്ല, ഇടതുപക്ഷം കേരളം ഭരിച്ചുകൊണ്ടിരിക്കുമ്പോൾ, ഈ ഗവൺമെന്റിന് നേതൃത്വം നൽകുന്ന, പാർട്ടി തന്നെ നയിക്കുന്ന പരിയാരം മെഡിക്കൽ കോളേജിൽ കേരളത്തിലെ മറ്റേത് സ്വാശ്രയ മുതലാളിമാരും വാങ്ങുന്ന ഫീസ് വാങ്ങുന്നതിനെതിരെ പ്രതിഷേധത്തിന്റെ ഒരു ചെറുവിരൽപോലും അനക്കാൻ കഴിയാതിരിക്കുന്നത് വിദ്യാർത്ഥി സമൂഹത്തോടും പ്രതിപക്ഷത്തോടും ചെയ്യുന്ന അനീതിയല്ലേ. അവർ അനീതി ചെയ്യുന്നത് ബാബുവിനോടാണ്, ഷിബുലാലിനോടാണ്, റോഷനോടാണ്, രാജീവിനോടാണ്, കൂത്ത്പറമ്പിലെ രക്തസാക്ഷികളോടാണെന്ന് ഞങ്ങൾക്ക് പറയാൻ സാധിക്കും. പരിയാരം മെഡിക്കൽ കോളേജിലെങ്കിലും ഫീസ് കുറയ്ക്കാൻ ഇവർ തയ്യാറാകണ്ടേ? അങ്ങ് ഞങ്ങളുടെ മുദ്രാവാക്യത്തോട് യോജിക്കുന്നില്ലേ? പാർട്ടിയുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള പരിയാരം മെഡിക്കൽ കോളേജിൽ മറ്റേത് സ്വാശ്രയ കോളേജും വാങ്ങുന്ന ഫീസ് വാങ്ങാൻ പാടില്ലെന്ന് അങ്ങേയ്ക്കു പറഞ്ഞുകൂടെ? ഒരുപക്ഷെ യുവജനപ്രവർത്തകർക്ക് അത് പറയുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുകയില്ല. കേരളത്തിലെ സ്വാശ്രയ മാനേജ്മെന്റുകളുടെ അമിതമായ ഫീസ് വർദ്ധനവിനെതിരെ നിലപാടെടുക്കണമെങ്കിൽ, അമിതമായ ഫീസ് വർദ്ധനവ് പിൻവലിക്കണമെങ്കിൽ, അവിടെയൊരു പ്രഷർ ചെലുത്തണമെങ്കിൽ, നമുക്ക് ഒരു മോറൽ റൈറ്റ് ഉണ്ടായിരിക്കണം. ആ ധാർമ്മികമായ റൈറ്റ് നമുക്ക് വന്നു ചേരണമെങ്കിൽ നിങ്ങൾ പരിയാരത്തെങ്കിലും ഫീസ് കുറയ്ക്കണം. പരിയാരം മെഡിക്കൽ കോളേജിൽ ഫീസ് കുറച്ചാൽ മാത്രമേ മാനേജ്മെന്റുകളോട് കോളേജുകളിൽ ഫീസ് കുറയ്ക്കണമെന്ന് പറയാൻ സാധിക്കുകയുള്ളൂ. അങ്ങനെയാണെങ്കിലേ അവിടെ നീതിയുണ്ടാകുകയുള്ളൂ. ഇടതുപക്ഷം കേരളം ഭരിച്ചുകൊണ്ടിരിക്കുമ്പോൾ, കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഫീസ് ഹൈക്കിന് കാരണമാകുന്നത് ഈ അഴിമതിക്കരാറാണ്, ഈ കോഴക്കരാറാണ്. ഇടതുപക്ഷം കേരളം ഭരിച്ചുകൊണ്ടിരിക്കുമ്പോൾ നീറ്റിൽനിന്ന് പ്രവേശനം നടത്തണമെന്ന മാനദണ്ഡം വച്ചതിന്റെ പേരിൽ അമിത ഫീസ് ഏർപ്പാടാക്കികൊടുക്കുമ്പോൾ, നീറ്റിൽ നിന്ന് പ്രവേശനം നടത്തുമ്പോൾ ഉയർന്ന ഫീസ് വാങ്ങുക മാത്രമല്ല, തലവരി പണം കൂടി വാങ്ങുക എന്നതാണ്. അതിനേയും ലീഗലൈസ് ചെയ്യുന്ന ഒരു നിലപാട് ഗവൺമെന്റ് എടുക്കുമ്പോൾ, 250 സർക്കാർ സീറ്റുകൾ കിട്ടുമായിരുന്നത് നഷ്ടപ്പെടുത്തുന്ന നിരുത്തരവാദപരമായ സമീപനം ഗവൺമെന്റ് തുടരുമ്പോൾ, അതിനെതിരായിട്ടുള്ള

പ്രക്ഷോഭം ഞങ്ങൾ സംഘടിപ്പിക്കുമ്പോൾ...., ബഹുമാനപ്പെട്ട ഇ.പി. ജയരാജൻ ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് മുമ്പ് പറഞ്ഞത് 'എത്ര ഭീകരമായിട്ടുള്ള ആക്രമണങ്ങളാണ് നിങ്ങൾ നടത്തിയത്, എന്താണ് ആ കുട്ടികൾ ചെയ്ത തെറ്റ്, മുദ്രാവാക്യം വിളിക്കാൻ പാടില്ലേ, പ്രതിഷേധിക്കാൻ പാടില്ലേ, ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായതുകൊണ്ട് പ്രതിഷേധിക്കാൻ പാടില്ല എന്നുണ്ടോ' എന്ന് ചോദിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ഇ.പി. ജയരാജൻ അവതരിപ്പിച്ച ഒരു അടിയന്തരപ്രമേയം ഉണ്ട്. അന്ന് താങ്കൾ ഉയർത്തിക്കാണിച്ച കുറച്ച് കാര്യങ്ങൾ ഇന്ന് ഞങ്ങൾക്കെതിരെയും ഉയർന്നുവന്നിട്ടുണ്ട്. ഇത് സമരത്തിന് നേരെയല്ല, ഞങ്ങൾ നിരാഹാരം കിടക്കുന്ന പന്തലിനകത്തേയ്ക്ക് പോലീസ് എറിഞ്ഞ വസ്തുക്കളാണ്. (പൊട്ടിയ ഗ്രനേഡിന്റെ ഭാഗങ്ങൾ ഉയർത്തിക്കാണിച്ചു.) ഒരു ന്യായമായ മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് നടത്തുന്ന ഈ സമരത്തെ ലാത്തികൊണ്ടും അക്രമം കൊണ്ടും ഗ്രനേഡ് കൊണ്ടും ജലപീരങ്കികൊണ്ടും തല്ലി തകർക്കാമെന്ന് നിങ്ങൾ ധരിക്കുന്നുണ്ടെങ്കിൽ അത് തെറ്റായ ധാരണയാണ്, ഇത് അതീവഗുരുതരമായ സാഹചര്യമാണ്, കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ തീവെട്ടിക്കൊള്ളയാണ്. വിദ്യാർത്ഥികൾക്കും യുവജനപ്രവർത്തകർക്കും നേരെ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ അതിക്രമം ഈ സഭ നിർത്തിവച്ച് ചർച്ചചെയ്യാനുള്ള ആർജ്ജവം ഗവൺമെന്റ് കാണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സ്വാശ്രയ കോളേജുകളിലെ ഫീസിന്റെ പ്രശ്നത്തിൽ യൂത്ത് കോൺഗ്രസ്സ് നേതാക്കൾ സെക്രട്ടേറിയറ്റിന് മുൻപിൽ നിരാഹാര സമരം നടത്തിവരികയാണ്. ഇതുമായി ബന്ധപ്പെട്ട് യൂത്ത് കോൺഗ്രസ്സ് നടത്തിയ സമരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ ഇന്നലെ തീർത്തും അക്രമാസക്തമായി മാറുകയാണുണ്ടായത്. ഇതോടനുബന്ധിച്ച് തിരുവനന്തപുരത്ത് 5 കേസ്സും, മറ്റിടങ്ങളിൽ ഒരോ കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 18 യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കും 7 പോലീസ് ഉദ്യോഗസ്ഥർക്കും പരിക്ക് പറ്റിയിട്ടുണ്ട്. സെക്രട്ടേറിയറ്റിന് മുൻവശത്ത് ഇന്നലെ ഒരു മണിക്ക് 200 ഓളം പ്രവർത്തകർ വാഹനഗതാഗതവും സഞ്ചാര സ്വാതന്ത്ര്യവും തടയുകയുണ്ടായി. ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരെ കല്ലെറിഞ്ഞു, കല്ലേറിൽ പോലീസ് ഉദ്യോഗസ്ഥരായ സർവ്വശ്രീ രഞ്ജിത്ത്, അഖിൽ, ഷൈൻ, അനിൽ, അനൂപ് എന്നിവർക്ക് പരിക്കുപറ്റി. ഇതുസംബന്ധിച്ച് കന്റോൺമെന്റ് പോലീസ് കേസ്സെടുത്തിട്ടുണ്ട്. ഇന്നലെ ആറരയോടെ 150 ഓളം പേർ സെക്രട്ടേറിയറ്റ് മെയിൻഗേറ്റ് ഭാഗത്തെത്തി വാഹനഗതാഗതവും കാൽനടയാത്രയും സ്വാതന്ത്ര്യവും തടഞ്ഞ് പ്രകോപനം സൃഷ്ടിച്ചു. അവർ നടത്തിയ കല്ലേറിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുദ്യോഗസ്ഥൻ വിമൽകുമാറിനും 6 സമരക്കാർക്കും പരിക്കുപറ്റി, സമരക്കാരെ പോലീസ് പിരിച്ചുവിട്ടു. ഇതുസംബന്ധിച്ച് കന്റോൺമെന്റ് പോലീസ് കേസ് രജിസ്റ്റർ

ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ രാവിലെ 11 മണിയോടെ അൻപതോളം പ്രകടനക്കാർ വാഹന ഗതാഗതം തടസ്സപ്പെടുത്തിക്കൊണ്ട് ടൂറിസം വകുപ്പിന്റെ രണ്ട് കാറുകൾക്ക് കേടുവരുത്തി. ഈ സംഭവത്തിൽ പ്രവർത്തകർക്ക് പരിക്കുകളൊന്നും പറ്റിയിട്ടില്ല. ആലപ്പുഴ കളക്ടറേറ്റിലേക്ക് 12.15-ഓടെ അറുപതോളം പേർ പ്രകടനമായി എത്തിച്ചേരുകയും തുടർന്ന് ഒരു മണിയോടെ പിരിഞ്ഞുപോകുകയും ചെയ്തു. പിരിഞ്ഞുപോയ പ്രവർത്തകരാണ് പോലീസിന് നേരെ കല്ലേറ് നടത്തിയത്. കല്ലേറ് നടത്തിയ പ്രവർത്തകരെ പോലീസ് ലാത്തി വീശി ഓടിക്കുകയും നിലത്ത് വീണ അഞ്ചോളം പ്രവർത്തകർക്ക് നിസ്സാരമായ പരിക്കേൽക്കുകയും ചെയ്തു. 12.15-ഓടെ കോഴിക്കോട് ഡി.ഡി. ഓഫീസിലേക്ക് മാർച്ച് നടത്തിയ പ്രവർത്തകർ അക്രമാസക്തരാവുകയും ബാരിക്കേഡുകൾ തള്ളിമാറ്റി ഡി.ഡി. ഓഫീസിലേക്ക് തള്ളിക്കയറുകയും ചെയ്തു. ഈ സന്ദർഭത്തിൽ പ്രവർത്തകരെ പോലീസ് ജലപീരങ്കി ഉപയോഗിച്ച് പിരിച്ചുവിട്ടു. അതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പതിനഞ്ച് പേരെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടു, ആർക്കും പരിക്കില്ല. പാലക്കാട് ജില്ലയിൽ 11.30-ഓടെ കളക്ടറേറ്റിലേക്ക് നടത്തിയ മാർച്ച് അക്രമാസക്തമാവുകയും പോലീസിന്റെ ബാരിക്കേഡുകൾ മറിച്ചിടാൻ ശ്രമിക്കുകയും കയ്യിലുണ്ടായിരുന്ന വടികൊണ്ട് പോലീസിനെ ആക്രമിക്കുകയും ചെയ്ത സംഭവത്തിൽ പോലീസ് ഓഫീസറായ അബുതാഹിറിന് പരിക്ക് പറ്റുകയും പാലക്കാട് ജില്ലാ ആശുപത്രിയിൽ ചികിത്സ തേടുകയും ചെയ്തു. ഈ സംഭവത്തിൽ പാലക്കാട് ടൗൺ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കാർക്കും ഈ സംഭവത്തിൽ പരിക്കേറ്റിട്ടില്ല. സ്വാശ്രയ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇന്നലെ നാം വിശദമായി ചർച്ച ചെയ്തതാണ്. മെഡിക്കൽ പ്രവേശന കാര്യത്തിൽ ബഹുമാന്യനായ അംഗം പ്രസ്താവിച്ച കാര്യങ്ങളല്ല ഇവിടെ സംഭവിച്ചിരിക്കുന്നത്. ആകെയുള്ള 23 സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഇരുപത് കോളേജുകൾ ഫീസിന്റെ കാര്യത്തിൽ ഇതിനകം തന്നെ സർക്കാരുമായി ധാരണയായി കഴിഞ്ഞിട്ടുണ്ട്. ചിലപ്പോൾ ഒരു മെഡിക്കൽ കോളേജുകൂടി ധാരണയാകാനിടയുണ്ട്. ഇതിന്റെ ഫലമായി 1150 സീറ്റുകളിൽ മെറിറ്റിൽ നിന്നും പ്രവേശനം നൽകാൻ കഴിയും. അലോട്ട്മെന്റ് അന്തിമ ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. ഈ ഘട്ടത്തിൽ അഡ്മിഷൻ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇന്നലെ വിശദമായി സംസാരിച്ചതുകൊണ്ട് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. കഴിഞ്ഞ സെപ്റ്റംബർ 20-ാം തീയതി മുതലാണ് യൂത്ത് കോൺഗ്രസ് സമരപരിപാടികൾ ആരംഭിച്ചത്. ഈ സമരം സെപ്റ്റംബർ 24 മുതലാണ് അക്രമ സ്വഭാവമുള്ളതായി മാറിയത്. പ്രകോപനമുണ്ടാക്കുക എന്നതായിരുന്ന അവരുടെ ഉദ്ദേശം. മന്ത്രിമാരെ യാത്രാമധ്യേ തടയാനുള്ള ശ്രമങ്ങളുണ്ടായിട്ടുണ്ട്. മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ച സംഭവം വളരെ വിചിത്രമായിട്ടാണ് എനിക്ക്

തോന്നിയത്. കാരണം യൂത്ത് കോൺഗ്രസ് വളരെ മോശമൊന്നുമല്ലാത്ത ഒരു സംഘടനയാണ്. ഞാൻ ഉച്ചയ്ക്ക് സെക്രട്ടേറിയറ്റ് ഓഫീസിൽനിന്നും കന്റോൺമെന്റ് ഗേറ്റുവഴി പോയി കുറച്ച് അപ്പുറത്ത് എത്തിയപ്പോൾ റോഡിന്റെ ഇടതുഭാഗത്തു നിന്നും രണ്ടുമൂന്ന് ആളുകൾ ക്യാമറയുംകൊണ്ട് ഓടിവരുന്നത് കണ്ടു. ഇവർ ഇങ്ങനെ ഓടുന്നതെന്തിനാണെന്ന് എനിക്ക് മനസ്സിലായില്ല. അപ്പോഴാണ് രണ്ട് ചെറുപ്പക്കാർ റോഡിന്റെ വലത് ഭാഗത്തുനിന്നും കയ്യിൽ കൊടിയും പിടിച്ച് ഓടി വരുന്നത് കണ്ടത്. അത് യൂത്ത് കോൺഗ്രസ്സുകാർ സംഘടിപ്പിച്ചതാണെന്ന് അവകാശപ്പെടാതിരിക്കുകയാണ് നല്ലത്. കാരണം അത്രമാത്രം പരിഹാസ്യമായ അവസ്ഥയിലേക്ക് യൂത്ത് കോൺഗ്രസ്സുകാർ എത്തിയിട്ടില്ല. അത്രമാത്രം പരിഹാസ്യരായി ....(ബഹളം).....

ശ്രീ. ഷാഫി പറമ്പിൽ : സർ, മുഖ്യമന്ത്രി പറയാൻ പാടില്ലാത്ത കാര്യങ്ങളാണ് പറയുന്നത്.

ശ്രീ. പിണറായി വിജയൻ : സർ, ഞാൻ പറയേണ്ട കാര്യങ്ങളേ പറയൂ. നിങ്ങൾ എന്തിനാണ് ക്ഷോഭിക്കുന്നത്. നിങ്ങളെപ്പറ്റി മോശമായൊന്നും ഞാൻ പറഞ്ഞില്ലല്ലോ. യൂത്ത് കോൺഗ്രസ് എന്നുപറയുന്നത് അത്രമാത്രം മോശമായ ഒരു സംഘടനയാണെന്ന് എനിക്ക് ധാരണയില്ലായെന്നല്ലേ ഞാൻ പറഞ്ഞത്. ......(ബഹളം)...... ആദ്യം ഞാൻ പറയുന്നത് മനസ്സിലാക്കൂ.

മി. സ്പീക്കർ : മുഖ്യമന്ത്രി സംസാരിക്കട്ടെ... പ്ലീസ്...

ശ്രീ. പിണറായി വിജയൻ : സർ, യൂത്ത് കോൺഗ്രസ് നമ്മുടെ സംസ്ഥാനത്തെ മോശമല്ലാത്ത ഒരു യുവജന സംഘടനയാണെന്നാണ് ഞാൻ ധരിച്ചിട്ടുള്ളത്. ആ സംഘടന രണ്ട് ആളുകളെയും കൊണ്ടല്ല ഒരു കരിങ്കൊടി പ്രകടനത്തിന് തയ്യാറാകുന്നത്. ഞാൻ ധരിക്കുന്നത് ഇത് ഏതോ ചാനലുകാർ വാടകയ്ക്ക് എടുത്തവരാണെന്നാണ്. ....(ബഹളം)..... സാധാരണ നിലയിൽനിന്നും വ്യത്യസ്തമായി ചാനലുകൾക്ക് വേണ്ടി കാണിച്ചതാണ്. അത് യൂത്ത് കോൺഗ്രസ്സുകാരാണെന്ന് ധരിക്കേണ്ട. ..(ബഹളം)....

(മുഖ്യമന്ത്രിയുടെ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ : പ്ലീസ് ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കൂ. പ്ലീസ്.. ശ്രീ. ഷാഫി പറമ്പിൽ പ്രസംഗിച്ചപ്പോൾ എല്ലാ അംഗങ്ങളും അത് ശ്രദ്ധിക്കുകയായിരുന്നു. എല്ലാവരും അത് നിശബ്ദതയോടെ കേട്ടിരിക്കുകയായിരുന്നു. മുഖ്യമന്ത്രി സംസാരിക്കുന്നത് കേൾക്കാനുള്ള സഹിഷ്ണുത കാണിക്കൂ.

ശ്രീ. പിണറായി വിജയൻ : സർ, അനാവശ്യമായ കാര്യങ്ങൾ കാണിച്ചിട്ട്.... വെറുതെ സംസാരിച്ചിട്ട് കാര്യമില്ല.

മി. സ്പീക്കർ : എല്ലാ അംഗങ്ങളും ദയവായി സീറ്റുകളിലേയ്ക്ക് പോകൂ.. പ്ലീസ്.. നിങ്ങൾ വാടകയ്ക്ക് എടുത്തുവെന്നല്ല അദ്ദേഹം പറഞ്ഞത്. Please go to your seat. പ്ലീസ്.. നിങ്ങൾ വെറുതെ അസഹിഷ്ണുത കാണിക്കരുത്. ശ്രീ. ഷാഫി പറമ്പിൽ സംസാരിച്ചപ്പോൾ എല്ലാപേരും നിശബ്ദരായിരുന്ന് കേട്ടതല്ലേ?.....(ബഹളം).... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് തിരിച്ച് പോകണം. പ്ലീസ്... ശ്രീ. ഷാഫി പറമ്പിൽ അങ്ങ് അങ്ങയുടെ പ്രസംഗത്തിൽ ചില അംഗങ്ങളുടെ പേരെടുത്തുപറഞ്ഞ് പ്രസംഗിച്ചില്ലേ? നിങ്ങൾ ആളുകളെ വാടകയ്ക്കെടുത്തെന്ന് ആരും ഇവിടെ പറഞ്ഞിട്ടില്ല. അത് ഞാൻ കേട്ടില്ല.

ശ്രീ. പിണറായി വിജയൻ : സർ, ഒരു കാര്യവും ഇതിൽ നടക്കാൻ പോകുന്നില്ല. പോയി വേറെ പണി നോക്കൂ.

മി. സ്പീക്കർ : മുഖ്യമന്ത്രി എന്ത് സംസാരിക്കണമെന്ന് ചെയറിന് പറയാൻ കഴിയില്ല.

ശ്രീ. പിണറായി വിജയൻ : സർ, ഇവിടെ പറയുന്ന കാര്യങ്ങൾ കേൾക്കാനുള്ള സഹിഷ്ണുത നിങ്ങൾക്ക് വേണം. ബഹളം വച്ചതുകൊണ്ടൊന്നും ഞാൻ മറുപടി പറയാതിരിക്കില്ല. അതങ്ങ് മനസ്സിൽവച്ചാൽ മതി.

മി. സ്പീക്കർ : ആകാശത്തിന് കീഴിലുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും ശ്രീ. ഷാഫി പറമ്പിൽ ഇവിടെ പ്രസംഗിച്ചു. .......(ബഹളം).........

ശ്രീ. പിണറായി വിജയൻ : സർ, ആദ്യം മറുപടി പറയുന്നത് കേൾക്കാനുള്ള സഹിഷ്ണുത വേണം.

(ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ചു കൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു. )

മി. സ്പീക്കർ : ഇത് ശരിയല്ല. ബഹുമാനപ്പെട്ട അംഗങ്ങൾ സഭാ നടപടികളുമായി സഹകരിക്കണം. പ്ലീസ്... പ്ലീസ്... ശ്രീ. ഷാഫി പറമ്പിൽ ദീർഘമായി സംസാരിക്കുമ്പോൾ എല്ലാവരും നിശബ്ദരായിരുന്ന് അത് കേട്ടു. മറുപടി കേൾക്കാനുള്ള സഹിഷ്ണുത കാണിക്കണം.

ശ്രീ. പിണറായി വിജയൻ : സർ, നിങ്ങൾ ആദ്യം മറുപടി പറയുന്നത് കേൾക്കാൻ അനുയായികളെ ശീലിപ്പിക്കൂ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് പാർട്ടി അല്ല, നിയമസഭയാണ്.

ശ്രീ. പിണറായി വിജയൻ : സർ, അതെ. നിയമസഭയ്ക്ക് അകത്ത് തന്നെയാണ് ഞാൻ സംസാരിക്കുന്നത്. മറുപടി പറയുന്നത് കേൾക്കാൻ ആദ്യം ശീലിപ്പിക്കൂ. അതാണാവശ്യം. നിയമസഭയിൽ പറയുന്ന കാര്യങ്ങൾ കേൾക്കാനുള്ള ബാധ്യതയുണ്ട്. അതിന് തയ്യാറാകണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗം പൂർത്തിയാക്കിയതിനുശേഷം പ്രതിപക്ഷ നേതാവിന് സംസാരിക്കാനുള്ള സമയം തരാം. അദ്ദേഹത്തെ പ്രസംഗം പൂർത്തീകരിക്കാൻ അനുവദിക്കൂ. ശ്രീ. ഷാഫി പറമ്പിൽ ഇവിടെ ദീർഘമായി സംസാരിച്ചില്ലേ. എല്ലാവരെയും പേരെടുത്ത് വിമർശിച്ചില്ലേ. ആരെങ്കിലും അസഹിഷ്ണുത കാണിച്ചോ. അദ്ദേഹത്തെ പ്രസംഗം പൂർത്തീകരിക്കാൻ അനുവദിക്കൂ. അതിനുശേഷം പ്രതിപക്ഷനേതാവിന് സമയം തരാം. പ്ലീസ്... നിങ്ങൾ സീറ്റിലിരിക്കൂ. ശ്രീ. ഷംസീർ, ശ്രീ. രാജേഷ്, ശ്രീ. പ്രദീപ്കുമാർ, ശ്രീ. ജെയിംസ് മാത്യു സീറ്റിലിരിക്കൂ. മുഖ്യമന്ത്രി പ്രസംഗം പൂർത്തീകരിക്കട്ടെ.

ശ്രീ. പിണറായി വിജയൻ : സർ, ഈ തരത്തിലാണോ പൂർത്തീകരിക്കേണ്ടത്. ഇതിലൊന്നിലും സഹകരിക്കാൻ തയ്യാറില്ലെങ്കിൽ പൂർത്തീകരിക്കാൻ പറ്റില്ലല്ലോ.

മി. സ്പീക്കർ: ദയവായി സീറ്റുകളിലേയ്ക്ക് പോകണം.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: സഭാനടപടികൾ തടസ്സപ്പെടുത്താനാണോ ഉദ്ദേശിക്കുന്നത്; ദയവായി സീറ്റിലേയ്ക്ക് പോകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ സർക്കാർ സ്വീകരിച്ച നടപടി തികച്ചും ജനാധിപത്യപരമായിരുന്നു. ഇന്നലെ സഭയിൽ നടന്ന കാര്യങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പുമന്ത്രി ഇവരുമായി ചർച്ച നടത്തിയതാണ്. ഇന്ന് എന്താണ് കാണിച്ചത്? ഇവിടെ പറയുന്ന കാര്യങ്ങൾ കേൾക്കാൻ തയ്യാറല്ലായെന്നതാണ് ഇപ്പോഴത്തെ അവസ്ഥ. മറുപടി പറയുന്നത് കേൾക്കാനുള്ള സഹിഷ്ണുതയില്ലാത്തതാണ് ഇത്തരം പ്രശ്നങ്ങൾക്ക് കാരണം. പരിയാരം മെഡിക്കൽ കോളേജിന്റെ പ്രശ്നം ഇവിടെ പറഞ്ഞു. ഇവിടെ ഉയർന്നുവന്നിട്ടുള്ള സാഹചര്യങ്ങൾ പരിയാരം മെഡിക്കൽ കോളേജിനും ബാധകമായതാണ്. നീറ്റ് മെറിറ്റും ഹൈക്കോടതി വിധിയും നിലവിലുള്ള പ്രത്യേക സാഹചര്യത്തിൽ ഇത്തരമൊരു എഗ്രിമെന്റും അലോട്ട്മെന്റുമായി പോകുക മാത്രമേ മാർഗ്ഗമുള്ളൂ. ഇന്നത്തെ നിലയിൽ അതിൽ നിന്ന് പുറകോട്ട് പോകാൻ സാധിക്കുകയില്ല. കോടതിവിധിയടക്കമുള്ള സാഹചര്യ

മുണ്ടായിട്ടും ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽ മൂലമാണ് മാനേജ്മെന്റുമായി ധാരണയിലെത്താൻ സാധിച്ചത്. സുപ്രീം കോടതി ഈ കേസ് പരിഗണിച്ചു കൊണ്ടിരിക്കുകയാണ്. സുപ്രീം കോടതിയുടെ അന്തിമ വിധി മിക്കവാറും ഈയടുത്ത ദിവസങ്ങളിൽ വരുമെന്നുതന്നെയാണ് നാം പ്രതീക്ഷിക്കുന്നത്. ഈ ഘട്ടത്തിലും ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്വാശ്രയ മാനേജ്മെന്റ് എവിടെയെങ്കിലും തലവരിപ്പണം വാങ്ങുന്നുവെന്ന ആക്ഷേപം ഉയർന്നുവന്നാൽ അതുസംബന്ധിച്ച് ഗൗരവമായി പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടാൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ജെയിംസ് കമ്മിറ്റിക്ക് ശക്തമായ പിന്തുണയായിരിക്കും സർക്കാർ നൽകുന്നത്. ആവശ്യമെങ്കിൽ സർക്കാർ അതത് ഘട്ടത്തിൽ നേരിട്ട് ഇടപെടുക തന്നെ ചെയ്യും. ഇത് വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും കേരളത്തിന്റെ പൊതു സമൂഹത്തെയും കണ്ടുകൊണ്ട് സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാടാണ്. ഈ നിലപാട് നാടിന്റെ വിദ്യാഭ്യാസ ഭാവിക്ക് ഏറ്റവും ഉതകുന്ന ഒന്നായിരിക്കും. ഇക്കാര്യങ്ങളിൽ ശക്തമായ നിലയിൽ സർക്കാർ ഉറച്ചുനിൽക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇവിടെ ജനാധിപത്യ രീതികൾ പൂർണ്ണമായും വലിച്ചെറിയുന്ന നിലയാണുണ്ടാകുന്നത്. സ്വയം പരിഹാസ്യരാകുന്നവർ ഇവിടെ വന്ന് കൂടുതൽ പരിഹാസ്യരാകുന്നതിന് ശ്രമിക്കുകയാണ്. അതുകൊണ്ടാണ് ഈ പ്രമേയം അവതരിപ്പിച്ച ശ്രീ. ഷാഫി പറമ്പിലിനുതന്നെ മഷിക്കുപ്പിയുടെ കാര്യം പറയേണ്ടിവന്നത്. മഷിയെടുത്ത് ഷർട്ടിൽ പുരട്ടി ഞങ്ങളെ ആക്രമിച്ചിരിക്കുന്നുവെന്ന് പറയാനുള്ള ലജ്ജാകരമായ നിലപാട് സ്വീകരിച്ച കൂട്ടരാണിവർ. സംസ്ഥാനത്തെ യുവജനപ്രവർത്തകർ ധാരാളം പ്രക്ഷോഭങ്ങളും സമരങ്ങളും നടത്തിയിട്ടുണ്ട്. അവരുടെ ദേഹത്തുകൂടി ചുടുനിണം ഒഴുകിയ ഒട്ടേറെ ക്രൂരമായ സംഭവങ്ങൾ നേരിട്ട് ഞാൻ കണ്ടിട്ടുമുണ്ട്. എന്റെ പിന്നിലിരിക്കുന്ന ചെറുപ്പക്കാർ അത്തരത്തിലുള്ള നിരവധി ആക്രമണങ്ങൾക്ക് വിധേയരായി ചുടുനിണം ഒഴുക്കിയവരാണ്. മഷിക്കുപ്പിയിലെ ചുവന്ന മഷിയായിരുന്നില്ല അവരുടെ ആരുടെയും ദേഹത്ത് കണ്ടത്, അതവരുടെ ചുടുനിണമായിരുന്നു. നാണംകെട്ട കൂട്ടരായ ഇവർ ചുവന്ന മഷിക്കുപ്പിയുമായി വന്ന് പ്രകോപനങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമമാണ് ഇന്നലെ നടത്തിയത്. വലിയ ബാനറും പിടിച്ചുകൊണ്ട് ഇന്ന് രാവിലെ ഇവിടെ നടത്തിയ സമരം കണ്ടില്ലേ? അത് ആർക്കുവേണ്ടിയായിരുന്നു? അവരാരും ആ ബാനർ ഇപ്പോൾ എന്തുകൊണ്ട് എടുത്ത് ഉയർത്തിയില്ല? ഗ്യാലറിയിലുള്ള പ്രസ്സിനെ കണ്ടുകൊണ്ടുമാത്രം കൊണ്ടുവന്ന ബാനറായിരുന്നു അത്. അവർ പോയിക്കഴിഞ്ഞപ്പോൾ ആ ബാനർ താഴെയിട്ടു. പിന്നെ അത് എടുത്ത് പൊക്കാനുള്ള ശേഷി അവരുടെ കൈകൾക്കുണ്ടായില്ല. ഇതാണോ സമരമുറ? ഇതാണോ കാണിക്കേണ്ടത്? അവരവർ കാണിക്കുന്ന തെറ്റായ നിലപാടുകൾക്കെതിരെ സ്വാഭാവികമായും വിമർശനം ഉയർന്നുവരും. അതുകൊണ്ടു തന്നെ ഈ കാര്യങ്ങളൊന്നും ഇവിടെ ചർച്ച ചെയ്യേണ്ട കാര്യമില്ല. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നാണ് എനിക്കിവിടെ പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റുകളിലേക്ക് പോകണം.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ രമേശ് ചെന്നിത്തല): സർ, ഇ.എം.എസ്. മുമ്പ് ഇരുന്ന കസേരയിലിരുന്നുകൊണ്ടാണ് അങ്ങ് ഇങ്ങനെ സംസാരിക്കുന്നതെന്ന കാര്യം മനസ്സിലാക്കണം.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല, അങ്ങ് സംസാരിക്കുകയാണോ, പ്രതിപക്ഷാംഗങ്ങളോട് ദയവായി അവരവരുടെ സീറ്റുകളിലേയ്ക്ക് പോകാൻ പറയൂ. അവരെ ഇവിടെ ഇരുത്തിക്കൊണ്ടാണോ അങ്ങ് സംസാരിക്കുന്നത്. മൈക്ക് കൊടുക്കാം. നിങ്ങൾ ബഹളം വയ്ക്കാതെ തന്നെ പ്രതിപക്ഷ നേതാവിന് മൈക്ക് കൊടുക്കും. ഞാൻ അദ്ദേഹത്തോട് സംശയം ചോദിച്ചതാണ്. പ്രതിപക്ഷാംഗങ്ങളെ ഇവിടെ ഇരുത്തിയിട്ടാണോ അദ്ദേഹം സംസാരിക്കുന്നത് എന്ന കാര്യം അദ്ദേഹം പറയട്ടെ. അങ്ങ് സംസാരിക്കൂ. ......നിങ്ങൾ സീറ്റുകളിലേയ്ക്ക് പോകൂ.......

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ സഭയ്ക്ക് ഒരു അന്തസ്സുണ്ട്.........(ബഹളം)........ സ്പീക്കർ സർ.....

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് സംസാരിക്കുകയാണ് നിങ്ങൾ സീറ്റിലേക്ക് പോകൂ....പ്ലീസ്....പ്ലീസ്.....പ്രതിപക്ഷാംഗങ്ങൾ സീറ്റിലേക്ക് പോകൂ....ഇവരോട് സീറ്റിലേയ്ക്ക് പോകാൻ പറയൂ....അങ്ങ് സംസാരിച്ചോളൂ, ഇവരോട് സീറ്റുകളിലേക്ക് പോകാൻ പറയൂ......(ബഹളം)......നിങ്ങൾ സീറ്റിലിരിക്കൂ....ശ്രീ. റോജി എം. ജോൺ, ശ്രീ. ഹൈബി ഈഡൻ, ശ്രീ. പി. കെ. ബഷീർ.........(ബഹളം).......അദ്ദേഹം സംസാരിക്കട്ടെ, നിങ്ങൾ സീറ്റിലേക്ക് പോകണം......പ്ലീസ്...പ്ലീസ്........(ബഹളം)....... ശ്രീ. റ്റി. വി. രാജേഷ് സീറ്റിലിരിക്കൂ........പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ നിങ്ങൾ സീറ്റിലിരിക്കണ്ടേ?.......പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോഴും നിങ്ങൾ സീറ്റിലിരിക്കുന്നില്ലല്ലോ?......അങ്ങ് സംസാരിക്കൂ.....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സഭയ്ക്ക് ഒരു അന്തസ്സുണ്ട്. മി. പിണറായി വിജയൻ തെരുവിൽ സംസാരിക്കുന്നതുപോലെ ഇവിടെ സംസാരിക്കുന്നത് ദൗർഭാഗ്യകരമാണ്. തെരുവിലെ ഭാഷയാണ് ഇവിടെ ഉപയോഗിക്കുന്നത്........

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ നിങ്ങൾ സീറ്റിലിരിക്കുന്നുണ്ടോ? സീറ്റിലേയ്ക്ക് പോകൂ........അദ്ദേഹം സംസാരിക്കുന്നുണ്ടെങ്കിൽ നിങ്ങൾ സീറ്റിലേക്ക് പോകൂ.......(ബഹളം)........നിങ്ങൾ ഇരിക്കൂ.....നിങ്ങൾ സീറ്റിലിരിക്കൂ.

......പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ.....ശ്രീ. ബാബു....ഇരിക്കു.......നിങ്ങൾ സീറ്റിലേക്ക് പോകൂ.....ശ്രീ. ബഷീർ .....പ്രതിപക്ഷ നേതാവിന് വാക്കൗട്ട് പ്രസംഗം നടത്താവുന്നതാണ്.

(നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് മടങ്ങിപ്പോയി)

ശ്രീ. രമേശ് ചെന്നിത്തല: സർ, വളരെ ദൗർഭാഗ്യകരമായ സ്ഥിതിവിശേഷമാണ് ഈ സഭയിലുണ്ടായിട്ടുള്ളത്. മുഖ്യമന്ത്രി സഭയിൽ സംസാരിക്കുന്നതിന് ചില ഭാഷയുണ്ട്. വളരെ മഹാന്മാരായ ആളുകളിരുന്ന ഒരു കസേരയിലാണ് ശ്രീ. പിണറായി വിജയൻ ഇരിക്കുന്നത് എന്ന ബോധം അദ്ദേഹത്തിനുണ്ടാകണം. അദ്ദേഹം പാർട്ടി കമ്മിറ്റിയിലും പൊതുനിരത്തിലും പറയുന്ന ഭാഷ നിയമസഭയിൽ പറയാൻ പാടില്ല. ഇവിടെ വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ ഉജ്ജ്വലമായ സമരാദ്ധ്യായങ്ങൾ എഴുതി ചേർത്ത പ്രസ്ഥാനങ്ങളാണ് യൂത്ത് കോൺഗ്രസ്സും കെ.എസ്.യു.വും. അതിന് ശ്രീ. പിണറായി വിജയന്റെ സർട്ടിഫിക്കറ്റ് ഞങ്ങൾക്ക് വേണ്ട. ഞങ്ങൾ സമരം നടത്തിയ പാരമ്പര്യമുള്ള പ്രസ്ഥാനം തന്നെയാണ്. ഏതായാലും ശ്രീ. പിണറായി വിജയന്റെ സർട്ടിഫിക്കറ്റ് വാങ്ങേണ്ട ഗതികേട് ഞങ്ങൾക്കില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ സമരം നടത്തിയ വിദ്യാർത്ഥികളെ തല്ലിച്ചതച്ചു എന്ന് ഞങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹം പറയുന്നതെന്താണ്?..........(ബഹളം)......അങ്ങനെയാണെങ്കിൽ നമുക്ക് ബഹളമാകാം.......

മി. സ്പീക്കർ: അടങ്ങിയിരിക്കൂ......പ്ലീസ്...പ്ലീസ്......അങ്ങ് സംസാരിക്കൂ......

ശ്രീ. രമേശ് ചെന്നിത്തല: സർ, സഞ്ചാര സ്വാതന്ത്ര്യം തടഞ്ഞു എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്.......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...ശ്രീ. ബഷീർ...അങ്ങേയ്ക്കും ഇത് ബാധകമാണ് ........ഇരിക്കൂ...പ്രതിപക്ഷനേതാവ് തുടരൂ.....

ശ്രീ. രമേശ് ചെന്നിത്തല: സർ, മുഖ്യമന്ത്രി പറഞ്ഞത് സഞ്ചാര സ്വാതന്ത്ര്യം തടഞ്ഞു, വഴിയാത്രക്കാരെ തടഞ്ഞു എന്നൊക്കെയാണ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ കണ്ണൂരിൽ പോയപ്പോൾ മുഖ്യമന്ത്രിയെ കല്ലെറിഞ്ഞ ആളുകളാണ് ഈ വർത്തമാനം പറയുന്നത്. ഞങ്ങൾ മുഖ്യമന്ത്രിയെ കല്ലെറിഞ്ഞില്ല. ഞങ്ങളുടെ പ്രവർത്തകർ കരിങ്കൊടി കാണിച്ചപ്പോൾ, വാടകയ്ക്ക് എടുത്തവരാണെന്നാണ് അദ്ദേഹം പറയുന്നത്. ഇത് ഡി.വൈ.എഫ്.ഐ. അല്ല യൂത്ത് കോൺഗ്രസ്സാണെന്ന് ശ്രീ. പിണറായി വിജയനോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മുഖ്യമന്ത്രി ഇത്രയും തരംതാഴാൻ പാടില്ല. അദ്ദേഹത്തിന് നിലവാരമുണ്ടാകണം. പ്രതിപക്ഷം ചില കാര്യങ്ങൾ ഉന്നയിക്കും. ആ ഉന്നയിക്കുന്ന

കാര്യങ്ങളെ സഹിഷ്ണുതയോടുകൂടി  കാണാൻ മുഖ്യമന്ത്രി തയ്യാറാകണം. സമരക്കാരെ വാടകക്കാർ എന്നുപറയുന്നത് ശരിയാണോ? വളരെ മോശമായിപ്പോയി. ശ്രീ. പിണറായി വിജയന് ചേർന്നതായിരിക്കാം. പക്ഷെ അങ്ങ് ഇരിക്കുന്ന കസേരയ്ക്ക് ചേർന്ന നടപടിയല്ല ഇത്. ഇവിടെ സമരം ചെയ്ത വിദ്യാർത്ഥികളെ തല്ലിച്ചതയ്ക്കുന്നത് ശരിയാണോ? ഇന്നലെ തിരുവനന്തപുരത്ത് രണ്ട് തവണയാണ് പോലീസ് അക്രമ മുണ്ടായത്. ഞങ്ങൾ വാഹനങ്ങൾ കത്തിച്ചില്ല. എസ്.എഫ്.ഐ.-ക്കാരുടെയും ഡി.വൈ.എഫ്.ഐ.-ക്കാരുടെയും സമരം ഉണ്ടായല്ലോ? എത്ര വാഹനങ്ങൾ കത്തിച്ചു? എത്ര സ്ഥലങ്ങളിൽ സംഘർഷമുണ്ടായി? എത്ര സർക്കാർ വാഹനങ്ങൾ തല്ലിത്തകർത്തു? അക്രമം ഒരു കാരണവശാലും ഉണ്ടാകരുതെന്നുള്ള ശക്തമായ നിർദ്ദേശമാണ് ഞങ്ങൾ നൽകിയിട്ടുള്ളത്. ഞങ്ങളാരും  അക്രമത്തെ പ്രോത്സാഹിപ്പിക്കുന്നവരല്ല. കഴിഞ്ഞ കാലത്ത് എസ്.എഫ്.ഐ.-യുടെ സമരത്തിൽ എത്ര അക്രമങ്ങൾ ഇവിടെയുണ്ടായി. ഡി.വൈ.എഫ്.ഐ.-യുടെ സമരത്തിൽ ഇവിടെ അക്രമങ്ങൾ ഉണ്ടായി. വളരെ സമാധാനപരമായി സമരം ചെയ്യുന്ന വിദ്യാർത്ഥികളെ തിരുവനന്തപുരത്തും ആലപ്പുഴയിലും കോഴിക്കോട്ടും പാലക്കാട്ടും കൊല്ലത്തും മൃഗീയമായ നിലയിലാണ് പോലീസ് മർദ്ദിച്ചത്. ഇവിടെ പോലീസിന് എന്തും ചെയ്യാനുള്ള അനുവാദം കൊടുത്തിരിക്കുകയാണോ? ധാരാളം പ്രവർത്തകർക്ക് മർദ്ദനമേറ്റു. ധാരാളം പ്രവർത്തകർ ആശുപത്രിയിലായി. ഇന്നലെ ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും ഞാനും കൂടിയാണ് ആശുപത്രിയിൽ പോയത്. മെഡിക്കൽ കോളേജിൽ പോയപ്പോൾ കാലും കൈയ്യും ഒടിഞ്ഞ്, ശരീരമാസകലം മുറിവേറ്റ് കിടക്കുന്ന യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെയാണ് ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞത്. മുഖ്യമന്ത്രി അവരെ സന്ദർശിക്കണമെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ ആ സംഭവത്തെപ്പറ്റി പോലീസുകാർ എഴുതി കൊടുക്കുന്ന കാര്യം മാത്രമല്ല അദ്ദേഹം ഇവിടെ വായിക്കേണ്ടത്. വസ്തുതകൾ അദ്ദേഹം മനസ്സിലാക്കണം.  സമരരംഗത്ത് നിൽക്കുന്ന വിദ്യാർത്ഥി പ്രവർത്തകരെ പോലീസ് അടിച്ചാൽ ആ പോലീസുകാരെ നിലയ്ക്ക് നിർത്താനുള്ള നടപടിയുണ്ടാകണം. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത്, അന്ന് ശ്രീ. ഇ. പി. ജയരാജൻ ഉന്നയിച്ച അടിയന്തിര പ്രമേയത്തിന് ഞാൻ മറുപടി പറഞ്ഞല്ലോ. ഞാൻ എന്താണ് പറഞ്ഞത്? പോലീസുകാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്, പ്രവർത്തകന്മാരായ ചെറുപ്പക്കാരുടെ തലയ്ക്ക് അടിയ്ക്കരുത്. എന്തെങ്കിലും സംഘർഷമുണ്ടായാൽപ്പോലും അടിക്കരുത് എന്നുപറഞ്ഞു. ശ്രീ. ഇ. പി. ജയരാജനാണ് എന്നോട് ആവശ്യപ്പെട്ടത്, ശ്രീ. കോടിയേരി ബാലകൃഷ്ണനായിരുന്നു ആവശ്യപ്പെട്ടത്. ഇന്ന് പോലീസ് ചെയ്യുന്നതെന്താണ്, കുട്ടികളുടെ തലയ്ക്ക് അടിക്കുന്നു. പരിക്ക് പറ്റുന്നു, ഛർദ്ദിക്കുന്നു. വളരെ ഭീകരമായ നരനായാട്ടാണ് ഇന്നലെ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുൻപിൽ അരങ്ങേറിയത്. ഒരിക്കലും ഇത് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ഈ സമരത്തെ ചോരയിൽ മുക്കിക്കൊല്ലാനാണ് ശ്രമമെങ്കിൽ

അതിശക്തമായ പോരാട്ടങ്ങൾ നിങ്ങൾക്ക് നേരിടേണ്ടിവരുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ മുഖ്യമന്ത്രി സ്വാശ്രയ വിഷയവുമായി ബന്ധപ്പെടുത്തി ചില കാര്യങ്ങൾ പറഞ്ഞു. ഇന്നലെ അങ്ങ് ഞങ്ങളെ ചർച്ചയ്ക്ക് വിളിച്ചു. ഞങ്ങൾക്ക് സഭ സ്തംഭിപ്പിക്കാനുള്ള ലക്ഷ്യമുണ്ടായിരുന്നില്ല. അങ്ങ് വിളിച്ച ചർച്ചയിൽ ഞങ്ങൾ പങ്കെടുത്തു. സമാധാനപരമായി സഭാനടപടികൾ മുന്നോട്ട് കോണ്ടുപോകുന്നതിൽ സഹകരിക്കുന്ന പ്രതിപക്ഷമാണ് ഞങ്ങൾ. ക്രിയാത്മകമായ പ്രതിപക്ഷമാണ്. അങ്ങ് പറഞ്ഞതനുസരിച്ച് മുഖ്യമന്ത്രി പറഞ്ഞു, ആരോഗ്യ വകുപ്പുമന്ത്രി ചർച്ച ചെയ്യും എന്ന്. ഞങ്ങൾ സമ്മതിച്ചു. ഞങ്ങൾ സഭാനടപടികളുമായി സഹകരിച്ചു. കഴിഞ്ഞ കാലത്തെ പ്രതിപക്ഷം അങ്ങനെ സഹകരിച്ചിട്ടില്ല. നിഷേധാത്മകമായ നിലപാടു ണ്ടായിരുന്നെങ്കിൽ ഇന്നലെ സഭാനടപടികൾ ഞങ്ങൾക്ക് സ്തംഭിപ്പിക്കാമായിരുന്നു. ഞങ്ങൾ ചെയ്തില്ല. അത് ഞങ്ങളുടെ ദൗർബല്യമായി കാണരുത്. ജനാധിപത്യ സംവിധാനത്തിൽ പ്രതിപക്ഷം ക്രിയാത്മകമായ സമീപനം സ്വീകരിക്കുമ്പോൾ ഞങ്ങളെ പ്രകോപിപ്പിച്ച് അപമാനിക്കാൻ ശ്രമിക്കുകയാണെങ്കിൽ അത് ഒരിക്കലും ഭൂഷണമായ നടപടിയല്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നലെ ആരോഗ്യ വകുപ്പുമന്ത്രി ചർച്ചയ്ക്ക് വിളിച്ചു. ചർച്ചയിൽ ഒന്നുമുണ്ടായില്ല. ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞിടത്തുതന്നെ നിന്നു. ഇന്നലെ പങ്കെടുത്ത ആളുകളോട് എന്തെങ്കിലും പുതിയൊരു കാര്യം ആരോഗ്യ വകുപ്പുമന്ത്രിയ്ക്ക് പറയാനില്ലായിരുന്നു. ചർച്ചയ്ക്ക് വിളിച്ചത് ഒരു കബളിപ്പിക്കലാണെന്നുള്ള കാര്യം പിന്നീടാണ് മനസ്സിലായത്. ഒരു വിട്ടുവീഴ്ചയ്ക്കും ആരോഗ്യ വകുപ്പുമന്ത്രി തയ്യാറായില്ല. ഈ പ്രശ്നത്തിൽ ആരോഗ്യ വകുപ്പുമന്ത്രി പറയുന്നതെന്താണ്. ധാരാളം പുതിയ മാനേജുമെന്റുകൾ ഒപ്പിടാൻ വന്നു. അതുകൊണ്ട് സീറ്റ് കൂടി. ഇരുപത്തയ്യായിരം രൂപ ഫീസിൽ ധാരാളം ആളുകൾക്ക് പഠിക്കാം. ആ ഇരുപത്തയ്യായിരം രൂപക്ക് പഠിക്കുമ്പോൾ ഒന്നര കോടി രൂപ കൊടുത്ത് വിദ്യാർത്ഥികൾക്ക് പ്രവേശനം നേടേണ്ട ഒരു ദുരവസ്ഥ ഈ സർക്കാർ മറച്ചു വയ്ക്കുകയാണ്. ഇന്നലെ ചാനലിൽ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത് സീറ്റിന്റെ എണ്ണം കൂടി എന്നാണ്. സീറ്റിന്റെ എണ്ണം കൂടി എന്ന് പറയുന്നതിന്റെ അർത്ഥമെന്താണ്? ഈ നാട്ടിൽ വിദ്യാർത്ഥികളെ കൊള്ളയടിക്കാൻ വേണ്ടിയുള്ള അനുവാദം കൊടുത്തു. ഉയർന്ന ഫീസ്, അതോടൊപ്പം refundable deposit, bank guarantee ഇതെല്ലാം കഴിഞ്ഞ് മെറിറ്റ് സീറ്റ് അട്ടിമറിക്കുന്നു. കേരള എൻട്രൻസിൽ പതിനഞ്ചാമത് വരുന്ന ആളിന് സീറ്റ് കിട്ടാതെ ഇരുപത്തയ്യായിരത്തിൽ നീറ്റ്-ന്റെ ലിസ്റ്റിൽ വരുന്നവർക്ക് പ്രവേശനം ലഭിക്കുന്നു. ഇത്തരത്തിൽ വലിയ തോതിലുള്ള കൊള്ള നടത്താനുള്ള പരസ്യമായ ലൈസൻസാണ് ഈ ഗവൺമെന്റ് സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾക്ക് നൽകിയിട്ടുള്ളത്. ആരോഗ്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പറയുന്നത് എന്താണ്? കൂടുതൽ കുട്ടികൾക്ക് 25,000 രൂപ ഫീസ് കൊടുത്ത് പഠിക്കുന്നതിനുള്ള അവസരം കൊടുത്തു എന്നാണ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി

ആയിരുന്ന കാലത്തും ഇത് ചെയ്യാമായിരുന്നു. പക്ഷേ, അവർ വർദ്ധിച്ച ഫീസാണ് ആവശ്യപ്പെട്ടത്. പക്ഷേ, ഞങ്ങൾ കൊടുത്തില്ല. അതുകൊണ്ടാണ് അവർ ഒപ്പിടാത്തത്. ഇവിടെ വന്നിരിക്കുന്നതെന്താണ്; യൂത്ത് കോൺഗ്രസ്സുകാർ ചർച്ചയ്ക്ക് പോയപ്പോൾ ബഹുമാന്യയായ മന്ത്രി പറഞ്ഞത് മാനേജ്മെന്റുകളുമായി ഒപ്പിട്ടുപോയി, ഇത് മാറ്റണമെങ്കിൽ അവരുമായി ചർച്ച നടത്താതെ ഒന്നും പറയാൻ കഴിയില്ല എന്നാണ്. മാനേജ്മെന്റുകളെ പേടിക്കുന്ന ആരോഗ്യ വകുപ്പുമന്ത്രിയായി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മാറിയല്ലോ എന്നുള്ള ദുഃഖമാണ് എനിക്കുള്ളത്.

ഇന്നലെ അങ്ങയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിലും പരിയാരം മെഡിക്കൽ കോളേജിലെ ഫീസ് കുറയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടതാണ്. അത് വലിയൊരു തമാശയാണ്. 11 ലക്ഷം രൂപയാണ് പരിയാരം മാനേജ്മെന്റുതന്നെ എൻ.ആർ.ഐ. ക്വാട്ടയ്ക്ക് ചോദിച്ചത്. ആരോഗ്യ വകുപ്പുമന്ത്രി അത് 14 ലക്ഷം രൂപയായി ഉയർത്തി ക്കൊടുത്തു. ശ്രീ. എം. വി. ജയരാജൻ ചെയർമാനായ പരിയാരം മെഡിക്കൽ കോളേജ് സമിതി ചോദിച്ചതിനേക്കാൾ രണ്ട് ലക്ഷം രൂപ അധികം കൊടുക്കാനാണ് തീരുമാനിച്ചത്. കേരളത്തിൽ പരിയാരം മെഡിക്കൽ കോളേജിലെ ഫീസ് കുറച്ചു കൊണ്ട് സ്വാശ്രയ മാനേജ്മെന്റുകളെ സമ്മർദ്ദത്തിലാക്കുന്ന നിലപാടാണ് നിങ്ങൾ സ്വീകരിക്കേണ്ടിയിരുന്നത്. ഈ അവസരമുപയോഗിച്ച് ശ്രീ. എം. വി. ജയരാജൻ ചെയർമാനായ കമ്മിറ്റിക്ക് വാരിക്കോരി ഫീസ് വർദ്ധിപ്പിച്ച് കൊടുത്തതുവഴി സ്വകാര്യ മാനേജ്മെന്റുകൾക്ക് എന്തും ചെയ്യാനുള്ള ലൈസൻസാണ് ഈ ഗവൺമെന്റ് കൊടുത്തത്. തലവരിപ്പണം വാങ്ങാൻ കഴിയാത്തതുകൊണ്ടാണ് ഫീസ് ഉയർത്തിയ തെന്നാണ് ഇന്നലെ മുഖ്യമന്ത്രി പറഞ്ഞത്. ക്യാപ്പിറ്റേഷൻ ഫീസ് എന്ന് പറയുമ്പോൾതന്നെ ചെവിപൊത്തുന്ന മുഖ്യമന്ത്രി തന്നെ ഇതുപറയണം. പുറംവരവ് നിർത്തി എന്നാണ് ഇതിനെക്കുറിച്ച് പറഞ്ഞത്. ഇപ്പോൾ പുറംവരവും ഉയർന്ന ഫീസും ഡെപ്പോസിറ്റും അതോടൊപ്പം ബാങ്ക് ഗ്യാരന്റിയുമുണ്ട്. എങ്ങനെ ഈ കുട്ടികൾ പഠിക്കും? അങ്ങ് ഇവിടെ അംഗമായിരുന്ന സമയത്ത് നടത്തിയ പ്രസംഗം എന്റെ കൈവശമുണ്ട്. ഞാൻ വായിക്കുന്നില്ല. അങ്ങ് പറഞ്ഞ കാര്യത്തിന്റെ പകുതി പോലും ഞങ്ങളാരും ഇവിടെ പറയുന്നില്ല. ഈ സംസ്ഥാനത്തെ മുഖ്യമന്ത്രി അറിയണം. പുറംവരവ് നിന്നിട്ടില്ല. അത് ഇപ്പോഴും തുടരുന്നു. മാനേജ്മെന്റുകൾ ഉയർന്ന ഫീസ് വാങ്ങുന്നു, refundable deposit വാങ്ങിക്കുന്നു. ഇതൊന്നും നിയന്ത്രിക്കാൻ ജെയിംസ് കമ്മിറ്റിക്ക് കഴിയില്ല. ജെയിംസ് കമ്മിറ്റി നോക്കുകുത്തിയായി മാറിയിരിക്കുന്നു. ജെയിംസിനെതന്നെ നാളത്തെ ക്യാബിനറ്റിൽ മാറ്റാൻ പോകുന്നു എന്നുള്ള വാർത്തകളാണ് പുറത്തുവരുന്നത്. ഏതായാലും ഇന്നലെ ഇവരെ കൗരവരോടാണ് ഉപമിച്ചതെങ്കിൽ ഇന്ന് അവരെ രാക്ഷസന്മാരോട് ഉപമിക്കാൻ ആഗ്രഹിക്കുകയാണ്. കുട്ടികളെ തല്ലിച്ചതച്ച്, സംസ്ഥാനത്ത് പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നഷ്ടപ്പെടുത്തിയ, ചരിത്രത്തിലെ ഏറ്റവും വലിയ സ്വാശ്രയ

കൊള്ളയ്ക്ക് നേതൃത്വം നൽകിയ ഒരു ഗവൺമെന്റായി ഈ ഗവൺമെന്റിനെ ജനങ്ങൾ വിലയിരുത്തുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരഭ്യർത്ഥനയുണ്ട്. അങ്ങ് ഉപയോഗിച്ച ഭാഷ ഈ സഭയ്ക്ക് യോജിച്ചതാണോ എന്ന് പരിശോധിക്കണം. അത് പരിശോധിച്ചിട്ട് തെറ്റാണെങ്കിൽ ഒന്നുകിൽ മുഖ്യമന്ത്രി അത് പിൻവലിക്കണം അല്ലെങ്കിൽ അത് സഭാ രേഖയിൽ നിന്നും നീക്കംചെയ്യണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു. ഇതിൽ ഞങ്ങൾ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. മാത്രമല്ല മുഖ്യമന്ത്രി അത് പിൻവലിക്കാതെ ഈ സഭാനടപടികളുമായി യോജിക്കാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെന്നുകൂടി അങ്ങയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അങ്ങ് ഈ കാര്യത്തിൽ നടപടിയെടുക്കണം ....... (ബഹളം).. മുഖ്യമന്ത്രി പറഞ്ഞത് ആരോ മഷി എടുത്ത് എറിഞ്ഞു എന്നാണ്. അതിന്റെ സത്യാവസ്ഥ എന്താണ്? എം.എസ്.എഫ്.-ന്റെ കുട്ടികൾ ചിത്രരചനയ്ക്കുവേണ്ടി കൊണ്ടുവന്ന മഷിക്കുപ്പിയെടുത്ത്........എന്നിട്ട്.... ഇതിനെക്കുറിച്ച് ഞാൻ അന്വേഷിച്ചു ....ഇന്ന് ദേശാഭിമാനിയിൽ വന്ന വാർത്തയാണ്. ഞാൻ അന്വേഷിച്ചു. അതാണ് ഞങ്ങളുടെ പേരിൽ ഉന്നയിക്കുന്നത്. ഏതായാലും പാലക്കാട്ട് ശ്രീ. ശിവദാസമേനോന്റെ രക്തമെടുത്ത് മുഖത്ത് പുരട്ടിയ ശ്രീ. എൻ. എൻ. കൃഷ്ണദാസിന്റെ പാരമ്പര്യം യൂത്ത് കോൺഗ്രസ്സിനില്ലെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ഈ സഭയിൽ നടത്തിയ പരാമർശം പിൻവലിക്കാൻ ആവശ്യപ്പെടണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : വാക്കൗട്ട് ആണോ?

ശ്രീ. രമേശ് ചെന്നിത്തല : സർ, അങ്ങ് ഈ കാര്യത്തിൽ മറുപടി പറയണം. സഭയുടെ അന്തസ്സിന് യോജിക്കാത്ത പരാമർശം മുഖ്യമന്ത്രി നടത്തിയിട്ടുണ്ട്.

മി. സ്പീക്കർ : മുഖ്യമന്ത്രി എന്ത് പ്രസംഗിക്കണമെന്നും എന്ത് പറയണമെന്നും ചെയറിന് പറയാൻ നിർവ്വാഹമില്ല.

ശ്രീ. രമേശ് ചെന്നിത്തല : സർ, മുഖ്യമന്ത്രിക്ക് എന്തും പറയാൻ പറ്റില്ലല്ലോ.... (ബഹളം) ...

മി. സ്പീക്കർ : ശ്രീ. ഷാഫി പറമ്പിലിന്റെ പ്രസംഗത്തിലും വ്യക്തിപരമായി ആളുകളുടെ പേരെടുത്ത് സംസാരിച്ചിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല : സർ, മുഖ്യമന്ത്രിക്ക് എന്തും പറയാൻ പറ്റില്ലല്ലോ.

മി. സ്പീക്കർ : അദ്ദേഹം എന്ത് പറയണമെന്നുപറയാൻ എനിക്ക് നിർവ്വാഹമില്ല.

ശ്രീ. രമേശ് ചെന്നിത്തല : സർ, സഭാനടപടികൾക്ക് യോജിച്ച കാര്യമല്ല.

മി. സ്പീക്കർ : അങ്ങയുടെ പ്രസംഗത്തിൽ രാക്ഷസന്മാരുമായി ഉപമിച്ചു.

ശ്രീ. രമേശ് ചെന്നിത്തല : സർ, അത് ഒരു ഉപമയാണ്. ഉപമപോലെ അല്ല ഇത്.

മി. സ്പീക്കർ : നിങ്ങളുടെ പ്രസംഗത്തിൽ എന്ത് പറയണമെന്ന് പറയാൻ ചെയറിന് അധികാരമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ചെയർ ഇത് പരിശോധിക്കാൻ തയ്യാറാകണം. സഭയുടെ അന്തസ്സിന് നിരക്കാത്ത പരാമർശം മുഖ്യമന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ടെങ്കിൽ അത് നീക്കം ചെയ്യാൻ അങ്ങ് തയ്യാറാകണം. അല്ലെങ്കിൽ മുഖ്യമന്ത്രി അത് പിൻവലിക്കാൻ തയ്യാറാകണം. ഏതെങ്കിലും ഒന്നുവേണം.

മി. സ്പീക്കർ: ചെയറിന് നിർവ്വാഹമില്ലാത്ത കാര്യം ചെയറിനോട് ആവശ്യപ്പെട്ടിട്ട് കാര്യമില്ല.

ശ്രീ. രമേശ് ചെന്നിത്തല : സർ, ചെയർ രേഖ പരിശോധിക്കണം... (ബഹളം)....... ചെയർ രേഖ പരിശോധിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ : നിയമസഭയിൽ നടത്തുന്ന പ്രസംഗങ്ങളിൽ വ്യക്തികളുടെ പേര് പരാമർശിച്ചും പല നിലയിലും പലതും നടത്താറുണ്ട്. ശ്രീ. ഷാഫി പറമ്പിൽ രാവിലെ നടത്തിയ പ്രസംഗത്തിൽ സഭയിൽ ഇരിക്കുന്ന പലരെയും കുറിച്ച് പലതും പറഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല : സർ, ആരെക്കുറിച്ചും പറഞ്ഞില്ല........ആരെപ്പറ്റി മോശമായി പറഞ്ഞു?.....(ബഹളം).....

മി. സ്പീക്കർ : എന്ത് പ്രസംഗിക്കണമെന്ന് നിർദ്ദേശം നൽകാൻ ചെയറിന് നിർവ്വാഹമില്ലെന്ന് ഖേദപൂർവ്വം അറിയിക്കുന്നു. അങ്ങയുടെ പ്രസംഗത്തിലോ മുഖ്യമന്ത്രിയുടെ പ്രസംഗത്തിലോ എന്ത് പ്രസംഗിക്കണമെന്ന് നിർദ്ദേശം കൊടുക്കാൻ നിർവ്വാഹമില്ലെന്ന് ചെയർ അറിയിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, സഭയുടെ അന്തസ്സിന് യോജിച്ച നടപടി അല്ലെങ്കിൽ അങ്ങ് അത് സഭാരേഖയിൽനിന്ന് നീക്കം ചെയ്യേണ്ടതല്ലേ? അത് സഭാനടപടി കളിൽനിന്ന് നീക്കം ചെയ്യേണ്ടതാണ്.

മി. സ്പീക്കർ : ഓർഡർ....ഓർഡർ...നിങ്ങൾ സീറ്റിലേക്ക് പോകണം. നിങ്ങൾ സീറ്റിലേക്ക് പോകണം. ....(ബഹളം)..........നിങ്ങൾ സീറ്റിലേക്ക് പോകണം...... പ്ലീസ്.......പ്ലീസ്.... go to your seat. .....(ബഹളം)...................... സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ പറ്റാത്ത സാഹചര്യം വന്നാൽ ചെയറിന് തുടർ നടപടികൾ സ്വീകരിക്കേണ്ടിവരും. .......(ബഹളം)....... സഭാ നടപടികളുമായി സഹകരിച്ചില്ലെങ്കിൽ ചെയറിന് തുടർ നടപടികൾ സ്വീകരിക്കേണ്ടിവരും.

ഓർഡർ.......ഓർഡർ........നിങ്ങൾ സീറ്റിലേയ്ക്ക് പോകണം. സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ ഇന്നത്തെ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദുചെയ്യുന്നു.

(പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് സഭാ നടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളംവയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നു.)

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ലിസ്റ്റ് 1 പ്രകാരം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

1. ജി.ഒ. (എംഎസ്.) നമ്പർ 199/2016/ഹോം. തീയതി 18-7-2016 (എസ്.ആർ.ഒ. നമ്പർ 487/2016)
2. ജി.ഒ. (എംഎസ്.) നമ്പർ 202/2016/ഹോം. തീയതി 19-7-2016 (എസ്.ആർ.ഒ. നമ്പർ 488/2016)
3. സ.ഉ. (പി) നമ്പർ 03/2016/നോർക്ക. തീയതി 20-7-2016 (എസ്.ആർ.ഒ. നമ്പർ 502/2016)
4. ജി.ഒ. (എംഎസ്.) നമ്പർ 205/2016/ഹോം. തീയതി 22-7-2016 (എസ്.ആർ.ഒ. നമ്പർ 503/2016)
5. ജി.ഒ. (എംഎസ്.) നമ്പർ 206/2016/ഹോം. തീയതി 22-7-2016 (എസ്.ആർ.ഒ. നമ്പർ 504/2016)
6. ജി.ഒ. (ആർറ്റി.) നമ്പർ 2106/2016/ഹോം. തീയതി 1-7-2016 (എസ്.ആർ.ഒ. നമ്പർ 511/2016)
7. ജി.ഒ. (പി) നമ്പർ 204/2016/ഹോം. തീയതി 22-7-2016 (എസ്.ആർ.ഒ. നമ്പർ 522/2016, 523/2016)
8. ജി.ഒ. (ആർറ്റി.) നമ്പർ 2098/2016/ഹോം. തീയതി 30-6-2016 (എസ്.ആർ.ഒ. നമ്പർ 527/2016)
9. ജി.ഒ. (ആർറ്റി.) നമ്പർ 2474/2016/ഹോം. തീയതി 8-8-2016 (എസ്.ആർ.ഒ. നമ്പർ 529/2016 മുതൽ 536/2016 വരെ)

10. ജി.ഒ. (ആർറ്റി.) നമ്പർ 2513/2016/ഹോം. തീയതി 11-8-2016 (എസ്.ആർ.ഒ. നമ്പർ 543/2016)

11. ജി.ഒ. (ആർറ്റി.) നമ്പർ 2514/2016/ഹോം. തീയതി 11-8-2016 (എസ്.ആർ.ഒ. നമ്പർ 544/2016)

12. ജി.ഒ. (എംഎസ്.) നമ്പർ 220/2016/ഹോം. തീയതി 18-8-2016 (എസ്.ആർ.ഒ. നമ്പർ 556/2016)

13. സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2015-16-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്

14. തിരുവനന്തപുരം വിജിലൻസ് ട്രൈബ്യൂണലിന്റെ 2015-16-ലെ പ്രവർത്തന റിപ്പോർട്ട്

15. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

16. തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ ഓഫീസിന്റെ 2015-16-ലെ പ്രവർത്തന റിപ്പോർട്ട്

17. കോട്ടയം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ ഓഫീസിന്റെ 2015-16-ലെ പ്രവർത്തന റിപ്പോർട്ട്

18. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

19. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് കേരള (IIITM-K)-യുടെ 2015-16-ലെ ഭരണ റിപ്പോർട്ട്

20. കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2009-10-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

21. ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരളയുടെ 2013-14, 2014-15 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

22. കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ 2014-15-ലെ വാർഷിക ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

23. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ 2015-16-ലെ വാർഷിക കണക്കുകൾ

24. കേരള സ്റ്റാർട്ടപ്പ് മിഷന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

25. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്ന :

1. ജി.ഒ (എംഎസ്.) നമ്പർ 6/2015/നോർക്ക. തീയതി 30-11-2015 (എസ്.ആർ.ഒ. നമ്പർ 821/2015)

2. സ.ഉ. (എംഎസ്.) നമ്പർ 05/2015/നോർക്ക. തീയതി 27-11-2015 (എസ്.ആർ.ഒ. നമ്പർ 836/2015)

3. ജി.ഒ. (പി) നമ്പർ 9/2016/ജിഎഡി. തീയതി 8-2-2016 (എസ്.ആർ.ഒ. നമ്പർ 126/2016)

4. ജി.ഒ. (പി) നമ്പർ 145/2016/ഹോം. തീയതി 4-5-2016 (എസ്.ആർ.ഒ. നമ്പർ 373/2016)

5. നമ്പർ 3639/സി13/2016-I/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 404/2016)

6. നമ്പർ 3639/സി13/2016-II/വിജ്. തീയതി 27-5-2016 (എസ്.ആ ർ.ഒ. നമ്പർ 405/2016)

7. നമ്പർ 3639/സി13/2016-III/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 406/2016)

8. നമ്പർ 3639/സി13/2016-IV/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 407/2016)

9. ജി.ഒ. (എംഎസ്.) നമ്പർ 178/2016/ഹോം. തീയതി 10-6-2016 (എസ്.ആർ.ഒ. നമ്പർ 420/2016)

10. ജി.ഒ. (ആർറ്റി.) നമ്പർ 1997/2016/ഹോം. തീയതി 22-6-2016 (എസ്.ആർ.ഒ. നമ്പർ 440/2016)

11. ജി.ഒ. (എംഎസ്.) നമ്പർ 186/2016/ഹോം. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 450/2016)

12. ജി.ഒ. (എംഎസ്.) നമ്പർ 187/2016/ഹോം. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 451/2016)

13. ജി.ഒ. (എംഎസ്.) നമ്പർ 188/2016/ഹോം. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 452/2016)

14. ജി.ഒ. (എംഎസ്.) നമ്പർ 189/2016/ഹോം. തീയതി 1-7-2016 (എസ്.ആർ.ഒ. നമ്പർ 454/2016).

II. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസ്സ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ. (പി) നമ്പർ 10/2016/എഫ്&പിഡി. തീയതി 9-6-2016 (എസ്.ആർ.ഒ. നമ്പർ 417/2016).

III. സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ. (പി) നമ്പർ 8/2016/കോ-ഓപ്. തീയതി 20-1-2016 (എസ്.ആർ.ഒ. നമ്പർ 104/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ. (പി) നമ്പർ 69/2016/കോ-ഓപ്. തീയതി 30-6-2016 (എസ്.ആർ.ഒ. നമ്പർ 449/2016)

3. ജി.ഒ. (പി) നമ്പർ 65/2016/കോ-ഓപ്. തീയതി 27-6-2016 (എസ്.ആർ.ഒ. നമ്പർ 457/2016)

4. ജി.ഒ. (പി) നമ്പർ 77/2016/കോ-ഓപ്. തീയതി 16-7-2016 (എസ്.ആർ.ഒ. നമ്പർ 482/2016)

5. ജി.ഒ. (പി) നമ്പർ 71/2016/കോ-ഓപ്. തീയതി 11-7-2016 (എസ്.ആർ.ഒ. നമ്പർ 483/2016)

6. ജി.ഒ. (പി) നമ്പർ 74/2016/കോ-ഓപ്. തീയതി 16-7-2016 (എസ്.ആർ.ഒ. നമ്പർ 485/2016)

7. ജി.ഒ. (പി) നമ്പർ 75/2016/കോ-ഓപ്. തീയതി 16-7-2016 (എസ്.ആർ.ഒ. നമ്പർ 492/2016)

8. ജി.ഒ. (പി) നമ്പർ 76/2016/കോ-ഓപ്. തീയതി 16-7-2016 (എസ്.ആർ.ഒ. നമ്പർ 493/2016)

9. ജി.ഒ. (പി) നമ്പർ 64/2016/കോ-ഓപ്. തീയതി 27-6-2016 (എസ്.ആർ.ഒ. നമ്പർ 495/2016)

10. ജി.ഒ. (പി) നമ്പർ 79/2016/കോ-ഓപ്. തീയതി 22-7-2016 (എസ്.ആർ.ഒ. നമ്പർ 505/2016)

11. ജി.ഒ. (പി) നമ്പർ 73/2016/കോ-ഓപ്. തീയതി 14-7-2016 (എസ്.ആർ.ഒ. നമ്പർ 514/2016)

12. ജി.ഒ. (പി) നമ്പർ 72/2016/കോ-ഓപ്. തീയതി 15-7-2016 (എസ്.ആർ.ഒ. നമ്പർ 515/2016)

13. ജി.ഒ. (പി) നമ്പർ 81/2016/കോ-ഓപ്. തീയതി 30-7-2016 (എസ്.ആർ.ഒ. നമ്പർ 521/2016)

14. ജി.ഒ. (പി) നമ്പർ 78/2016/കോ-ഓപ്. തീയതി 19-7-2016 (എസ്.ആർ.ഒ. നമ്പർ 526/2016)

15. ജി.ഒ. (പി) നമ്പർ 84/2016/കോ-ഓപ്. തീയതി 10-8-2016 (എസ്.ആർ.ഒ. നമ്പർ 558/2016)

16. ജി.ഒ. (പി) നമ്പർ 86/2016/കോ-ഓപ്. തീയതി 18-8-2016 (എസ്.ആർ.ഒ. നമ്പർ 562/2016)

17. ജി.ഒ. (പി) നമ്പർ 83/2016/കോ-ഓപ്. തീയതി 10-8-2016 (എസ്.ആർ.ഒ. നമ്പർ 564/2016).

<u>വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു</u> :

1. ജി.ഒ. (പി) നമ്പർ 47/2016/കോ-ഓപ്. തീയതി 21-5-2016 (എസ്.ആർ.ഒ. നമ്പർ 402/2016)
2. ജി.ഒ. (പി) നമ്പർ 51/2016/കോ-ഓപ്. തീയതി 4-6-2016 (എസ്.ആർ.ഒ. നമ്പർ 414/2016)
3. ജി.ഒ. (പി) നമ്പർ 53/2016/കോ-ഓപ്. തീയതി 7-6-2016 (എസ്.ആർ.ഒ. നമ്പർ 421/2016)
4. ജി.ഒ. (പി) നമ്പർ 54/2016/കോ-ഓപ്. തീയതി 8-6-2016 (എസ്.ആർ.ഒ. നമ്പർ 423/2016)
5. ജി.ഒ. (പി) നമ്പർ 61/2016/കോ-ഓപ്. തീയതി 17-6-2016 (എസ്.ആർ.ഒ. നമ്പർ 424/2016)
6. ജി.ഒ. (പി) നമ്പർ 55/2016/കോ-ഓപ്. തീയതി 13-6-2016 (എസ്.ആർ.ഒ. നമ്പർ 427/2016)
7. ജി.ഒ. (പി) നമ്പർ 48/2016/കോ-ഓപ്. തീയതി 3-6-2016 (എസ്.ആർ.ഒ. നമ്പർ 429/2016)
8. ജി.ഒ. (പി) നമ്പർ 49/2016/കോ-ഓപ്. തീയതി 4-6-2016 (എസ്.ആർ.ഒ. നമ്പർ 430/2016)
9. ജി.ഒ. (പി) നമ്പർ 52/2016/കോ-ഓപ്. തീയതി 6-6-2016 (എസ്.ആർ.ഒ. നമ്പർ 431/2016)
10. ജി.ഒ. (പി) നമ്പർ 57/2016/കോ-ഓപ്. തീയതി 15-6-2016 (എസ്.ആർ.ഒ. നമ്പർ 436/2016)
11. ജി.ഒ. (പി) നമ്പർ 60/2016/കോ-ഓപ്. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 437/2016)
12. ജി.ഒ. (പി) നമ്പർ 62/2016/കോ-ഓപ്. തീയതി 18-6-2016 (എസ്.ആർ.ഒ. നമ്പർ 438/2016)

13. ജി.ഒ. (പി) നമ്പർ 63/2016/കോ-ഓപ്. തീയതി 22-6-2016 (എസ്.ആർ.ഒ. നമ്പർ 439/2016)

14. ജി.ഒ. (പി) നമ്പർ 56/2016/കോ-ഓപ്. തീയതി 15-6-2016 (എസ്.ആർ.ഒ. നമ്പർ 441/2016)

15. ജി.ഒ. (പി) നമ്പർ 58/2016/കോ-ഓപ്. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 442/2016)

16. ജി.ഒ. (പി) നമ്പർ 59/2016/കോ-ഓപ്. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 443/2016)

17. ജി.ഒ. (പി) നമ്പർ 66/2016/കോ-ഓപ്. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 458/2016)

18. ജി.ഒ. (പി) നമ്പർ 67/2016/കോ-ഓപ്. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 459/2016)

19. ജി.ഒ. (പി) നമ്പർ 68/2016/കോ-ഓപ്. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 460/2016).

IV. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 23/2016/എൽബിആർ. തീയതി 1-2-2016 (എസ്.ആർ.ഒ. നമ്പർ 122/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. സ.ഉ. (അച്ചടി) നമ്പർ 24/2016/തൊഴിൽ. തീയതി 2-2-2016 (എസ്.ആർ.ഒ. നമ്പർ 134/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. ജി.ഒ. (പി) നമ്പർ 97/2016/എൽബിആർ. തീയതി 21-6-2016 (എസ്.ആർ.ഒ. നമ്പർ 446/2016)

4. ജി.ഒ. (പി) നമ്പർ 110/2016/എൽബിആർ. തീയതി 19-7-2016 (എസ്.ആർ.ഒ. നമ്പർ 489/2016)

5. ജി.ഒ. (പി) നമ്പർ 109/2016/എൽബിആർ. തീയതി 18-7-2016 (എസ്.ആർ.ഒ. നമ്പർ 494/2016)

6. ജി.ഒ. (പി) നമ്പർ 76/2016/റ്റിഡി. തീയതി 26-7-2016 (എസ്.ആർ.ഒ. നമ്പർ 507/2016/റ്റിഡി.)

7. ജി.ഒ. (പി) നമ്പർ 118/2016/എൽബിആർ. തീയതി 28-7-2016 (എസ്.ആർ.ഒ. നമ്പർ 519/2016)

8. ജി.ഒ. (പി) നമ്പർ 124/2016/എൽബിആർ. തീയതി 29-7-2016 (എസ്.ആർ.ഒ. നമ്പർ 520/2016)

9. ജി.ഒ. (പി) നമ്പർ 127/2016/എൽബിആർ. തീയതി 4-8-2016 (എസ്.ആർ.ഒ. നമ്പർ 537/2016)

10. ജി.ഒ. (പി) നമ്പർ 128/2016/എൽബിആർ. തീയതി 4-8-2016 (എസ്.ആർ.ഒ. നമ്പർ 539/2016)

11. ജി.ഒ. (പി) നമ്പർ 130/2016/എൽബിആർ. തീയതി 6-8-2016 (എസ്.ആർ.ഒ. നമ്പർ 548/2016)

12. ജി.ഒ. (പി) നമ്പർ 131/2016/എൽബിആർ. തീയതി 6-8-2016 (എസ്.ആർ.ഒ. നമ്പർ 549/2016)

13. ജി.ഒ. (പി) നമ്പർ 132/2016/എൽബിആർ. തീയതി 6-8-2016 (എസ്.ആർ.ഒ. നമ്പർ 550/2016)

14. ജി.ഒ. (പി) നമ്പർ 133/2016/എൽബിആർ. തീയതി 6-8-2016 (എസ്.ആർ.ഒ. നമ്പർ 551/2016)

15. ജി.ഒ. (പി) നമ്പർ 134/2016/എൽബിആർ. തീയതി 6-8-2016 (എസ്.ആർ.ഒ. നമ്പർ 552/2016)

16. ജി.ഒ. (പി) നമ്പർ 112/2016/എൽബിആർ. തീയതി 23-7-2016 (എസ്.ആർ.ഒ. നമ്പർ 561/2016)

17. ജി.ഒ. (പി) നമ്പർ 144/2016/എൽബിആർ. തീയതി 23-8-2016 (എസ്.ആർ.ഒ. നമ്പർ 567/2016)

18. ജി.ഒ. (പി) നമ്പർ 145/2016/എൽബിആർ. തീയതി 27-8-2016 (എസ്.ആർ.ഒ. നമ്പർ 571/2016)

19. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2012-13-ലെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

20. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2011-12, 2012-13 എന്നീ വർഷങ്ങളിലെ ഭരണ, ഓഡിറ്റ് റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

21. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2012-13-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

<u>വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു</u> :

1. ജി.ഒ. (പി) നമ്പർ 15/2016/എൽബിആർ. തീയതി 27-1-2016 (എസ്.ആർ.ഒ. നമ്പർ 117/2016)

2. ജി.ഒ. (പി) നമ്പർ 25/2016/എൽബിആർ. തീയതി 2-2-2016 (എസ്.ആർ.ഒ. നമ്പർ 118/2016)

3. ജി.ഒ. (പി) നമ്പർ 32/2016/എൽബിആർ. തീയതി 6-2-2016 (എസ്.ആർ.ഒ. നമ്പർ 119/2016)

4. ജി.ഒ. (പി) നമ്പർ 13/2016/എൽബിആർ. തീയതി 22-1-2016 (എസ്.ആർ.ഒ. നമ്പർ 123/2016)

5. ജി.ഒ. (പി) നമ്പർ 40/2016/എൽബിആർ. തീയതി 18-2-2016 (എസ്.ആർ.ഒ. നമ്പർ 149/2016)

6. സ.ഉ. (പി) നമ്പർ 33/2016/തൊഴിൽ. തീയതി 9-2-2016 (എസ്.ആർ.ഒ. നമ്പർ 152/2016, 153/2016)

7. ജി.ഒ. (പി) നമ്പർ 61/2016/റ്റിഡി. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 398/2016)

8. ജി.ഒ. (പി) നമ്പർ 85/2016/എൽബിആർ. തീയതി 3-6-2016 (എസ്.ആർ.ഒ. നമ്പർ 413/2016)

9. ജി.ഒ. (പി) നമ്പർ 86/2016/എൽബിആർ. തീയതി 9-6-2016 (എസ്.ആർ.ഒ. നമ്പർ 428/2016)

10. ജി.ഒ. (പി) നമ്പർ 94/2016/എൽബിആർ. തീയതി 20-6-2016 (എസ്.ആർ.ഒ. നമ്പർ 444/2016)

11. ജി.ഒ. (പി) നമ്പർ 96/2016/എൽബിആർ. തീയതി 21-6-2016 (എസ്.ആർ.ഒ. നമ്പർ 445/2016)

12. ജി.ഒ. (പി) നമ്പർ 103/2016/എൽബിആർ. തീയതി 2-7-2016 (എസ്.ആർ.ഒ. നമ്പർ 465/2016).

V. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 13/2016/എച്ച് & എഫ്ഡബ്ല്യൂഡി. തീയതി 27-1-2016 (എസ്.ആർ.ഒ. നമ്പർ 157/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ. (പി) നമ്പർ 9/2016/എസ്ജെഡി. തീയതി 30-7-2016 (എസ്.ആർ.ഒ. നമ്പർ 516/2016).

VI. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ 2015-16-ലെ ആഡിറ്റ് റിപ്പോർട്ട്

2. കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ. (പി) നമ്പർ 8/2016/എഡി. തീയതി 20-5-2016 (എസ്.ആർ.ഒ. നമ്പർ 422/2016).

VII. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. സ.ഉ. (കയ്യെഴുത്ത്) നമ്പർ 17/2016/സാം.കാ.വ. തീയതി 10-8-2016 (എസ്.ആർ.ഒ. നമ്പർ 538/2016)

2. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2009-10-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. തിരുവനന്തപുരം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2013-14-ലെ പ്രത്യേക ആഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

4. ആലപ്പുഴ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2014-15-ലെ പ്രത്യേക ആഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

5. സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (CREST)-ന്റെ 2014-15-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

6. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

7. അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെയും അഡ്മിനിസ്ട്രേറ്റർ ജനറൽ & കേരള സംസ്ഥാന ഒഫീഷ്യൽ ട്രസ്റ്റി ഓഫീസിന്റെയും 2015-16-ലെ ഭരണ റിപ്പോർട്ട്

8. കോട്ടയം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2014-15-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

<u>വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു</u> :

1. ജി.ഒ. (പി) നമ്പർ 127/2012/എസ്‌സി.-എസ്റ്റി.ഡിഡി. തീയതി 20-9-2012 (എസ്.ആർ.ഒ. നമ്പർ 671/2012)

2. സ.ഉ. (അച്ചടി) നമ്പർ 4/2016/സാം.കാ.വ. തീയതി 30-5-2016 (എസ്.ആർ.ഒ. നമ്പർ 418/2016)

3. ജി.ഒ. (ആർറ്റി.) നമ്പർ 783/2016/നിയമം. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 434/2016)

4. ജി.ഒ. (പി) നമ്പർ 5/2016/സിഎഡി. തീയതി 24-6-2016 (എസ്.ആർ.ഒ. നമ്പർ 455/2016).

VIII. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 376/2016/ആർഡി. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 468/2016)
2. ജി.ഒ. (പി) നമ്പർ 377/2016/ആർഡി. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 469/2016)
3. ജി.ഒ. (പി) നമ്പർ 78/2016/റ്റിഡി. തീയതി 1-8-2016 (എസ്.ആർ.ഒ. നമ്പർ 517/2016)
4. ജി.ഒ. (പി) നമ്പർ 79/2016/റ്റിഡി. തീയതി 1-8-2016 (എസ്.ആർ.ഒ. നമ്പർ 518/2016)
5. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 2014-15-ലെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

സ.ഉ.(അച്ചടി) നമ്പർ 333/2016/റവ. തീയതി 6-6-2016 (എസ്.ആർ.ഒ. നമ്പർ 419/2016).

IX. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2012-13-ലെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

സ.ഉ. (അ) നമ്പർ 2/2016/ത.സ്വ.ഭ.വ. തീയതി 11-1-2016 (എസ്.ആർ.ഒ. നമ്പർ 44/2016).

X. വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
4. മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
5. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
6. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ 2014-15-ലെ വാർഷിക ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XI. വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. (i) Kerala State Electricity Regulatory Commission (Terms and Conditions of Service of Officers and other Employees) Regulations, 2016 [No.875/Admn./2014/KSERC (i) dated 10-2-2016] ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

   (ii) Kerala State Electricity Regulatory Commission (Consumer Grievances) Redressal Forum and Electricity Ombudsman) Amendment Regulations, 2016 [No.875/ Admn./2014/ KSERC (ii) dated 10-2-2016] ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. Kerala State Electricity Regulatory Commission— Notification on Appointment of Adjudicating Officer under Energy Conservation Act, 2001 [No.607 /DD(T)/BEE/ 2015/ KSERC dated 13-7-2016]

3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 2013-14-ലെ വാർഷിക റിപ്പോർട്ടിന്റെ അനുബന്ധം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

4. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XII. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ. (പി) നമ്പർ 8/2016/എഫ് & ഡബ്ല്യൂഎൽഡി. തീയതി 1-7-2016 (എസ്.ആർ.ഒ. നമ്പർ 456/2016)

2. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2010-11-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XIII. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 122/2016/ജി.ഇഡിഎൻ. തീയതി 27-7-2016 (എസ്.ആർ.ഒ. നമ്പർ 509/2016)

2. ജി.ഒ. (പി) നമ്പർ 132/2016/ജി.ഇഡിഎൻ. തീയതി 3-8-2016 (എസ്.ആർ.ഒ. നമ്പർ 524/2016).

XIV. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ. (പി) നമ്പർ 54/2016/ട്രാൻ. തീയതി 12-8-2016 (എസ്. ആർ.ഒ. നമ്പർ 542/2016).

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ. (പി) നമ്പർ 40/2016/ട്രാൻ. തീയതി 31-5-2016 (എസ്.ആർ.ഒ. നമ്പർ 415/2016)

2. ജി.ഒ. (പി) നമ്പർ 48/2016/ട്രാൻ. തീയതി 29-6-2016 (എസ്. ആർ.ഒ. നമ്പർ 453/2016).

XV. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 72/2016/റ്റിഡി. തീയതി 18-7-2016 (എസ്.ആർ.ഒ. നമ്പർ 484/2016)
2. ജി.ഒ. (പി) നമ്പർ 73/2016/റ്റിഡി. തീയതി 19-7-2016 (എസ്.ആർ.ഒ. നമ്പർ 486/2016)
3. ജി.ഒ. (പി) നമ്പർ 80/2016/റ്റിഡി. തീയതി 9-8-2016 (എസ്.ആർ.ഒ. നമ്പർ 528/2016)
4. പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക കണക്കുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ. (പി) നമ്പർ 65/2016/റ്റിഡി. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 425/2016)
2. ജി.ഒ. (പി) നമ്പർ 66/2016/റ്റിഡി. തീയതി 17-6-2016 (എസ്.ആർ.ഒ. നമ്പർ 426/2016).

XVI. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ. (പി) നമ്പർ 3/2016/എഫ്&സിഎസ്ഡി. തീയതി 28-1-2016 (എസ്.ആർ.ഒ. നമ്പർ 108/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. സ.ഉ. (പി) നമ്പർ 7/2016/ഭ.പൊ.വി.വ. തീയതി 26-2-2016 (എസ്.ആർ.ഒ. നമ്പർ 262/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XVII. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. സ.ഉ. (അച്ചടി) നമ്പർ 22/2016/വ്യവ. തീയതി 4-2-2016 (എസ്. ആർ.ഒ.നമ്പർ 145/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. സ.ഉ. (പി) നമ്പർ 23/2016/വ്യവ. തീയതി 4-2-2016 (എസ്.ആർ.ഒ. നമ്പർ 146/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. സ.ഉ. (അച്ചടി) നമ്പർ 24/2016/വ്യവ. തീയതി 4-2-2016 (എസ്.ആർ.ഒ. നമ്പർ 147/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

4. ജി.ഒ. (പി) നമ്പർ 69/2016/റ്റിഡി. തീയതി 2-7-2016 (എസ്.ആർ.ഒ. നമ്പർ 463/2016)

5. ജി.ഒ. (പി) നമ്പർ 70/2016/റ്റിഡി. തീയതി 2-7-2016 (എസ്.ആർ.ഒ. നമ്പർ 464/2016)

6. ജി.ഒ. (പി) നമ്പർ 74/2016/റ്റിഡി. തീയതി 21-7-2016 (എസ്.ആർ.ഒ. നമ്പർ 490/2016)

7. ജി.ഒ. (പി) നമ്പർ 75/2016/റ്റിഡി. തീയതി 21-7-2016 (എസ്.ആർ.ഒ. നമ്പർ 491/2016)

8. ജി.ഒ. (പി) നമ്പർ 77/2016/റ്റിഡി. തീയതി 29-7-2016 (എസ്.ആർ.ഒ. നമ്പർ 512/2016)

9. ജി.ഒ. (പി) നമ്പർ 81/2016/റ്റിഡി. തീയതി 12-8-2016 (എസ്. ആർ.ഒ. നമ്പർ 545/2016)

10. ജി.ഒ. (പി) നമ്പർ 82/2016/ടാക്സസ്. തീയതി 16-8-2016 (എസ്.ആർ.ഒ. നമ്പർ 554/2016)

11. ജി.ഒ. (പി) നമ്പർ 19/2016/ഐഡി. തീയതി 18-8-2016 (എസ്. ആർ.ഒ. നമ്പർ 555/2016)

12. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

13. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ 2010-11-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

14. കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 2015-16-ലെ വാർഷിക റിപ്പോർട്ട്.

<u>വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു</u> :

1. ജി.ഒ. (പി) നമ്പർ 63/2016/റ്റിഡി. തീയതി 7-6-2016 (എസ്. ആർ.ഒ. നമ്പർ 432/2016)

2. ജി.ഒ. (പി) നമ്പർ 64/2016/റ്റിഡി. തീയതി 14-6-2016 (എസ്.ആർ.ഒ. നമ്പർ 433/2016)

3. ജി.ഒ. (പി) നമ്പർ 67/2016/റ്റിഡി. തീയതി 2-7-2016 (എസ്.ആർ.ഒ. നമ്പർ 461/2016)

4. ജി.ഒ. (പി) നമ്പർ 68/2016/റ്റിഡി. തീയതി 2-7-2016 (എസ്.ആർ.ഒ. നമ്പർ 462/2016).

XVIII. നിയമസഭാ സെക്രട്ടറി (ഇൻ-ചാർജ്) (<u>ശ്രീമതി പി. ജയലക്ഷ്മി</u>): സർ,

നിയമസഭ പാസ്സാക്കിയതും ഗവർണ്ണറുടെ അംഗീകാരം ലഭിച്ചതുമായ താഴെ പറയുന്ന ആക്റ്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ആക്റ്റ് (2016-ലെ 12-ാം ആക്റ്റ്)

2. The Legislative Assembly (Removal of Disqualifications) Amendment Act, 2016 (Act 13 of 2016).

(2) <u>ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ</u>

1. ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 3901, പതിനൊന്നാം സമ്മേളനത്തിലെ 7972, പതിനഞ്ചാം സമ്മേളനത്തിലെ 1917, 3601, 3615, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 277, 297, 299 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും

2. വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 632, പതിമൂന്നാം സമ്മേളനത്തിലെ 611, പതിനഞ്ചാം സമ്മേളനത്തിലെ 589, 595, 2360, 2377, പതിനാറാം സമ്മേളനത്തിലെ 563, 569 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും

## V റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VI ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിക്ക് കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥന കൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ ഞാൻ അവതരിപ്പിക്കുന്നു.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥയുടെ പേര് | 24-2-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-7-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| V | കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | 95,75,17 000 | ... | 71,81,60, 000 | ... | 119,69,3 4,000 | .. | 119,69,3 4, 000 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
|---|---|---|---|---|---|---|---|---|
| VI | ഭൂനികുതി | 192,34,54,000 | .. | 144,25,91,000 | ...... | 240,43,18,000 | .. | 240,43,18, 000 |
| XI | ജില്ലാഭരണവും പലവകയും | 198,13,36,000 | .. | 148,60,02,000 | .... | 247,66,71,000 | .. | 247,66,71, 000 |
| XXI | വനനിർമ്മാണം | 34,86,38,000 | 16,10,00,000 | 26,14,79,000 | 12,07,50,000 | 43,57,96,000 | 20,12,51,000 | 63,70,47, 000 |
| XXVI | പ്രകൃതി ക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 135,03,34,000 | .. | 101,27,50,000 | ...... | 168,79,17,000 | .. | 168,79,17, 000 |

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: പ്രമേയങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി V, VI, XI, XXI, XXVI എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 236(3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. ധനാഭ്യർത്ഥന ചർച്ചകൾ റദ്ദ് ചെയ്തു.)

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.........

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ,..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 സെപ്റ്റംബർ മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.36-ന് പിരിഞ്ഞു.)

## അനുബന്ധം

### പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 313-ന് 29-6-2016-ൽ നൽകിയ മറുപടിയുടെ തിരുത്തൽ മറുപടി

### ലോട്ടറി വരുമാനം

ശ്രീ. അട്ടൂർ പ്രകാശ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. പി. ടി. തോമസ്:

ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാർ കേരളത്തിൽ അന്യസംസ്ഥാന ലോട്ടറി ഏത് വർഷം മുതലാണ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ ;

(ബി) അന്യസംസ്ഥാന ലോട്ടറി നിർത്തലാക്കിയതുമൂലം ലോട്ടറി വരുമാനത്തിൽ എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അധികമായി ലഭ്യമായതെന്ന് വെളിപ്പെടുത്താമോ ;

(സി) ലോട്ടറി വഴിയുള്ള വരുമാനം ഉപയോഗിച്ച് പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായത്തിന് എന്തെല്ലാം പദ്ധതിയാണ് ആസൂത്രണം ചെയ്തതെന്ന് വിശദമാക്കാമോ ;

(ഡി) കാരുണ്യ പദ്ധതിയിലൂടെ ഇതിനോടകം എത്ര കോടി രൂപ സഹായധനമായി നൽകിയെന്ന് വെളിപ്പെടുത്താമോ;

(ഇ) 2016 മാർച്ച് 4-നുമുമ്പ് അനുവദിച്ച എത്ര കോടി രൂപയുടെ സഹായം ഇനി നൽകാൻ അവശേഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) 2001 മുതൽ സിക്കിം ലോട്ടറിയുടെ വിൽപ്പന കേരളത്തിൽ നിരോധിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുവരികയും കേരള സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലും കേരളത്തിലും സിക്കിമിലും ഇതുമൂലമുണ്ടായ അസ്വസ്ഥതകൾ കണക്കിലെടുത്തും 15-12-2011-ലെ GSR 883 (E) നമ്പർ നോട്ടിഫിക്കേഷൻ മുഖാന്തിരം ഡിസംബർ 2011 മുതൽ സിക്കിം

ലോട്ടറിയുടെ വിൽപ്പന കേന്ദ്ര സർക്കാർ കേരളത്തിൽ രണ്ട് വർഷത്തേയ്ക്ക് നിരോധിക്കുകയുണ്ടായി. തുടർന്ന് 12-6-2015-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഗസറ്റ് വിജ്ഞാപനം നമ്പർ S.O. 1641 (E) പ്രകാരം ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ, കേരളത്തിൽ സിക്കിം ലോട്ടറി വിൽക്കുന്നത് തടഞ്ഞുകൊണ്ടുള്ള 15-12-2011-ലെ നിരോധനം തുടരുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. CBI അന്വേഷണവുമായി ബന്ധപ്പെട്ട് ഭൂട്ടാൻ ലോട്ടറിയുടെ വിൽപ്പനയും തടഞ്ഞിട്ടുണ്ട്.

(ബി) കേരളത്തിൽ അന്യസംസ്ഥാന ലോട്ടറികൾ നിരോധിച്ചത് 2011 ഡിസംബർ മുതലാണ്. അന്യസംസ്ഥാന ലോട്ടറികളുടെ നിരോധനം സംസ്ഥാന ലോട്ടറിയിൽനിന്നുള്ള വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷംവരെയുള്ള ലോട്ടറി വരുമാനം ചുവടെ ചേർക്കുന്നു :

| വർഷം | ലോട്ടറിയിൽനിന്നുള്ള വരുമാനം (വിറ്റുവരവ്) |
|---|---|
| 2010-11 | 557.69 കോടി രൂപ |
| 2011-12 | 1287.22 കോടി രൂപ |
| 2012-13 | 2778.80 കോടി രൂപ |
| 2013-14 | 3793.84 കോടി രൂപ |
| 2014-15 | 5445.84 കോടി രൂപ |
| 2015-16 | 6318.47 കോടി രൂപ |

(സി) മാരകമായ രോഗങ്ങൾ പിടിപെട്ടവരും വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവുമൂലം വിദഗ്ദ്ധ ചികിത്സയ്ക്ക് പണം കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്നവരുമായ സമൂഹത്തിലെ പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സ ബന്ധപ്പെട്ട ആശുപത്രികളിലൂടെ സൗജന്യമായി നൽകുന്നതിനായി കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നിവയുടെ ചികിത്സ, കരൾ/തലച്ചോർ സർജറി, വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ഇപ്പോൾ ശ്വാസകോശം, നട്ടെല്ല്, സുഷുമ്നനാഡി എന്നിവയ്ക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കാരുണ്യ പദ്ധതിയിലൂടെ ഇതിനോടകം 814.06 കോടി രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

(ഇ) സ്വകാര്യ ആശുപത്രികൾക്ക് 23.34 കോടി രൂപയും സർക്കാർ ആശുപത്രികൾക്ക് 453.37 കോടി രൂപയും ഉൾപ്പെടെ ആകെ 476.71 കോടി രൂപയുടെ സഹായം നൽകാൻ അവശേഷിക്കുന്നു.